S1867

# മുഹൂർത്തപദവി

("വിവരണം" എന്നവ്യാഖ്യാനത്തോടുകൂടിയതു്.)

O32D
∆: 864
32J2

വ്യാഖ്യാതാ :
പണ്ഡിതർ, സി. കെ. വാസുദേവശർമ്മ

Muhoortha padavi

# മുഹൂർത്തപദവി

DOCTRINA VIM PROMOVET INSITAM

MADRAS UNIVERSITY
DEPARTMENTAL LIBRARIES.

Call Number Δ : 864 32J2

Accession Number 159867

Section 032D

This book should be returned on or before
the date last marked below.

- 1 NOV 1960

2 8 FEB 1972

Muhoortha padavi

# മുഹൂർത്തപദവി

("വിവരണം" എന്ന വ്യാഖ്യാനത്തോടുകൂടിയതു്.)

DEPARTMENTAL LIBRARIES
23 APR 1954
UNIVERSITY OF MADRAS.

UNIVERSITY LIBRARY.
12 MAR 1954
MADRAS

വ്യാഖ്യാതാ:

പണ്ഡിതർ, **സി. കെ. വാസുദേവശർമ്മ.**

Comm-
C. K. Vasudeva Sharma

പ്രസാധകന്മാർ:

**പി. കെ. ബ്രദേർസ്, കോഴിക്കോട്ട്.**

inter
P K Brothers Kozhicodu

952] [വില 1—8—0

Rs 1/8/-

First Edition 1952.

(Copyright to Publishers)

PRINTED AT
THE PRAKASAKAUMUDI PRINTING WORKS, CALICUT.

032D
159867
Δ:864
32J2

DEPARTMENTAL LIBRARIES
23 APR 1954
UNIVERSITY OF MADRAS
UNIVERSITY LIBRARY
12 MAR 1954
MADRAS

# അവതാരിക.

ഹിന്തുക്കൾക്ക്, ഇതരമതസ്ഥന്മാരിൽനിന്നു വ്യത്യസ്തമായി ആയുഷ്കാലത്ത് അനേകം കർമ്മങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. അനാദികാലംമുതൽക്ക് അതെല്ലാം അവരാദരിച്ചാദരിച്ചു വരുന്നതുമുണ്ട്. എന്നാൽ ഓരോ കർമ്മം ചെയ്യുന്നതും ഇന്നയിന്ന സമയങ്ങളിൽ വേണമെന്നു ശാസ്ത്രവിധിയുള്ളതിനാൽ അതനുസരിക്കാതെ ആർക്കും ഒന്നും ചെയ്യാൻ പാടില്ല. അങ്ങനെ ഓരോ ക്രിയകൾക്കു വിധിക്കുന്ന ശുഭസമയങ്ങൾക്ക് മുഹൂർത്തങ്ങൾ എന്നു ശാസ്ത്രകാരന്മാർ പേർ കൊടുത്തിരിക്കുന്നു. എന്തു കർമ്മമായാലും അതു ശുഭമുഹൂർത്തത്തിൽ ചെയ്താൽ ഗുണവും, ദുഷ്കാലങ്ങളിൽ ചെയ്താൽ ദോഷവുമായിരിക്കും എന്നത്രേ ശാസ്ത്രവിധി.

ഈവക മുഹൂർത്തങ്ങളെ പ്രതിപാദിക്കുന്നതു ജ്യോതിശ്ശാസ്ത്രത്തിലാകുന്നു. ഗണിതം, സംഹിത, ഹോര ഇങ്ങനെ മൂന്നു സ്കന്ധങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത ശാസ്ത്രത്തിൽ മുഹൂർത്തവിഷയം ഹോരയിലാണുൾപ്പെട്ടിരിക്കുന്നത്. എങ്കിലും ഗണിതത്തിന്റെ സഹായംകൂടാതെ ജ്യോതിഷ കാര്യങ്ങളൊന്നും നടക്കുകയില്ല. ആഴ്ച, നാൾ, പക്കം, കരണം, ഗ്രഹങ്ങളുടെ സ്ഥിതി ഈ വകയെ പ്രമാണിച്ചാണ് മുഹൂർത്തങ്ങൾ നിശ്ചയിക്കുന്നത്. ഇതെല്ലാം ഗണിതംകൊണ്ടേ അറിയുവാൻ നിവൃത്തിയുള്ളു. ഇതുകൊണ്ടു മുഹൂർത്തനിർണ്ണയം എളുപ്പത്തിൽ സാധിക്കാവുന്നതല്ലെന്നു തീർച്ചപ്പെടുത്താമല്ലൊ.

പ്രധാനമൊ അപ്രധാനമൊ ആയ ഏതു കർമ്മം ചെയ്യുന്നതിനും ഉചിതമായ മുഹൂർത്തങ്ങൾ ഏതെല്ലാമാണ് എന്നു വിധിക്കുന്ന ഒരു ശാസ്ത്രവിഭാഗംതന്നെയുണ്ട്. കേരളീയർ ജ്യോതിശ്ശാസ്ത്രത്തിന്റെ സകല വിഭാഗങ്ങളിലും വളരെ പരിശ്രമിച്ചു പരിഷ്കാരംവരുത്തിയ കൂട്ടത്തിൽ മുഹൂർത്തവിഷയത്തിലും പ്രത്യേകം ശ്രദ്ധവെച്ചു ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അവയിൽ പലതും അതി

പ്രായഭേദംകൊണ്ടും ആചാരങ്ങളുടെ വ്യത്യാസത്തിലും സർവ്വസമ്മതമായിക്കാണുന്നില്ല. ഈ ന്യൂനതയെ പരിഹരിപ്പാൻ മഹാവിദ്വാനായിരുന്ന മാത്തൂർ നമ്പൂതിരിപ്പാട്ടുണ്ടാക്കിയ ഒരു ഗ്രന്ഥമത്രെ മുഹൂർത്തപദവി.

മാത്തൂർ നമ്പൂതിരിപ്പാടന്മാരിൽ ഒരെ കാലത്തുതന്നെ വിദ്വാന്മാരും ജ്യോതിഷികളുമായി രണ്ടുപേരുണ്ടായിരുന്നു എന്നും, അവർ രണ്ടാളും വെവ്വേറെ ഓരോ മുഹൂർത്തഗ്രന്ഥങ്ങൾ നിർമ്മിച്ചിരുന്നു എന്നും, അതിലൊന്നു ലുപ്തപ്രചാരമായി എന്നും ഒരൈതിഹ്യമുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാൻകൃതികളിൽ മൂന്നാംപുസ്തകത്തിലടങ്ങിയ 'ശ്രീശങ്കര ഗുരുചരിതം' എന്ന സംസ്കൃതകാവ്യത്തിൽ കാണുന്ന താഴെച്ചേക്കുന്ന ശ്ലോകം ഈ ഐതിഹ്യത്തെയാണു് സൂചിപ്പിക്കുന്നത്.

"മാത്തൂരാഢ്യഗൃഹേ യത്ര
സാമ്രാൾ ജ്യോതിഷികോഽഭവൽ;
മുഹൂർത്ത പദവീകാരാ-
വഭൂതാം ഭ്രാതരാവപി."

ഇപ്പോൾ നമുക്കു കിട്ടീട്ടുള്ള മുഹൂർത്തപദവീകാരന്റെ ജീവിതകാലം ഏകദേശം 770-ാമാണ്ടിടയ്ക്കാണെന്നു ഭാഷാചരിത്രകാരൻ പറഞ്ഞിട്ടുണ്ടെങ്കിലും അതു ശരിയാകുവാൻ നിവൃത്തിയില്ല. മുഹൂർത്തപദവിക്ക് ഒരു ഭാഷാവ്യാഖ്യാനം നിർമ്മിച്ചിട്ടുള്ള മഹിഷമംഗലം നമ്പൂതിരിയുടെ കാലം കൊല്ലവർഷം എട്ടാംശതാബ്ദത്തിന്നും കുറെ മുമ്പെയാണെന്നു പണ്ഡിതന്മാർ തീർച്ചപ്പെടുത്തിട്ടുള്ളതുകൊണ്ടു അദ്ദേഹത്തിനും മുമ്പാകണമല്ലൊ മാത്തൂർ നമ്പൂതിരിപ്പാടിന്റെ കാലം. എന്നാലതു് 550-നും 650-നും മദ്ധ്യത്തിലായിരിക്കാനിടയുണ്ടെന്നു് വടക്കുംകൂർ രാജരാജവർമ്മരാജാവവർകൾ സ്വീകൃതമായ കേരളീയ സംസ്കൃതസാഹിത്യചരിത്രം 2-ാംപുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അതു ശരിയായിരിക്കണമെന്നാണു് ഈ ലേഖകനും തോന്നുന്നത്.

ഉത്സർഗ്ഗാപവാദബഹുളവും പ്രായേണ ദുർഗ്രഹവുമായ പൂർവ്വമുഹൂർത്തഗ്രന്ഥങ്ങളിൽനിന്നു വേണ്ടതുമാത്രം എടുത്ത് കേരളത്തിൽ സജ്ജനാചാരസമ്മതി ലഭിച്ച സകല മുഹൂർത്തങ്ങളേയും മുഹൂർത്തപദവിയിൽ 39 ശ്ലോകംകൊണ്ടു പ്രതിപാദിച്ചിരിക്കുന്നു. ഇവയിൽ എന്തൊക്കെ മുഹൂർത്തങ്ങളാണുൾപ്പെട്ടിരിക്കുന്നതെന്നു ഇവിടെ എടുത്തു പറയേണ്ടതില്ല. എന്നാൽ സകല മുഹൂർത്തങ്ങളേയും ഉൾപ്പെടുത്തുകയും, ഗ്രന്ഥവിസ്താരം വളരെ കുറയ്ക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടു് നല്ലൊരു വ്യാഖ്യാനത്തിൻെറ സഹായമില്ലാതെ ജ്യോതിഷികൾക്കുപോലും ഇതിലെ കാര്യങ്ങൾ മുഴുവൻ മനസ്സിലാകയില്ല. അതാണ് ഭാഷയിലും സംസ്കൃതത്തിലുമായി അനേകം വ്യാഖ്യാനങ്ങൾ ഈ ഗ്രന്ഥത്തിലുണ്ടാകുവാനുള്ള കാരണം. പുറയന്നൂര് ഒരു നമ്പൂതിരിപ്പാട് ഈ ഗ്രന്ഥത്തിന്നു "വരദീപിക" എന്ന പേരിൽ ഒരു സംസ്കൃതവ്യാഖ്യാനമെഴുതീട്ടുണ്ടു്. അതു സാമാന്യം വിസ്തരിച്ചതും നല്ലതുമാണ്. "തമ്പ്രാക്കളുടെ ഭാഷ" എന്നൊരു വ്യാഖ്യാനമുള്ളതു് ഭാഷയിലാണെന്നു പറയേണ്ടതില്ലല്ലൊ. ഈ രണ്ടു വ്യാഖ്യാനങ്ങൾ മാത്രമല്ല, മററു പല പ്രാമാണിക മുഹൂർത്തങ്ങളും നോക്കി പ്രസിദ്ധനായ പുലിയൂർ പുരുഷോത്തമൻനമ്പൂതിരി സുമാർ 40 കൊല്ലത്തിനുമുമ്പ് "സർവ്വാർത്ഥബോധിനി" എന്നൊരു ഭാഷാവ്യാഖ്യാനം നിർമ്മിക്കുകയും, അതിന്നു നല്ല പ്രചാരം സിദ്ധിക്കുകയും ചെയ്തിട്ടുണ്ടു്.

ഇപ്പോൾ ഈ അവതാരികയ്ക്കു വിഷയമായത് "വിവരണം" എന്ന പേരിലുള്ള ഒരു പുതിയ ഭാഷാവ്യാഖ്യാനമാണ്. ഭാരതവിലാസംപ്രസ്സിലെ പ്രസാധകനായിരുന്ന് പല സംസ്കൃതഗ്രന്ഥങ്ങളും ഭാഷപ്പെടുത്തിയും മററും പ്രസാധനം ചെയ്തിട്ടുള്ള പണ്ഡിതർ സി. കെ. വാസുദേവശർമ്മയാണ് ഇതു വ്യാഖ്യാനിച്ചിട്ടുള്ളത്. വ്യാഖ്യാനത്തിൽ പല ഭാഗങ്ങളും ഞാൻ പരിശോധിച്ചതിൽ സന്ദിഗ്ദ്ധഘട്ടങ്ങളിലെല്ലാം പ്രമാണാന്തരങ്ങൾ കാണിച്ച് സംശയംതീർക്കുകയും മുഹൂർത്തദോഷങ്ങൾ അറിയുവാൻ

ഉപയോഗപ്പെടുന്ന അനേകം പ്രമാണങ്ങളുദ്ധരിക്കുകയും മററും ചെയ്തിരിക്കയാൽ മുഹൂർത്തങ്ങൾ മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുന്ന മലയാളികൾക്കെല്ലാം ഇതത്യന്തം ഉപയോഗപ്രദമായിട്ടുണ്ടെന്നു സംശയംകൂടാതെ പറയാം. ഭാഷ ശുദ്ധവും സുഗമവുമാണ്. മൂലശ്ലോകങ്ങളുടെ അർത്ഥം അന്വയക്രമത്തിൽ വിസ്തരിച്ചിട്ടില്ലെങ്കിലും വായനക്കാർക്ക് അവയുടെ അർത്ഥം മനസ്സിലാക്കുവാൻ വേണ്ടവിധത്തിലായിട്ടുണ്ട് മൂസ്സതവർകളുടെ വ്യാഖ്യാനം.

എനിക്കു ചിരപരിചിതനും, എൻെറ ഒരാത്മമിത്രവുമായ ഈ വ്യാഖ്യാതാവിന്നു തൻെറ ഈ കൃതി അച്ചടിച്ചുകാണുവാനുള്ള ഭാഗ്യം മാത്രമുണ്ടാകാതിരുന്നതാണ് കഷ്ടം. അദ്ദേഹം ഏതാനും ആഴ്ചകൾക്കു മുമ്പു മരിച്ചുപോയതായി കടലാസ്സിൽ കാണുകയുണ്ടായി. വാചസ്പതിയുടെ ഒരു ശിഷ്യനായിരുന്ന ഇദ്ദേഹം തൻെറ ഗുരുവിൻെറ കാലടികളെ പിന്തുടൎന്നു വിജയം നേടി എന്നു സമാധാനിക്കാം. കേരളത്തിലെ മുഹൂർത്താന്വേഷികൾ ഇതു വേണ്ടവിധം ഉപയോഗിക്കുമെന്നാണെൻെറ ദൃഢവിശ്വാസം.

നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്ത് അവകാശം വാങ്ങി പ്രസിദ്ധപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധരായ കോഴിക്കോട്ട് പി. കെ. ബ്രദേർസുകാരേയും, 'പ്രകാശകൌമുദി' എന്ന മുദ്രാലയത്തിൽ ഈ പുസ്തകം നല്ല ഭംഗിയിലച്ചടിച്ചു കാണുന്നതിൽ അവരെയും ഞാൻ പ്രത്യേകം പ്രത്യേകം അഭിനന്ദിച്ചുകൊണ്ടു് ഈ പുസ്തകം മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കൃഷ്ണവിലാസം,
കോട്ടയ്ക്കൽ
6—2—1952.

എന്ന്,

**പി. വി. കൃഷ്ണവാരിയർ.**

# വിഷയവിവരം


1. **പ്രാരംഭം** ... ... ... 1

2. **നിത്യദോഷം:—**

  1. ഉഷ്ണ ... ... ... 2
  2. ഉദ്വീചലനം ... ... ... 3
  3. ഉപരാഗം ... ... ... 3
  4. ഗുളികൻ ... ... ... 4
  5. ഷഷ്ഠാഷ്ടമാന്ത്യേന്ദു ... ... 6
  6. അസദ്ദൃഷ്ടാരൂഢവിമുക്തരാശി ... 6
  7. സിതദൃക് ... ... ... 8
  8. സായാഹ്നസന്ധ്യാദികൾ ... ... 9
  9. സന്ധ്യാദികൾ സന്ധ്യകൾ മുതലായവ ... 9
  10. ഗണ്ഡാന്തം ... ... ... 15
  11. ഉഷ്ണം—ഉഷ്ണശിഖ ... ... 16
  12. വിഷം—വിഷഘടികകാലം ... ... 16
  13. സ്ഥിരകരണം ... ... ... 17
  14. രിക്താ ... ... ... 18
  15. അഷ്ടമി ... ... ... 18
  16. വിഷ്ടി ... ... ... 19
  17. ലാടം ... ... ... 19
  18. ഏകാർഗ്ഗളം ... ... ... 19
  19. വൈധൃതം ... ... ... 20
  20. അഹിശിരസ്സ് ... ... ... 20

3. കർത്തൃദോഷം ... ... ... 27
4. കാലനിയമം ... ... ... 32
5. വിവാഹം ... ... ... 33
6. സേകം ... ... ... 45

| | | | | | |
|---|---|---|---|---|---|
| 7. | ശ്രാദ്ധദിനപ്രമാണം | | ... | ... | 48 |
| 8. | പുംസവനം | ... | ... | ... | 52 |
| 9. | സീമന്തം | ... | ... | ... | 57 |
| 10. | നാമകരണം | ... | ... | ... | 61 |
| 11. | ഗ്രഹങ്ങളുടെ ബന്ധുശത്രുവിഭാഗം | | | ... | 65 |
| 12. | കണ്ണെഴുതുവാൻ | ... | ... | ... | 66 |
| 13. | വയമ്പുകൊടുപ്പാൻ | | ... | ... | 67 |
| 14. | പാലും വാഴക്കയും കൊടുപ്പാൻ | | | ... | 67 |
| 15. | വാതിൽപുറപ്പാട് | | ... | ... | 68 |
| 16. | ചോറൂണ് | ... | ... | ... | 68 |
| 17. | പുത്തരിയും ആഗ്രയണവും | | ... | ... | 71 |
| 18. | ചൌളം | ... | ... | ... | 73 |
| 19. | വിദ്യാരംഭം | ... | ... | ... | 78 |
| 20. | കണ്ണവേധം | ... | ... | ... | 84 |
| 21. | ഉപനയനം | ... | ... | ... | 87 |
| 22. | ഉപാകർമ്മം | ... | ... | ... | 95 |
| 23. | വേദാരംഭം | ... | ... | ... | 97 |
| 24. | വ്രതാദികം | ... | ... | ... | 100 |
| 25. | കലശം | ... | ... | ... | 108 |
| 26. | ഗൃഹാരംഭം | ... | ... | ... | 112 |
| 27. | ആയുധസംഗ്രഹം | | ... | ... | 119 |
| 28. | അസ്ഥിസഞ്ചയനം | | ... | ... | 122 |
| 29. | വസ്ത്രധാരണം | ... | ... | ... | 123 |
| 30. | യാത്ര | ... | ... | ... | 124 |
| 31. | ഔഷധം | ... | ... | ... | 128 |
| 32. | നുകം വെപ്പാൻ | | ... | ... | 130 |
| 33. | ചാലിടുവാൻ | ... | ... | ... | 130 |
| 34. | വ്രീഹിവാപനം (വിതപ്പാൻ) | | | ... | 132 |
| 35. | കന്ദാദിവാപനം | | ... | ... | 133 |
| 36. | നിറപ്പാൻ | ... | ... | ... | 136 |

# മുഹൂൎത്തപദവി

## "വിവരണം" എന്ന

## ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു ശ്രീഗുരുഭ്യോ നമഃ

---

പ്രത്യൂഹപ്രതിഹന്താരം പ്രണിപത്യ ഗണാധിപം
മുഹൂൎത്താവഗമേ മാൎഗ്ഗമൃജ്വം കൎത്തും യതാമഹേ. 1

വ്യാഖ്യാനപ്രാരംഭഃ.

ശ്രീനീലകണ്ഠഗുരുവൎയ്യപദാരവിന്ദ-
സേവാരതേന ശിവഭൂമിസുരേണ നത്വാ
ഖേടാൻ വിബോധജനകാൻ ശുഭലഗ്നദാതൄൻ
സ്വാന്തഃസുഖായ രചിതാ വിവൃതിഃ പദവ്യാഃ.

ഇവിടെ മഹാശയനായ മാത്തൂർ നമ്പൂതിരിപ്പാട് അവർകൾ പഞ്ചസിദ്ധാന്തം, ഷൾസൂത്രം, മാധവീയം, കാലപ്രകാശിക മുതലായ മുഹൂൎത്തശാസ്ത്രങ്ങളിൽ ഒരു മുഹൂൎത്തത്തെത്തന്നെ അനേകപ്രകാരത്തിൽ പ്രതിപാദിച്ചിരിക്കുകനിമിത്തം ഭിന്നഭിന്നസ്വരൂപമായ മുഹൂൎത്തസ്വഭാവത്തെ കേരളീയരായ നൊമ്മൾ ആചരിക്കേണ്ടും സ്വഭാവത്തിൽ സംശയംതീൎത്തു വിവരിപ്പാനായി മുഹൂൎത്തപദവി എന്ന ഈ ഗ്രന്ഥത്തെ സകലജനോപകാരാൎത്ഥം ഉണ്ടാക്കുവാൻ തുടങ്ങുന്ന സമയം അതിൻെറ നിൎവ്വിഘ്നപരിസമാപ്തിക്കായിക്കൊണ്ടും ശിഷ്യശിക്ഷയ്ക്കുവേണ്ടിയും വിഘ്നഹന്താവായ ഗണപതിയെ വന്ദിക്കുകയാകുന്ന മംഗളത്തെ ചെയ്യുന്നു. പ്രത്യൂഹേതി—ഞാൻ പ്രത്യൂഹപ്രതിഹന്താവായ—തൻെറ ഭക്തന്മാരുടെ ഇഷ്ടസാദ്ധ്യത്തിന്നുള്ള തടസ്ഥങ്ങളെ നശിപ്പിക്കുന്നവനായ ഗണപതിയെ പ്രണിപതിച്ചിട്ട്—ത്രിവിധകരണങ്ങളെക്കൊണ്ടും വിധിപ്രകാരം വന്ദിച്ചിട്ട്, മുഹൂൎത്തത്തെ അറിവാനുള്ള മാൎഗ്ഗത്തെ നേരെയാക്കിത്തീൎക്കുവാൻ ഉത്സാഹിക്കുന്നു. യതാമഹേ—ഇപ്പോൾ മുഹൂൎത്തശാസ്ത്രങ്ങൾ അനേകങ്ങളാകയാൽ മുഹൂൎത്തത്തെ പലരും പലപ്രകാരം വിധിക്കുന്നു. അതുനിമിത്തം സംഭവിക്കുന്ന കുഴപ്പത്തെ തീൎക്കത്തക്കവിധം പഞ്ചസിദ്ധാന്തമാധവീയാദികളിൽനിന്നു നമുക്കു ഗ്രാഹ്യങ്ങളായ വചനാൎത്ഥങ്ങളെ സംഗ്രഹിച്ച് അതിന്ന് ആകെ ഒരു പന്ഥാവുമാത്രമാക്കിത്തീൎക്കുക എന്ന കാൎയ്യം കുറെ

DEPARTMENTAL LIBRARY
23 APR 1954
12 MAR 195

പ്രയാസമുള്ളതാണ്. പക്ഷെ അങ്ങിനെ ഒരു പന്ഥാവ് അത്യാവശ്യമായി വന്നിരിക്കയാൽ ഞാൻ അതിന്ന് ഉത്സാഹിക്കുന്നു എന്നു സാരം. ഇവിടെ ആദ്യമായി ഗണപതിയെ വന്ദിച്ചിരിക്കയാൽ ഏതൊരു മുഹൂൎത്ത കാൎയ്യകൎമ്മത്തിന്നും ആദ്യമായി ഗണപതിപൂജ അവശ്യകൎത്തവ്യമാണെന്നും ഗ്രഹിക്കണം.

നിത്യദോഷം.

ഉല്ക്കോൎവ്വീചലനോപരാഗഗുളികാ-
ഷ്ഷഷ്ഠാഷ്ടമാന്ത്യേന്ദ്വസ-
ൽദൃഷ്ടാരൂഢവിമുക്തരാശിസിതദൃക
സായാഹ്നസന്ധ്യാദയഃ
ഗണ്ഡാന്തോഷ്ണവിഷം സ്ഥിരഞ്ച കരണം
രിക്താഷ്ടമീവിഷ്ടയോ
ലാടൈകാൎഗ്ഗളവൈധൃതാഹിശിരസഃ
സൎവ്വത്ര വൎജ്ജ്യാ അമീ. 2

ഇനി ഏതു മുഹൂൎത്തത്തിന്നും ഏതുകാലത്തും വൎജ്ജിക്കേണ്ടതുകളായ ദോഷങ്ങളെ ആദ്യമായി വിവരിക്കുന്നു:— ഉല്ക്ക, ഉൎവ്വീചലനം, ഉപരാഗം, ഗുളികൻ, ഷഷ്ഠാഷ്ടമാന്ത്യേന്ദു, അസദൃഷ്ടാരൂഢവിമുക്തരാശി, സിതദൃക, സായാഹ്നം, സന്ധ്യാദികരം, ഗണ്ഡാന്തം, ഉഷ്ണം, വിഷം, സ്ഥിരകരണം രിക്ത, അഷ്ടമി, വിഷ്ടി, ലാടം, ഏകാൎഗ്ഗളം, വൈധൃതം, അഹിശിരസ്സ് എന്ന ഈ ഇരിപതും എല്ലാ കൎമ്മങ്ങളിലും വൎജ്ജിക്കേണ്ടവയാകുന്നു എന്നാൽ ഈ പറഞ്ഞ ഉല്ക്കാദികളെ ക്രമത്തിൽ വിവരിക്കുകയും ചെയ്യാം:

1. ഉല്ക്ക—കൊള്ളിമീൻ ചാട്ടക. ഇതിനെക്കുറിച്ച് മുഹൂൎത്തദീപകമെന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ പറയുന്നു:

"നരാപചാരൈഃ കുപിതൈൎവ്വിസൃഷ്ടാ
ദേവൈൎവ്വിനാശായ തഥാല്പപുച്ഛാ
ബൃഹച്ഛിരാ ഹസ്തചതുഷ്ടദീൎഘാ
തേജോമയോല്ക്കാ ഗഗനാൽ പതന്തി"

ജനങ്ങളിൽ അധികഭാഗവും ദുരാചാരപരന്മാരായിത്തീരുകനിമിത്തം കോപിച്ച ദേവന്മാർ ജനനാശത്തിന്നുവേണ്ടി വലിയ തലയും കാഴ്ചയിൽ നാലുകോൽ നീളം തോന്നത്തക്ക ഉടലും വളരെ ചെറുതായ വാലുമുള്ളതായ ഒരു നക്ഷത്രവിശേഷത്തെ സൃഷ്ടിക്കുകയും അതിനെ ആകാശത്തിൽ ഏതെങ്കിലും ഒരു ഭാഗത്തുനിന്ന് ആ ഭാഗത്തിന്ന് എതിരായ ദിക്കിലേക്ക് അതികലശലായ പ്രഭയോടുകൂടെ വേഗത്തിൽ സഞ്ചരിപ്പിക്കുകയും ചെയ്യും. ഈ സഞ്ചാരത്തെയാണ് കൊള്ളിമീൻ ചാട്ടക എന്നു പറയുന്നത്.

2. ഉൾവ്വീചലനം—ഭൂകമ്പം. കൊള്ളിമീൻ ചാടുകയോ ഭൂകമ്പമോ ഉണ്ടായാൽ അപ്പോാം മുതൽ മൂന്നു സാവനദിവസം എല്ലാ ശുഭകൎമ്മങ്ങളും വൎജ്ജിക്കണം. ഈ വിഷയത്തിൽ,

"ഉല്കാപാതേ ച ഭൂകമ്പേ ധൂമകേതോശ്ച ദൎശനേ
ദിനത്രയം വിവൎജ്ജ്യം സ്യാത്സൎവ്വേഷു ശുഭകൎമ്മസു"

കൊള്ളിമീൻ ചാടുകയോ ഭൂകമ്പമോ ധൂമകേതൂദയമോ ഉണ്ടായാൽ ആ സമയംമുതൽ മൂന്നുദിവസം എല്ലാ ശുഭകൎമ്മങ്ങളും വൎജ്ജിക്കണമെന്ന് ആചാരസംഗ്രഹത്തിൽ പറയുന്നു. ദിവസമെന്നാൽ 'ഉദയാദുദയാന്തം ഹി സാവനം ദിനമുച്യതേ' ഒരു ദിവസം ഉദിച്ചാൽ പിന്നെ പിറെറദിവസം ഉദയം (ആദിത്യമണ്ഡലം) കാണുന്നതുവരെ ആ ദിവസമാകുന്നു.

"ഉദയാദുദയാന്തം ഹി സൎവ്വത്രദിനകല്പനാ
കിന്തപാൎത്തവേ മൃതൌ സൂതേ നിശാന്ത്യത്ര്യംശകാദ്ദിനം"

ദിവസം കണക്കാക്കേണ്ടത് ഏതു കാൎയ്യത്തിന്നും ഉദയാദുദയാന്തമാകുന്നു. എന്നാൽ തീണ്ടാരി, മരണം, പ്രസവം എന്നിതുകാംക്കു മാത്രം ദിവസം കണക്കാക്കുന്നത് രാത്രിയുടെ മൂന്നാമത്തെ ഭാഗം മുതല്ക്കുമാകുന്നു. അപ്പോാം നമുക്ക് ഇവിടെ പ്രകൃതത്തിലിരിക്കുന്ന ഉല്കോൾവ്വീചലനങ്ങാം ഉണ്ടായത് ഉദയത്തിന്നു മുമ്പാണെങ്കിൽ തലേദിവസമെന്നും ഉദയത്തിന്നു ശേഷമാണെങ്കിൽ അന്നെന്നും നിശ്ചയിക്കണമെന്നു സാരം.

3. ഉപരാഗം—ഗ്രഹണം. ആദിത്യഗ്രഹണമോ ചന്ദ്രഗ്രഹണമോ നമുക്ക് ദൃശ്യമായിവരുമെങ്കിൽ അന്നുമുതൽ മൂന്നുദിവസം എല്ലാ ശുഭകൎമ്മങ്ങളും വൎജ്ജിക്കണം. ഉല്കോൾവ്വീചലനങ്ങാം മുൻകൂട്ടി അറിയുവാൻ വളരെ പ്രയാസമാകയാൽ അതുകാം സംഭവിച്ച സമയം മുതൽക്കും ഗ്രഹണം മുൻകൂട്ടി അറിയാവുന്നതാകയാൽ അതുള്ള ദിവസം മുതൽക്കും വൎജ്ജിക്കണം. ഇതിലെ ദൃശ്യാദൃശ്യതവിഭാഗം പഞ്ചബോധാദിഗണിതഗ്രന്ഥങ്ങളിൽനിന്ന് അറിയുകയും വേണം. എന്നാൽ ചന്ദ്രഗ്രഹണമുള്ള ദിവസം പകൽ വിഷ്ടി കഴിഞ്ഞു ബാക്കി സമയത്തിൽ ശുഭകൎമ്മം ചെയ്യുകയുമാവാം. അവിടെ ഗ്രഹണം ഏതൊരു നാളിന്മേലാണോ ആ നാാം വൎജ്ജിക്കണമെന്നും ഒരു പക്ഷമുണ്ട്. ആ നാാം മദ്ധ്യമായി ഗ്രഹിച്ചും കാണുന്നു. സൂൎയ്യഗ്രഹണം അമാവാസി നാളായിരിക്കുമല്ലോ. അന്നു സ്ഥിരകരണമാകയാൽ അവിടെ ശുഭകൎമ്മചിന്തയ്ക്കുതന്നെ അവകാശവുമില്ല. വിഷ്ടി സ്ഥിരകരണങ്ങളുടെ വിഭാഗം അതുകളുടെ പ്രകരണങ്ങളിൽ വിവരിക്കുകയും ചെയ്യും. ബാൎഹസ്പത്യമാധവീയാദിഗ്രന്ഥങ്ങളിൽ ഗ്രഹണം മുതൽ അഞ്ചു ദിവസവും ഏഴു ദിവസവും വൎജ്ജിക്കണമെന്നു പറയുന്നുണ്ട്. അതൊന്നും ഇവിടെ ആചാരമില്ലായ്കയാൽ നമുക്ക് ആലോചിക്കേണ്ടതുമില്ല.

4. ഗുളികൻ— ഗുളികോദയകാലം. അതും വർജ്ജ്യമാകുന്നു. അതായത്,

"ചന്ദ്രോ രുദ്രോ ജയോ വിദ്യാ നയസ്തേനഃ ഖനീ രവേഃ
ത്രിംശന്നാഡ്യഹ്നി ഗുളികോ ദിനപഞ്ചമവന്നിശി"

രവി=രവിവാരം—ഞായറാഴ്ച മുതൽ ഓരോ ദിവസവും പകൽസമയം ചന്ദ്രഃ=26, രുദ്രഃ=22, ജയഃ=18, വിദ്യാ=14, നയഃ=10, സ്തേനഃ=6, ഖനീ=2 എന്ന സമയത്താകുന്നു ഗുളികോദയം. അപ്പോൾ ഞായറാഴ്ച 26-ാം നാഴികയ്ക്കും തിങ്കളാഴ്ച 22-ാം നാഴികയ്ക്കും ശനിയാഴ്ച 2-ാം നാഴികയ്ക്കുമാണ് ഗുളികോദയമെന്നു സാരം. രാത്രിയിലും ഗുളികോദയമുണ്ട്. ആയത് അതാത് ദിവസത്തെ ആഴ്ചയുടെ അഞ്ചാമത്തെ ആഴ്ച പകൽ എത്രാമത്തെ നാഴികയ്ക്കാണോ ഗുളികോദയം അത്രാമത്തെ നാഴികയ്ക്കായിരിക്കുകയും ചെയ്യും. അപ്പോൾ ഞായറാഴ്ച രാത്രി 10-ാം നാഴികക്ക് ഇത്യാദിക്രമം. അപ്പോൾ ഗുളികോദയം ദിവസേന രണ്ടുപ്രാവശ്യമുണ്ടാകുമെന്നും അത് ഈ പറഞ്ഞ സമയത്തായിരിക്കുമെന്നും ഗ്രഹിക്കണം. എന്നാൽ ഈ പറഞ്ഞ കണക്ക് ത്രിംശന്നാഡ്യഹ്നി—പകൽ 30 നാഴിക കൃത്യമായി വരുന്ന പകലുള്ള ദിവസത്തെ കണക്കാകുന്നു. മററു കാലങ്ങളിൽ അതാതുദിവസത്തെ ദിനരാത്രി പ്രമാണപ്രകാരം കണക്കാക്കുകയും വേണം. അതെങ്ങിനെയെന്നാൽ 'ദിനരാത്രി പ്രമാണഘ്നാസ്ത്രത്തൽ ഗുളികനാഡികാ നാഗഭക്താഃ സ്ഫുടാഃ' എന്ന വചനമുണ്ടാകയാൽ അതാതു ദിവസത്തെ ദിനപ്രമാണസംഖ്യയെ ഗുളികോദയസംഖ്യകൊണ്ടു പെരുക്കി 30 കൊണ്ടു ഹരിച്ചാൽ നാഴികയും ബാക്കിയെക്കൊണ്ടു വിനാഴികയും വരുത്തികൊൾക. എന്നാൽ സൂക്ഷ്മമാകും. രാത്രിയും ഇതേവിധം തന്നെ. ഇങ്ങിനെ ചെയ്താൽ ഗുളികോദയകാലം സൂക്ഷ്മവുമാകും. ബാഹസ്പത്യമാധവീയാദികളിൽ ഗുളികോദയകാലം വേറെ പ്രകാരത്തിലാണ് പറയുന്നത്. എന്നാൽ അതൊന്നും ഇവിടങ്ങളിൽ ആചാരമില്ല. ഗുളികോദയം വർജ്ജ്യമെന്നു പറയുകയാൽ ഗുളികോദയകാലം വർജ്ജ്യമെന്ന് അർത്ഥമാകുന്നു. അപ്പോൾ ഏതൊരു രാശിസമയത്താണോ ഗുളികോദയം ആ രാശി മുഴുവൻ വർജ്ജിക്കുന്നതാണ് ഉത്തമം. അതേവിധം ചെയ്താൽ ലഗ്നശുദ്ധിയും വരും.

"വിഷോഷ്ണഗുളികൈഃ സ്പൃഷ്ടാ വർജ്ജനീയാ ഹി രാശയഃ
ദോഷകാലേ ത്വതീതേ തദ്രാശിശേഷ ശ്ശുഭോ മതഃ"

വിഷം, ഉഷ്ണം, ഗുളികൻ എന്നിതുകൾ ഏതു രാശിയെ സ്പർശിച്ചിരിക്കുന്നുവോ ആ രാശി മുഴുവൻ വർജ്ജിക്കണം. എന്നാൽ ദോഷകാലം കഴിഞ്ഞാൽ പിന്നെയുള്ള രാശി ശേഷം ശുഭമാണെന്നും പറയുന്നു എന്നു പ്രമാണവചനവും കാണുന്നു. എന്നാൽ,

"യദ്രാശ്യന്തേ സ്ഥിതാവുഷ്ണ
വിഷൌ മാനിശ്ച തം ത്യജേൽ"

ഏതൊരു രാശിയുടെ അന്തത്തിൽ (രാശികാലത്തെ മൂന്നാക്കി ഭാഗിച്ചാൽ അന്ത്യഭാഗത്തിൽ) ഉഷ്ണമോ വിഷമോ ഗുളികനോ നില്ക്കുന്നതായാൽ ആ രാശി മുഴുവൻ വർജ്ജിക്കണം എന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നത്. ഇവിടെ രാശ്യന്തേ എന്നു പറയുകയാൽ രാശിയുടെ ആദിമദ്ധ്യഭാഗങ്ങളിലാകയാൽ ഗുളികോദയാനന്തരകാലം സ്വീകാൎയ്യമാകുന്നു. ഇവിടെ 'ചന്ദ്രഃ, രുദ്രഃ' ഇത്യാദി വാക്യങ്ങൾക്ക് 26, 22 എന്നുമുതലായി പറഞ്ഞതു പരൽപേർ പ്രകാരമാകുന്നു—പരൽ എന്നാൽ കവിടി. ഇന്നിന്ന അക്ഷരങ്ങൾക്ക് ഇത്ര ഇത്ര കവിടി—സംഖ്യ എന്നു നിയമമുണ്ട്. അതെങ്ങിനെയെന്നാൽ അ മുതൽ ക വരെയുള്ള അക്ഷരങ്ങൾ ശൂന്യാക്ഷരങ്ങളാകുന്നു. ശൂന്യമെന്നാൽ പൂജ്യമെന്ന് അൎത്ഥം. ക മുതൽ ഝ കൂടിയുള്ളവ ഒന്നുമുതൽ ഒമ്പതുവരെയുള്ള സംഖ്യകളാകുന്നു. അപ്പോൾ ക 1_ഖ 2. ഇത്യാദിക്രമം. ഞ ശൂന്യം. ട മുതൽ ധ കൂടിയുള്ള ഒമ്പതും മേൽപ്രകാരം തന്നെ. ന ശൂന്യം. പ മുതൽ മ കൂടിയുള്ള അഞ്ചും ഒന്നുമുതൽ അഞ്ച്. അപ്പോൾ പ 1. മ 5. യ മുതൽ ള കൂടിയുള്ള ഒമ്പതും ഒന്നുമുതൽ ഒമ്പതുകൂടിയവയാകുന്നു യ 1. ര 2—ള 9. സംയുക്താക്ഷരങ്ങളിൽ അവസാനത്തെ അക്ഷരത്തിൻെറ എണ്ണമാണ് ഗ്രാഹ്യമായിട്ടുള്ളത്. അപ്പോൾ ക്ഷ എന്നത് ക് ഷ എന്നതുകൾ കൂടിച്ചേൎന്നുണ്ടായതാകയാൽ അതിലെ അവസാനത്തെതായ ഷ എന്നതിൻെറ 6 തന്നെയാകുന്നു. അപ്പോൾ ക്യ 1, ക്ര 2, ക്ല 3, ക്വ 4, ൎക്ക എന്നതിൽ ര് ക എന്നാണ് സംയോഗം. അപ്പോൾ കൂടുന്ന അക്ഷരത്തിൻെറ സംഖ്യതന്നെ കണക്കാക്കണം അച്ച് ഹല്ലിനോടു കൂടുമ്പോൾ ഹല്ലിൻെറ സംഖ്യതന്നെയാണ്. ഇനി രാശിയേയും വിവരിക്കാം.

രാശി എന്നാൽ ഒരു ദിവസത്തിൻെറ—ഉദയാദയാന്തസമയത്തിൻെറ 12_ൽ ഒരു ഭാഗമാകുന്നു. അതിൽ ഓരോ ഭാഗത്തിന്നും മേടം എടവം മുതലായ നാമങ്ങളുമുണ്ട്. ആ ഭാഗങ്ങൾ എല്ലാം സമങ്ങളായിരിക്കയുമില്ല. അതിൻെറ വിഭാഗമെങ്ങിനെയെന്നാൽ,

"കാലാഭിജ്ഞ, സ്തേനമഗോ, ധരേശോ
ഗൌരീശോ, ഭേനാമ, ധൎമ്മാഭന്തൃനം।
പുണ്യാത്മാനോ, ധാരണാ, ഗാത്രമാനേ,
കാമീഭഗഃ, പുത്രവാൻ, ലോകഭാനുഃ॥"

കാലാഭിജ്ഞഃ=4_31—നാലുനാഴിക മുപ്പത്തിഒന്നു വിനാഴിക മേടംരാശിയുടെ പ്രമാണം. സ്തേനമഗഃ_5_6 എടവംരാശി. ധരേശഃ=5_29 മിഥുനം, ഗൌരീശഃ=5_23 കൎക്കടകം, ഭേനാമ=5_4 ചിങ്ങം, ധൎമ്മാഭന്തൃ

നം=4_59 കന്നി, പുണ്യാത്മാനഃ=5_11 തുലാം, ധാരണാ=5_29 വൃശ്ചികം, ഗാത്രമാനേ=5_23 ധനു, കാമീഭഗഃ=4_51 മകരം, പുത്രവാൻ=4_21 കുംഭം, ലോകഭാനുഃ=4_13 മീനം. ഇതിൽ ആദിത്യൻ നില്ക്കുന്ന രാശി ഉദയരാശിയും അതിൻെറ ഏഴാമത്തെരാശി അസ്തമനരാശിയുമായിരിക്കും. അപ്പോൾ പകൽ 6 രാശിയും രാത്രി 6 രാശിയുമാകുന്നു. ആദിത്യൻ ഏതു രാശിയിൽ നില്ക്കുന്നുവോ ആ കാലത്തെ ആ മാസമെന്നു പറയും. പകലും രാത്രിയുംവരുന്ന രാശികളിലെ പ്രമാണഭേദംനിമിത്തം ദിനരാത്രിപ്രമാണവും കണക്കാക്കാം. ഈ രാശിപ്രമാണം 'ശങ്കരം' എന്ന പലാംഗുലമുള്ള ദിക്കിലേക്കു ശരിയായിരിക്കും. പലാംഗുലം മാറുമ്പോൾ രാശിപ്രമാണത്തിന്നും മാററംവരും. അതു നോക്കി അറിയുകയും വേണം.

5. ഷഷ്ഠാഷ്ടമാന്ത്യന്ദു—മുഹൂർത്തരാശിയുടെ 6, 8, 12 എന്ന സ്ഥാനങ്ങളിൽ—രാശികളിൽ ചന്ദ്രൻ നില്ക്കുക വർജ്ജ്യമാകുന്നു. ഏതൊരു രാശിയുടെ ആറിലോ എട്ടിലോ പന്ത്രണ്ടിലോ ചന്ദ്രൻ നില്ക്കുന്നുണ്ടെങ്കിൽ ആ രാശികൊണ്ടു യാതൊരു ശുഭകർമ്മവും ചെയ്യരുതെന്നു സാരം. ചന്ദ്രൻ രണ്ടേകാൽ ദിവസം (നാള്) ഓരേ രാശിയിൽ നില്ക്കും. ആ ചന്ദ്രസ്ഥിതിയെ നാളിൻെറ കൂറെന്നും പറയും. അതിനെ ഇങ്ങിനെ പഠിക്കുന്നു, "അശ്വതിയും ഭരണിയും കാർത്തികക്കാലും മേടക്കൂറ്, കാർത്തികമുക്കാലും രോഹിണിയും മകീരത്തരയും എടവക്കൂറ്, മകീരത്തരയും തിരുവാതിരയും പുണർതത്തിൽ മുക്കാലും മിഥുനക്കൂറ്, പുണർതത്തിൽ കാലും പൂയവും ആയില്യവും കർക്കിടകക്കൂറ്, മകവും പൂരവും ഉത്രത്തിൽ കാലും ചിങ്ങക്കൂറ്, ഉത്രത്തിൽ മുക്കാലും അത്തവും ചിത്ര അരയും കന്നിക്കൂറ്, ചിത്ര അരയും ചോതിയും വിശാഖത്തിൽമുക്കാലും തുലാക്കൂറ്. വിശാഖത്തിൽ കാലും അനിഴവും തൃക്കേട്ടയും വൃശ്ചികക്കൂറ്, മൂലവും പൂരാടവും ഉത്രാടത്തിൽ കാലും ധനുക്കൂറ്, ഉത്രാടത്തിൽ മുക്കാലും തിരുവോണവും അവിട്ടത്തരയും മകരക്കൂറ്, അവിട്ടത്തരയും ചതയവും പൂരോരുട്ടാതി മുക്കാലും കുംഭക്കൂറ്, പൂരോരുട്ടാതികാലും ഉത്രട്ടാതിയും രേവതിയും മീനക്കൂറ്.

"രന്ധ്റാരിവ്യയഭേഷ്വിന്ദുർവ്വർജ്ജനീയശ്ശുഭേഷ്വിഹ"

8, 6, 12 എന്ന രാശികളിൽ ചന്ദ്രൻ നില്ക്കുന്നതായാൽ ആ രാശി യാതൊരു ശുഭകർമ്മത്തിന്നും കൊള്ളുകയില്ല. അതിനെ വർജ്ജിക്കണം എന്നുഗ്രന്ഥാന്തരത്തിലും പറയുന്നു. "അത്ര തൽ ക്രമേണ ദോഷന്യൂനതാ പ്രസൂചിതം" എന്നു വരദീപികയിൽ പറഞ്ഞുകാണുകയാൽ അഷ്ടമരാശിക്കൂറ് അത്യന്തവർജ്ജ്യമെന്നും ഗ്രഹിക്കണം.

6. അസദ്ദൃഷ്ടാരൂഢവിമുക്തരാശി—അസൽഗ്രഹങ്ങളാൽ ദൃഷ്ടമോ (നോക്കിയതോ) ആരൂഢമോ (അവർ നില്ക്കുന്നതോ) വിമുക്തമോ (അവർ വിട്ടുപോകുന്നതോ) ആയ രാശി ശുഭകർമ്മങ്ങളിൽ വർജ്ജ്യമാകുന്നു. ഗ്രഹ

ങ്ങളെന്നാൽ, സൂര്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു എന്ന നവഗ്രഹങ്ങളാകുന്നു. ഇതിലെ ശുഭാശുഭവിഭാഗത്തെ കുറിച്ച്,

'രാഹുമന്ദകുജാ ഭാനുഃ കേതുഃ പാപാഃ പരേ ശുഭാഃ'=

നവഗ്രഹങ്ങളിൽ രാഹു, ശനി, ചൊവ്വ, ആദിത്യൻ, കേതു എന്ന അഞ്ചുഗ്രഹങ്ങൾ പാപന്മാരും ബാക്കി ചന്ദ്രൻ, ബുധൻ, വ്യാഴം, ശുക്രൻ എന്ന നാലു ഗ്രഹങ്ങൾ ശുഭന്മാരുമാകുന്നു.

'കേതോശ്ചാരന്തു വിജ്ഞാതും ഗണിതേന ന ശക്യതേ
യദാ തുദൃശ്യതേ വ്യോമ്നി ചിന്തനീയസ്തദൈവ സഃ'

കേതുവിൻെറ ചാരം ഗണിതംകൊണ്ട് അറിയുവാൻ സാധിക്കുന്നതല്ല. (കേതു എപ്പോഴും രാഹു നില്ക്കുന്ന രാശിയുടെ ഏഴാമത്തെ രാശിയിലായിരിക്കുമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്) അതുനിമിത്തം കേതു പാപനാണെങ്കിലും അതിനെപററി ഒന്നും ആലോചിക്കേണ്ടതില്ല. എന്നാൽ എന്നാണോ കേതു (ധൂമകേതു) ആകാശത്തിൽ ഉദിച്ചുകാണുക അന്ന് അതിനെപ്പററി ആലോചിച്ചാൽ മതി. ധൂമകേതുവിൻെറ വിവരണം അടുത്തു വിവരിക്കുകയും ചെയ്യും. ഈ വിഷയത്തിൽ,

"വ്യാഴം വെള്ളിബുധൻ തിങ്കളിവ സൌമ്യഗ്രഹങ്ങളാം
രാഹുമന്ദകുജൻ ഭാനു കേതു പാപികളാമിവ
ചിന്തിപ്പില്ലഥ കേതുനേ ഗണിതാദൃശ്യനാകയാൽ
ധൂമകേതുവുദിക്കുന്നാളതിനെക്കണ്ടു വർജ്ജയേൽ"

എന്നു കാലദീപകത്തിലും പറയുന്നു. അപ്പോൾ അസൽഗ്രഹങ്ങളായ രാഹു മന്ദകുജാർക്കന്മാരാൽ ദൃഷ്ടാരൂഢവിമുക്തരാശികൾ വർജ്ജ്യങ്ങളെന്നു സാരം. ദൃഷ്ടരാശി എന്നാൽ ഏതൊരുഗ്രഹം ഏതൊരുരാശിയിൽ നില്ക്കുന്നുവോ ആ രാശിയുടെ ഏഴാമത്തെ രാശിയെ ആ ഗ്രഹം നോക്കും. അപ്പോൾ അസൽഗ്രഹങ്ങൾ നോക്കുന്ന രാശിയുടെ ഏഴാമത്തെ രാശി അസദ്ദൃഷ്ടരാശിയാകുന്നു. തുലാംരാശിയിൽ ശനി നില്ക്കുന്നുണ്ടെങ്കിൽ അതിൻെറ 7-ാംരാശിയായ മേടം രാശി അസദ്ദൃഷ്ടരാശി എന്നു സാരം. ഓരോ ഗ്രഹങ്ങൾക്കും 7-ാം രാശിയിലേക്കു മാത്രമല്ലാതെ വേറെ ഭാവങ്ങളിലേക്കും ദൃഷ്ടിയുണ്ടാകും. എന്നാൽ ആ വിശേഷദൃഷ്ടികളൊന്നും മുഹൂർത്തവിഷയം സ്വീകരിക്കുകയില്ല.

"സർവ്വേഷാമിഹ ഖേടാനാം ദൃഷ്ടിഃ സപ്തമഭേ സ്മൃതാ"

എന്നു പ്രമാണവും കാണുന്നു.

അസദാരൂഢരാശി—പാപഗ്രഹം നില്ക്കുന്ന രാശി ഈ പറഞ്ഞ പാപോദയരാശികളിൽ സൂൎയ്യോദയരാശി ചില കൎമ്മങ്ങളിൽ മദ്ധ്യമമായി സ്വീകരിക്കാം. നാമകരണം, വാതിൽപുറപ്പാട്, ചോറൂണ്, വിവാഹം എന്ന നാലു ക്രിയകൾക്ക് അത്യാപത്തിലും സൂൎയ്യോദയരാശി സ്വീകാൎയ്യമല്ല; ഗൃഹാരംഭഗൃഹപ്രവേശങ്ങളിൽ പ്രായശ്ചിത്തംചെയ്ത് അധമമായി സ്വീകരിക്കാം.

"നാമനിഷ്ക്രാമണോദ്വാഹബാലാന്നേഷു വിശേഷതഃ ।
ഭാസ്കരസ്യോദയോ വൎജ്ജ്യോ ഗൃഹകൎമ്മണി നേഷ്യതേ ॥"

എന്നു പ്രമാണവും കാണുന്നു. അതിനാൽ ഈ പറഞ്ഞ 6 ക്രിയകൾ ഒഴിച്ചു ബാക്കിയുള്ളതുകളിൽ സൂൎയ്യോദയരാശി മദ്ധ്യമമായി പ്രായശ്ചിത്തം ചെയ്തു സ്വീകരിക്കുന്ന പതിവും കാണുന്നു. എന്നാൽ ഉപനയനാദിപ്രധാനക്രിയകളിൽ സൂൎയ്യോദയരാശി സ്വീകരിക്കാതിരിക്കുന്നതുതന്നെയാണ് അധികം നല്ലതെന്നു വരദീപികയും പറയുന്നു.

അസദ്വിമുക്തരാശി—പാപഗ്രഹം പോയ രാശി എന്നുവെച്ചാൽ ഒരു രാശിയിൽ നില്ക്കുന്ന പാപഗ്രഹം ആ രാശിയിൽനിന്ന് അതിന്റെ പിന്നത്തെ രാശിയിലേക്കോ വക്രംകൊണ്ട് അതിന്റെ കീഴുള്ള രാശിയിലേക്കോ കടക്കുന്നതായാൽ ആ പോന്നരാശി അസദ്വിമുക്തരാശയാകുന്നു. ആ രാശി ശുഭകൎമ്മങ്ങളിൽ വൎജ്ജ്യമാകുന്നു. എന്നാൽ ആ രാശിയിൽ ചന്ദ്രാദിശുഭഗ്രഹങ്ങളിൽ ഏതെങ്കിലും ഒരു ഗ്രഹം വന്നാൽ ആ രാശിയുടെ അസദ്വിമുക്തതാദോഷം തീരുമെന്നും ഗ്രഹിക്കണം. മുൻപറഞ്ഞ പാപഗ്രഹങ്ങളിൽ സൂൎയ്യന്നു പാപത്വം വളരെകുറയും. അതുനിമിത്തം സൂൎയ്യമുക്തരാശി ശുഭയോഗം വരുന്നതിന്നുമുമ്പെയും ഗ്രാഹ്യമാകുന്നു.

'പാപിപോയാൽ ശുഭൻ ചെന്നേ രാശി നല്ലുമുഹൂൎത്തകേ
ശുഭയോഗം വിനാ കൊള്ളാമൎക്കനിട്ടേച്ച രാശിയേ'

എന്നു കാലദീപകത്തിലും പറയുന്നു. സൂൎയ്യന്നു പാപത്വന്യൂനതയുണ്ടെങ്കിലും സൂൎയ്യദൃഷ്ടരാശി—ആദിത്യോദയരാശിയുടെ 7-ാം രാശി (പാട്ടുരാശി) യാതൊരു ശുഭകൎമ്മങ്ങളിലും (നാമനിഷ്ക്രാമണാദിഷൾക്കത്തിൽ കൂടിയും) ഗ്രാഹ്യമല്ല എന്നും ഗ്രഹിക്കണം.

7. സിതദൃക്—സിതനെന്നാൽ ശുക്രൻ ശുക്രന്റെ ദൃഷ്ടി—ശുക്രൻ നില്ക്കുന്ന രാശിയുടെ ഏഴാമത്തെ രാശി എല്ലാ ശുഭകൎമ്മങ്ങളിലും വൎജ്ജ്യമാകുന്നു. ശുക്രൻ ശുഭഗ്രഹമാണെങ്കിലും ശുക്രന്റെ ദൃഷ്ടി പാപദൃഷ്ടിപോലെ വൎജ്ജ്യമെന്നും ഗ്രഹിക്കണം. 'ശുക്രോ മദേ വൎജ്ജനീയഃ' എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു.

8. സായാഹ്നസന്ധ്യാദികാം—സായാഹ്നവും സന്ധ്യാദികളും. സായാഹ്നം ദിനരാത്രി പ്രമാണപ്രകാരം പകലിനെ അഞ്ചാക്കി ഭാഗിച്ചാൽ അതിൽ അഞ്ചാമത്തെ ഭാഗം. അതിനെ വർജ്ജിക്കണം.

'പ്രാഹ്ണപൂൎവ്വാഹ്ണമദ്ധ്യാഹ്നാന്ന്യപരാഹ്ണം, തതഃ പരം।
സായാഹ്നമിതി പഞ്ചാംശാ ബുധൈരഹ്നഃ പ്രകീൎത്തിതാഃ।

പകലിനെ അഞ്ചാക്കിഭാഗിച്ചാൽ അതിലെ ആദ്യഭാഗം പ്രാഹ്നവും, രണ്ടാംഭാഗം പൂൎവ്വാഹ്നവും, മൂന്നാംഭാഗം മദ്ധ്യാഹ്നവും, നാലാംഭാഗം അപരാഹ്നവും അഞ്ചാമത്തേത് സായാഹ്നവുമാകുന്നു എന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നത്. അതിലെ സായാഹ്നം വർജ്ജ്യമെന്നു സാരം.

9. സന്ധ്യാദികാം സന്ധ്യകാം മുതലായവ. സന്ധ്യകളെന്നാൽ, പ്രാതഃസന്ധ്യ, അസ്തമനസന്ധ്യ, മദ്ധ്യാഹ്നസന്ധ്യ, അൎദ്ധരാത്രസന്ധ്യ എന്ന നാലു സന്ധ്യകളാകുന്നു. ഇതുകളെ വർജ്ജിക്കണം. എന്നാൽ ഏതേതുസന്ധ്യകാംക്ക് എത്ര എത്രസമയമാണെന്നു വിവരിക്കാം. ഇതിനെ ഗ്രന്ഥാന്തരത്തിൽ ഇങ്ങിനെ പറയുന്നു:—

"പൂൎവ്വം ഷൾഘടികാഃ പ്രഭാത സമയാൽഭാനോഃ പ്രദോഷസ്തഥാ
പശ്ചാദസ്തമയാൽ ഘടീദ്വയമിഹ ത്യാജ്യം സ ഏവാഥവാ"

ആദിത്യോദയത്തിന്നുമുമ്പെ 6നാഴികാകാലം പ്രാതഃസന്ധ്യയും അസ്തമനാൽപരം 6നാഴിക സായംസന്ധ്യയുമാകുന്നു. എന്നാൽ സായം സന്ധ്യയുടെ ആദ്യത്തെ (അസ്തമയാനന്തരം) രണ്ടു നാഴികമാത്രമെ സായം സന്ധ്യാകാലത്തേ ത്യാജ്യമായിട്ടുള്ളു എന്നു ചിലരും പറയുന്നു എന്നാണ് മാധവീയമതം.

"ഭുക്ത്യുദ്വാഹനിഷേകേഷു ഭാസ്കരസ്യോദയാൽ പുരാ
ഷൺനാഡികാ വിവൎജ്ജ്യാഃ സ്യുശ്ചതസ്രോന്ന്യാസു കൎമ്മസു"

ചോറൂണ്, വിവാഹം, സേകം എന്ന മൂന്നുക്രിയകാംക്കും ആദിത്യോദയത്തിന്നു മുമ്പെ 6 നാഴിക തീൎച്ചയായും വർജ്ജിക്കണം. മററുള്ള ക്രിയകാംക്കെല്ലാം നാലുനാഴികസമയം വർജ്ജിച്ചാൽ മതി എന്നും പറയുന്നു. അപ്പോാം അന്നപ്രാശനാദി മൂന്നിന്നും സൂൎയ്യോദയാൽപൂൎവ്വം 6നാഴികയും മററുള്ളതുകാംക്ക 4 നാഴികയും പ്രാതസ്സന്ധ്യാകാലത്തേ വർജ്ജിക്കുകയും എല്ലാ ക്രിയകാംക്കും സായംസന്ധ്യാകാലത്തേ അസ്തമനാൽപരം 2 നാഴികാനേരം വർജ്ജിക്കുകയും വേണം. സദാചാരവും ഇതേവിധംതന്നെ

ന്നെയാണ്. എന്നാൽ ശൈവപ്രദോഷദിവസത്തെ സായംസന്ധ്യാസമയത്തിന്ന് ഈ പറഞ്ഞതിൽനിന്നും കുറെ വ്യത്യാസമുണ്ട്. അതും വിവരിക്കാം. പ്രദോഷദിവസം അൎദ്ധരാത്രിവരെ ശുഭകൎമ്മങ്ങൾ വർജ്ജിക്കുകയാണ് ഉത്തമം; ഒരു യാമകാലം വർജ്ജിക്കുന്നത് മദ്ധ്യമം; 6 നാഴിക വർജ്ജിക്കുന്നത് അധമപക്ഷം. പ്രദോഷം മൂന്നേമുക്കാൽ നാഴിക രാച്ചെന്നാൽ കഴിയുമെന്നും അതിന്നുശേഷം ശുഭകൎമ്മം ചെയ്യാമെന്നും ചിലർ പറയുന്നു. ഈ വിഷയത്തിൽ 'അതോത്ര്യാപദി യാമാൎദ്ധകാലാൽ പരം ശുഭകൎമ്മ കൎത്തവ്യം വാ ന വേതി വിദ്വദ്ഭി ശ്ചിന്തനീയം' എന്നാണ് വരദീപികയിൽ പറയുന്നത്. മദ്ധ്യാഹ്നസന്ധ്യാ എന്നത്, ഈ രണ്ടു നാഴികാകാലത്തെ ഒരു മുഹൂൎത്തകാലമെന്നാണ് പറയുക. അപ്പോൾ പകൽ 15 മുഹൂൎത്തവും രാത്രി 15 മുഹൂൎത്തവുമാകുന്നു. ദിനരാത്രി പ്രമാണഭേദംനിമിത്തം ഇതിന്നും സമയഭേദം സംഭവിക്കും. രണ്ടു നാഴിക എന്നു പറഞ്ഞത് സമസമയകാലത്തെ കണക്കാകുന്നു. ആ മുഹൂൎത്തങ്ങൾക്കു ക്രമത്തിൽ ഈ പറയുന്ന പേരുകളുമുണ്ട്.

'അഹ്നഃ പഞ്ചദശോ ഭാഗോമുഹൂൎത്തസ്താരകാമയഃ
ദിവാ പഞ്ചദശോക്താ സ്തേ നിശായാഞ്ച തഥാവിധാഃ
രുദ്രോരഗമിത്രമഖാ വസുജലവിശ്വാഭിജിദ്വിധിശ്ചൈന്ദ്ര്യഃ
ഐന്ദ്രാഗ്നിമൂലവരുണാ യമഭഗതാരാ ദിവാമുഹൂൎത്താഃ സ്യുഃ
ക്രമശോനിശാമുഹൂൎത്താരൌദ്രോ ഭാദ്രാദയോഷ്ടതാരാഃ സ്യുഃ
അദിതിദിതിഹസ്തവിശ്വബ്രഹ്മസമീരാശ്ച കീൎത്തിതാമുനിഭിഃ

അപ്പോൾ മദ്ധ്യാഹ്നസന്ധ്യ എട്ടാമത്തെ മുഹൂൎത്തത്തിന്റെ പൂൎവ്വാൎദ്ധാവസാനത്തിങ്കലാകുന്നു. ആ മുഹൂൎത്തം അഭിജിത്തെന്ന പേരോടുകൂടിയതുമാണെല്ലോ. അഭിജിന്മുഹൂൎത്തനാഥൻ വിഷ്ണുവാകയാൽ ആ മുഹൂൎത്തത്തിന്നു യാതൊരു ദോഷവുമില്ല എന്നാണ് പല ആചാൎയ്യന്മാരും പറയുന്നത്. എന്നാൽ 'മദ്ധ്യാഹ്നേ ചാൎദ്ധരാത്രേ ച സന്ധ്യയോരുഭയോരപി നാ കുൎയ്യാച് ശുഭകൎമ്മാണി സിദ്ധിന്നാപ്നോതി മാനവഃ' എന്ന ആത്രേയസംഹിതയിലും പറയുന്നു. അപ്പോൾ സന്ധ്യകളെല്ലാം വൎജ്ജിക്കുക തന്നെ വേണമെന്നും വരുന്നു.

'മദ്ധ്യാഹ്നേ ചാൎദ്ധരാത്രേ ച വർജ്ജ്യാ ദശ വിനാഡികാഃ'

മദ്ധ്യാഹ്നത്തിലും അൎദ്ധരാത്രിയിലും പത്തുപത്തു വിനാഴിക നേരം വൎജ്ജിക്കണം എന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നത്. അതുപ്രകാരമാണ് ആചാരവും. അപ്പോൾ മദ്ധ്യാഹ്നസന്ധ്യാകാലമെന്നാൽ എട്ടാമത്തെ മുഹൂൎത്തത്തിന്റെ പൂൎവ്വാൎദ്ധത്തിന്റെ അവസാനം 5 വിനാഴികയും ഉത്തരാൎദ്ധത്തിന്റെ ആദ്യം 5 വിനാഴികയും കൂടിയുള്ള 10 വിനാഴിക വൎജ്ജിക്കണം. അൎദ്ധരാത്രിസന്ധ്യയും ഇതുപോലെതന്നെയാകുന്നു.

സന്ധ്യാദയഃ എന്നതിലെ ആദിശബ്ദംകൊണ്ട് സംക്രമം, മൃത്യുയോഗം, ദഗ്ദ്ധയോഗം, ധൂമകേതുദർശനം, ശിവാരുതം എന്നിതുകളെയാണ് സംഗ്രഹിക്കുന്നത്. അതുകളുടെ സ്വഭാവവും വർജ്ജ്യകാലവിഭാഗവും വിവരിക്കുന്നു:—

സംക്രമം—സൂര്യസംക്രമം. സംക്രമം രാശിസംക്രാന്തി എന്നും ബിംബസംക്രാന്തി എന്നും രണ്ടു തരമാകുന്നു. അതിൽ രാശിസംക്രാന്തി എന്നത് ആദിത്യൻ സ്ഫുടഗതികൊണ്ടു മേടം മുതലായ ഏതെങ്കിലും ഒരു രാശിയിൽനിന്നു പിന്നെത്തെ രാശിയിലേക്കു കടക്കുന്ന സമയമാകുന്നു. ബിംബസംക്രാന്തി എന്നാൽ രാശിസംക്രമസമയത്തിൻെറ മുമ്പും പിമ്പും പതിനാറീതനാഴിക കൂടിയ 30 നാഴികാകാലമാകുന്നു.

'യസ്മിൻ ദിനേക്ക്സംക്രാന്തിസ്തത്ത്രിഃന കർമ്മ വർജ്ജയേൽ।
യദ്രാത്രൌ സംക്രമസ്തസ്യാം രാത്ര്യാം കർമ്മവിവർജ്ജയേൽ।
രവിസംക്രമണാൽ പൂർവ്വം പരതശ്ചാപി ഷോഡശ।
ഘടികാശ്ച വിവർജ്ജ്യാഃ സ്യുഃ സർവ്വേഷു ശുഭകർമ്മസു।'

ആദിത്യൻെറ രാശിസംക്രമം പകലാണെങ്കിൽ ആ പകൽ മുഴുവനും, രാത്രിയാണെങ്കിൽ ആ രാത്രി മുഴുവനും യാതൊരു ശുഭകർമ്മവും ചെയ്യരുത്. ആദിത്യസംക്രമകാലത്തിൻെറ മേലും കീഴുമുള്ള 16 നാഴികവീതമുള്ള ബിംബസംക്രാന്തികാലവും ശുഭകർമ്മത്തിനു നിഷിദ്ധംതന്നെയാണ്. അപ്പോൾ സംക്രമം രാത്രിയോ പകലോ ആണെങ്കിൽ ആ രാത്രിയും പകലും ബിംബസംക്രാന്തികാലവും വർജ്ജിക്കണമെന്നു വിവേകം. സംക്രാന്തിയെക്കുറിച്ച് പലേ പക്ഷാന്തരങ്ങളുമുണ്ട്. പക്ഷെ അതൊന്നും മലയാളത്തിൽ ആചാരമില്ലായ്കയാൽ ഇവിടെവിവരിക്കുന്നില്ല. എന്നാൽ ഇവിടെ ആചരിച്ചുവരുന്ന ചില ഭേദത്തെ വിവരിക്കുകയും ചെയ്യാം. ഇതിൽ കർക്കടസംക്രാന്തി, മകരസംക്രാന്തി എന്നിതുകൾ അയനസംക്രാന്തികളും ദക്ഷിണായനോത്തരായണങ്ങളിലേക്ക് ആദിത്യൻ സംക്രമിക്കുന്ന സമയവും മേഷതുലാസംക്രാന്തികൾ വിഷുവങ്ങളും—സംവത്സരത്തിൻെറ പൂർവ്വാർദ്ധോത്തരാർദ്ധാദികളായ വിഷുവത്തിലേക്കുള്ള ആദിത്യസംക്രമകാലവുമാകുന്നു.

'അയനേ വിഷുവത്യന്യാസ്വർക്കസംക്രാന്തിഷു ക്രമാൽ।
ത്രിദിനൈകദിനത്രിംശന്നാഡ്യസ്ത്യാജ്യാഃ സ്വപാർശ്വയോ',

അയനസംക്രാന്തിസമയത്തിൻെറ മുമ്പും പിമ്പും കൂടി മൂന്നുദിവസവും വിഷുവസംക്രാന്തികളുടെ മുമ്പും പിമ്പും കൂടി ഒരു ദിവസവും മററ സംക്രാന്തികൾ എട്ടിനും മുമ്പും പിമ്പും കൂടി 30 നാഴികയും ശുഭകർമ്മങ്ങൾ വർജ്ജ്യങ്ങളാകുന്നു എന്നാണ് മുഹൂർത്തരത്നത്തിൽ പറയുന്നത്.

മൃത്യുയോഗം—അശ്വതി മുതലായ നക്ഷത്രങ്ങളിൽ ഇന്നിന്ന നാളുകൾ ഞായർ മുതലായ ഇന്നിന്ന ആഴ്ചയോടുകൂടി വന്നാൽ അതു മൃത്യുയോഗമെന്നുണ്ട്. അതിൻെറ വിവരണമെങ്ങിനെ എന്നാൽ,

'മൃത്യുയോഗ മഘാശ്രുപ്പരൌദ്രമൂലപ്രചേതസഃ।
രോഹിണീ ചോത്തരാഷാഢാ യുക്താഃ സൂൎയ്യാദിവാസരൈഃ'

മഘം=മകം, ശ്രുപ്പം=വിശാഖം രൌദ്രം=രുദ്രദേവതയായ നക്ഷത്രം അതായത് തിരുവാതിര, മൂലം. പ്രചേതസ്സ്=വരുണദേവതയായ നക്ഷത്രം അതായതു ചതയം, രോഹിണി, ഉത്തരാഷാഢഃ=ഉത്രാടം എന്ന നാളുകൾ ക്രമത്തിൽ ഞായർ മുതലായ ആഴ്ചകളോടു ചേൎന്നുവന്നാൽ അന്നു മൃത്യുയോഗമാകുന്നു. പിന്നെ,

'പ്രശ്ന,ഭയം,കേന്ദ്ര,ഗുരൌ,ദിവ്യ,നര,സ്സാര, തുല്യസംഖ്യായാഃ
താരാരവിമുഖവാരൈഃ ക്രമേണയുക്താശ്ചമൃത്യുയോഗാഃ സ്യുഃ'

പ്രശ്നാദിതുല്യസംഖ്യകളായ നാളുകൾ ഞായറാഴ്ച മുതലായ ആഴ്ചകളോടുകൂടുമ്പോഴും മൃത്യുയോഗംതന്നെയാകുന്നു. പ്രശ്ന എന്നതിൻെറ അക്ഷരസംഖ്യ 2. അപ്പോൾ രണ്ടാമത്തെ നാൾ അതായതു ഭരണി, ഭയം=14 ചിത്ര, കേന്ദ്ര=21–ഉത്രാടം, ഗുരു=23–അവിട്ടം, ദിവ്യ=18–തൃക്കേട്ട, നര=20–പൂരാടം, സാര=27–രേവതി. അപ്പോൾ ഞായറാഴ്ചനാൾ ഭരണിയോ മകമോ ആയിരുന്നാൽ അന്നു മൃത്യുയോഗമാകുന്നു. അതുപോലെ തിങ്കളാഴ്ചയും ചിത്രയും വിശാഖവും, ചൊവ്വാഴ്ചയും തിരുവാതിരയും ഉത്രാടവും, ബുധനാഴ്ചയും മൂലവും അവിട്ടവും, വ്യാഴാഴ്ചയും തൃക്കേട്ടയും ചതയവും, വെള്ളിയാഴ്ചയും രോഹിണിയും പൂരാടവും, ശനിയാഴ്ചയും ഉത്രാടവും രേവതിയും കൂടി വന്നാലും മൃത്യുയോഗംതന്നെയാകുന്നു. അശ്വതി മുതലായ നക്ഷത്രങ്ങളെ അതാതുകളുടെ നാമംകൊണ്ടും അതാതു നക്ഷത്രങ്ങളുടെ ദേവതമാരുടെ നാമംകൊണ്ടും പറയും. നക്ഷത്രനാമങ്ങൾ:— അശ്വയുക അവഭരണി, കൃത്തികാ, രോഹിണീ, മൃഗശീൎഷം, ആൎദ്രാ, പുനൎവ്വസു, തിഷ്യം, ആശ്ലേഷം, മഘം, പൂൎവ്വഫൽഗുനീ, ഉത്തരഫൽഗുനീ, ഹസ്തം, ചിത്രം, സ്വാതി, വിശാഖാ, അനുരാധാ, ജ്യേഷ്ഠ, മൂലം, പൂൎവ്വാഷാഢാ, ഉത്തരാഷാഢാ, ശ്രവണം, ശ്രവിഷ്ഠാ, ശതഭിഷക, പൂൎവ്വപ്രോഷ്ഠപാദം, ഉത്തരപ്രോഷ്ഠപാദം, രേവതി എന്നിവുകളാകുന്നു. നക്ഷത്രദേവതകളെ കാലദീപകത്തിൽ ഇങ്ങിനെ വിവരിക്കുന്നു:—

'അശ്വതിക്കശ്വിനീദേവൌ ഭരണിക്കുയമൻ തഥാ
കാൎത്തികക്കഗ്നിഭഗവാൻ ബ്രഹ്മൻ രോഹിണിനാൾക്കപി
ചന്ദ്രൻമകയിരത്തിന്ന് ആൎദ്രയ്ക്കുശിവനാസ്മൃതം
അദിതീ പുണർതത്തിന്ന് പൂയത്തിന്നു ബൃഹസ്പതി

സൎപ്പമായിലിയത്തിന്നു മകത്തിന്നു പിതൃക്കളാം
പൂരത്തിന്നൎയ്യമാവാകും ഉത്രത്തിന്നു ഭഗൻതഥാ
അത്തംനാൾക്കാദിത്യൻ ത്വഷ്ടാവാം ചിത്രനാൾക്കപി
ചോതിക്കു വായുഭഗവാനിന്ദ്രാഗ്നീതു വിശാഖഭേ
മൈത്രനാമനിഴത്തിന്നു തൃക്കേട്ടയ്ക്കിന്ദ്രനാസ്മൃതം
മൂലംനാളിന്നു നിരൃതി പൂരാടത്തിന്നു വെള്ളമാം
വിശ്വേദേവകളുത്രാടേ ബ്രഹ്മനാമഭിജിത്തിന്
വിഷ്ണുവാംതിരുവോണത്തിന്നവിട്ടത്തിന്നു വസുക്കളാം
ചതയത്തിന്നു വരുണൻ പൂരോരട്ടാതിയ്ക്കജൈകപാൽ
ഉത്രട്ടാതിക്കഹിൎബ്ബുധ്നി പൂഷാരേവതിനാൾക്കപി'

എന്നാൽ 'ഉത്രാടത്തിന്റെ നാലാംകാൽ തിരുവോണത്തിലാദിയിൽ നാലുനാഴികകൂട്ടമ്പോളഭിജിത്തായ നാളത്', എന്നും പറഞ്ഞു കാണുന്നു.

അപ്പോൾ ഉത്തരാഷാഢമെന്നാൽ ഉത്രാടവും ശ്രവണമെന്നാൽ തിരുവോണവും അഭിജിത്തെന്നാൽ ഉത്രാടത്തിന്റെ നാലാംകാലും തിരുവോണത്തിന്റെ ആദ്യം 4 നാഴികയും കൂടിയ 19 നാഴികയുമാകുന്നു. ദേവതാനാമത്തിൽ വിശ്വദേവനക്ഷത്രമെന്നു പറഞ്ഞാൽ ഉത്രാടത്തിന്റെ ആദ്യം മുതൽ 3 കാലുകളെന്നും വിഷ്ണുവെന്നാൽ അഭിജിദംശം കഴിച്ച് ബാക്കിയുള്ള തിരുവോണമെന്നും ബ്രഹ്മന്നെന്നാൽ രോഹിണി എന്നും അഭിജിത്തെന്നും ഗ്രഹിക്കണമെന്നു വിവേകം. നക്ഷത്രങ്ങളെ പരിഗണനം ചെയ്യുന്നേടത്തെല്ലാം അഭിജിത്തിനെ ഗ്രഹിക്കുമാറില്ല. ദുൎല്ലഭംചില ദിക്കിൽ മാത്രമെ അതിനെ പറയുമാറുള്ളു. അതിനാൽ ഈ നാമങ്ങൾ അഭിജിദംശങ്ങളെ കണക്കാക്കാതെയും പറയുമാറുണ്ടുതാനും. തിഥികൾക്കും ഇതേവിധം ദേവതകളുണ്ട്. ആയത് —'അഗ്നിബ്രഹ്മാമഹാദേവൻ, ഗണേശൻ, ഫണിഷൺമുഖൻ, സൂൎയ്യൻ, മഹേശ്വരൻ, ദുൎഗ്ഗാകൃതാന്തൻ, വിശ്വദേവകൾ, മാധവൻ, മദനൻ, രുദ്രൻ, ചന്ദ്രൻ പ്രതിപദാദിയായ് തിഥീനാം ദേവതാഃ പ്രോക്താഃ കൃഷ്ണവാവിൽ പിതൃക്കളാം' എന്നാകുന്നു. മുഹൂൎത്തവിഷയം ഇതിനെ അത്ര ഗണിക്കമാറില്ല. എങ്കിലും പ്രസംഗവശാൽ ഇവിടെ വിവരിച്ചു എന്നെ ഉള്ളു.

ദഗ്ദ്ധയോഗം — ഇന്നിന്ന പക്കങ്ങൾ ഇന്നിന്ന ആഴ്ചയോടു ചേൎന്നാൽ ദഗ്ദ്ധയോഗമെന്നുണ്ട്. ആ ദഗ്ദ്ധയോഗവും വൎജ്ജ്യമാകുന്നു.

'സൂൎയ്യേശശരനേത്രാംഗനാഗാംകതിഥയഃ ക്രമാൽ!
അൎക്കാദിവാരൈരസ്സഹിതാ ദഗ്ദ്ധയോഗാഃ പ്രകീൎത്തിതാഃ'

സൂൎയ്യാദിസംഖ്യകളായ തിഥികൾ ആദിത്യാദി വാരങ്ങളോടുകൂടിയാൽ ദഗ്ദ്ധയോഗമാകുന്നു. അപ്പോൾ സൂൎയ്യൻ=12—ദ്വാദശി, ഈശൻ=

11–ഏകാദശി, ശരം=5–പഞ്ചമി നേത്രം=2–ദ്വിതീയ, അംഗം=6–ഷഷ്ഠി, നാഗം=8–അഷ്ടമി, അങ്കം=9–നവമി.

'ബുധദ്വിതീയാ കുജപഞ്ചമീച ഷഷ്ഠിഗ്ഗുരുരഷ്ടമി ശുക്രവാരേ
ഏകാദശി ചന്ദ്രശനിന്നവമ്യാദ്വാദശ്യർഥാക്കേ്ണ

ദഗ്ദ്ധയോഗാഃ'

ഇതേവിധം നക്ഷത്രതിഥിവാരങ്ങളുടെ സംയോഗത്തിങ്കൽ അനേകം യോഗങ്ങളുണ്ട്. പക്ഷെ അതുകളൊന്നും മുഹൂർത്തത്തിൽ ചിന്ത്യങ്ങളല്ലായ്കയാൽ ഇവിടെ വിവരിക്കുന്നില്ല. ഈ പറഞ്ഞ മൃത്യുയോഗദഗ്ദ്ധയോഗങ്ങൾ മാത്രമേ ചിന്തിക്കുമാറുള്ളൂ. എന്നാൽ മൃത്യുയോഗമോ ദഗ്ദ്ധയോഗമോ സാധുവാകേണമെങ്കിൽ അതാതുകൾക്കു പറഞ്ഞ നക്ഷത്രവാര തിഥിവാരങ്ങളുടെ യോഗം സൂര്യോദയസമയം മുതൽ മൂന്നേമുക്കാൽ നാഴികയുടെ മുമ്പെ സംഭവിക്കുകയും വേണം. ആ സമയം കഴിഞ്ഞിട്ടാണ് കൂടിച്ചേരുന്നതെങ്കിൽ ഈ യോഗങ്ങളുമില്ല. അപ്പോൾ ഞായറാഴ്ച ഉദയാൽപരം 4 നാഴിക അശ്വതിയോ ആയില്യമോ ആണെങ്കിൽ അന്നു മൃത്യുയോഗമില്ല. മൂന്നരനാഴികയേ ഉള്ളുവെങ്കിൽ അന്നു മൃത്യുയോഗവുമാണ്. അതേവിധം ദഗ്ദ്ധയോഗത്തിന്നും കാണണം. മൃത്യു–ദഗ്ദ്ധയോഗങ്ങളുള്ള ദിവസം സൂര്യോദയം മുതൽ 3¾ നാഴികനേരം ശുഭകർമ്മം വർജ്ജ്യമാകുന്നു.

'തിഥിവാരർക്ഷയോഗാനാം ഫലമർക്കോദയാദിതഃ!
അദ്ധ്യാമാൽ പരം നാസ്തി ശുഭം വാപ്യശുഭഞ്ചയത്'

എന്നു പ്രമാണവുമുണ്ട്. എന്നാൽ ദഗ്ദ്ധമൃത്യുയോഗങ്ങളുള്ള ദിവസം രണ്ടു നാഴിക പുലന്നാൽ പിന്നെ മുഹൂർത്തം കൊള്ളാമെന്നു ചിലർ പറയുന്നു. അതേവിധം ദുർല്ലഭം ചില ദിക്കിൽ നടപ്പും കാണുന്നു.

കേതൂദയം—ധൂമകേതു ഉദിച്ചു കാണുക. അതും ശുഭകർമ്മത്തിന്നു വർജ്ജ്യമാകുന്നു.

'കേതൂദയേ തു സഞ്ജാതേ വർജ്ജയേദ്ദിവസത്രയം'=

ധൂമകേതു ഉദിച്ചു കണ്ടാൽ ആ സമയം മുതൽ പിന്നെ മൂന്നു ദിവസം എല്ലാ ശുഭകർമ്മങ്ങൾക്കും വർജ്ജ്യമാകുന്നു. ഒരു ദിവസം ധൂമകേതു ഉദിച്ചു കാണുകയും പിന്നെ കാണാതിരിക്കുകയും ചെയ്താലും ഇടവിടാതെ അധിക ദിവസം ഉദിച്ചുകണ്ടാലും പ്രഥമദർശനദിവസം മുതൽ മൂന്നു ദിവസം മാത്രം വർജ്ജ്യമെന്നും ഗ്രഹിക്കണം.

ധൂമകേതുലക്ഷണത്തെ നാരദൻ ഇങ്ങിനെ വർണ്ണിക്കുന്നു:—

'അനിഷ്ടദോ ധൂമകേതുശ്ശക്രചാപസ്യ സന്നിഭഃ
ദ്വിസ്ത്രീശ്ചയുശ്ശൂലരൂപഃ സ ച രാജ്യാന്തകൃൽ സദാ'

ധൂമകേതു എന്നത് ആകാശത്തിൽ ഉദിച്ചുകാണുന്ന ഒരു ഗോളമാകുന്നു. ഇത് ശക്രചാപത്തോട്—മഴവില്ലിനോട് തുല്യമായ നാനാ വൎണ്ണത്തോടും വക്രാകൃതിയോടും കൂടിയതും രണ്ടോ മൂന്നോ നാലോ ശൂലംകൂടി കെട്ടിയതുപോലെയുമിരിക്കും. ഇതു ജനങ്ങൾക്ക് ആകമാനം അനിഷ്ടപ്രദവും രാജ്യനാശത്തെ ചെയ്യുന്നതുമായിത്തീരുകയും ചെയ്യും. സദാ—മററ് എന്തു ഗുണമുള്ള കാലമായിരുന്നാലും കേതൂദയകാലം എന്നും ദോഷകാലമെന്നു ഗ്രഹിക്കണം.

ശിവാരുതം—ഓരികരയുക (ഓരിക്കുറുക്കൻ ഓളിയിടുക) ഇതും ഉൽപാതമാകയാൽ അതു കേട്ടാൽ അതു കേട്ടദിക്കിൽ അന്നേ ദിവസം ശുഭകൎമ്മം വൎജ്ജ്യമാകുന്നു.

'ശിവാരുതാദയോ ദോഷാവൎജ്ജനീയാശ്ശുഭേഖിലേ'

എന്നുണ്ടാകയാൽ ഉൽപാതരൂപങ്ങളായ ദുൎന്നിമിത്തങ്ങളെല്ലാം ശുഭകൎമ്മങ്ങൾക്കു വൎജ്ജ്യങ്ങളാകുന്നു. അതുകൾ സംഭവിച്ചാൽ ശുഭകൎമ്മം അന്നു ചെയ്യരുത്. ഇതുകൾ കൎമ്മമദ്ധ്യത്തിൽ സംഭവിച്ചുപോയാൽ തദ്ദോഷപരിഹാരാൎത്ഥം ദോഷാനുരൂപമായ പ്രായശ്ചിത്തംചെയ്തു ക്രിയാശേഷം ചെയ്യുകയും വേണം.

10. ഗണ്ഡാന്തം—ഗണ്ഡാന്തകാലംവൎജ്യമാകുന്നു. ഗണ്ഡാന്തകാലം,

'അശ്വതി മകം മൂലം മുതൽ കാലിവമൂന്നിനും
രേവത്യായിലിയംകേട്ട നാലാംകാലിവ മൂന്നിനും
ഇവ നക്ഷത്രഗണ്ഡാന്തം സൎവ്വകൎമ്മസുവൎജ്ജയേൽ'

എന്നു കാലദീപകം. അശ്വതിനക്ഷത്രനാഴികയെ നാലാക്കി ഭാഗിച്ചാൽ അതുകൾക്ക് ഓരോ കാലെന്നു പേർ. ഇതേവിധം മററു നക്ഷത്രങ്ങൾക്കും കണ്ടുകൊൾക. അപ്പോൾ രേവതിയുടെ അവസാനപാദവും അശ്വതിയുടെ പ്രഥമപാദവും കൂടിയ 30 നാഴിക ഗണ്ഡാന്തം. ഇതേവിധം മററു രണ്ടു ഗണ്ഡാന്തങ്ങളേയും ഗ്രഹിക്കണം.

'അശ്വിമൂലമഖാദ്യാംശാഃ പൂഷാഹീന്ദ്രാന്ത്യപാദകാഃ
ഏതേ നക്ഷത്രഗണ്ഡാന്താവിവൎജ്ജ്യാസ്സൎവ്വകൎമ്മസു'

എന്നു ഗ്രന്ഥാന്തരത്തിലും പറയുന്നു. രാശികൾക്കും തിഥികൾക്കും ഗണ്ഡാന്തസമയങ്ങളുണ്ട്. അതുകളൊന്നും മുഹൂൎത്തത്തിൽ ചിന്തിക്കേണ്ടതില്ല. അതു നിമിത്തം അതുകളെ ഇവിടെ വിവരിക്കുന്നതുമില്ല.

11. ഉഷ്ണം—ഉഷ്ണശിഖ. ഉഷ്ണശിഖാകാലത്തെ ഇങ്ങിനെ വിവരിക്കുന്നു:

'അശ്വ്യാം യാമം ദ്വിതീയം ശരമിതഘടികാ
യാമ്യഭേന്ത്യേ നവ സ്യു-
ൎന്നാഡ്യോ ദ്വാവിംശദാദ്യാ ശ്ശിഖിനി പവനഭാ-
ന്തത്ഥാ ത്രിസ്ത്രിരേവം

ശ്ശൂൎപ്പ്സ്യാദ്യേഷ്ടനാഡ്യോ വസുമിതഘടികാ
മൈത്രഭേന്ത്യേ ദശ സ്യു-
ൎന്നാഡ്യോഽഥ ശ്ശക്രഭാദ്ധാൽ പുനരപി നിരൃതേ-
സ്ത്രിസ്ത്രിരേവം തഥോഷ്ണം।

അശ്വതിനാൾ രണ്ടാമത്തെ യാമവും—ആദ്യത്തെ ഏഴരനാഴിക കഴിഞ്ഞാൽ പിന്നത്തെ ഏഴരനാഴികയും ഭരണിനാൾ അവസാനത്തെ അഞ്ചുനാഴികയും കാൎത്തികനാൾ ആദ്യം 21 നാഴിക കഴിഞ്ഞാൽപിന്നെ ഒമ്പതു നാഴികയും ഉഷ്ണമാകുന്നു—ഉഷ്ണദോഷസമയമാകുന്നു. പിന്നെ മൂന്നു നാളുകൾക്കും മേൽപ്രകാരം—രോഹിണിക്കു അശ്വതിപോലെയും മകീരത്തിന്നു ഭരണിപോലെയും തിരുവാതിരയ്ക്കു് കാൎത്തികപോലെയും ഇത്യാദിപ്രകാരംതന്നെയാകുന്നു. ഇങ്ങിനെയാണ് അശ്വതി മുതൽ ചോതിക്കൂടി 15 നാളുകൾക്കുമുള്ള ഉഷ്ണകാലമെന്നും ഗ്രഹിക്കണം. ബാക്കിയുള്ള 12 നാളുകളിൽ, ശൂൎപ്പമെന്നാൽ വിശാഖം. വിശാഖത്തിന്റെ ആദ്യം 8 നാഴികയും അനിഴത്തിന്റെ അവസാനം 8 നാഴികയും ശക്രദേവതയായ നക്ഷത്രത്തിന്റെ—തൃക്കേട്ടയുടെ ആദ്യം 20 നാഴിക കഴിഞ്ഞാൽ 10 നാഴികയും ഉഷ്ണദോഷമാകുന്നു. ബാക്കിയുള്ള 9 നാളുകൾക്കും ഇതുപോലെതന്നെ എന്നും ധരിക്കണം. ഇവിടെ ശക്രഭാദ്ധാൽ അധഃ ദശനാഡ്യഃ എന്നു പറയുകയാൽ നാളിന്റെ ഏററമിറക്കങ്ങളെ നോക്കി പൂൎവ്വാൎദ്ധം കഴിയുന്നതിന്റെ മുമ്പുള്ള 10 നാഴിക എന്നു ഗ്രഹിക്കുകയുംവേണം. 20 നാഴികക്കുമേൽ 10 നാഴിക എന്നതു സ്ഥൂലവുമാണ് എന്നും ചിലർ പറയുന്നു. ഉഷ്ണശിഖാകാലം വൎജ്ജ്യമാകുന്നു. എന്നാൽ ഇത് 'വിഷോഷ്ണഗുളികൈസ്പൃഷ്ടാ' ഇത്യാദിയായി ഗുളികദോഷത്തെ പറഞ്ഞ ദിക്കിൽ വിവരിച്ചതുപോലെ രാശിയെ വൎജ്ജിക്കുകയും വേണം.

12. വിഷം—വിഷഘടികാകാലം. അതായത്,

'അംഗേ നൈവ വിയൽ പയോ നില നരം
രാശീ നഗം നാവ്യനാ
ദിവ്യം രാഷ്ട്രനരോദയാദ്വിടനഭോ
വാദ്യൈന്നരോ.വീരനൽ

നിഷ്ഠാ നിത്യ നയോ ദയം തുക വിരാമ
നിംബോ നിശാ വക്രന-
ദ്ധവ്യാശാദിഷു താനതീത്യ പരതോ
നാഡ്യശ്ചതസ്രോ വിഷം.

ഹവ്യാശൻ=അഗ്നി, അതായത് അഗ്നിദേവതയായ നക്ഷത്രം—കാത്തികമുതൽ ഓരോ നാളിന്നും അംഗേ, നൈവ, വിയൽ എന്നു മുതലായ ഓരോ വാക്യംകൊണ്ടു പറയുന്ന നാഴിക കഴിഞ്ഞാൽപിന്നെ നന്നാലു നാഴികനേരം വിഷഘടികയാകുന്നു. അപ്പോൾ കാത്തികനാൾ അംഗേ= 30 നാഴിക കഴിഞ്ഞു നാലുനാഴിക. രോഹിണിമുതൽ നൈവ=40, വിയൽ=14, പയോ=11, നില=30, നര=20, രാഗീ=32, നഗം=30, നാഖനാ=20, ദിവ്യം=16, രാഷ്ട്ര=22, നര=20, ഭയ=14, വിട=14, നട=10, വാദ്യൈഃ=14, നരഃ=20, വീരനൽ=24, നിഷ്ഠാ=20, നിത്യ=10, നയം=10, ദയം=17, തുക=16, വിരാമ=24, നിംബഃ=30, നിശാ=50, വക്രനൽ=24, ഇപ്രകാരമാകുന്നു. ഇവിടെ അത്തത്തിന് രാഷ്ട്രം എന്ന 22 നാഴിക കഴിഞ്ഞു നാലുനാഴികയാണ് വിഷം. എന്നാൽ, കാലദീപികകാരൻ,

'അത്തത്തിന്നിരിപത്തൊന്നുകഴിഞ്ഞാലഞ്ചുനാഴിക
പക്ഷദ്വയാനുസാരേണ വർജ്ജിക്കിലഴകുണ്ടിഹ'

എന്നു പറയുന്നു. ഇങ്ങിനെയും നടപ്പുണ്ടെന്ന് മുഹൂർത്തഭാഷയിലും പറയുന്നു. അപ്പോൾ അത്തംനാളിൽ 21 നാഴിക കഴിഞ്ഞാൽപിന്നെ 5 നാഴിക വർജ്ജിക്കേണമെന്നും ഗ്രഹിക്കണം. വിഷവർജ്ജനകാലസ്വഭാവം ഉഷ്ണശിഖയ്ക്കു പറഞ്ഞതുപോലെതന്നെയാകുന്നു. ഈ പറഞ്ഞ ഗണ്ഡാന്തം ഉഷ്ണം, വിഷമെന്ന മൂന്നും നക്ഷത്രദോഷങ്ങളാകുന്നു. ഇനി തിഥി ദോഷങ്ങളെ വിവരിക്കുന്നു.

13. സ്ഥിരകരണം. കരണമെന്നാൽ വെളുത്ത പ്രദിപദംമുതൽ കറുത്ത വാവുകൂടിയുള്ള 30 പക്കങ്ങളുടേയും പൂർവ്വാർദ്ധോത്തരാർദ്ധരൂപങ്ങളാകുന്നു. എന്നാൽ ഒരു പക്കത്തിന്റെ പൂർവ്വാർദ്ധം ഒരു കരണം ഉത്തരാർദ്ധം ഒരു കരണമെന്നു വിവേകം. അതുകൾ—സിംഹം, പുലി, പന്നി, കഴുത, ആന, പശു, വിഷ്ടി, പുള്ള്, നാല്ക്കാലി, പാമ്പ്, പുഴ എന്നിങ്ങിനെ 11 ആകുന്നു. അതുകളിൽ സിംഹം മുതൽ വിഷ്ടികൂടിയുള്ള 7 കരണങ്ങൾ ചരകരണങ്ങളും പുള്ളുമുതൽ 4 കരണങ്ങൾ സ്ഥിരകരണങ്ങളുമാകുന്നു.

ശുക്ലപ്രതിപദാന്ത്യാർദ്ധാൽ കൃഷ്ണേ യാതു ചതുർദ്ദശീ
അടിവ്യാപ്യാദിമം രസ്യാ അർദ്ധം സിംഹാദികം ക്രമാൽ
കരണം സ്യാദഷ്ടകൃത്വ സ്തന്ത്യാർദ്ധാൽ പുനഃ ക്രമാൽ
ശകുനാദിസ്വരൂപസ്യാൽ ഷഷ്ഠിരേവം ഭവേദിഹ'

വെളുത്ത പ്രതിപദത്തിൻെറ ഉത്തരാദ്ധംമുതൽ കറുത്ത പതിന്നാലിൻെറ പൂവ്വാദ്ധംകൂടി 28 പക്കങ്ങൾക്ക് സിംഹം, പുലി മുതലായ 7 ചരകരണങ്ങൾ എട്ടെട്ടുപ്രാവശ്യം ആവത്തിച്ചുവരും. പിന്നെ കറുത്ത പതിന്നാലിൻെറ ഉത്തരാദ്ധം, കറുത്ത വാവിൻെറ രണ്ട് അദ്ധങ്ങൾ, വെളുത്ത പ്രതിപദത്തിൻെറ പൂവ്വാദ്ധം ഈ നാലു തിത്ഥ്യത്ഥങ്ങൾക്ക് പുള്ള്, നാല്ക്കാലി, പാമ്പ്, പുഴ എന്ന സ്ഥിരകരണങ്ങൾ ഒരു പ്രാവശ്യവും വരും. ഇതിൻെറ ക്രമത്തെ ഇങ്ങിനെ പഠിക്കുന്നു:—'പൂവ്വപക്ഷത്തിൽ പ്രതിപദത്തിന്നു പുഴ സിംഹം, ദ്വിതീയക്ക് പുലി പന്നി, തൃതീയയ്ക്കു കഴുത കരി, ചതുത്ഥിക്ക് പശു വിഷ്ടി, പഞ്ചമിക്ക് സിംഹം പുലി, ഷഷ്ഠിക്ക് പന്നി കഴുത, സപ്തമിക്ക് ആന പശു, അഷ്ടമിക്ക് വിഷ്ടി സിംഹം, നവമിക്ക് പുലി പന്നി, ദശമിക്ക് കഴുത കരി, ഏകാദശിക്ക് പശു വിഷ്ടി, ദ്വാദശിക്ക് സിംഹം പുലി, ത്രയോദശിക്ക് പന്നി കഴുത, പതിന്നാൽക്ക് ആന പശു, വാവിന്ന് വിഷ്ടി സിംഹം, അപരപക്ഷത്തിൽ പ്രതിപദത്തിന്ന് പുലി പന്നി, ദ്വതീയക്ക് കഴുത കരി, തൃതീയക്ക് പശു വിഷ്ടി, ചതുത്ഥിക്ക് സിംഹം പുലി, പഞ്ചമിക്ക് പന്നി കഴുത, ഷഷ്ഠിക്ക് ആന പശു, സപ്തമിക്ക് വിഷ്ടി സിംഹം, അഷ്ടമിക്ക് പുലി പന്നി, നവമിക്ക് കഴുത കരി, ദശമിക്ക് പശു വിഷ്ടി, ഏകാദശിക്ക് സിംഹം പുലി, ദ്വാദശിക്ക് പന്നി കഴുത, ത്രയോദശിക്ക് ആന പശു, പതിന്നാൽക്ക് വിഷ്ടി പുള്ള്, വാവിന്ന് നാല്ക്കാലികളും പാമ്പും ക്രമേണ—ഇത് കരണമറിവാൻ ഇതിൽ സ്ഥിരകരണസമയം—കറുത്ത പതിന്നാലിൻെറ ഉത്തരാദ്ധം കറുത്തവാവ്, വെളുത്ത പ്രതിപദത്തിൻെറ പൂവ്വാദ്ധവും കൂടിയ 2 ദിവസം ശുഭകമ്മങ്ങളെല്ലാം വർജ്ജിക്കണം.

14. രിക്താ—ഇതു തിഥിദോഷമാകുന്നു. രിക്താതിഥി ഏതെന്നാൽ,

'നന്ദാ ഭദ്രാ ജയാ രിക്താ പൂണ്ണാശ്ചതിഥയഃ ക്രമാൽ
പുനഃ പുനവ്വിപശ്ചിദ്ഭിഃ കഥിതാഃ പ്രഥമാദികാഃ.'

പ്രതിപദം മുതൽ ഓരോ പക്കങ്ങളും നന്ദ, ഭദ്ര, ജയ, രിക്ത, പൂണ്ണ എന്ന പേരുകളോടുകൂടിയവയാകുന്നു. പിന്നെ ഷഷ്ഠി മുതൽക്കും ഏകാദശി മുതൽക്കും ഉള്ള അയ്യഞ്ചു പക്കങ്ങൾക്കും മേൽപ്രകാരം നന്ദാദിനാമങ്ങൾ സംഭവിക്കുമെന്നാണ് വിദ്വാന്മാർ പറയുന്നത്. ഇവിടെ നന്ദാദികൾ ഓരോ തിഥികളെ മുഴുവൻ ബാധിക്കുന്നവകളാകയാൽ പ്രതിപദത്തിൻെറ ആദി മുതൽക്കുതന്നെ നന്ദ തുടങ്ങുകയും ചെയ്യും. അപ്പോൾ രണ്ടു പക്ഷത്തിലുമുള്ള ചതുത്ഥി, നവമി, പതിനാൽ എന്ന മുമ്മൂന്നു പക്കങ്ങളും രിക്തകളാകുന്നു. അതുകൾ ശുഭകമ്മങ്ങളിൽ വർജ്ജിക്കുകയും വേണം.

15. അഷ്ടമി. ശുക്ലാഷ്ടമിയും കൃഷ്ണാഷ്ടമിയും ശുഭകമ്മങ്ങൾക്കു വർജ്യങ്ങളാകുന്നു.

16. വിഷ്ടി. വിഷ്ടിക്കരണസമയം അതായത് വെളുത്തപക്ഷത്തിൽ ചതുൎത്ഥിയുടെ ഉത്തരാൎദ്ധം, അഷ്ടമിയുടെ പൂൎവ്വാൎദ്ധം, ഏകാദശിയുടെ ഉത്തരാൎദ്ധം, പൌൎണ്ണമാസിയുടെ പൂർവ്വാൎദ്ധം, അപരപക്ഷത്തിൽ തൃതീയയുടെ ഉത്തരാൎദ്ധം, സപ്തമിയുടെ പൂൎവ്വാൎദ്ധം, ദശമിയുടെ ഉത്തരാൎദ്ധം, ചതുർദ്ദശിയുടെ പൂർവ്വാൎദ്ധം എന്ന 8 തിത്ഥ്യൎദ്ധങ്ങളും വിഷ്ടിക്കരണമാകയാൽ അതുകളിൽ ശുഭകൎമ്മങ്ങൾ ചെയ്യരുത്. വിഷ്ടികാലത്തിൽ അവസാനം മൂന്നു നാഴിക വിഷ്ടിപുച്ഛകാലം ശുഭമാണെന്നു ചിലർ പറയുന്നു. എന്നാൽ ആ വക പ്രമാണങ്ങളൊന്നും മുഹൂൎത്തവിഷയം ഗ്രാഹ്യമല്ലായ്കയാൽ അതുകളെ ഇവിടെ വിവരിക്കുന്നില്ല.

17. ലാടം. ലാടമെന്നതു വ്യതീപാതമാകുന്നു. അതു ഗ്രഹണം പോലെ സ്പൎശമദ്ധ്യമോക്ഷകാലഭേദത്തോടു കൂടിയതാകുന്നു. ഇതിലെ സ്പൎശമോക്ഷങ്ങൾ ഏതെങ്കിലും ഒന്നുമാത്രം വരുമ്പോൾ അതിനെ ദന്താളനമെന്നും പറയും. ലാടവും ദന്താളനവും ശുഭകൎമ്മങ്ങളിൽ വർജ്ജ്യങ്ങളാകുന്നു. ഇതിൻെറ കാലനിൎണ്ണയം ഗണിതശാസ്ത്രംകൊണ്ട് അറികയും വേണം.

18. ഏകാൎഗ്ഗളം. ഇതും ഒരു ദോഷവിശേഷംതന്നെയാകുന്നു. അതായത്,

മണ്ഡലഹീനരവേഃ സ്യാദ്ഭതാസന നിത്യപൂജ്യഭയതുല്യേ
ദൈത്യനരക്ഷേതസ്മിന്നാദൌ നാഡീസമാൎഗ്ഗളോവർജ്ജ്യഃ'.

ഇഷ്ടസമയത്തേക്കുള്ള ആദിത്യസ്ഫുടത്തെ മണ്ഡലമെന്ന 12 രാശിയിൽനിന്നു വാങ്ങിയാൽ ശേഷമുള്ളതു ഏകാൎഗ്ഗളസ്ഫുടമായി. ആ സ്ഫുടം കണ്ടാൽ ഏതു നാളിന്മേൽ എത്ര നാഴിക ചെന്നിരിക്കുന്നുവോ ആ നാളിൽ അത്ര നാഴികവരെ ഏകാൎഗ്ഗളദോഷമാകുന്നു. അതുപോലെ ഏകാൎഗ്ഗളസ്ഫുടത്തിലെ നാളിൽനിന്നു 2, 7, 10, 11, 14, 16, 18, 20 ഈ നാളുകളിലും അത്ര നാഴിക, കഴിയുന്നതുവരെ ഏകാൎഗ്ഗളം തന്നെയാകുന്നു. ഇഷ്ടസമയം ഏകാൎഗ്ഗളനക്ഷത്രവും സമയവുമായിരുന്നാൽ ഏകാൎഗ്ഗളദോഷമാകുന്നു. ആ സമയം ശുഭകൎമ്മങ്ങൾ വർജ്ജിക്കുകയുംവേണം.

ഉദാഹരണം. 1102 വൃശ്ചികം 20_ാംനു- (21) തിങ്കളാഴ്ച ഉദയസൂൎയ്യസ്ഫുടം, തപനഃ പ്രസന്നഃ 7, 20, 16 ഏകാൎഗ്ഗളസ്ഫുടം വിദ്വാൻ ധനവാൻ 4, 9, 44 അതു കാണുമ്പോൾ മകം നക്ഷത്രത്തിൽ 43 നാഴിക 48 വിനനാഴിക ചെന്നു എന്നു കാണുന്നു. അന്നു ഉദയാൽപരം തൃക്കേട്ട 4 നാഴിക 15 വിനനാഴികയാകുന്നു. ഏകാൎഗ്ഗളനക്ഷത്രമായ മകത്തിൻെറ പത്താംനാളായതുകൊണ്ടു മൂലം ഏകാൎഗ്ഗളദോഷയുക്തമാണ്. അന്നു ഉദയാൽപരം 48 നാഴിക 3 വിനനാഴികവരെ ഏകാൎഗ്ഗളം. ഇതിൽ തൃക്കേട്ടക്കു ഏകാൎഗ്ഗളംഇല്ലതാനും. ഇതേവിധം അതാതുസമയത്തെ നോക്കിയറിയുക.

19. വൈധൃതം. ഇതും ലാടംപോലെ സ്പർശമോക്ഷമദ്ധ്യങ്ങളോടുകൂടിയതാകുന്നു. സ്പർശാദികൾ ഏതേതുനക്ഷത്രങ്ങളിൽ തട്ടുന്നുവൊ അതുകളെല്ലാം വർജ്ജിക്കുകയും വേണം. 'സ്പർശോ മദ്ധ്യശ്ച മോക്ഷശ്ച യദൃക്ഷേ തദ്വിവർജ്ജയേൽ' എന്നു പ്രമാണവും കാണുന്നു. വൈധൃതത്തെക്കുറിച്ചു സൂര്യസിദ്ധാന്തത്തിൽ,

'തുല്യാംശുജാതസംപക്കാത്തയോസ്തു പ്രവഹാഹതാൽ
തദ്ദൃക്ക്രോധഭവോ വഹ്നിർല്ലോകാഭാവായ ജായതേ
വിനാശായാതിപതിതോ ലോകാനാമസകൃദ്യതഃ
വ്യതീപാതഃ പ്രസിദ്ധോതസ്സംജ്ഞാഭേദേന വൈധൃതഃ
സ കൃഷ്ണോ ദാരുണവപുർല്ലോഹിതാക്ഷോമഹോദരഃ
സർവ്വാനിഷ്ടകരോ രൌദ്രോ ഭൂയോ ഭൂയഃ പ്രജായതേ.

എന്നിങ്ങിനെ വിവരിക്കുകയും ചെയ്യുന്നു.

20. അഹിശിരസ്സ്—സാർപ്പമസ്തകം. അതായതു പഞ്ചാംഗം കാണുമ്പോൾ ചന്ദ്രാർക്കയോഗത്തിൽ അനിഴം ഉത്തരാർദ്ധം തുടങ്ങുന്ന സമയം മുതൽ അതു കഴിയുന്നതുവരെ ഉള്ള കാലം സാർപ്പമസ്തകദോഷയുക്തമാകുന്നു. ഇവിടെ അനിഴമെന്നു പറഞ്ഞത് വ്യതീപാതമെന്ന നിത്യയോഗത്തിൻെറ പര്യായവുമാണ്.

'ചന്ദ്രാർക്കയോഗേ വന്നീടുമനിഴം പതിമേൽമുറി
സാർപ്പമസ്തകമാകുന്ന ദോഷമന്നേരമാർയ്യരും'

എന്നു കാലദീപകം. ഉദാഹരണം—1102 വൃശ്ചികം 1-ാംനു-(2-ാംനു-) ബുധനാഴ്ച പഞ്ചാംഗം വെയ്ക്കുമ്പോൾ സൂര്യസ്ഫുടം 'ധർമ്മഃകേനാർഘീ' 7, 1, 59 എന്നും ചന്ദ്രസ്ഫുടം 'മാനീ നയജ്ഞഃ' 0, 10, 5 എന്നും 'വനേതൃപാർത്ഥഃ' 7, 12, 4 എന്നു യോഗസ്ഫുടവുംവരും. അപ്പോൾ ബുധനാഴ്ച 9¼ നാഴിക പകലെ തുടങ്ങും അനിഴം (വ്യതീപാതം) എന്നാണ് ചന്ദ്രാർക്കയോഗംകൊണ്ടു കാണുക. എന്നാൽ ബുധനാഴ്ച അസ്തമിച്ച് വ്യാഴാഴ്ച പുലരുവാൻ 9¼ നാഴിക രാവുള്ളപ്പോൾ മുതൽ വ്യാഴാഴ്ച 9¼ നാഴിക പകലാവുന്നതുവരെ സാർപ്പമസ്തകമാകുന്നു. ഇതേവിധം മററദിക്കിലും കണ്ടുകൊൾക. യോഗഗതിയെക്കൂടെ നോക്കി സൂക്ഷ്മമാക്കുകയും വേണം. ഈ പറഞ്ഞ ദോഷങ്ങളെല്ലാം സകലശുഭകർമ്മങ്ങൾക്കും വർജിക്കേണ്ടവയാകുന്നു. ഈ ദോഷങ്ങളിൽ ഏതെങ്കിലും ഒന്നുണ്ടെങ്കിൽ അന്നു—ആ സമയം യാതൊരു മുഹൂർത്തകാര്യവും ചെയ്തുപോകരുത്. അതാണ് 'അമീ, സർവ്വത്ര, വർജ്ജ്യാഃ' എന്നു പറഞ്ഞിരിക്കുന്നത്.

'സാൎപ്പമസ്തകഗണ്ഡാന്തൌ വിഷ്ടിരേകാൎഗ്ഗളസ്തഥാ
സൎവ്വകാല ഏവൈവ വൎജ്ജ്യാഃ ന്തേ ചത്വാരോമീ ബുധൈരിഹ'

സാൎപ്പമസ്തകം, ഗണ്ഡാന്തം, വിഷ്ടി, ഏകാൎഗ്ഗളമെന്ന നാലും അതാതുകൾ ഉള്ള സമയം മാത്രമേ മുഹൂൎത്തവിഷയം വൎജിക്കേണ്ടതുള്ളു എന്നാണ് അറിവുള്ള മഹാന്മാർ പറയുന്നത്.

ഇതുകൾ ഏതു രാശിയെ സ്പൎശിക്കുന്നുവോ അതുകൊണ്ടു ആ രാശിക്കോ രാശ്യന്തസ്പൎശം നിമിത്തം സ്പൎശപൂൎവ്വകാലത്തിന്നോ, യാതൊരു ദോഷവുമില്ല എന്നു സാരം. ഈ പറഞ്ഞ ഉൽക്കാദിദോഷങ്ങൾക്കു നിത്യദോഷങ്ങൾ എന്നു പേരുണ്ട്. അത് കൊള്ളിമീൻചാട്ടക, ഭൂകമ്പം, ഗ്രഹണം, ധൂമകേതുദയം, ഓരികരയൽ എന്നതുകൾക്കു ഉല്പാതങ്ങളെന്നും പറയുന്നു.

'വിഷ്ണോഷ്ണവിഷ്ടി ഗണ്ഡാന്തലാടൈകാൎഗ്ഗളവൈധൃതാഃ
ഗുളികോഹിശിരാശ്ചൈതേ നവ ദോഷാ ബലോത്തരാഃ

വിഷം, ഉഷ്ണം, വിഷ്ടി, ഗണ്ഡാന്തം, ലാടം, ഏകാൎഗ്ഗളം, വൈധൃതം, ഗുളികൻ, സാൎപ്പമസ്തകം എന്ന ഈ 9-ം നവദോഷങ്ങളാകുന്നു. ഇതുകൾ നിത്യദോഷങ്ങളെക്കാൾ ബലവത്തരങ്ങളുമാകുന്നു. ഇതുകളേക്കാൾ ന്യൂനബലങ്ങളാണ് ഉൽപാതങ്ങൾ—മുൻവിവരിച്ച ഉൽക്കാദിഷൾദോഷങ്ങൾ.

ബാക്കിയുള്ള ഷഷ്ഠാഷ്ടമാന്ത്യേന്ദു, അസദൃഷ്ടാരൂഢവിമുക്തരാശി, സിതുക, സായാഹ്നസന്ധ്യാദികൾ, സ്ഥിരകരണം, രിക്ത, അഷ്ടമി, എന്നിതുകൾ അല്പദോഷങ്ങളുമാണ്. എന്നാൽ ഈ ദോഷഗണനം ചെയ്തത്, നിത്യദോഷങ്ങളുടെ ബലാബലത്തെ അറിയുവാൻ മാത്രമാണ്. ന്യൂനദോഷവും മുഹൂൎത്തത്തിനു ബലാധികദോഷംപോലെതന്നെ വൎജ്ജ്യവുമാണ്. മാധവീയാദി ചില ഗ്രന്ഥങ്ങളിൽ ഈ പറഞ്ഞ ഉൽക്കാദികളിൽ ചിലതിന്ന് അപവാദം—ദോഷത്വമില്ല എന്നു പറയുന്നു. എന്നാലും മലയാളത്തിൽ ഉൽക്കാദിസാൎപ്പമസ്തകാന്തങ്ങളായി ഈ ശ്ലോകത്തിൽപറഞ്ഞ നിത്യദോഷങ്ങളെല്ലാം വൎജ്ജിക്കുകയും വേണം. ആചാരവും അങ്ങിനെതന്നെയാകുന്നു. ഏകാൎഗ്ഗളത്തിന്നു ദോഷം വളരെ കുറയും എന്നു് ഒരുപക്ഷമുണ്ട്. ചില ഗ്രാമങ്ങളിൽ അതു വൎജ്ജിക്കാതെയും കാണുന്നു. അതിനാൽ വിവാഹം ഉപനയനം സീമന്തം മുതലായ പ്രധാന ക്രിയകളൊഴിച്ചു ബാക്കിയുള്ളതുകളിൽ പ്രായശ്ചിത്തംചെയ്തു് ഏകാൎഗ്ഗളം ആപത്തിങ്കൽ സ്വീകരിച്ചും കാണുന്നു. മുഹൂൎത്തരത്നം മാധവീയം മുതലായതുകളിൽ അനേകം ദോഷങ്ങളെ വിവരിക്കുന്നുണ്ട്. അതുകളൊന്നും ഇപ്പോൾ സ്വീകരിക്കുമാറില്ല. അതുകളെ സ്വീകരിച്ചാൽ ശുഭമുഹൂൎത്തമെന്ന് ഒരു സമയം തന്നെ കാണുവാൻ സാധിക്കുകയില്ല എന്നാണ് വരദീപികയുടെ അഭി

പ്രായം. ഇനി മുഹൂത്തഭാഷയിൽ പറയുന്ന ചില വിശേഷങ്ങറംകൂടെ ഈ വിഷയത്തിൽ അവശ്യവിജ്ഞേയങ്ങളാകയാൽ അതുകളേയും വിവരിക്കാം. "വേളി, പേർ, പുറപ്പാട്, ചോറൂണ്, ചൌളം, വിദ്യാരംഭം, ഉപനയനം, വ്രതം, ഗോദാനം, സമാവത്തനം, പ്രതിഷ്ഠ, സങ്കോചം, കലശം, അഷ്ടബന്ധം ഇവ പതിന്നാലിന്നും അഷ്ടമത്തിൽ ചൊവ്വ വജ്ജിക്കണം. മററുള്ളവസ്സു് ആവശ്യത്തിങ്കൽ പ്രായശ്ചിത്തം ചെയ്താൽ മദ്ധ്യമമായി കല്പിച്ചുകൊള്ളുന്നു. അതിൽ പുംസവനം, സീമന്തം, ആഗ്രയണം ഇവ മൂന്നിന്നും പ്രായശ്ചിത്തം ചെയ്യാതെ കൊള്ളരുത്. വേളി, പേർ, പുറപ്പാട്', ചോറൂണ് ഇവ നാലിന്നും ആദിത്യോദയം കൊള്ളരുത്. മററുള്ളേടത്തു് പ്രായശ്ചിത്തം ചെയ്തുകൊള്ളുന്നു. വേളി, പുറപ്പാട്, ചോറൂണ്, പുംസവനം ഇവ നാലിന്നും ചന്ദ്രോദയം കൊള്ളരുത്. ചൌളത്തിന്ന് ആപത്തിങ്കൽ പ്രായശ്ചിത്തം ചെയ്തുകൊള്ളുന്നു. മററുള്ളേടത്തും പ്രായശ്ചിത്തം ചെയ്താൽ നന്നു്. ഉഭയപാപത്വം ഇല്ലാതെയിരിക്കയാണ് നല്ലതെന്നറിക. ചൌളം, ഉപനയനം, വ്രതം, ഗോദാനം, സമാവത്തനം, പ്രതിഷ്ഠ, സങ്കോചം, കലശം ഇവ എട്ടും ദക്ഷിണായനത്തിലരുത്. അന്നു ചെയ്തുപോയാൽ ആവത്തിക്കണം. മററുള്ളവസ്സു് ദക്ഷിണായനത്തിലുമാവാം. ആഗ്രയണം,;സീമന്തം, വിഷ്ണുബലി, ചൌളം,ഉപനയനം,വ്രതം, ഗോദാനം, പ്രതിഷ്ഠ, ഇവ എട്ടും അപരപക്ഷത്തിൽ ചെയ്താൽ ആവത്തിക്കണം. കൌഷീതകക്കും സാമവേദികറംക്കും സമാവത്തനം ഇങ്ങിനെതന്നെ. കൌഷീതകന്നു പുംസവനവും ഇങ്ങിനെതന്നെ. ആശ്വലായനൻെറയും യജുവ്വേദികളുടേയും സമാവത്തനവും സങ്കോചകലശങ്ങളും കൃഷ്ണപഞ്ചമി കഴിവോളം ആം. പിന്നെ പുംസവനം, സീമന്തം,;വിഷ്ണുബലി, ആഗ്രയണം, ചൌളം, ഉപനയനം, ഉപാകമ്മം, വ്രതം, ഗോദാനം സമാവത്തനം ഇവ 10-ം പകലേ ആവാവൂ. രാത്രിയായാൽ ആവത്തിക്കണം. പേർ, വിദ്യാരംഭം, പ്രതിഷ്ഠ. സങ്കോചം, കലശം, അഷ്ടബന്ധം, ഇവ ആറം രാത്രിയിൽ അപരരാത്രത്തിന്നുമുമ്പെ ആയാൽ ആവത്തിക്കണം: വേളി, പുറപ്പാട്, ചോറൂണ്; ഇവമൂന്നും രാവും പകലുമാം. ഇനി പകൽതന്നെ ഉള്ള വിശേഷം—വേളി, സീമന്തം, കണ്ണവേധം ഇവ മൂന്നും സായാഹ്നത്തോളം കൊള്ളാം. പുംസവനത്തിന്നും ആഗ്രയണത്തിന്നും പാട്ടരാശി തുടങ്ങുവോളം കൊള്ളുന്നു. അപരാഹ്നം തുടങ്ങിയാൽ കൊള്ളരുതെന്നും ഉണ്ട്. പുറപ്പാട്, ചോറൂണ്, വിദ്യാരംഭം, സമാവത്തനം, പ്രതിഷ്ഠമുതൽ 4-ം കൂടിയ 7-ം അഞ്ചാംരാശി കഴിവോളമേ ചെയ്യാവൂ. ചൌളം, ഉപനയനം, വ്രതം, ഗോദാനം ഇവ 4-ം അഞ്ചാം രാശി തുടങ്ങിയാൽ വജ്ജിക്കണം. പകൽ വിധിച്ചവ ഉച്ചയ്ക്കു മുമ്പിൽ ചെയ്യുന്നതാണ് നല്ലത്. അപരാഹ്നത്തിന്നു മുമ്പിൽ ചെയ്ക ആവശ്യം. സായാഹ്നത്തിന്നുമുമ്പെയായാൽ ആവത്തിക്കമാറില്ലതാനും. പിതൃകമ്മം 14 നാഴിക പുലരുന്നതിന്നു മുമ്പെ ചെയ്യുന്നതു മദ്ധ്യമം. പൂവ്വാഹ്നത്തിലായാൽ അധമം. പ്രാഹ്നത്തിൽ ചെയ്താൽ നിഷ്ഫലം. എന്നതും അറിയേണ്ടതാകുന്നു.

### ഷാംദോഷങ്ങാം.

എല്ലാ ശുഭകമ്മങ്ങാംക്കും വർജിക്കേണ്ടവയായ നിത്യദോഷങ്ങളെ ഇപ്രകാരം വിവരിച്ചതിൻെറശേഷം ഇനി ഇന്ന ദിവസം ചെയ്യണമെന്നോ ഇന്ന മാസം ചെയ്യണമെന്നോ നിർബ്ബന്ധമില്ലാതെയുള്ള എല്ലാ ശുഭകമ്മങ്ങളിലും വർജിക്കേവേണ്ടുന്നയായ ഷാംദോഷങ്ങളെ വിവരിക്കുന്നു.

അംഹസ്പതിരധിമാസ
സ്സംസപ്പോ ദൃശ്യതാഹ്നി ഗുരുസിതയോഃ
മൌഢ്യം ദൃഷ്ടിശ്ച മിഥോ
വർജ്ജ്യാ ദിനമാസകാര്യ്യതോന്യത്ര. 3

അംഹസ്പതീ, അധിമാസം, സംസപ്പം, വ്യാഴശുക്രന്മാരുടെ അഹസ്സിങ്കൽ ദൃശ്യത്വമുള്ളകാലം, ഗുരുശുക്രന്മാരുടെ മൌഢ്യമുള്ളകാലം, ഗുരുശുക്രന്മാരുടെ പരസ്പരദൃഷ്ടിയുള്ളകാലം എന്ന ഈ ആറം ദിനമാസകാര്യ്യങ്ങളല്ലാതെയുള്ള മററ സകലകമ്മങ്ങാംക്കും വർജ്യങ്ങളാകുന്നു.

1, 2, 3—അംഹസ്പതി, അധിമാസം, സംസപ്പം എന്ന മൂന്നും അധിമാസങ്ങളാകുന്നു. അധിമാസമെന്നാൽ അധികമുള്ള—സംവത്സരക്കണക്കിലും ഋതുക്കളുടെ കണക്കിലും ചേക്കാത്ത മാസമെന്ന് അത്ഥമാകുന്നു. ഇതുകാംക്ക് മലമാസങ്ങളെന്നും മലിമ്ളുക്കുകളെന്നും കൂടെ പേരുണ്ട്. ഈ അധിമാസങ്ങളെല്ലാം ചാന്ദ്രമാസത്തെ ആശ്രയിച്ചുവരുന്നവയാകയാൽ ചാന്ദ്രമാസസ്വഭാവത്തെയും അധിമാസസ്വഭാവത്തെയും ക്രമത്തിൽ വിവരിക്കാം. ചാന്ദ്രമാസങ്ങളെന്നാൽ, വെളുത്ത പ്രതിപദം മുതൽ കറുത്തവാവുകൂടിയുള്ള 30 തിഥികൂടിയത് ഒരു ചാന്ദ്രമാസം അതേവിധമുള്ള 30 തിഥി കഴിയുന്നതിന്നുമുമ്പെ ഒരു സൂര്യ്യസംക്രമം അതിന്നിടയ്ക്കു വരികയുംവേണം. എന്നാൽ ആ മാസങ്ങാം ചൈത്രം വൈശാഖം മുതലായ നാമങ്ങളുള്ളവയായിരിക്കുകയും ചെയ്യും. ചൈത്രമെന്നത് മീനമാസത്തിലെ കറുത്ത വാവു കഴിഞ്ഞുവരുന്ന ശുക്ലപ്രതിപദം മുതൽക്ക് ആരംഭിക്കുന്നു. അതുകളെ ഇങ്ങിനെ ഗ്രന്ഥാന്തരത്തിൽ വിവരിക്കുന്നു.

'ചാന്ദ്രാ മാസാശ്ചൈത്രവൈശാഖസംജ്ഞൌ
ജ്യേഷ്ഠാഷാഢൌ ശ്രാവണഃപ്രോഷ്ഠപാദൌ
ആശ്വിന്യാഖ്യഃ കാത്തികോ മാഗ്ഗശീഷഃ
പൌഷോ മാഘഃ ഫാൽഗുനഃ പർവ്വനിഷ്ഠാഃ

ചാന്ദ്രമാസങ്ങാം ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, പ്രോഷ്ഠപാദം, ആശ്വിനം, കാത്തികം, മാഗ്ഗശീഷം, പൌഷം, മാഘം, ഫാൽഗുനം എന്നിതുകളാകുന്നു ഇതുകൾ പവ്വനിഷ്ഠങ്ങളുമാണ്. എന്നുവെച്ചാൽ പർവ്വമെന്നത് വെളുത്തവാവ്. അതു ഏതു നാളിനോടുകൂടി വരുമോ ആ നാളിൻെറ പേരോടുകൂടിയതായിരിക്കുകയും ചെയ്യുമെ

ന്നു സാരം. ഈ മാസങ്ങൾക്ക് വേറെയും ഓരോ പേരുണ്ട്. അതുക ളെ ഇങ്ങിനെ പറയുന്നു.

'ആദ്യോ മധുസ്മാധവശ്ശുക്ര(ക്ല)സംജ്ഞൌ
ശുചിന്നഭാശ്ചാപിനഭസ്യസംജ്ഞഃ
ഇഷസ്തഥോർജ്ജശ്ച സഹസ്സഹസ്യ
സ്തപസ്തപസ്യസ്ത്വിതി ചാന്ദ്രമാസാഃ'

അപ്പോൾ ചൈത്രമാസത്തെ മധുമാസമെന്നും പറയും. അതേവി ധം മററമാസങ്ങളേയും അറിയണം. അതുകളിലെ അധിമാസലക്ഷണ ത്തെ തന്ത്രസമുച്ചയത്തിൽ ഇങ്ങിനെ വിവരിക്കുന്നു.

'മേഷാദ്യൈകൈകരാശിസ്ഫുടഗതിദിനകൃ-
ത്സംക്രമൈകൈകഗർഭാ-
ശ്ചാന്ദ്രാശ്ചൈത്രാദിമാസാ ഇഹ ന യദുദരേ
സംക്രമസ്സോധിമാസഃ
സംസപ്പഃ സ്യാത്സചാംഹസ്പതിരുപരിയദി
ഗ്രസ്തസംക്രാന്തിയുഗ്മ-
സ്തൌ ചാബ്ദർത്വംഗഭൂതൌ സഹ സുചിരഭവൌ
സോധിമാസോത്ര പശ്ചാൽ'

ആദിത്യൻെറ സ്ഫുടഗതികൊണ്ടു മേടസംക്രമം മുതലായ ഓരോ സം ക്രമങ്ങൾ ഇടയിലുള്ളതായ ചാന്ദ്രമാസം ചൈത്രാദിനാമങ്ങളോടുകൂടിയ വയായിരിക്കും. മേഷസംക്രമമുള്ളതു ചൈത്രം, എടവസംക്രമമുള്ളത് വൈശാഖം ഇത്യാദി ക്രമമെന്നറിയണം. നമ്മദാനദിക്കു വടക്കുള്ളവർ ചാന്ദ്രമാസത്തെ കൃഷ്ണപ്രതിപദാദിയായും അതിന്നു തെക്കുള്ളവർ ശുക്ലപ്രതി പദാദിയായുമാണ് കണക്കാക്കിവരുന്നത്. അപ്പോൾ കേരളീയരായ നമ്മൾക്ക് ശുക്ലപ്രതിപദാദിയായിത്തന്നെയാണ് മാസഗണന ചെയ്യേ ണ്ടതു്. ഇങ്ങിനെ ശുക്ലപ്രതിപദാദിയായ ഏതൊരു മാസത്തിൽ സൂര്യ്യ സംക്രമമില്ലാതെ വരുന്നുവോ ആ ചാന്ദ്രമാസം അധിമാസമാകുന്നു. ഒരു ചാന്ദ്രമാസത്തിൽ രണ്ടു സൂര്യ്യസംക്രമം വരുന്നതായാൽ ആ ചാന്ദ്രമാസം അംഹസ്പതി എന്ന പേരോടുകൂടിയതാകുന്നു. അംഹസ്പതിമാസത്തിൻെറ ഒന്നോ രണ്ടോ മൂന്നോ മാസം മുമ്പെ ഒരു അധിമാസം—സൂര്യ്യസംക്രാ ന്തിരഹിത ചാന്ദ്രമാസം വരും. അതിനെ സംസപ്പമെന്നാണ് പറയുക. അംഹസ്പതി കഴിഞ്ഞാലും മൂന്നുമാസത്തിന്നുള്ളിൽ ഒരധിമാസമുണ്ടാകും. അത് അധിമാസംതന്നെ. ഈ സംസപ്പാംഹസ്പതികൾ വളരെകാലം കൂ ടുമ്പോൾ മാത്രമേ ഉണ്ടാവുകയുള്ളു. അധിമാസം പ്രായേണ രണ്ടരകൊല്ലം

കൂട്ടമ്പോളുണ്ടാകും. സംസപ്പാംഹസ്പതികം രണ്ടും അബ്ദൎത്വംഗഭൂതങ്ങളാകുന്നു എന്നുവെച്ചാൽ, ഋതുകളിലും സംവത്സരത്തിലും ചേരുന്നവയാകുന്നു. കാലലക്ഷണം—സാവനം, ചാന്ദ്രം, സൌരം, നാക്ഷത്രം എന്നിങ്ങിനെ നാലുതരം ദിവസഗണനയുണ്ട്. അതിൽ ഉദയാദ്ഉദയാന്തമുള്ള സമയത്തെ സാവനമെന്നു പറയും. ചാന്ദ്രമെന്നാൽ പ്രതിപദാദി ഓരോ പക്കങ്ങളാകുന്നു. ആദിത്യൻെറ ഒരു തിയ്യതി സൌരദിവസം. ചന്ദ്രൻെറ ഉദയാദ്ഉദയാന്തകാലം നക്ഷത്രദിവസവുമാണ്. ഈ വിഷയത്തിൽ—

'ഭാഗഭോഗോരവേസ്സൌരന്ദിനം ചാന്ദ്രം തിഥിൎഭവേൽ
സൂൎയ്യോദയാത്സാവനം സ്യാന്നാക്ഷത്രം ഭദ്രമേണതു
ത്രിംശദ്ദിനാനി മാസഃ സ്യാന്മാസാ ഷോഡശ വത്സരഃ
കേചിന്നാക്ഷത്രമാസന്തു വദന്തി ശശിമണ്ഡലാൽ'

എന്നു പ്രമാണവും കാണുന്നു.

അതാതു ദിവസം 30 കൂടിയതു അതാതുമാസം അതാതുമാസങ്ങൾ 12 കൂടിയതു് അതാതു സംവത്സരം. നക്ഷത്രങ്ങൾ 27 ആകയാൽ 27 കൂടിയതാണ് നക്ഷത്രമാസമെന്നും ഒരു പക്ഷമുണ്ട്. അപ്പോൾ സാവനസംവത്സരം 'അതുല—360 ദിവസവും, ചാന്ദ്രം വിമല—354 ദിവസവും, സൌരം മാതുല—365 ദിവസവും, നക്ഷത്രസംവത്സരം വരാംഗി 324 ദിവസവുമാകുന്നു: ഇനി ബാൎഹസ്പത്യസംവത്സരമെന്നും ഒരുതരം സംവത്സരമുണ്ട്. വ്യാഴത്തിൻെറ പാട്ടുകഴിഞ്ഞാൽ പിന്നെത്തെ പാട്ടുകഴിയുന്നതുവരെയുള്ള കാലമാകുന്നു. അതു കുതല—361 ദിവസമാണെന്നും ഒരു പക്ഷമുണ്ട്. ഇതാണ് ദിനമാസസംവത്സരപരിമാണം. ഇനി ഋതുവിനേയും വിവരിക്കാം. ഈരണ്ടു ചാന്ദ്രമാസം കൂടിയതു് ഒരു ഋതു. അപ്പോൾ ഒരു സംവത്സരത്തിൽ 6 ഋതു.

'ദ്വാഭ്യാം ദ്വാഭ്യാം തു മാസാഭ്യാം മധ്വാദിഭ്യാമൃതുഃ സ്മൃതഃ
വസന്തഗ്രീഷ്മവൎഷാശ്ച ശരദ്ധേമന്തശൈശിരാഃ'

മധു (ചൈത്രം) മുതലായ ഈ രണ്ടുമാസം കൂടിയാൽ ആ കാലം ഒരു ഋതുവാകുന്നു. ആ ഋതുക്കൾ വസന്തം, ഗ്രീഷ്മം, വൎഷം, ശരത്ത്, ഹേമന്തം, ശിശിരം എന്ന പേരുകളോടുകൂടിയവയുമാകുന്നു. അപ്പോൾ ചൈത്രവൈശാഖങ്ങൾ വസന്തം, ജ്യേഷ്ഠാഷാഢമാസങ്ങൾ ഗ്രീഷ്മം, ശ്രാവണപ്രോഷ്ഠപാദങ്ങൾ വൎഷം, ആശ്വിനകാൎത്തികങ്ങൾ ശരത്ത്, മാൎഗ്ഗശീൎഷപൌഷങ്ങൾ ഹേമന്തം, മാഘഫാൽഗുനങ്ങൾ ശിശിരം എന്നു വിവേകം ഇതുകളിൽ ശിശിരാദി മൂന്നു ഋതു ഉത്തരായണകാലം. വൎഷാദി മൂന്നു ഋതു ദക്ഷിണായനം എന്നും ധരിക്കണം. മുൻപറഞ്ഞ മലമാസങ്ങളിൽ അധിമാസത്തെ ഒരു ചാന്ദ്രമാസത്തിലും കണക്കാക്കമാറില്ല. ചാന്ദ്രമാസംകൊണ്ടു വ്യവഹരിക്കുന്ന ദിക്കുകാർ അധിമാസം വരുമ്പോൾ

ഇന്നമാസം കഴിഞ്ഞുവന്ന അധിമാസത്തിലെ ഇന്നപക്ഷത്തിലെ ഇന്ന തിഥി നാഠം എന്നു രേഖപ്പെടുത്തുകയാണ് ചെയ്യവരുന്നത്. എന്നാൽ സംസപ്പാംഹസ്പതികാം രണ്ടും വന്നാൽ ആ മാസത്തെ ആ മാസമായി ത്തന്നെ കണക്കാക്കുകയും ചെയ്യും. മുഹൂർത്തവിഷയം മൂന്നും വർജ്യ ങ്ങാം തന്നെ. ഇനി മദ്ധ്യാധിമാസമെന്ന് ഒരു തരം അധിമാസംകൂടെ ഉണ്ടെന്നു ചിലർ പറയുന്നു. അത് സൂര്യൻെറ മദ്ധ്യഗതികൊണ്ടു നോ ക്കുമ്പോാം, ആദിത്യചന്ദ്രന്മാരുടെ മദ്ധ്യമംകൊണ്ടുണ്ടാക്കിയ തിഥിയിലെ ചാന്ദ്രമാസത്തിൽ സംക്രാന്തിയില്ലാതെ വന്നാൽ അതു മദ്ധ്യാധിമാസം, ഈ മദ്ധ്യാധിമാസവും ശുഭകർമ്മങ്ങളിൽ വർജ്യംതന്നെയാകുന്നു. ഈ വിഷ യത്തിൽ കാലദീപകം.

'മദ്ധ്യാധിമാസവും പിന്നെ സ്ഫുടംകൊണ്ടധിമാസവും
രണ്ടാലൊന്നേ സാധുവാവൂവതുക്കൂടാ ഋതുക്കളിൽ
സ്ഫുടാധിമാസം മതമത്ര കേഷാം
കേഷാം മതം മദ്ധ്യമമെന്നു തസ്മാൽ
ഏററം വിവാദം വരുമെന്നുകണ്ടു
രണ്ടും വിവർജ്ജിക്ക ശുഭക്രിയാസു' എന്നും,

'സ്ഫുടാധിമാസം സത്തെന്നു മതം സന്യാസികാംക്കിഹ
എന്നിട്ടു ചാതുർമ്മാസ്യത്തിന്നവക്കു പിശകും നഹി'

എന്നും പറയുന്നു. എന്നാൽ ഏതെങ്കിലും ഒരു സൌരമാസത്തിൽ അധിമാസം വന്നാൽ ആ ചാന്ദ്രമാസത്തിന്നു മാത്രമേ വർജ്യത്വമുള്ളു. അല്ലാതെ അതു തുടങ്ങുന്നതിന്നു മുമ്പോ അതു കഴിഞ്ഞ ശേഷമോ ഉള്ള സൌരമാസതിഥി സമയങ്ങളിൽ ശുഭകർമ്മങ്ങാംക്കു വർജ്യത്വം ഭവിക്കു കയില്ല.

4. ഗുരുശുക്രന്മാരുടെ അഹോദൃശ്യത്വം—അഹസ്സിങ്കൽ (പകൽ) വ്യാഴശുക്രന്മാരെ കാണുന്ന കാലം. ഇവിടെ അഹസ്സെന്നാൽ,

'പ്രാഹ്ണസായാഹനയോർമ്മദ്ധ്യഃ കാലോത്രാഹനിപദോദിതഃ'

ഇവിടെ—ഗുരുശുക്രദർശനവിഷയത്തിൽ അഹസ്സെന്നു പറഞ്ഞ തിന്നു പ്രാഹ്നസായാഹ്നങ്ങളുടെ മദ്ധ്യത്തിലുള്ള കാലം (6 നാഴികപുലന്ന തിനുശേഷം 6 നാഴിക പകലാവുന്നതുവരെയുള്ള കാലം) എന്നാകുന്നു അർത്ഥം. അതല്ലാതെ ഉദയം മുതൽ അസ്തമനംവരെ എന്ന് അർത്ഥമില്ല. ഗുരുശുക്രന്മാരെന്നതിന്നു വ്യാഴമോ ശുക്രനോ രണ്ടാളുംകൂടെയോ എന്നു അർത്ഥമാകുന്നു.

'യദാദിവൈവ ദൃശ്യേതേ ജീവശുക്രൌ നഭസ്തലേ
തയോരേകതരോവാപി സ കാലോ ബല്ഹദോഷദഃ'

എന്നും പറഞ്ഞുകാണുന്നു. അപ്പോൾ പകൽ പ്രാഹ്നാനന്തരം സായാഹ്നാൽ പൂൎവ്വമുള്ള സമയം വ്യാഴമോ ശുക്രനോ ഉദിച്ചുകണ്ടാൽ അന്നു ശുഭകൎമ്മം വർജ്യമാകുന്നു.

5. ഗുരുശുക്രന്മാരുടെ മൌഢ്യമുള്ള കാലം. ചന്ദ്രൻ മുതൽ ശനി കൂടിയുള്ള 6 ഗ്രഹങ്ങളും സൂൎയ്യനോട് അടുക്കുന്ന സമയം ആ ഗ്രഹങ്ങൾക്കു പ്രകാശമില്ലാതാവും. അങ്ങിനെ വരുമ്പോൾ ആ അവസ്ഥയ്ക്കു മൌഢ്യമെന്നു പറയുകയും ചെയ്യും. അതേവിധം വ്യാഴത്തിന്നോ ശുക്രനോ മൌഢ്യമുള്ള കാലം ശുഭകൎമ്മങ്ങളിൽ വൎജ്ജ്യമാകുന്നു. മൌഢ്യവിഭാഗം ഗണിതത്തിൽ സ്പഷ്ടവുമാകുന്നു.

6. പരസ്പരദൃഷ്ടികാലം—വ്യാഴവും ശുക്രനും തമ്മിൽ നോക്കുന്നകാലം, അതായത് വ്യാഴം നില്ക്കുന്ന രാശിയുടെ ഏഴാമത്തെ രാശിയിൽ ശുക്രൻ നില്ക്കുന്ന കാലമെന്നു സാരം.

ഈ പറഞ്ഞ 6 ദോഷങ്ങളും ദിനമാസനിയമമില്ലാതെയുള്ള ക്രിയകളിൽ വൎജ്ജിക്കണം. ഇന്ന ക്രിയ ഇന്ന ദിവസം അല്ലെങ്കിൽ ഇന്ന മാസത്തിൽ ചെയ്യണമെന്നു പറയുന്ന ദിക്കിൽ ആ ക്രിയകൾ അതാതു സമയം ചെയ്യുവാൻ ഈ പറഞ്ഞ ഷൾദോഷങ്ങൾ വൎജ്ജിക്കുകയും വേണ്ട. സേകം, നാമകരണം എന്ന രണ്ടു ക്രിയകളും ദിനകാൎയ്യങ്ങളും, പുംസവനം, ഗൎഭരക്ഷ, സീമന്തം, വിഷ്ണുബലി, പുറപ്പാട്, ചോറൂണ് ഇവ ആറും മാസകാൎയ്യങ്ങളുമാകുന്നു. ഈ പറഞ്ഞ 6 ക്രിയകളൊഴിച്ചു ബാക്കിയുള്ളവയ്ക്കു ഷൾദോഷങ്ങൾ എല്ലാം വൎജ്ജിക്കണം. വിവാഹം, ഉപനയനം ചൌളം മുതലായ പ്രധാന കൎമ്മങ്ങൾ ചെയ്തുപോയാൽ ആവൎത്തിക്കതന്നെ വേണം. എന്നാൽ 'ഉപാകൎമ്മവും ആഗ്രയണവും സ്ഫുടാധിമാസത്തിലും മദ്ധ്യാധിമാസത്തിലും അരുത്. സ്ഥാലീപാകം തുടങ്ങുവാൻ സ്ഫുടാധിമാസം വൎജ്ജിക്കണം. മദ്ധ്യാധിമാസം വൎജ്ജിക്കുമാറില്ല. ഇങ്ങിനെ ആചാരമെന്നു കേട്ടിരിക്കുന്നു എന്നു തമ്പ്രാക്കൾ ഭാഷയിലും പറയുന്നു.

### കർത്തൃദോഷം.

അഷ്ടാശീതിതമാംശകം പരിഹരേൽ
പൂർവ്വഞ്ച ജന്മാംശതോ
ഭം ജന്മാഷ്ടമമേതദിന്ദുമസഭ–
ച്ഛേശാംസ്ഥം ശാനപി
ആദ്യേ പ്രത്യരഭേ വിപത്ഭ്യപി വധേ
ത്യാജ്യോഖിലോംശോ സതാ–
മന്ത്യേന്ത്യാദ്യതൃതീയഭാഗമിതര–
ത്ൎക്ഷഞ്ചലഗ്നാഷ്ടമം.'

ഇപ്രകാരം മുഹൂർത്തസമയത്തിന്നുള്ള ദോഷങ്ങളായ നിത്യദോഷങ്ങളേയും ഷൾദോഷങ്ങളേയും വിവരിച്ചതിന്നുശേഷം കർത്തൃദോഷത്തെ അതായത്, ദോഷരഹിതമായ മുഹൂർത്തമാണെങ്കിലും കർത്താവിന്ന് ആ സമയം ക്രിയ ചെയ്യാമോ എന്നതിനെ അറിയുവാനായി ഇന്നിന്നതെല്ലാം കർത്തൃദോഷങ്ങളെന്നതിനെ പറയുന്നു:—

ജന്മാംശത്തിൻെറ എമ്പത്തി എട്ടാം അംശകവും ജനിച്ച നാളിലെ ജനിച്ച കാലിൻെറ മുമ്പിലത്തെ അംശകവും ജന്മാഷ്ടമമായഭവും ജന്മാഷ്ടമചന്ദ്രനും അതുകൾക്ക് അസൽഗ്രഹങ്ങളോ ശുക്രനോ അധിപന്മാരായിവന്നാൽ അവരുടെ രാശ്യംശകങ്ങളും ആദ്യത്തിലെ പ്രത്യരഭത്തിലും വിപത്തിലും വധത്തിലും എല്ലാ അംശങ്ങളും അന്ത്യത്തിങ്കലെ പ്രത്യരാദികളിലെ അസൽഗ്രഹാംശങ്ങളും മററമുള്ള (മദ്ധ്യമമായ) പ്രത്യരാദികളിൽ അന്ത്യാദ്യതൃതീയഭാഗങ്ങളും ജന്മാഷ്ടമമായ ഋക്ഷവും എല്ലാ കർമ്മങ്ങളിലും പരിഹരിക്കേണ്ടുന്നവയാകുന്നു.

എന്നുവെച്ചാൽ—അശ്വതി മുതലായ ഓരോ നാളുകൾക്കും നന്നാലു കാലുകൾ ഉണ്ടെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. ആ കാലുകൾക്ക് ഓരോ അംശകങ്ങളെന്നും പേരുണ്ട്. ആ അംശകങ്ങളെ ക്രമേണ മേഷാദിരാശ്യംശകങ്ങളെന്നും പറയും. അപ്പോൾ, അശ്വതിയുടെ ആദ്യപാദം മേടക്കാലംശകം, ദ്വിതീയപാദം എടവക്കാലംശകം, തൃതീയപാദം മിഥുനക്കാലംശകം, ചതുർത്ഥപാദം കർക്കടകക്കാലംശകം. ഇതേവിധം ഭരണിയുടെ ഒന്നാംകാൽ ചിങ്ങക്കാലും, രണ്ടാംപാദം കന്നിക്കാലും, മൂന്നാം പാദം തുലാക്കാലംശകവും, നാലാംകാൽ വൃശ്ചികക്കാലംശകവുമാകുന്നു. കാർത്തികയുടെ പ്രഥമപാദം ധനുക്കാലും, ദ്വിതീയപാദം മകരക്കാലും, തൃതീയപാദം കുംഭക്കാലും, ചതുർത്ഥപാദം മീനക്കാലംശകവുമാകുന്നു. പിന്നെയുള്ള രോഹണി മുതലായ മുമ്മൂന്നു നാളുകൾക്കും മേൽപ്രകാരം തന്നെ. ഇതിനെക്കുറിച്ച്

'അശ്വിനീ പ്രഥമാംശാദ്യാഃ ക്രമാന്മേഷാദിസംജ്ഞിതാഃ
ഏവംത്രിഭിസ്ത്രിഭിസ്താരൈരന്നവവാരം ഭവന്തി തേ'

എന്നും പറഞ്ഞുകാണുന്നു. സ്വതെമേഷാദിരാശികൾക്ക് ഏതേതു ഗ്രഹം അധിപതിയാണോ ആ ഗ്രഹം അതാത് നക്ഷത്രാംശത്തിന്നും അധിപതിയാകുന്നു. രാശ്യധിപന്മാരെ ഇങ്ങിനെ വിവരിക്കുന്നു:

'ഭൌമശ്ശുക്രോ ബുധശ്ചന്ദ്രസ്സൂര്യശ്ചാന്ദ്രിർഭൃഗുഃ കുജഃ
ഗുരുസ്സൌരിശ്ശനിർജ്ജീവഃ ക്രമാന്മേഷാദിഭാധിപാഃ'

മേടം മുതലായ രാശികൾക്ക് ഭൌമാദികൾ ക്രമേണ അധിപന്മാരാകുന്നു. അപ്പോൾ മേടം, വൃശ്ചികം എന്ന രാശികൾക്കു ചൊവ്വയും, എടവം, തുലാം രാശികൾക്കു ശുക്രനും, മിഥുനം—കന്നികൾക്കു ബുധനും,

കക്കടകത്തിനു ചന്ദ്രനും, ചിങ്ങത്തിനു സൂൎയ്യനും, ധനു —മീനങ്ങൾക്ക് വ്യാഴവും, മകരകുംഭം രാശികൾക്ക് ശനിയും അധിപന്മാരാകുന്നു. അവ നവൻ (ക്രിയചെയ്യുന്ന കൎത്താവ്) ജനിച്ച നക്ഷത്രാംശകത്തിൻെറ 88-ാം കാല് എല്ലാ ശുഭകൎമ്മങ്ങൾക്കും വൎജ്ജ്യമാകുന്നു. അശ്വതിയുടെ ആദ്യ പാദത്തിൽ ജനിച്ചവന്ന് അതിൻെറ 88-ാം കാലായ തിരുവോണത്തി ൻെറ നാലാം കാല്—ആ കാലിലുള്ള മുഹൂൎത്തം വൎജ്ജ്യമെന്നു വിവേകം. ജനിച്ച നക്ഷത്രപാദത്തിൻെറ മുമ്പിലത്തെ കാലും വൎജ്ജിക്കണം. ഇതു 108-ാം• കാലായിരിക്കുകയും ചെയ്യും. അശ്വതിയുടെ മുതൽ കാലിൽ ജനിച്ചവന്ന് രേവതിയുടെ നാലാം കാലും അശ്വതിയുടെ രണ്ടാം കാലിൽ ജനിച്ചവന്ന് അശ്വതിയുടെ മുതൽ കാലും നൂറെറട്ടാം കാലായി വരും. ഈ ക്രമം എല്ലാടവും കണ്ടുകൊൾക. ഈ പറഞ്ഞ 88-ം 108-ം അംശ കങ്ങൾക്ക് വൈനാശാംശകങ്ങൾ എന്നും പേരുണ്ട്. ഇതിനെക്കുറിച്ച്

'അഷ്ടാശീതിതമം ഭാഗം വൈനാശാംശം വിവൎജ്ജയേൽ
അഷ്ടോത്തരശതാംശഞ്ച വിവാഹേതം വിശേഷതഃ'

എമ്പത്തെട്ടാംകാലും നൂറെറട്ടാംകാലും വൈനാശാംശം (ക്രിയാഫ ലത്തെ നശിപ്പിക്കുന്ന സമയം ആകുന്നു. അതിനാൽ അത് ഏതു ക്രിയ കളും വൎജ്ജ്യമാണ്. വിവാഹത്തിന്നു വിശേഷിച്ചും വൎജിക്കണം എന്നാ ണ് ആചാരസംഗ്രഹത്തിൽ പറയുന്നതു്. എന്നാൽ നാരദസ്മൃതി മുത ലായ മററു ചില ഗ്രന്ഥങ്ങളിൽ 88-ാംകാലും 108-ാംകാലും 22-ാംനാ ളിലും 27-ാംനാളിലുമാണ് സംഭവിക്കുക. ചിലക്കു 23-ാംനാളിലും ജ ന്മനക്ഷത്രത്തിലും വന്നു എന്നും വരാം. അതിനാൽ വൈനാശാംശ നക്ഷത്രങ്ങളായ 22-ം 27-ം നാളുകളും 23-ം 1-ം നാളുകളിൽ ആ കാ ലുകൾ വരുന്നതായാൽ ആ കാലുകളും വൎജിക്കണമെന്നു പറയുന്നു. എ ന്നാൽ അതൊന്നും ഇവിടെ ആചാരമില്ല. ആ കാലുകൾ ഏതു നാളിൽ എത്രാമത്തെ അംശകമായി വരുന്നുവോ ആ അംശകം മാത്രമേ വൎജിക്കേ ണ്ടതുള്ളു എന്നു സാരം. ജന്മാഷ്ടമമായ ഭം—ഇവിടത്തെ ഭം എന്നതിന്നു രാശി എന്ന് അൎത്ഥമാകുന്നു. ജന്മാഷ്ടമം ജന്മത്തിൻെറ എട്ടാമത്തേത്. ജന്മമെന്നാൽ, മുഹൂൎത്തകൎത്താവ് ജനിച്ചസമയം ചന്ദ്രൻ ഏതു രാശിയിൽ നില്ക്കുന്നുവോ ആ രാശിയെ ചന്ദ്രലഗ്നരാശി എന്നു പറയും. അതിനെ ചന്ദ്രലഗ്നം, ജന്മചന്ദ്രൻ, ജന്മം എന്നും പറയുമാറുണ്ടു്. അപ്പോൾ ചന്ദ്ര ലഗ്നരാശിയുടെ എട്ടാമത്തെ രാശി വൎജ്ജ്യമാകുന്നു. അശ്വതിനാൾ ജനി ച്ചവന്നു ജന്മം മേടമാകയാൽ അതിൻെറ എട്ടാമത്തെ രാശിയായ വൃ ശ്ചികം രാശികൊണ്ടുള്ള മുഹൂൎത്തംവൎജ്ജ്യമെന്നു സാരം. അഷ്ടമചന്ദ്രൻ— ചന്ദ്രലഗ്നത്തിങ്കൽനിന്ന് എട്ടാംരാശിയിൽ ചന്ദ്രൻ നില്ക്കുന്ന കാലം. അ തായത് അഷ്ടമരാശിക്കൂറ്. കൂറിൻെറ വിവരണം മുമ്പു വിവരിച്ചിട്ടു മുണ്ടു്. അശ്വതിനാൾ ജനിച്ചവന്ന്, വൃശ്ചികക്കൂറായ വിശാഖത്തിൻെറ നാലാംകാല് അനിഴം തൃക്കേട്ട എന്ന രണ്ടേകാൽ നാളിലുള്ള മുഹൂൎത്തം

വർജ്യമെന്നു സാരം. അസദചേരശങ്ങളായ അംശങ്ങൾ—ജന്മാഷ്ടമരാശിയുടെ അധിപൻ പാപഗ്രഹമോ ശുക്രനോ ആണെങ്കിൽ അവർ അധിപന്മാരായിവരുന്ന നക്ഷത്രാംശങ്ങളെ വർജിക്കണം. അശ്വതിനാൾ ജനിച്ചവന്നു വൃശ്ചികം ജന്മാഷ്ടമരാശി. അതിൻെറ അധിപതി പാപിയായ കുജനാകയാൽ നക്ഷത്രങ്ങളിലെ വൃശ്ചികക്കാലംശകം വർജ്യമെന്നു സാരം. ശുക്രൻ എടവംരാശിയുടേയും തുലാംരാശിയുടേയും അധിപതിയാണെല്ലോ. എടവം അഷ്ടമരാശിയായി വന്നാൽ അവന്നു എടവക്കാലംശകങ്ങളെല്ലാം വർജ്ജിക്കണം. തുലാം ജന്മാഷ്ടമരാശിയായി വന്നാൽ തദംശങ്ങൾ വർജിക്കേണ്ടതില്ല എന്നും ഒരു പക്ഷമുണ്ട്. അവനവൻ ജനിച്ച നാളിന്നു ജന്മർക്ഷമെന്നാണ് പേർ. അതിൻെറ പത്താമത്തെ നാളിന്നും അതു മുതൽ പത്താമത്തെ നാളിന്നും ജന്മർക്ഷസംജ്ഞയുണ്ട്. ഈ പറഞ്ഞ രണ്ടും മൂന്നും ജന്മർക്ഷങ്ങൾക്ക് അനുജന്മനക്ഷത്രമെന്നും പറയും. അപ്പോൾ അശ്വതിനാൾ ജനിച്ചവന്നു മകവും മൂലവും അനുജന്മനക്ഷത്രങ്ങൾ മററനാളുകൾക്കും ഇതേവിധംതന്നെ. ഒരു ജന്മർക്ഷം മുതൽ മററ ജന്മർക്ഷംവരെയുള്ള ഒമ്പതുനാളുകൾ ഒരു വർഗ്ഗം. ഇങ്ങിനെ 27 നാളുകൾ 3 വർഗ്ഗമാകുന്നു. ആ 9 നാളുകൾക്കും ഈ പറയുന്ന പേരുകളുമുണ്ട്.

'ജന്മസമ്പദ്വിപൽക്ഷേമപ്രത്യരസ്സാധകോവധഃ
മൈത്രം പരമമൈത്രഞ്ച ജന്മാദീനി പുനഃ പുനഃ'

1. ജന്മം, 2. സമ്പത്ത്, 3. വിപത്ത്, 4. ക്ഷേമം, 5 പ്രത്യരം, 6. സാധകം, 7. വധം, 8. മൈത്രം, 9. പരമമൈത്രം എന്നിതുകളാകുന്നു. ഇതുകൾ മററ അനുജന്മനക്ഷത്രാദിയായും വരും. ഇങ്ങിനെയാണു ഈ മൂന്നു വർഗ്ഗങ്ങളുടേയും സ്ഥിതി.

ഈ പറഞ്ഞ ജന്മാദി നാമങ്ങളുടെ അർത്ഥത്തെ ഭരദ്വാജൻ ഇങ്ങിനെ വിവരിക്കുന്നതുമുണ്ട്:—

'ജന്മർക്ഷേ ദേഹനാശായ കൃതം കർമ്മ ഭവിഷ്യതി
സമ്പൽകരേ തു സൽകർമ്മ സമ്പദാ മാസ്പദം ഭവേൽ
വ്യാപദം കുരുതേയസ്മാദ്വിപൽകരമിതി സ്മൃതം
ക്ഷേമേണ സുകൃതം കർമ്മ ക്ഷേമാരോഗ്യകരം ഭവേൽ
കാര്യ്യസമ്പന്നിഷേധിതഃപാൽ പ്രത്യരശ്ചിതി കീർത്തിതം
സാധകസ്സാധയേദർത്ഥാനചിരാദത്രമാദപി
നിധനം ഹി ഭവേദ്യസ്മാൽ സപ്തമോ വധസംജ്ഞിതഃ
മൈത്രന്തു മിത്രസംപ്രീതിം കുര്യ്യാൽ കാര്യ്യഫലോദയം
പരമം മൈത്രമാസാദ്യ യൽ കാര്യ്യം കുരുതേ നരഃ
തൽ കാര്യ്യം സുകരം തസ്യ സിദ്ധ്യത്യേവ ന സംശയഃ'

ഈ പറഞ്ഞ മൂന്നുവർഗ്ഗത്തിൽവെച്ച് ആദ്യവർഗ്ഗത്തിലെ പ്രത്യരമായ നക്ഷത്രത്തിലും (ഇവിടത്തെ ഭ ശബ്ദത്തിന്ന് നക്ഷത്രം എന്നു അർത്ഥമാകുന്നു) വിപന്നനക്ഷത്രത്തിലും വധനക്ഷത്രത്തിലും 5-ാംനാളിലും 3-ാം നാളിലും 7-ാംനാളിലുമുള്ള എല്ലാ അംശകങ്ങളും—ആ നാള മുഴവനും വർജ്യമാകുന്നു അപ്പോഠം അശ്വതിനാഠം ജനിച്ചവന്ന് കാർത്തിക, മകീരം, പുണർതം എന്ന നാളുകളിലുള്ള മുഹൂർത്തം കൊള്ളരുതെന്നു വിവേകം.

'ആദ്യാത്ത ജന്മനക്ഷത്രാൽ ത്രിപഞ്ചസപ്തതാരകാഃ
വിശേഷതോ വർജനീയാഃ സർവേഷ്വശുഭകർമ്മസു'

എന്നു ആചാരസംഗ്രഹത്തിലും പറയുന്നു. അന്ത്യവർഗ്ഗത്തിലെ പ്രത്യാദികളിലെ പാപാംശകങ്ങളും വർജിക്കണം—മൂന്നാംവർഗ്ഗത്തിലെ എന്നു വെച്ചാൽ രണ്ടാംഅനുജന്മനക്ഷത്രം മുതൽ ജന്മനക്ഷത്രംവരെയുള്ള 9 നാളുകളിലെ 5 3, 7, നാളുകളിലെ പാപാംശകങ്ങളെ—അശ്വതിനാഠം ജനിച്ചവൻെറ രണ്ടാംഅനുജന്മനക്ഷത്രമായ മൂലം മുതൽക്കുള്ള മൂന്നാംവർഗ്ഗത്തിലെ 5-ാംനാളായ അവിട്ടത്തിൻെറ ചിങ്ങവൃശ്ചികാംശങ്ങളായ ഒന്നും നാലും കാലുകളും—മൂന്നാംനാളായ ഉത്രാടത്തിൻെറ മകരകുംഭാംശകങ്ങളായ രണ്ടും മൂന്നും കാലുകളും ഏഴാംനാളായ പൂരോരട്ടാതിയുടെ പാപാംശമായ (മേടക്കാലംശകമായ) പ്രഥമപാദവും വർജ്യമാകുന്നു. ഇതേവിധം മററ നാളുകഠംക്കും കണ്ടുകൊഠംക. മദ്ധ്യമവർഗ്ഗത്തിലെ 5-ം, 3-ം, 7-ം നാളുകളുടെ അവസാനത്തെയും ആദ്യത്തെയും മൂന്നാമത്തെയും ഭാഗങ്ങളും വർജ്ജിക്കണം. 5, 3, 7 എന്നു പറഞ്ഞതു ദോഷാധിക്യത്തെ സൂചിപ്പിക്കുവാനാകുന്നു. ഇതിനെ 'ഗോമാംസ' (3, 5, 7) നക്ഷത്രമെന്നാണ് പറയുക. അപ്പോഠം ആദ്യവർഗ്ഗത്തിൽ ഗോമാംസം മുഴവനും, രണ്ടാമത്തേതിൽ ഗോമാംസത്തിൽ 'കേവലാം' (1, 4, 3) ശങ്ങളും മൂന്നാംവർഗ്ഗത്തിൽ ഗോമാംസത്തിലെ പാപാംശവും വർജ്ജിക്കണമെന്നു വിവേകം. എന്നാൽ അന്ത്യവർഗ്ഗത്തിലെ ഗോമാംസത്തിൻെറ കേവലാംശം പാപാംശമാണെങ്കിൽ മാത്രമേ വർജ്ജിക്കേണ്ടതുള്ളു മററ അംശകങ്ങഠം പാപാംശകങ്ങളാണെങ്കിൽ വർജ്ജിക്കേണ്ടതില്ല എന്നും ഒരു പക്ഷമുണ്ട്. അതിനെ കാലദീപകത്തിൽ ഇങ്ങിനെ പറയുന്നു:—

'മൂന്നാംജന്മാദിഗോമാംസനാളിൽ 'കാവാലി'ക്കാലുകഠം
പാപാംശമാകിൽ വർജിപ്പൂ ശൈവാൽതെക്കുള്ളവക്കിഹ'

ശൈവമെന്നാൽ തൃശ്ശിവപേരൂര് എന്നു അർത്ഥമാകുന്നു. തൃശ്ശിവപേരൂരിന്നു വടക്കുള്ള ചില ഗ്രാമങ്ങളിലും ഇതേമാതിരി ആചാരമുണ്ടെന്നാണ് ബാലശങ്കരത്തിൽ പറയുന്നത്. ലഗ്നാഷ്ടമർക്ഷം—അവനവൻ ജനിച്ച രാശിയുടെ എട്ടാമത്തെ രാശി അതിൻെറയും വർജ്ജിക്കണം. ഇൗ

പറഞ്ഞവയെല്ലാം കർതൃദോഷങ്ങളാം — കത്താവിന്നു ദോഷത്തെ ചെയ്യുന്നവയാകയാൽ അതുകളെ വർജ്ജിക്കുകയും വേണം. കത്താവെന്നാൽ,

'കന്യാവരൌ വിവാഹേ തു സേകേ ജായാപതീ സ്മൃതൌഃ'
ഗർഭോൽ ഭവാത്തു ജായൈവ കത്താ സ്യാജ്ജന്മതഃ ശിശുഃ'

വിവാഹത്തിന്നു കന്യകയും വരനും കത്താക്കന്മാരാകുന്നു. സേകത്തിന്നു ഭാര്യാഭത്താക്കന്മാർ കത്താക്കന്മാരാകുന്നു. ഗർഭമുണ്ടായാൽ പ്രസവിക്കുന്നതുവരെ ചെയ്യുന്ന ക്രിയകൾക്കു കത്താവു ഭാര്യയും പ്രസവാനന്തരമുള്ള ക്രിയകളിൽ ശിശുവും കത്താവാകുന്നു.

'ഭാര്യയ്ക്കു ഗർഭമുണ്ടാകും മുമ്പെ ചെയ്യുന്നവററിന്
കത്തൃവിവർജ്ജ്യദോഷങ്ങളിരുവർക്കും വിവർജ്ജയേൽ
ഗർഭമുണ്ടായിരിക്കുന്നാൾ ഗർഭത്തിന്നുള്ളസംസ്കൃതി
ചെയ്യാനവൾക്കേയോക്കേണ്ടൂ ഭത്താവിന്നു ന ചിന്തയേൽ
പ്രസവിച്ചാൽ ചെറുക്കന്നു തന്നേ ചിന്തിക്ക സവ്വസു'

എന്നു കാലദീപകത്തിലും പറയുന്നു. ഈ പറഞ്ഞ കത്തൃദോഷങ്ങളിൽ 'ആപത്തിങ്കൽ ലഗ്നാഷ്ടമം കൊള്ളുമാറുണ്ട്' എന്നു' മുഹൂത്തഭാഷയിൽ പറയുന്നു. നാമകരണത്തിന്നും ചോറൂണിന്നും ഉപനയനത്തിന്നും ജന്മനക്ഷത്രംമാത്രം വർജ്ജിക്കണം. ചൌളത്തിന്ന് ജന്മനക്ഷത്രവും അനുജന്മനക്ഷത്രങ്ങളും വർജ്ജിക്കണമെന്നും പറഞ്ഞുകാണുന്നു.

## കാലനിയമം.

സാവനഃ സമ്മതഃ കാലോ
വ്രതസീമന്തപുംസവേ
ചൌളോപനീത്യോസ്സൌരോപി
ചാന്ദ്രോപ്യാപദി ഭോജനേ. 5

ഇപ്രകാരം നിത്യദോഷം ഷൾദോഷം കത്തൃദോഷം എന്നതുകളെ വിവരിച്ചതിന്നുശേഷം ഇനി അതാതു ക്രിയകൾക്കുള്ള കാലനിയമത്തെ പറയുന്നു:— വ്രതസീമന്തപുംസവത്തിങ്കൽ സാവനമായ കാലം സമ്മതമാകുന്നു. വ്രതമെന്നാൽ ഗോദാനാദി ഇന്നിന്നതെ വയസ്സിൽ ചെയ്യണമെന്നു വിധിക്കുന്ന വ്രതങ്ങൾ. അതുകൾ തുടങ്ങുവാൻ സാവനമായ സംവത്സരമാനമാണ് സകല ജനസമ്മതമായിട്ടുള്ളത്. 16—ാം സംവത്സരത്തിൽ ഗോദാനം ചെയ്യുക എന്നു വിധിക്കുന്ന ദിക്കിൽ ജനനദിവസം മുതൽ സാവനമാനംകൊണ്ടു പതിനാറാം വയസ്സിൽ ചെയ്യണമെന്നു വിവേകം. സാവനാദിദിനമാസസംവത്സരങ്ങളുടെ വിവരണം 3—ാം ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുമുണ്ട്. സീമന്തപുംസവമെന്നാൽ സീമന്തവും പുംസവനവും. ഇതുകൾ ഗർഭഹോമങ്ങളാകയാൽ, ഗർഭരക്ഷാവിഷ്ണുബലി എന്നിതുകളുടേയും ഉപലക്ഷകമാകുന്നു. അപ്പോൾ

മൂന്നാം മാസത്തിൽ പുംസവനവും നാലാം മാസത്തിൽ സീമന്തവും ഗർഭരക്ഷയും എട്ടാം മാസത്തിൽ വിഷ്ണുബലിയും ചെയ്യണമെന്നു വിധിക്കുന്നു. അവിടെ സാവനംകൊണ്ടാണ് മാസഗണന ചെയ്യേണ്ടത്. അവിടെ എന്നു മുതല്ക്കാണ് ദിവസഗണനം ചെയ്യേണ്ടത് എന്നതിനെ ആശൌചദീപകത്തിൽ ഇങ്ങിനെ വിവരിക്കുന്നു:

'ഗർഭാഹിതേസ്ത്രിംശദഹോഭിരുക്തോ
ഗർഭസ്യ മാസോ വിദിതാ ന ചേൽ സാ
പുഷ്പോൽഗമാൽ പഞ്ചമവാസരാത്തം
ജഗുഃ പരേ പുഷ്പിത വാസരാച്ച'

ഇതിന്റെ വിവരണം ദീപകപ്രകാശികാ എന്ന വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുമുണ്ട്. ചൌളോപനീതികൾക്ക്—ചൌളത്തിന്നും ഉപനയനത്തിന്നും സൌരമാനംകൊണ്ടും സംവത്സരത്തെ കണക്കാക്കാം. അതുകൾക്ക് സാവനാനുവും സൌരവും കൊള്ളാമെന്നു വരുന്നു.

'സൌരോ വാ സാവനോ വാബ്ദശ്ചൌളാദൌ സാവനോ വ്രതേ'

എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. അപ്പോൾ ചൌളോപനായനങ്ങൾ ജനനകാലം മുതൽ സാവനമാനംകൊണ്ട് അതാതിന്നു വിധിക്കുന്ന കാലംമുതൽ സൌരമാനംകൊണ്ട് അതാതു കാലം കഴിയുന്നതുവരെ ചെയ്യാമെന്നും സാവനകാലാനന്തരം സൌരകാലം കഴിയുന്നതിന്നുമുമ്പുള്ള ദിവസങ്ങൾക്കു വിധിപരത്വം ഭവിക്കുകയില്ല എന്നും ഗ്രഹിക്കണം. ഭോജനം—ബാലാന്നപ്രാശനം (ചോറൂണ്) അതിന്നു ആപത്തിങ്കൽ ചാന്ദ്രമാനംകൊണ്ടും മാസഗണന ചെയ്യാം. ആറാം മാസത്തിൽ ചോറുകൊടുക്കാമെന്നാണല്ലോ വിധി. അതു സാവനംകൊണ്ടോ സൌരംകൊണ്ടോതന്നെയാണ് കണക്കാക്കേണ്ടത്. കഷ്ടപക്ഷത്തിൽ ചാന്ദ്രമാനംകൊണ്ടും മാസം കണക്കാക്കാം. അപ്പോൾ ചാന്ദ്രമാസം കഴിഞ്ഞാൽ ചോറു കൊടുക്കാമെന്നു വരുന്നു. 'ദേവകി' (148)ക്ക് ചോറു കൊടുക്കാം. 'രജക' (182)ന്ന് ചോറു കൊടുക്കരുതെന്നും പറഞ്ഞുകാണുന്നു.

## വിവാഹം.

ഇഷ്ടാഃ കൃഷ്ണാഷ്ടമീനേന്ദ്വജപിതൃമരുദ-
ന്ത്യോത്തരാമൂലമിത്രാ
ഉദ്വാഹേ ന ക്രിയോംധേ ഹിമഗുരഹികുജാ-
വഷ്ടമേസ്തേ വിഹംഗാഃ
മീനാന്ത്യാദ്ധേന്ദുഭസ്ത്രീഘടധനുഷി, രവിഃ
സഗ്രഹർക്ഷം ശലാകാ
ശുക്രാദ്യൈൗ, ബാലവൃദ്ധൌ വരജനിഭനിശാ-
മദ്ധ്യജന്മാസ്ത്വഭേടാഃ, 5

ഇപ്രകാരം സൽകർമ്മങ്ങൾ ചെയ്യുന്ന സമയം വർജ്ജിക്കേണ്ടതായ ദോഷസ്വഭാവത്തേയും അതാതുകളുടെ കാലനിർണ്ണയത്തേയും പറഞ്ഞതിനുശേഷം ഇനി അതാതുകൾക്കുള്ള മുഹൂർത്തത്തെ—ശുഭസമയത്തെ അതാതുകൾക്കു പ്രത്യേകം വർജ്ജിക്കേണ്ടുന്ന സമയവിഭാഗത്തോടുകൂടെ വിവരിക്കുന്നു. കർമ്മങ്ങൾ അവശ്യകർത്തവ്യങ്ങളെന്നും കർത്തവ്യങ്ങളെന്നും രണ്ടു തരത്തിലാകുന്നു. ഇതിൽ ഷോഡശക്രിയകളും അതുകളുടെ അവാന്തര ക്രിയകളും അവശ്യകർത്തവ്യക്രിയകളും, കലശാദികൾ കർത്തവ്യങ്ങളുമാകുന്നു. കർത്തവ്യങ്ങൾ ഒന്നിലധികം പ്രാവശ്യം ചെയ്യാവുന്നവയും ചിലതു ഒന്നിലധികം പ്രാവശ്യം ചെയ്യേണ്ടുന്നവയും ചിലതു ചെയ്തില്ലെങ്കിലും വിരോധമില്ലാത്തവയുമായിരിക്കും. ഷോഡശക്രിയകൾ ഒരാൾക്ക് ഒരു ജന്മത്തിൽ ചെയ്യാതെ കഴിയാത്തവയും ഒരിക്കൽ ചെയ്താൽ മതിയാകുന്നവയുമാകുന്നു. അതുനിമിത്തം അതുകൾ അവശ്യകർത്തവ്യങ്ങളും പ്രധാനങ്ങളുമാകുന്നു. അതിനാൽ അതുകളുടെ മുഹൂർത്തങ്ങളെ ആദ്യമായി പറയുന്നു. ആ ഷോഡശക്രിയകളേതെല്ലാമെന്നാൽ,

‘ആധാനന്തനയസ്യ പുംസവവിധിസ്സീമന്തജാതാഹ്വയാ
നിഷ്ക്രാമോന്നവിധിഃ ക്ഷുരോപനയനേ ത്രീണി വ്രതാനി
ക്രമാൽ
ഗോദാനഞ്ച സമാപനംവ്രതവിധേഃ പാണിഗ്രഹോഗ്ന്യാഹിതി-
ർവ്വിപ്രാദേർവ്വിഹിതാശ്രുതൌ നിഗദിതാഃ കാര്യ്യാഃ ക്രിയാ
ഷോഡശ’

1. ഗർഭാധാനം (സേകം), 2. പുംസവനം, 3. സീമന്തം, 4. ജാതകർമ്മം, 5. നാമകരണം, 6. നിഷ്ക്രാമണം (വാതിൽപുറപ്പാട്), 7. അന്നപ്രാശനം, 8. ചൌളം, 9. ഉപനയനം, 10. ഹോതാരം, 11. ഔപനിഷദം, 12. ശുക്രിയം, 13. ഗോദാനം, 14. സമാവർത്തനം, 15. വിവാഹം, 16. ആധാനം എന്ന് ഈ 16 ക്രിയകളാകുന്നു ഷോഡശക്രിയകൾ. ഇതുകൾ ബ്രാഹ്മണാദി സകല ജാതികൾക്കും (അവരവരുടെ ജാത്യാചാരപ്രകാരം അവരവർക്ക് അധികാരമുള്ള ക്രിയകൾ) ചെയ്യേണ്ടുന്നവയും വേദത്തിൽക്കൂടെ പറയപ്പെട്ടവയുമാകുന്നു. ഗർഭരക്ഷ, വിഷ്ണുബലി, വിദ്യാരംഭം, കർണ്ണവേധം മുതലായവ ഇതുകളുടെ അംഗക്രിയകളുമാകുന്നു. ഇവിടെ ഗർഭാധാനം പുംസവനം എന്നു മുതലായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഗർഭാധാനം വിവാഹാനന്തരകരണീയമാകയാലും വിവാഹത്തിന്നു ഗർഭാധാനത്തിന്റെ കാരണത്വമുണ്ടാകയാലും കാര്യകാരണങ്ങളിൽ കാരണത്തിന്നു പൂർവ്വത്വമുണ്ടാവുകനിമിത്തം വിവാഹത്തിന്നുതന്നെയാണ് പ്രാധാന്യം. എന്നു മാത്രമല്ല, സകല കർമ്മങ്ങൾക്കും ആശ്രയഭൂതമായ ഗൃഹസ്ഥാശ്രമംതന്നെ വിവാഹംനിമിത്തമുണ്ടാകുന്നതാകയാൽ ഷോഡശക്രിയകളിൽ എല്ലാററിലും വിവാഹത്തിന്നുതന്നെയാണ് പ്രാധാന്യമെന്നും വരുന്നു. അതിനാൽ ആദ്യമായി വിവാഹമുഹൂർത്തത്തെ വിവര

കടനു: ഇഷ്ടാഃ ഇതി—വിവാഹത്തിന്ന് കറുത്ത അഷ്ടമിയും അത്തം, മകീരം, രോഹിണി, മകം, ചോതി, രേവതി, ഉത്തരകൾ—ഉത്രം, ഉത്രാടം, ഉത്രട്ടാതി, മൂലം, അനിഴം ഈ പതിനൊന്നു നാളുകളും കൊള്ളാം.

'രോഹിണീദ്വയപിത്ര്യാക്സ്വാതീനിരൃതിപൂഷണഃ
ഉത്തരാമിത്രമിത്യേതാസ്താരാശ്ശസ്താഃ കരഗ്രഹേ'

എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. മാധവാചാര്യൻെറ പക്ഷത്തിൽ മൂലവും മകവും മദ്ധ്യമങ്ങളാണെന്നാകുന്നു. എന്നാൽ ആ പക്ഷം ഇവിടെ ഗ്രാഹ്യവുമല്ല. എന്നാൽ ഈ 11 നാളുകളിൽ മകം, മൂലം, രേവതി എന്ന മൂന്നു നാളുകൾക്കും ഗണ്ഡാന്തമുണ്ടല്ലോ. ആ സമയം വർജ്യവുമാണ്. ആ സമയം വിവാഹം ചെയ്താൽ പ്രാണഹാനി വരുമെന്നാണ് ആചാരസ്സംഗ്രഹത്തിൽ പറയുന്നത്. അപ്പോൾ വിവാഹത്തിന്നു ഈ പറഞ്ഞ അത്തം മുതലായ 11 നാളുകൾ (ഗണ്ഡാന്തസമയം ഒഴിച്ച്) കൊള്ളുമെന്നു സിദ്ധം. 27-ൽ 11 സ്വീകാര്യങ്ങളെന്നു പറയുകയാൽ ബാക്കിയുള്ള 16 നാളുകളും വിവാഹത്തിൽ വർജ്യങ്ങളെന്നു സാരം. എന്നാൽ കൃഷ്ണാഷ്ടമി ഗ്രാഹ്യമാണെന്നു പറയുകയാൽ മററ പക്കങ്ങളെല്ലാം വർജ്യങ്ങളെന്നു അർത്ഥമില്ലതാനും. അതെന്തന്നാൽ അഷ്ടമികൾ രണ്ടും ഏതു ശുഭകർമ്മത്തിന്നും വർജ്യങ്ങളെന്നാണ് നിത്യദോഷപ്രകരണത്തിൽ പറഞ്ഞിരിക്കുന്നത്. അതിൽ കറുത്ത അഷ്ടമി വിവാഹത്തിന്നു വർജ്യമല്ല എന്നാണ് ഇവിടത്തെ 'കൃഷ്ണാഷ്ടമി' ശബ്ദത്തിന്നു അർത്ഥം. എന്നാൽ അതു മദ്ധ്യമാണെന്നു ചില ആചാര്യന്മാരും കൊള്ളാമെന്നു മററ ചിലരും പറയുന്നു. മദ്ധ്യമമായി സ്വീകരിക്കുന്ന പതിവുണ്ടെന്നു വരദീപികയും പറയുന്നു. മററ പക്കങ്ങളിൽ—രിക്തവിഷ്ടി മുതലായ ദോഷങ്ങളില്ലാത്തവയിൽ പൌർണ്ണമാസിയുടെ വിഷ്ടിശേഷാംശവും മദ്ധ്യമമാണെന്നു ഒരു പക്ഷമുണ്ട്.

'കരഗ്രഹേ പൌർണ്ണമാസീ മദ്ധ്യോക്താ പൂർവ്വസൂരിഭിഃ'

എന്നു സംസ്കൃതകാലദീപകത്തിലും പറയുന്നു.

'രണ്ടുപക്ഷത്തിലുംകൊള്ളാമെങ്കിലും ഭേദമുണ്ടിഹ
ഏറനല്ലൂപൂർവ്വപക്ഷം കൊള്ളുന്നൂ ആഴ്ചയൊക്കവേ'

എന്നു കാലദീപകവും പറയുന്നു. ആഴ്ച എല്ലാം കൊള്ളാമെങ്കിലും

'അർക്കാരമന്ദവാരേഷു ക്രിയതേ നാതിശോഭനഃ'

ഞായർ, ചൊവ്വ, ശനി എന്ന ആഴ്ചകളിൽ വിവാഹംചെയ്യുവരുന്നുണ്ടെങ്കിലും അതു വളരെ ഗുണപ്രദമല്ല എന്നാണ് പ്രമാണം. അപ്പോൾ മററ 4 ആഴ്ചകളും ശുഭങ്ങളെന്നു സാരം.

ഇനി വിവാഹത്തിൽ വർജ്ജിക്കേണ്ടുന്നതുകളെ വിവരിക്കുന്നു. അതുകളെന്തെല്ലാമെന്നാൽ, ക്രിയം, അംഗത്തിങ്കൽ ചന്ദ്രൻ, എട്ടിൽ അഹികജ

ന്മാർ, അസ്തത്തിൽ ഗ്രഹങ്ങൾ, മീനാന്ത്യഭേന്ദുഭ സ്ത്രീഘടധനസ്സുകളിൽ ആദിത്യൻ നില്ക്കുന്ന കാലം, സഗ്രഹൎക്ഷം, ശലാകാവേധം ബാലവൃദ്ധന്മാരായ ശുക്രവ്യാഴന്മാർ, വരജനിഭനിശാമദ്ധ്യജന്മാസ്തഘടങ്ങൾ, എന്നിതുകളാകുന്നു.

ക്രിയമെന്നാൽ മേടംരാശി. അതു വിവാഹത്തിന്നു വൎജ്ജ്യമാകുന്നു. മേടംരാശി വൎജ്ജ്യമെന്നു പറയുകയാൽ മററ (എടവം മുതൽ 11രാശിയും) രാശികൾ സ്വീകാൎയ്യങ്ങളെന്നു സാരം. ഈ വിഷയത്തിൽ,

'കന്യാതുലാനൃമിഥുനാന്ത്യതിപൂജിതാനി
മദ്ധ്യാഃ കുളീരഝഷചാപവൃഷാ വിവാഹേ
തേപ്യുത്തമാസ്ത്രുഭയുതാസ്സഗുരുശ്ച സിംഹം
കുംഭം മൃഗഞ്ച, സസിതം ശുഭമാഹുരന്യേ'

എന്നു മാധവീയത്തിലും പറയുന്നു. വൃശ്ചികം രാശിയും വിവാഹത്തിന്നു നിന്ദ്യമാണെന്ന് ഒരുപക്ഷമുണ്ട്. ആ വിഷയത്തിൽ

'അതീവ വൎജ്ജിതോ മേഷോ വൃശ്ചീകോപ്യത്ര നിന്ദ്യതേ'എന്നും
'മേഷോ ജീവാദിയുക്തോപി വിവൎജ്ജ്യഃ സ്യാൽ കരഗ്രഹേ'

എന്നും ഗ്രന്ഥാന്തരങ്ങളിൽ പറഞ്ഞുകാണുന്നതുമുണ്ട്. വൃശ്ചികംരാശി മേടം രാശിപോലെ ചൊവ്വാക്ഷേത്രമാണെങ്കിലും അതിനെ വൎജ്ജിക്കേണമെന്നു മൂലകാരൻ പറഞ്ഞിട്ടുമില്ല. അതിനാൽ വൃശ്ചികം മദ്ധ്യമമായി സ്വീകരിച്ചുകാണുന്നതുമുണ്ട്. 'വൃശ്ചികോപി നിന്ദ്യ ഏവേതി സ്ഥിതിഃ' എന്നാണ് വരദീപികയുടെ അഭിപ്രായം.

അംഗത്തിങ്കൽ ചന്ദ്രൻ—ഏതൊരു രാശികൊണ്ടു ക്രിയചെയ്യുന്നുവോ ആ രാശിയെ കൎമ്മലഗ്നമെന്നു പറയും. അംഗം, വപുസ്സ്, തനു മുതലായ ശരീരപൎയ്യായങ്ങളെല്ലാം ലഗ്നപൎയ്യായമായും പറയും. കൎത്തൃദോഷത്തെ പറഞ്ഞേടത്തു ലഗ്നമെന്നു പറയുന്നതിന്നു കൎത്താവിൻെറ ജനനരാശി എന്നാണ് അൎത്ഥം. മുഹൂൎത്തത്തെ പറയുന്നേടത്തെ ലഗ്നശബ്ദത്തിന്നു കൎമ്മലഗ്നമെന്നുമാണ് താല്പൎയ്യം. അപ്പോൾ കൎമ്മലഗ്നത്തിൽ ചന്ദ്രൻ വൎജ്ജ്യനെന്നു സാരം. ഏതൊരു ദിവസം ചന്ദ്രൻ ഏതു രാശിയിൽ നില്ക്കുന്നുവോ ആ രാശികൊണ്ടു വിവാഹം വൎജ്ജ്യമെന്നു വിവേകം. എട്ടിൽ—കൎമ്മലഗ്നത്തിൽനിന്ന് (വിവാഹരാശിൽനിന്ന്) എട്ടാം രാശിയിൻ രാഹുവും ചൊവ്വയും വൎജ്ജ്യന്മാരാകുന്നു. ഇതിനെക്കുറിച്ച് ആചാരസംഗ്രഹത്തിൽ,

'ലഗ്നേ ചന്ദ്രോ മരണദോ രാഹുവാരൌ രന്ധ്രഗൌ തഥാ'

എന്നും പറഞ്ഞുകാണുന്നു. ഇതിലെ മരണശബ്ദം അത്യന്തവൎജ്ജനീയാൎത്ഥദ്യോതകവുമാണ്.

അസ്തത്തിങ്കൽ വിഹംഗങ്ങൾ—അസ്തമെന്നാൽ 7-ാംരാശി.

'ജാമിത്രാസ്തകളത്രമന്മഥമദദ്യൂനാഭിഗം സപ്തമം'

ഏഴാംരാശിയെ ജാമിത്രം, അസ്തം, കളത്രം, മന്മഥം, മദം, ദ്യൂനം എന്നെല്ലാം പറയുമെന്നു മാധവീയത്തിൽ പറയുന്നു. അപ്പോഠം കൎമ്മലഗ്നത്തിൽനിന്ന് 7–ാംരാശിയിൽ ഏതെങ്കിലും ഗ്രഹം നില്ക്കുന്നുണ്ടെങ്കിൽ ആ രാശികൊണ്ടു വിവാഹം വൎജ്ജ്യമെന്നും ഗ്രഹിക്കണം. നിത്യദോഷങ്ങളെ പറഞ്ഞതിൽ അസദൃഷ്ടരാശിയും സിതദൃക്കും വൎജ്ജിക്കേണമെന്നു പറഞ്ഞു. അപ്പോഠം അവർ യാതൊരു കൎമ്മലഗ്നത്തിന്റെയും 7–ാംരാശിയിൽ വരരുതെന്നും വന്നുവല്ലോ. വിവാഹത്തിന്നു മററു ശുഭന്മാർകൂടിയും 7–ൽ വരരുത്. അതാണ് 'വിഹംഗാഃ'എന്നു പ്രത്യേകം പറഞ്ഞതിന്റെ സാരം. ഇനി വിവാഹവിഷയം അവശ്യവിജ്ഞേയങ്ങളായ ചില തത്ത്വങ്ങളെക്കുറിച്ചുള്ള ഗ്രന്ഥാന്തര വചനങ്ങളേയും വിവരിക്കാം. അതിൽ ലഗ്നാദിദ്വാദശരാശികളിൽ പാപഗ്രഹം നിന്നാലുള്ള ഫലം—

'മൃത്യും നിദ്ധനതാം ശ്രിയം സുഖസുഹൃൽഭംഗം തനൂജക്ഷയം
വൃദ്ധിം ശത്രുജയേന ഭൎത്തൃമരണം രോഗഞ്ച ധൎമ്മച്യുതിം
ദൌശ്ശീല്യം വിഭവം വ്യയഞ്ച ഭവനേഷ്വാത്മാദിഷൂഗ്രഗ്രഹാഃ
കുൎവ്വന്തിക്രമശഃ സ്തമോക്തതനയാവാരോഗ്യമത്രാഷ്ടമേ'

എന്നും ശുഭഗ്രഹസ്ഥിതിയെക്കുറിച്ചുള്ള ഫലം—:

'ഭൎത്തൃസ്നേഹവതീം പ്രഭൂത വിഭവാം പ്രീതാഞ്ച ബന്ധുപ്രിയാം
പുത്രാഢ്യാം ജിതശാത്രവാം വിരഹിണീമല്പായുഷീം സുവ്രതാം
സ്വാചാരാം സധനാം വിഹീനവിഭവാം കുൎവ്വന്തി കന്യാം ക്രമാ–
ദുദ്വാഹേ വപുരാദിരാശിഷു ശുഭാഷഢ്യേ കവിൎവ്വൈരിണീം.'

എന്നു മാധവീയത്തിലും ചന്ദ്രസ്ഥിതിഫലത്തെക്കുറിച്ചു മുഹൂൎത്തദീപകത്തിൽ.

'ലഗ്നേ വധൂം ഹതധവാം വിസുതാം തനൂജേ
കന്യാപ്രസൂഞ്ച നവമേ ദശമേ ഭുജിഷ്യാം
ചന്ദ്രഃ കരോതി ഭൃഗുപുത്രവദന്യരാശൌ
തൽബാന്ധവക്ഷയകൃദംബുനി കേചിദാഹുഃ.' എന്നും

'സുഖധീധൎമ്മഗശ്ചന്ദ്രോ ബഹുകന്യാ പ്രദോ ഭവേൽ'

എന്നു ശാസ്ത്രാന്തരത്തിലും പറയുന്നു. വരദീപികയിൽ 'വിവാഹേ കൎമ്മലഗ്നേ ചന്ദ്രസൂൎയ്യാവപി സപ്തമേ സകലഗ്രഹാ അപി അഷ്ടമേ രാഹുകുജൌ ചേത്യേതേ വൎജ്ജനീയാഃ ഏവം സദാചാരഃ' എന്നും പറയുന്നു. ഇതു വൎജ്ജ്യരാശിവിഭാഗമാകുന്നു. ഇനി കാലവിഭാഗത്തെയും വിവരിക്കാം.

മീനാന്ത്യാദ്ധോദ്ദുഭസ്രീ ഘടധനുസ്സുകളിൽ ആദിത്യൻ നില്ക്കുന്ന കാലം—മീനംരാശിയുടെ ഉത്തരാദ്ധത്തിലും ഇദ്ദഭത്തിലും—കക്കടകത്തിലും കന്നിയിലും കുംഭത്തിലും ധനുവിലും ആദിത്യൻ നില്ക്കുന്നകാലം അതായ്ത്തു മേല്പറഞ്ഞ മാസങ്ങഠം വിവാഹത്തിന്നു വർജ്യമാകുന്നു. അപ്പോഠം നാലരമാസം വേളിക്കു വർജ്യങ്ങളാകുന്നു.

'കന്നികക്കിടകം കുംഭം ധനുഞായറുമെന്നിവ
പററാത്തതിങ്ങഠംവേളിക്കുപാതിമേൽമീനഞായറും •
ആദിത്യൻെറസ്സുടത്തിന്നുപതിനൊന്നങ്ങുരാശിയും
പത്തുമഞ്ചും തിസ്ഥതിയും തികയുന്നുദയാൽ പുനഃ
വേളിക്കത്രോളവും കൊള്ളാം പിന്നെനൈവസമാചരേൽ'

എന്നു കാലദീപകത്തിൽ പറയുന്നു. വേളിക്കു ദക്ഷിണായനവും ഉത്തരായണവുമെന്ന അയനഭേദത്തെ ഓക്കേണ്ടതില്ല. എങ്കിലും ഏറെ നന്നുത്തരായണമെന്നുണ്ടുതാനും. പ്രധാന ക്രിയകളെല്ലാം ഉത്തരായണത്തിലും പൂവ്വപക്ഷത്തിലുമാണ് ഉത്തമം. മററു കാലങ്ങഠം നിഷേധിച്ചിട്ടില്ലെങ്കിൽ അന്നും ചെയ്യാം.

'അയനേ ചോത്തരേശ്ശുക്ലപക്ഷേ മുഖ്യാശ്ശുഭക്രിയാഃ
ദക്ഷിണേ കൃഷ്ണപക്ഷേ ച കായ്യാസ്തത്രാനിവാരിതാഃ'

എന്നു പ്രമാണവും കാണുന്നു. അപ്പോഠം മുൻപറഞ്ഞ കക്കിടകം, കന്നി, ധനു, കുംഭം, മീനത്തിൻെറ ഉത്തരാദ്ധം എന്ന നാലരസൌരമാസങ്ങഠം വർജ്യങ്ങളെന്നും ബാക്കി ഏഴര സൌരമാസങ്ങഠം ഗ്രാഹ്യങ്ങളെന്നും വിവേകം.

സഗ്രഹക്ഷം—ആദിത്യാദി ഏതെങ്കിലും ഒരു ഗ്രഹം ഒരു നാളിന്മേൽ നില്ക്കുന്നതായാൽ ആ നാഠം വിവാഹത്തിന്നു വർജ്യമാകുന്നു. ചന്ദ്രൻ അതാതു നക്ഷത്രങ്ങളിൽതന്നെ നില്ക്കുമെന്നതു നിയതമാകയാൽ ഇവിടത്തെ ഗ്രഹശബ്ദത്തിന്നു ചന്ദ്രേതരഗ്രഹമെന്നേ അത്ഥമുള്ളു. ആദിത്യൻെറ ഓരോ നക്ഷത്രസ്ഥിതിയെ ഓരോ ഞാററുവേല എന്നാണ് പറയുക. അതു ക്രമപോലെ ഓരേ സൌരമാസത്തിൽ രണ്ടേകാൽ ഞാററുവേലയായിരിക്കുകയും ചെയ്യും. അപ്പോഠം എടവമാസത്തിലെ രോഹിണി ഞാററുവേലക്കാലത്തു രോഹിണി വന്നാൽ അന്നു സഗ്രഹർക്ഷമാകയാൽ വിവാഹം വർജ്ജ്യമെന്നു സാരം. ഇതേവിധം മററു ഗ്രഹങ്ങളുടെ സ്ഥിതിയേയും അറിയണം. ഏതു ഗ്രഹം നില്ക്കുന്ന നക്ഷത്രവും സഗ്രഹർക്ഷമാണ് അതെല്ലാം വർജ്ജിക്കുന്നതുതന്നെയാണ് ഉത്തമം. ആദിത്യൻ, ചൊവ്വ, ശനി, രാഹു എന്ന നാലു പാപഗ്രഹങ്ങഠം നില്ക്കുന്ന നാഠം വർജ്ജിച്ചാലും മതി എന്നു് ഒരു പക്ഷമുണ്ടെന്നും അതു വിവാഹത്തിന്നു തീരെ വർജ്ജ്യമാണെന്നുമാകുന്നു വരദീപികയുടെ അഭിപ്രായം. ഈ വിഷയത്തിൽ

'രാശ്യൈക്യേ താരകൈക്യഞ്ചേൽ
പാപേന്ദോഃ, സഗ്രഹഃ സ്മൃതഃ'

ഒരു പാപഗ്രഹവും ചന്ദ്രനുംകൂടി ഒരു രാശിയിൽ ഒരു നാളിൽ നില്ക്കുന്നുണ്ടെങ്കിൽ മാത്രമേ സഗ്രഹർക്ഷത്വദോഷമുള്ളു എന്നു പ്രമാണവചനവും കാണുന്നു. അപ്പോൾ, ചന്ദ്രനും ഗ്രഹവും രണ്ടു രാശിയിൽ ഒരു നാളിൽ നില്ക്കുന്നതായാൽ അതിന്നു സഗ്രഹത്വദോഷമില്ല. ഉദാഹരണം—മകീരം നക്ഷത്രത്തിൽ ഏതെങ്കിലും ഗ്രഹം നില്ക്കുന്നുണ്ടെന്നുവന്നാൽ ആ ഗ്രഹം മിഥുനംരാശിയിലാണെങ്കിൽ ആ മകിരത്തിന്റെ പൂൎവ്വാൎദ്ധം എടവത്തിൽ നില്ക്കുന്ന ചന്ദ്രനോടുകൂടിയതാകയാൽ ആ അൎദ്ധത്തിന്നും സഗ്രഹർക്ഷത്വമില്ല. ഇതേവിധം വിവാഹത്തിന്നു കൊള്ളാമെന്നു പറഞ്ഞ 11 നാളുകളിൽ ബാക്കിയുള്ള ഉത്രം, ഉത്രാടമെന്ന മൂന്നിനാളുകളിലും നോക്കി അറിയണം. ബാക്കിയുള്ള മൂന്നിനാളുകൾ വിവാഹവിഹിതങ്ങളല്ലായ്കയാൽ ഇവിടെ ചിന്തിക്കുകയും വേണ്ട. സഗ്രഹർക്ഷത്തിൽ ശുഭകൎമ്മം ചെയ്താലുള്ള ഫലത്തെ മാധവാചാൎയ്യൻ ഇങ്ങിനെ വിവരിക്കുന്നു:—

'ഭൂപാൽ ഭയം രിപുഭയം വ്യസനം പ്രവാസം
വിത്തക്ഷയം വിശരണഞ്ച ശുഭക്രിയാസു
കൎത്തുഃ കരോതിശശഭൃൽ ക്രമശോക്കപൂൎവ്വൈ-
രേകാംഗ്രഹൈഃ സ്മ ഹ വിശന്നുഢുമേകരാശൌ'

മുഹൂൎത്തരത്നം മുതലായ ഗ്രന്ഥങ്ങളിൽ ഇതിന്റെ ഫലത്തെ വളരെ വിസ്തരിച്ചുപറയുന്നുണ്ട്. ഗ്രന്ഥവിസ്തരഭയം നിമിത്തം അതുകളെ ഇവിടെ വിവരിക്കുന്നതുമില്ല.

ശലാകാവേധം—ഇത് ഇന്നിന്ന നക്ഷത്രങ്ങളിൽ ഗ്രഹം നിന്നാൽ ഇന്നിന്ന നക്ഷത്രങ്ങൾക്കു വേധമുണ്ടെന്ന നിയമമാകുന്നു. അതെങ്ങിനെയെന്നാൽ,

'വിശ്വേന്ദൂ, അഭിജിദ്വിധീ, പിതൃഹരീ,
മൂലാദിതീ, വാരുണ-
സ്വാത്യൌ,പൂഷഭഗൌ,ച മിത്രയമഭേ,
ബുദ്ധ്യുക്ഷഹസ്താവിതി
യുഗ്മേഷ്വന്യതരസ്ഥിതഃസ്തുദിതരാം
വിദ്ധ്യത്യുഡും ഖേചരോ
ഗോവിന്ദാദ്യഃഖടീചതുഷ്കസഹിതാ
വിശ്വാന്ത്യപാദോഭിജിൽ'

1. ഉത്രാടം—മകീരം, 2. അഭിജിത്ത്—രോഹിണി, 3. മകം—തിരുവോണം, 4. മൂലം—പുണർതം, 5. ചതയം—ചോതി, 6. രേവതി—ഉത്രം,

7. അനിഴം—ഭരണി, 8. ഉത്രട്ടാതി—അത്തം എന്ന 16 നാളുകൊണ്ടു് ആകെ (ഈരണ്ടു നാളുകൊണ്ടു്) 8 വർഗ്ഗമാകുന്നു. ഈ വർഗ്ഗകല്പനയിൽ അഭിജിത്തിനെക്കൂടെ ഗ്രഹിക്കുകയും ചെയ്യും. ഇതിൽ ഒരു വർഗ്ഗത്തിലെ ഏതെങ്കിലും ഒരു നാളിൽ ചന്ദ്രേതരന്മാരായ ഏതെങ്കിലും ഗ്രഹം നിന്നാൽ മറേറ നാളിന്നു വേധം വരും. അതിന്നു ശലാകാവേധമെന്നു പേരാകുന്നു. തിരുവോണത്തിൻെറ ആദ്യത്തെ നാലു നാഴികയോടുകൂടിയ ഉത്രാടത്തിൻെറ നാലാം കാലാണ് അഭിജിത്തെന്നു് അറിയുകയും വേണം. അപ്പോൾ മകീരത്തിൽ നില്ക്കുന്ന ഗ്രഹം ഉത്രാടത്തിൻെറ ആദ്യത്തെ മൂന്നു പാദങ്ങളേയും രോഹിണിയിലെ ഗ്രഹം അഭിജിത്തിനേയും അഭിജിത്തിലേതു രോഹിണിയേയും വേധിക്കും. ഇതേവിധം മററ വർഗ്ഗങ്ങളിലും കണ്ടുകൊള്ളണം. ഈ ശലാകാവേധം വിവാഹത്തിന്നു വർജ്ജ്യമാകുന്നു.

'സർവ്വേ വർജ്ജ്യാസ്സഗ്രഹർക്ഷേ ശലാകാവേധേ ജാമിത്രേപി
പാപഗ്രഹാ വാ'

എന്നു പറഞ്ഞു കാണുകയാൽ വർഗ്ഗത്തിലെ സമാനനക്ഷത്രത്തിൽ നില്ക്കുന്നത് പാപഗ്രഹമാണെങ്കിൽ മാത്രമേ ശലാകാവേധദോഷമുള്ളു എന്നും ഒരു പക്ഷമുണ്ടു്. ഇവിടെ കാലദീപകം,

'മകീരത്തിന്നുത്തിരാടമഭിജിത്തിന്നുരോഹിണി
ഓണത്തിന്നാകിൽമകവും പുണർതത്തിന്നുമൂലവും
ചോതിക്കുചതയം പിന്നെയുത്തിരത്തിന്നു രേവതി
അത്തത്തിന്നുത്തിരട്ടാതി ഭരണിക്കനിഴംതഥാ
ശലാകാവേധവർഗ്ഗങ്ങളിങ്ങിനെയെട്ടുചൊന്നതിൽ
ഒരുനാളിൽ ഗ്രഹം നില്ക്കിലതിന്നെതിരുവേധമാം
സഗ്രഹകർമ്മംനിന്നനാളുംരണ്ടുംവേണ്ടീലവേളിയിൽ
ഒട്ടുമേപാപിവേണ്ടീലചൊവ്വയ്ക്കു മരണം ഫലം
നാളൊന്നിലേരണ്ടുകൂററിൽചന്ദ്രനുംഗ്രഹവുംവരു
എങ്കിൽസഗ്രഹനക്ഷത്രംകൊള്ളുന്നുചിലപണ്ഡിതർ'
'ശലാകാസംജ്ഞിതോവേധഃ കഷ്ടഃ പാപൈർവ്വിശേഷതഃ'

എന്നു് ആചാരസംഗ്രഹത്തിലും പറയുന്നു. ഈ വിഷയത്തിൽ,

'ചന്ദ്രസ്യ രവിണാ വേധാൽ കന്യാ വൈധവ്യമാപ്നുയാൽ
തഥൈവ ഭൂമിപുത്രേണ വന്ധ്യാ സാ ചന്ദ്രസൂനുനാ
വ്രതചിത്താതു ജീവേന സുതക്ഷയമവാപ്നുയാൽ
ശുക്രേണ ദാസി മന്ദേന പതിത്യക്താ ച രാഹുണാ'

എന്നിങ്ങിനെ വേധഫലത്തെ മുഹൂർത്തദീപകത്തിലും പറയുന്നു. ഗുരുശുക്രന്മാരുടെ ബാല്യവാർദ്ധക്യാവസ്ഥാകാലം—അതും വിവാഹത്തിന്നു വർജ്ജ്യമാകുന്നു. അതിൻെറ വിഭാഗമെങ്ങിനെയെന്നാൽ,

'അസ്താഹാൽ പ്രാക സപ്തദിനം വാദ്ധക്യം ഗുരുശുക്രയോഃ
തയോബ്ബാല്യന്തുദയാഹാൽ പരതഃ സപ്തവാസരം
ക്രമചാരേ വിധിരയം വക്രചാരേതു വക്ഷ്യതേ
വാദ്ധക്യം പഞ്ചദിവസം ബാല്യന്തുത്രിദിനത്രയം'

അസ്താഹത്തിങ്കൽനിന്ന്—പാട്ട തുടങ്ങുന്ന ദിവസത്തിങ്കൽനിന്ന് ഏഴ ദിവസംമുമ്പെ വ്യാഴത്തിനും ശുക്രനും വാദ്ധക്യം തുടങ്ങും. പാട്ട കഴിയുന്ന ദിവസം മുതൽ എഴ ദിവസം ബാല്യവുമാകുന്നു. ഈ പറഞ്ഞതു ക്രമചാരത്തിലെ വിധിയാണ്. ഇനി വക്രചാരത്തിലെ വിധിയേയും വിവരിക്കാം. അവിടെ വാദ്ധക്യം അഞ്ചു ദിവസവും ബാല്യം മൂന്നു ദിവസവുമാകുന്നു. ഇവിടെ ബാല്യന്തുദയാഹാൽ പരതഃ പഞ്ചവാസരം എന്നും പാഠമുണ്ട്. ഈ പാഠത്തെയാണ് മുഹൂത്തഭാഷ സ്വീകരിച്ചിരിക്കുന്നത്. വക്രത്തിൽ ശുക്രനു മാത്രമേ പാട്ടുണ്ടാവുകയുള്ളൂ. ഈ പറഞ്ഞ ബാല്യവാദ്ധക്യകാലങ്ങളം വിവാഹത്തിനു വർജ്ജ്യങ്ങളുമാകുന്നു. ഇതിലെ ദിവസങ്ങളെപ്പററി പലേ അഭിപ്രായഭേദങ്ങളുമുണ്ട്. പക്ഷെ അതൊന്നും ഇവിടെ ആചാരമില്ലായ്കയാൽ വിവരിക്കുന്നില്ല. ഇവരുടെ ബാല്യവാദ്ധക്യകാലത്തെ സ്വീകരിച്ചാലുള്ള ദോഷത്തെ ഗ്രന്ഥാന്തരത്തിൽ ഇങ്ങിനെ വിവരിക്കുന്നു.

'ഉദ്വാഹേ മൃത്യുദൌ ഭത്തുർവൃദ്ധൌ ചേൽ ഗുരുഭാഗ്ഗവൌ
ബാലൌ തൌ യദി ഭാര്യായാ മൃത്യുദൌ നാത്ര സംശയഃ'

ഗുരുശുക്രന്മാർ വൃദ്ധന്മാരായിരിക്കുന്ന കാലത്തു വിവാഹം ചെയ്താൽ വരനും ബാലന്മാരായിരിക്കുന്ന കാലത്തു വേളികഴിച്ചാൽ പത്നിയും ഉടനെ മരിച്ചുപോകും. അതിനാൽ ആ കാലം അത്യന്തവർജ്ജ്യമെന്നു സാരം. ഇപ്രകാരം രാശി-കാലവിഭാഗങ്ങളെ പറഞ്ഞതിനുശേഷം ഇനി കത്തൃദോഷാദിസ്വഭാവത്തെയും വിവരിക്കുന്നു :—

വരജനിഭം—വരൻെറ ജന്മനക്ഷത്രം വർജ്ജ്യമാകുന്നു. 'കന്യാവരൌ വിവാഹേ തു' എന്നു പറഞ്ഞിരിക്കയാൽ വിവാഹത്തിൽ കന്യകയും വരനും കത്താക്കന്മാരാണെങ്കിലും വരൻെറ ജന്മനക്ഷത്രം മാത്രമേ വർജ്ജിക്കേണ്ടതുള്ളൂ എന്നു പറയുകയാൽ വരൻെറ അനുജന്മനക്ഷത്രങ്ങളോ കന്യകയുടെ ജന്മാനുജന്മനക്ഷത്രങ്ങളോ വർജ്ജിക്കേണ്ടതില്ല എന്നും ഗ്രഹിക്കണം. ഈ വിഷയത്തിൽ,

'വേളിക്കെങ്കിൽ വരൻ തൻെറ നടേത്തെ ജന്മവജ്ജയേൽ
കന്യകാജന്മനക്ഷത്രം മൂന്നും നന്നു കരഗ്രഹേ
ഇരിവക്കും നിരൂപിപ്പൂ ഗോമാസാദികളെപുനഃ

എന്നു കാലദീപകത്തിലും പറയുന്നു.

നിശാമദ്ധ്യം—അർദ്ധരാത്രിസമയം വിവാഹത്തിന്നു വർജ്ജ്യമാകുന്നു. നിത്യദോഷപ്രകരണത്തിൽ സന്ധ്യകൾ വർജ്ജ്യങ്ങളാണെന്നു പറഞ്ഞതിൽപെട്ട അർദ്ധരാത്രം വർജ്ജിക്കേണമെന്നു പറകയാൽ മററു സന്ധ്യകൾ ഗ്രാഹ്യങ്ങൾ എന്നു വരുന്നതല്ല. പിന്നെയോ, നിത്യദോഷപ്രകരണത്തിലെ അർദ്ധരാത്രസന്ധ്യ എന്നതിന്ന് രാത്രി 8–ാം യാമത്തിന്റെ പൂർവ്വാർദ്ധാവസാനത്തിലും ഉത്തരാർദ്ധാദിയിലും കൂടിയുള്ള 10 വിനാഴികാകാലമെന്നേ അർത്ഥമുള്ളു. ഇവിടത്തെ നിശാമദ്ധ്യശബ്ദത്തിന്ന് 8–ാമത്തെ മുഹൂർത്തം മുഴുവൻ എന്നു അർത്ഥമാകുന്നു എന്നും ഗ്രഹിക്കണം. ഈ വിഷയത്തിൽ,

'രാത്രൌ മുഹൂർത്തോഷ്ടമോയസ്സോപി നിന്ദ്യഃ കരഗ്രഹേ'

എന്നു ആചാരസംഗ്രഹത്തിലും പറയുന്നു.

ജന്മാസ്തഖേടങ്ങൾ—ഇവിടത്തെ ജന്മശബ്ദത്തിന്നു ചന്ദ്രലഗ്നം എന്നു അർത്ഥമാകുന്നു. ഇതു കന്യാവരന്മാർക്കു രണ്ടാൾക്കും ഒരുപോലെ ബാധിക്കുന്നതുമാകുന്നു. അപ്പോൾ കന്യാവരന്മാരുടെ ജന്മചന്ദ്രലഗ്നത്തിങ്കൽ നിന്ന്—ജനിച്ച കൂറിൽനിന്ന് ഏഴാമേടത്ത് ഏതെങ്കിലും ഗ്രഹം നില്ക്കുന്നകാലം വിവാഹത്തിന്നു വർജ്ജ്യമാകുന്നു. ഇവിടെ,

'ജന്മചന്ദ്രാൽ സ്ത്രീനരയോരസ്തേഷ്ടാ ദ്യൂനേഖിലാ ഗ്രഹാഃ
പാപാ വിശേഷതോ വർജ്ജ്യാ ഭൌമാർക്കാവതിനിന്ദിതൌ'

വിവാഹത്തിങ്കൽ സ്ത്രീപുരുഷന്മാരുടെ ജന്മചന്ദ്രലഗ്നത്തിൽനിന്നു ഏഴാമേടത്ത് എല്ലാ ഗ്രഹങ്ങളും ഇഷ്ടങ്ങളല്ല. എന്നാൽ ആ സ്ഥാനത്തിൽ പാപഗ്രഹങ്ങളാണെങ്കിൽ വിശേഷിച്ചും വർജ്ജിക്കണം. അതിലും ചൊവ്വയും ആദിത്യനും അത്യന്തം നിന്ദിതന്മാരാകുന്നു എന്നും പറഞ്ഞു കാണുന്നു. ഈ പറഞ്ഞ ക്രിയാദി—മേടംരാശി മുതലായ നിഷിദ്ധസമയങ്ങളിൽ വിവാഹംചെയ്താൽ വൈധവ്യാദിദോഷങ്ങൾ സംഭവിക്കുമെന്നും മുൻപറഞ്ഞ ഗ്രാഹ്യകാലങ്ങളിൽ, അവിടെത്തന്നെ നന്ദ—ഭദ്രാദിയോഗങ്ങൾകൂടിയുള്ള സമയം വിവാഹം ചെയ്താൽ നെടുമംഗല്യം സന്തതി സമ്പത്ത് മുതലായ ഗുണങ്ങൾ അനുഭവിക്കുവാൻ സാധിക്കുമെന്നും ഗ്രഹിക്കണം. ആ വക യോഗങ്ങളുടെ ലക്ഷണങ്ങൾ വാസിഷ്ഠനാരദീയാദികളിൽ വിവരിച്ചിട്ടുണ്ട്. ആ വക വചനങ്ങളെ ഗ്രന്ഥവിസ്തരഭയം നിമിത്തം ഇവിടെ വിവരിക്കുന്നതുമില്ല. ഇനി മുഹൂർത്തവിഷയം ആവശ്യവിജ്ഞേയങ്ങളായ ചില വിശേഷങ്ങളേയും വിവരിക്കാം. അതുകളെന്തെല്ലാമെന്നാൽ,

'ഉത്തമൌ പ്രാഹ്നപൂർവ്വാഹ്നൌ മദ്ധ്യാഹ്നോ മദ്ധ്യമഃ സ്മൃതഃ
നിന്ദ്യോപരാഹ്നസ്സായാഹ്നേ വിവർജ്ജ്യസ്സർവ്വകർമ്മസു'

എന്നു പറഞ്ഞുകാണുകയാൽ പകൽസമയം ചെയ്യുന്ന ഏതു ക്രിയയും പ്രാഹ്നപൂർവ്വാഹ്നസമയങ്ങളിൽ ചെയ്യുന്നത് ഉത്തമവും, മദ്ധ്യാഹ്ന

ത്തിൽ ചെയ്യുന്നതു മദ്ധ്യമവും, അപരാഹ്നത്തിൽ നിന്ദ്യവും സായാഹ്നത്തിൽ വൎജ്ജ്യവുമാണെന്നു സിദ്ധമായി. എന്നാൽ വിവാഹം അപരാഹ്നത്തിൽക്കൂടെ ചെയ്തുവരുന്ന നടപ്പും കാണുന്നു. ഏതു ക്രിയക്കും പ്രധാനക്രിയ മുഹൂൎത്തസമയത്തുതന്നെയായിരിക്കണം. മററു ക്രിയകൾ അതിന്റെ അംഗഭൂതങ്ങൾ മാത്രമാകയാൽ അതുകൾ മുഹൂൎത്തമില്ലാതുള്ള സമയത്തും ചെയ്യാം. എടവം രാശികൊണ്ടു വിവാഹം ചെയ്യുന്നുവെങ്കിൽ അതിന്റെ അംഗഭൂതമായ നാന്ദി പ്രതിസരംപാന മുതലായതുകൾ വിവാഹത്തിന്നു നിഷിദ്ധമായ മേടംരാശിസമയത്തും ചെയ്യാം. ഒരു ക്രിയയിൽ രണ്ടു പ്രധാനങ്ങളുണ്ടെങ്കിൽ രണ്ടും മുഹൂൎത്തംകൊണ്ടുതന്നെ ചെയ്യണം. അപ്പോൾ അതുകൾ ചെയ്യത്തക്ക സമയമുള്ള മുഹൂൎത്തമേ ശുഭമാകയുള്ളു. വേളിക്കു മംഗല്യധാരണവും പാണിഗ്രഹണവും പ്രധാനങ്ങൾ. ഉപനയനത്തിന്നു യജ്ഞോപവീരാധാരണവും ഗായത്രിഉപദേശവും പ്രധാനങ്ങൾ. മുഹൂൎത്തശബ്ദത്തിന്നു രണ്ടു നാഴിക എന്നും അൎത്ഥമുണ്ട്. അതിനാൽ പ്രധാനക്രിയകൾ (നാലു നാന്ദിചെയ്യണമെന്നു നിൎബ്ബന്ധമുള്ള ക്രിയകൾ) രണ്ടു നാഴികയിൽ കുറഞ്ഞമുഹൂൎത്തത്തിൽചെയ്യുന്നതു മദ്ധ്യമം. ഇന്നിന്ന ക്രിയകൾക്ക് ഇന്നിന്ന ഗ്രഹങ്ങൾ ഇന്നിന്ന ദിക്കിൽ നില്ക്കരുതെന്നു പറയുന്നതിനെ തീൎച്ചയായും വൎജ്ജിക്കണം. മററ് അനിഷ്ടസ്ഥാനങ്ങളിൽ ഏതെങ്കിലും ഗ്രഹം നില്ക്കുന്നുണ്ടെങ്കിൽ അതിന്നു പ്രായശ്ചിത്തദാനവും ചെയ്യണം. ഇന്നിന്ന ഗ്രഹങ്ങൾ ഇന്നിന്ന സ്ഥാനത്തു നില്ക്കുന്നതു് അനിഷ്ടമെന്നതിനെ ഗ്രന്ഥാന്തരത്തിൽ ഇങ്ങിനെ വിവരിക്കുന്നു.

'ധനകേന്ദ്രത്രികോണേഷു പാപാഃ സൌമ്യാഃ ത്രിഷഷ്ഠയോഗാഃ
സൎവ്വേ ഗ്രഹാ വ്യയേ രന്ധ്റേ ലഗ്നേൎക്കേന്ദൂച നിന്ദിതാഃ'

ധനകേന്ദ്രത്രികോണങ്ങളിൽ പാപന്മാരും ത്രിഷഷ്ഠങ്ങളിൽ സൌമ്യന്മാരും വ്യയത്തിലും രന്ധ്റത്തിലും എല്ലാ ഗ്രഹങ്ങളും ലഗ്നത്തിൽ ആദിത്യചന്ദ്രന്മാരും നിന്ദിതന്മാരാകുന്നു.

ധനമെന്നാൽ രണ്ടാമേടം. കേന്ദ്രമെന്നാൽ ലഗ്നം 'ലഗ്നാൽ പരം പണ പരം കഥയന്ത്യാപോക്ലി മമതഃ പരം' എന്ന വചനപ്രകാരം ലഗ്നാദിപ്പന്ത്രണ്ടുരാശികൾ കേന്ദ്ര—പണപര—ആപോക്ലിമസംജ്ഞയുള്ള മുമ്മൂന്നു രാശികളാകുന്ന 4 വൎഗ്ഗമാകുന്നു. അപ്പോൾ കേന്ദ്രമെന്നാൽ ലഗ്നം, നാലു, ഏഴ്, പത്ത് എന്ന രാശികളാകുന്നു. ത്രികോണം—അഞ്ച്, ഒമ്പതു് എന്ന രാശികൾ ഇവിടങ്ങളിൽ പാപന്മാർ നില്ക്കുന്നതു നിന്ദ്യമെന്നു സാരം. പക്ഷെ ലഗ്നത്തിലും ഏഴിലും പാപഗ്രഹങ്ങൾ നില്ക്കുന്ന രാശി വൎജ്ജ്യമെന്നു മുമ്പുതന്നെ പറഞ്ഞിരിക്കയാൽ ഇവിടുത്തെ കേന്ദ്രശബ്ദത്തിന്നു 4 എന്നേ അൎത്ഥം ഗ്രഹിച്ചുകൂടു. അപ്പോൾ കൎമ്മലഗ്നത്തിൽനിന്നു 2, 4, 5, 9, 10 എന്ന സ്ഥാനങ്ങളിൽ പാപികൾ നില്ക്കുന്നുണ്ടെങ്കിൽ അവക്കും, 3, 6 എന്ന സ്ഥാനങ്ങളിൽ സൌമ്യഗ്രഹങ്ങൾ നില്ക്കുന്നുണ്ടെങ്കിൽ അവക്കും, ഏതു ഗ്രഹവും 12, 8 എന്ന സ്ഥാന

ങ്ങളിലുണ്ടെങ്കിൽ അവക്കും, ലഗ്നത്തിൽ ആദിത്യനോ ചന്ദ്രനോ നില്ക്കുന്നുണ്ടെങ്കിൽ (ആദിത്യചന്ദ്രന്മാർ ഏതെല്ലാം ക്രിയകൾക്ക് കൎമ്മലഗ്നത്തിൽ വൎജ്ജ്യന്മാരാണെന്നു പറഞ്ഞിരിക്കുന്നുവോ ആ ക്രിയകളൊഴിച്ച് ബാക്കിയുള്ളേടത്ത്) അവക്കും പ്രായശ്ചിത്തം ചെയ്യണം. ഇവിടെ 'ശുക്രോസ്തേ ലഗ്നഗോവിധുഃ' എന്നും പാഠം കാണുന്നു. ആ പാഠപ്രകാരം 7-ൽ ശുക്രനും പ്രായശ്ചിത്തം ചെയ്യണം. ഇതു സിദ്ധക്കാകയാൽ മുഹൂൎത്തത്തിന്നു വൎജ്ജ്യവുമാണെല്ലൊ. ഓരോ ഗ്രഹങ്ങൾക്കുമുള്ള പ്രായശ്ചിത്തങ്ങളെന്തെല്ലാമെന്നാൽ,

'ധേനുഃ ശംഖോരുണരുചിവൃഷഃ കാഞ്ചനം പീതവസ്ത്രം
ശ്വേതശ്ചാശ്വഃ സുരഭിരസിതാ കൃഷ്ണലോഹം മഹാജഃ
സൂൎയ്യാദീനാം മുനിഭിരുദിതാ ദക്ഷിണാ സ്യുൎഗ്രഹാണാം
ഹോമൈൎദ്ദാനൈ സ്തവനബലിഭിസ്തേത്ര തുഷ്യന്തി യസ്മാൽ'

അനിഷ്ടസ്ഥാനങ്ങളിൽ നില്ക്കുന്ന സൂൎയ്യാദിഗ്രഹങ്ങൾക്ക് (ഈ വിഷയത്തിൽ കേതുവിനേയും ഗണിക്കും. അപ്പോൾ അതു പാപിയുമാണ്) ക്രമത്തിൽ ധേനു മുതലായവയാണ് ദക്ഷിണാദ്രവ്യങ്ങളെന്നാണ് ഋഷീശ്വരന്മാരുടെ മതം. അപ്പോൾ ആദിത്യന്നു കപിലഗോവ്, ചന്ദ്രന്നു ശംഖ്, ചൊവ്വക്കു ചുകന്നകാള, ബുധന്നു സ്വൎണ്ണം, വ്യാഴത്തിന്നു പീതാംബരം, ശുക്രന്നു വെളുത്ത കുതിര, ശനിക്ക് കറുത്ത പശു, രാഹുവിന്നു കാരിരുമ്പ്, കേതുവിന്ന് മുട്ടാട് എന്നിതുകളാകുന്നു എന്നും ഗ്രഹിക്കണം. ഇതിന്നും പുറമെ ശാന്തിഹോമം പ്രത്യക്ഷപശുദ്ദാനാദിദാനം സ്തുതി എന്നിതുകളും ചെയ്തുകൊണ്ടാൽ അനിഷ്ടസ്ഥന്മാരായ ഗ്രഹങ്ങളും ഇഷ്ടസ്ഥന്മാരെപോലെ ശുഭഫലപ്രദന്മാരായിത്തീരും. ഇഷ്ടഗ്രഹസ്ഥിതിയെക്കുറിച്ചു മാധവീയത്തിൽ,

'സൌമ്യാഃ കേന്ദ്രത്രികോണേഷു പാപാഃ ക്ഷത സഹോത്ഥയോഃ
ഏകാദശ സ്ഥിതാസ്സൎവ്വേ ശുഭദാശ്ശുഭകൎമ്മസു'

ശുഭന്മാർ 1 (ലഗ്നം), 4. 5, 7, 9, 10 എന്ന സ്ഥാനങ്ങളിലും, പാപന്മാർ 6, 3 എന്ന ഭാവങ്ങളിലും, 11-ൽ എല്ലാഗ്രഹങ്ങളും നില്ക്കുന്നതു ഏതു ശുഭകൎമ്മത്തിന്നും ശുഭമാകുന്നു എന്നും പറയുന്നു. ഈ കലികാലത്തിൽ സൎവ്വഗുണയുക്തമായ ഉത്തമകാലം ഒത്തുകിട്ടുകയില്ല. അതു നിമിത്തം ഗുണാധിക്യവും ന്യൂനദോഷവുമായ കാലം ഉത്തമമായും, ഗുണദോഷങ്ങൾക്കു സാമ്യമുള്ളതു മദ്ധ്യമമായും, ദോഷാധിക്യവും ഗുണന്യൂനതയുമുള്ള കാലം അധമമായും, നിഷിദ്ധങ്ങളായ ദോഷങ്ങളുള്ളകാലം വൎജ്ജ്യമായുമാണ് സ്വീകരിച്ചുവരുന്നത്. ഇതിൽ നിഷിദ്ധകാലം ഒരിക്കലും സ്വീകരിച്ചുപോകരുത്. കാലനിൎണ്ണയം ചെയ്ത ചില ക്രിയകൾക്കു നിഷേധിച്ചു പറഞ്ഞ മാസാദികളായിവന്നാൽ ആ വിഷയത്തിൽ അതാതു കാലത്തെ വിധായകവിധിപോലെ ആചരിക്കുകയും വേണം.

അതാതിന്നു വിധിച്ച കാലം എല്ലാ കർമ്മത്തിന്നും പ്രധാനമാകുന്നു. ആ വിധികാലത്തിൽ മദ്ധ്യമമുഹൂർത്തവും കൊള്ളാം. അത് കാലബലംകൊണ്ട് അകാലത്തിലെ ഉത്തമമുഹൂർത്തഫലപ്രദമായിരിക്കുകയും ചെയ്യും. ഏതെല്ലാം ക്രിയക്ക് ഏതെല്ലാം നക്ഷത്രാദികൾ വർജ്ജ്യങ്ങളാണെന്നു പറയുന്നുവോ അതുകളുടെ യോഗത്തിലോ വിധിപരത്തിലോ—അതാതുകൾക്കു വിധിച്ച സമയത്തിൻെറ അടുത്തു പിന്നെത്തെകാലം (നാലാംദിവസം സേകം അതിന്ന് അഞ്ചാംദിവസം, നാലാംമാസത്തിൽ സീമന്തം, അതിന്ന് അഞ്ചാംമാസം മൂന്നാംവയസ്സിലോ അഞ്ചാംവയസ്സിലോ ചൌളം ചെയ്യണം. അതിന്ന് നാലും ആറും വയസ്സുകൾ) വിധിപരമാകുന്നു. ആ കാലത്തിലോ അതാതു ക്രിയകൾ ചെയ്തുപോയാൽ അതുകൾ ആവർത്തിക്കുകയും വേണം. ഈ വിഷയത്തിൽ

'വിധിച്ചകാലം പെരികെ പ്രധാനം സർവ്വകർമ്മണാം
അന്നുമദ്ധ്യമമായുള്ള മുഹൂർത്തമപികൊൾവിത്
വർജ്ജിച്ച രാശിനാൾപക്കമിവററിൽ ചെയ്തുവെങ്കിലും
സൌരാദി കാലമാനങ്ങളെല്ലാം കൊണ്ടും വിധേഃ പരം
വരുന്നകാലം ചെയ്താലും ക്രിയയ്ക്കാവർത്തനം ചരേൽ
മററുള്ളദോഷങ്ങൾക്കെല്ലാം പ്രായശ്ചിത്തമതേമതി'

എന്നു കാലദീപകത്തിലും പറയുന്നു. എന്നാൽ രാശി മാറിപ്പോയാൽ ആവർത്തിക്കേണമെന്നില്ല എന്ന് ഒരു പക്ഷമുണ്ടെന്നു വരദീപികയും മുഹൂർത്തഭാഷയും പറയുന്നു. അതിന്ന് ആചാരസംഗ്രഹവും അനുവദിക്കുന്നു. വിവാഹം ആവർത്തിക്കുകയാണെങ്കിൽ അവിടെ മുഹൂർത്തം നോക്കേണ്ടതില്ല. ആശ്വലായനൻ ഭാര്യയുള്ളപ്പോൾ പിന്നെയും വിവാഹം ചെയ്യുന്നതായാൽ ദാക്ഷാസ്ഥാനത്തിന്നുമുമ്പെ സ്ഥാലീപാകം തുടങ്ങുന്ന ദിവസം വരാതേകണ്ടു മുഹൂർത്തം വിധിക്കണമെന്നാണ് മുഹൂർത്തഭാഷ പറയുന്നത്.

## സേകം.

സേകം ചതുർത്ഥ്യാം നിശി നോത്തരസ്യാം
മഖാസുരാന്നർക്ഷസിതേക്ഷണം സൽ
ന സ്ത്രീ ദ്വിജന്മത്രിതയാധിമാസ-
ത്രയാണി രാകാഹരിവാസരൌ ച.

ഇപ്രകാരം വിവാഹമുഹൂർത്തത്തെ പറഞ്ഞതിനുശേഷം തദനന്തരകരണീയമായ സേകത്തിൻെറ മുഹൂർത്തത്തെ വിവരിക്കുന്നു:—സേകം നാലാം ദിവസം രാത്രിയിലാണ് ചെയ്യേണ്ടത്. അഞ്ചാംദിവസം രാത്രിയിൽ ചെയ്യരുത്. സേകത്തിന്നു മഖാസുരാന്നർക്ഷസിതേക്ഷണം നല്ലതാകുന്നു. അതിന്ന് സ്ത്രീയും—കന്നിരാശിയും ദ്വിജന്മത്രിയാധി മാസത്രയങ്ങളും രാകാഹ

രിവാസരങ്ങളും വർജ്ജ്യങ്ങളുമാകുന്നു ഇതുകളെ ക്രമത്തിൽ വിവരിക്കുന്നു ഇവിടെ നാലാംദിവസമെന്നു പറഞ്ഞതു ദീക്ഷ വിരിച്ചിട്ട നാലാംദിവസമാകുന്നു. വിവാഹം ചെയ്തതിൻെറ നാലാംദിവസമല്ല. സേകമെന്നാൽ വരൻ പത്നിയെ പ്രാപിക്കുക എന്നതാണെല്ലോ. അതിന്ന് "സോമഃ പ്രഥമോ വിവിദേ" ഇത്യാദി ശ്രുതിപ്രകാരം ആ കാലത്തിൻെറ അവസാനവും ദീക്ഷ വിരിച്ച ദിവസംതുടങ്ങി നാലാംദിവസമാകയാൽ അന്നു മാത്രമേ വരൻ അധികാരിയാവുകയുള്ളൂ. അതാണ് 'ദീക്ഷ വിരിച്ചിട്ട നാലാം തിങ്ങളിലുത്തമ'മെന്നു പറഞ്ഞിരിക്കുന്നത്.

'ദീക്ഷാരംഭാന്നിഷേകസ്യചതുൎത്ഥരജനീ ശുഭാ'

എന്നു പ്രമാണാന്തരവുമുണ്ട്. 'നിശി'എന്നു പ്രത്യേകം പറയുകയാൽ ഇതു പകൽസമയം ചെയ്യരുതെന്നു സാരം. വിവാഹം പകലും രാത്രിയിലും ചെയ്യാമെങ്കിലും സേകം രാത്രിമാത്രമേ ചെയ്തുകൂടൂ. നാലാംദിവസമെന്നുംരാത്രി എന്നും പറഞ്ഞിരിക്കയാൽ ദീക്ഷ വിരിച്ചിട്ട് 1-ം 2-ം 3-ം ദിവസങ്ങളിലും ഏതുദിവസവും പകലും അരുതെന്നും സിദ്ധം. അഞ്ചാംദിവസം വിധിപരമാകയാൽ അന്നും സേകംചെയ്യരുത്. ഇതിന്നു മകം, മൂലം, ചേരണിന്നു പറയുന്ന ഊൺനാളുകളെന്ന 16 നാളുകളും നന്ന്. അപ്പോൾ ഈ 16 നാളുകളൊഴിച്ച് ബാക്കി 9 നാളുകൾകൊണ്ടു സേകം നിന്ദ്യമെന്നും ഗ്രഹിക്കണം. ശുക്രദൃഷ്ടിയുള്ള രാശിയും സേകത്തിന്നു വിരോധമില്ല. ഇതു നിത്യദോഷവിധിയിൽ വർജ്യമായി പറഞ്ഞതാണെങ്കിലും സേകത്തിന്നു നന്ന് എന്നു വിവേകം. ഊൺ നാളുകളുടെ വിവരണം ബാലാന്നമുഹൂത്തപ്രകരണത്തിൽ വിവരിക്കുകയും ചെയ്യും. ചന്ദ്രോദയം എല്ലാ ശുഭകൎമ്മങ്ങൾക്കും നിന്ദ്യമാണെന്നാണ് മുമ്പു പറഞ്ഞിരിക്കുന്നത്. അതും ഇവിടെ ശുഭമാണെന്ന് ഒരു പക്ഷമുണ്ട്.

'ലഗ്നേ ചന്ദ്രശ്ശുഭോമതഃ തഥാ സപ്തമഗശ്ശുക്രഃ'

എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. ഇനി സേകത്തിന്നു വർജ്യങ്ങളായിട്ടുള്ളതുകളെ വിവരിക്കുന്നു:—

കന്നിരാശി സേകത്തിന്നു വർജ്യമാകുന്നു. അപ്പോൾ മററ് 11 രാശകളും കൊള്ളാം. 'ശസ്തം മൂലമഘാന്നർക്ഷം കന്യാരാശിം വിവജ്ജയേൽ എന്നു പറഞ്ഞുകാണുന്നു.

ദ്വിജന്മത്രിതയം—ഭാൎയ്യാഭൎത്താക്കന്മാർ രണ്ടാളുടേയും ജന്മനക്ഷത്രങ്ങളും അനുജന്മനക്ഷത്രങ്ങളും സേകത്തിനു വർജ്യങ്ങളാകുന്നു. ഇതുകൾ കർത്തൃദോഷങ്ങളുടെ കൂട്ടത്തിൽ പറഞ്ഞവയാണെങ്കിലും വിവാഹത്തിന്നു വരജനിഭം മാത്രമേ വർജ്ജിക്കേണ്ടതുള്ളൂ എന്നു വിധിച്ചിരിക്കയാൽ ഇവിടെ പ്രത്യേകം പറഞ്ഞതാകുന്നു.

അധിമാസത്രയങ്ങൾ—അധിമാസം, സംസപ്പം, അംഹസ്പതി എന്ന മൂന്ന് അധിമാസവും സേകത്തിന്നു വർജ്യങ്ങളാകുന്നു. ഇവിടെ

മദ്ധ്യാധിമാസത്തേയും ഗ്രഹിക്കണം. അധിമാസങ്ങാം ഷാംദോഷങ്ങളിൽ പെട്ടവയും അതുകാം ദിനമാസകാര്യങ്ങളിൽനിന്ന് ഇതരങ്ങളായ കർമ്മങ്ങളിൽ വർജ്ജ്യങ്ങളുമാണ് എന്നാണെല്ലോ പറഞ്ഞിരിക്കുന്നതു. സേകം ദീക്ഷവിരിച്ചിട്ട് നാലാം ദിവസം ചെയ്യേണ്ടതാണെന്നു പറഞ്ഞപ്പോാം അതു ദിനകാര്യവുമാണ്. അന്നു വർജ്യദിവസമായിരുന്നാൽ 5-ാം ദിവസം ഒഴിച്ചു ബാക്കി ദിവസങ്ങളിൽ ചെയ്യുമെന്നു വരുമ്പോാം അതു ദിനകാര്യംതന്നെ. ഇവിടെയും അധിമാസത്തെ കൂടെ വർജ്ജിക്കുകയും വേണം. ഈ വിഷയത്തിൽ,

'സേകന്തു ഷണ്ണാം ദോഷാണാമധിമാസേ ന കാരയേൽ
അന്യത്രാപദി കുർവ്വിത പൌർണ്ണമാസിഞ്ച വർജയേൽ'

എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു.

രാകാഹരിവാസരങ്ങാം—രാക, വെളുത്ത വാവ്. വെളുത്ത വാവിൻെറ പൂർവ്വാർദ്ധം വിഷ്ടിയും അതു വർജ്യവുമാകയാൽ ഇവിടുത്തെ രാകാശബ്ദത്തിന്നു രാകോത്തരാർദ്ധമെന്നേ അർത്ഥം ഗ്രഹിക്കേണ്ടതുള്ളൂ.

ഹരിവാസരം—ഏകാദശിയുടെ 4-ം ദ്വാദശിയുടെ 1-ം പാദങ്ങാം കൂടിയസമയം.

'ദ്വാദശ്യാഃ പ്രഥമോ യോംശ ഏകാദശ്യാശ്ച യോന്തിമഃ
ഹരിവാസരസംജ്ഞോയം കാലോന്നേതീവ വർജിതഃ'

ദ്വാദശിയുടെ ആദ്യപാദവും ഏകാദശിയുടെ അന്ത്യപാദവും കൂടിയ സമയമായ അംശകദ്വയകാലം ഹരിവാസരമെന്ന പേരോടുകൂടിയതാകുന്നു. അത് ചോറൂണിന്നു അത്യന്തവർജ്ജനിയവുമാണ് എന്നാകുന്നു ആചാരസംഗ്രഹത്തിൽ പറയുന്നത്. അപ്പോാം രാകാഹരിവാസരങ്ങളും സേകത്തിന്നു വർജ്ജ്യങ്ങളെന്നു സാരം എന്നു ശ്ലോകാർത്ഥം. ഹരിവാസരമെന്നതിന്നു ഏകാദശി എന്നും ചിലർ പറയുന്നു. ഏകാദശീവ്രതം ഉള്ള ദിവസംസേകം നിഷിദ്ധമെന്നു സാരം. ഏകാദശീവ്രതം ഇവിടെ ഭൂരിപക്ഷമെന്നും, ആനന്ദിപക്ഷം രണ്ടുതരത്തിലാകുന്നു. ആ ഭേദമെങ്ങിനെ എന്നാൽ,

'സൂര്യോദയോ ഭൂരിമതേ ദിനാദി സ്സസ്മാച്ചതസ്രോംഘടികാഃ
പുരേതി
ആനന്ദിനഃ സ്വാസ്വദിനേഷു യസ്മിൻ രുദ്രാക്തിഥ്യോർ
ഭവതീഹ സന്ധിഃ
ഏകാദശീ തത്ര ഭവേദുപോഷ്യാ കിന്ത്വഹ്നി തസ്മിൻ
ദശമീ യദിസ്യാൽ
ന തദ്ദിനേ തത്ര പരേഹ്ന്യുപോഷ്യേത്യാനന്ദിപക്ഷസ്യ
വിശേഷ ഏഷഃ'

എന്നും പറഞ്ഞു കാണുന്നു. എന്നാൽ യാതൊരു മുഹൂൎത്തശാസ്ത്ര ത്തിലും ഹരിവാസരസമയമല്ലാതെ ഏകാദശിസേകത്തിന്നു വൎജ്ജ്യമാ ണെന്നു പറഞ്ഞു കാണുന്നില്ല. മുൻശ്ലോകത്തിൽ 'ഇഷ്ടാകൃഷ്ണാഷ്ടമീ' എന്ന തിനെ വ്യാഖ്യാനിച്ച വിഷയത്തിൽ വരദീപിക 'കൃഷ്ണാഷ്ടമ്യം വിവാഹേ കൃതേ ചതുൎത്ഥദിനേ കൃഷ്ണൈകാദശീ ഭവതി തത്ര നിഷേകം മുഖ്യമിത്യാദി പ്രായേണ വിവാഹേ കൃഷ്ണാഷ്ടമീ ഗ്രാഹ്യേത്യുക്തം' എന്നും പറഞ്ഞിരി ക്കുന്നു. അതിനാൽ ഹരിവാസരകാലം മാത്രമേ വൎജ്ജിക്കേണ്ടതുള്ളു. ഏകാദശിവ്രതദിവസം വൎജ്ജിക്കുന്നതും നല്ലതാണ്. ഇതിലെ 'രാകാ ഹരിവാസരൌ ച' എന്നതിലെ 'ച' ശബ്ദംകൊണ്ട് ശ്രാദ്ധമൂട്ടുന്ന ദിവസം, ശ്രാദ്ധമൂട്ടുന്നതിൻെറ തലേ ദിവസം, സ്ഥാലീപാകം ചെയ്യുന്ന തിൻെറ തലേ ദിവസം, അഷ്ടകാകാലം, അഷ്ടകാശ്രാദ്ധദിവസം സംക്രാ ന്ത്യാദി പുണ്യകാലങ്ങൾ എന്നിതുകളേയാണ് മൂലകാരൻ സംഗ്രഹിച്ചിരി ക്കുന്നത്. മൂലകാരൻ ഇതുകളെ ഇങ്ങിനെ സംഗ്രഹിച്ചുപറഞ്ഞിരിക്കുക യാണെങ്കിലും അതുകളുടെ വിവരത്തെക്കൂടെ ക്രമത്തിൽ വിവരിക്കുകയും ചെയ്യാം.

### ശ്രാദ്ധദിനപ്രമാണം:—

'സായം ദശാംശേ തു ഗതേതിഥിൎയ്യാഃ
ശ്രാദ്ധം തദഹ്ന്യേവ ന ചേൽ പരേദ്യുഃ
ദ്വേ ചേൽ തദാദ്യം മൃതമാസ്യ ഭാവേ
തൽപൂൎവ്വമാസാന്ത്യഗമേവ കാൎയ്യം'

ഏതെങ്കിലും ഒരു നാളോ പക്കമോ ആദിത്യൻ അസ്തമിക്കുന്നതി ൻെറ 6 നാഴികമുമ്പെ തുടങ്ങുമെങ്കിൽ ആ പക്കംകൊണ്ടോ നാളുകൊ ണ്ടോ ഊട്ടേണ്ടതായ ശ്രാദ്ധം അന്നാണ് ഊട്ടേണ്ടത്. അസ്തമനത്തിന്നു 6 നാഴികമുമ്പെ തുടങ്ങുന്നില്ലെങ്കിൽ ആ ശ്രാദ്ധം പിറേറ ദിവസം ഊട്ടു കയും വേണം. ശ്രാദ്ധമൂട്ടേണ്ടതായ നാളോ തിഥിയോ ഒരു സൌരമാസ ത്തിൽ രണ്ടു പ്രാവശ്യം വന്നാൽ ആദ്യം വന്ന ദിവസമാണ് ശ്രാദ്ധം. ഒരു സൌരമാസത്തിൽ ശ്രാദ്ധതിഥിനക്ഷത്രങ്ങൾ വന്നില്ല എങ്കിൽ അതിൻെറ മുമ്പിലത്തെ മാസത്തിൽ അവസാനം വരുന്ന ആ തിഥിനക്ഷ ത്രങ്ങളിൽ ഊട്ടികൊൾകയും വേണം. ഈ 6 നാഴിക എന്നു പറഞ്ഞത് അസ്തമനംകൊണ്ടുമാണ്. ഇതാണ് ശ്രാദ്ധത്തിൻെറ സാമാന്യ വിധി. ഒരാൾ മരിച്ചാൽ ഷോഡശ ശ്രാദ്ധമൂട്ടണം. അത്—ഏകാദശപിണ്ഡം മാസംതോറം മരിച്ച പക്കമോ നാളോ വരുന്ന ദിവസം 12 മാസങ്ങളും 'കവിഃ, കഥയ, തന്വംഗി' 41, 171, 346 എന്ന ദിവസങ്ങ ളിൽ— 1-ാം മാസം കഴിഞ്ഞതിന്നുശേഷം മരിച്ച ആഴ്ചയുടെ 6-ാം ആഴ്ചയും 5-ാം മാസവും എട്ടപ്പക്കവും കഴിഞ്ഞു മരിച്ച ആഴ്ചയുടെ 3-ാം ആഴ്ചയും, 10-ാംമാസവും എട്ടപ്പക്കവും കഴിഞ്ഞാൽ മരിച്ച ആഴ്ച യുടെ 3-ാംആഴ്ചയും കൂടി 3 മാസവുംകൂടിയാകുന്നു. 12-ാംദിവസമോ

11-ാംദിവസമോ 12-ാംമാസത്തുന്നാളോ സപിണ്ഡിയും ചെയ്യാം. അതുകുതലമെന്നേടത്തോളം പിണ്ഡങ്ങളും വെച്ചുചെയ്യുകയും വേണം. ഇങ്ങിനെയാണ് സാമാന്യമായ ശ്രാദ്ധവിധി. ഇനി ഈ വിഷയത്തിൽ വാല്യൂട്ടുക മുതലായ പലേ ഭേദങ്ങളുമുണ്ട്. അതെല്ലാം ശ്രാദ്ധനിൎണ്ണയ ഗ്രന്ഥം നോക്കി അറിയുകയും വേണം. എന്നാൽ സാമാന്യവിധിക്കു തന്നെ ഗ്രാമാചാരഭേദമുണ്ടെന്നും അതിന്നപ്രകാരമാണെന്നും ഭാഷയിൽ വിവരിച്ചിരിക്കയാൽ ആ ഭാഗം ഇവിടെയും പറയാം. 'ആലത്തൂരും അച്ചിപ്രയും പക്ഷത്തിന്നു ഭേദമുണ്ട്. അത് പറയാം (അന്നത്തെ വാക്യാന്തരവും പിറ്റേന്നാളത്തെ വാക്യാന്തരവും തമ്മിൽകൂട്ടി അൎദ്ധിച്ചു രണ്ടെടത്തുവെച്ചു, ഒന്നിനെ (നരലൊക)മായി അന്തരിച്ചതു ഗുണകാരം; നരലോകം ഏറിയാൽ ധനം. കുറഞ്ഞാൽ ഋണം. ധനമായാൽ 'വരരയ' എന്ന ഇലി ആദിയായിവെച്ച് ഗുണകാരംകൊണ്ട് ഗുണിച്ച് മുമ്പിൽവെച്ചിരിക്കുന്നതുകൊണ്ട് ഹരിച്ചാൽ രാശിവരും. ശിഷ്ടംകൊണ്ടു ചോരണാക്കി ഏഴ് ഇലിവെച്ച് അതിൻെറ ചോട്ടിൽ കൂട്ടി അന്നത്തെ വാക്യാന്തരംകൊണ്ടു ഗുണിച്ചു. രണ്ടിനെകൊണ്ട് ഹരിച്ചാൽ തിയ്യതിവരും. ശിഷ്ടംകൊണ്ട് ഇലിയും വിലിയും ഉണ്ടാക്കി അതിനോളം അസ്തമനം കണ്ടാൽ ഉണ്ടെങ്കിൽ അന്നു ശ്രാദ്ധമൂട്ടണം. കുറവാണെങ്കിൽ പിറ്റേന്നാം ഊട്ടണം. ഋണമാണെങ്കിൽ ചരാൎദ്ധായനഃ എന്നതിനെ ഗുണിക്കേണമെന്നും. ഏഴ് ഇലിയിൽ കളയണമെന്നും ഭേദം. പിന്നെ പക്കമൊണെങ്കിൽ അന്നത്തെ വാക്യാന്തരവും പിറ്റേന്നാളത്തെ വാക്യാന്തരവും കൂട്ടി അൎദ്ധിച്ചാൽ അതിൽ ആദിത്യൻെറ ഗതി കളയേണമെന്നും. ജ്ഞാനപ്രിയനമായി അന്തരിക്കേണമെന്നും ധനമായാൽ രാമാൎക്കനെയും ഋണമായാൽ ജ്ഞാനലയനെയും വച്ചു ഗുണിക്കേണമെന്നും അന്നത്തെ വാക്യാന്തരത്തിൽ ആദിത്യൻെറ ഗതി കളഞ്ഞതിനെ ഗുണിച്ചിട്ട് നന്ദനെകൊണ്ടു ഹരിക്കേണമെന്നും ഭേദം. മറ്റെല്ലാം മുമ്പിലത്തെപോലെതന്നെ. എല്ലാവൎക്കും അപരാഹ്നത്തിന്നുമുമ്പെ സംക്രാന്തിയായാൽ അന്നു പിന്നെത്തെ മാസത്തിലെ ശ്രാദ്ധമൂട്ടണം. സംക്രാന്തി അപരാഹ്നത്തിന്നു തട്ടിയാൽ പിറ്റേന്നാം വേണം. രണ്ടു ദിവസവും അപരാഹ്നത്തിന്നു തട്ടുന്ന നാളും അസ്തമനം കണ്ടാൽ 80 ഇലി കഴിഞ്ഞ നാളും ശ്രാദ്ധം ഊട്ടണം. അപരാഹ്നത്തിന്നു തട്ടുമോ എന്ന് അറിയുവാൻ തല്ക്കാലിക്കണം. അപരാഹ്നത്തിന്നു തട്ടുന്ന നാരം തലേന്നാം ഊട്ടുവാൻമാത്രം ഉണ്ടെന്നുവരികിൽ ഊട്ടേണ്ടാ എന്നു ഒരുപക്ഷം. തലേന്നാം ഊട്ടുവാൻമാത്രം ഉള്ള നാളിന്നു വാല് എന്നു പറഞ്ഞുവരുന്നു. അപരാഹ്നത്തിന്നു തട്ടുന്നേടത്തും ആലത്തൂർ പക്ഷത്തിന്നു ഭേദമില്ല. 14 ഊട്ടേണ്ട ദിവസം വാവ് ഊട്ടേണ്ടുന്ന ദിവസത്തിൻെറ തലേന്നാളും ശ്രാദ്ധങ്ങൾ ഒന്നും അരുത് എന്നു ഒരുപക്ഷം. ഇവിടെ വാവ് ഊട്ടുകയും പതിന്നാല് ഊട്ടുകയും ഒരു ദിവസമാണെങ്കിൽ അന്നു മാത്രമെ ഊട്ടരുതായ്കയുള്ളു. തലേന്നാം ഊട്ടാം. ഈ പക്ഷം പെരുമനം ഗ്രാമത്തിലും അച്ചിപ്പുറയും ആചാരമുണ്ട്.' ഇതേവിധം അവനവൻ ഊട്ടേ

ണ്ടതായ ശ്രാദ്ധദിവസവും അതിൻെറ തലേദിവസവും സേകത്തിന്നു വർജ്ജ്യമാകുന്നു. ഭാര്യക്കു ശ്രാദ്ധമൂട്ടുവാനുള്ള ദിവസവും തലേനാളും നിഷേകം ചെയ്തുകൂട എന്നും ഗ്രഹിക്കണം.

സ്ഥാലീപാകം—അസ്തമനം കണ്ടാൽ 45 ഇലി പ്രതിപദം ഉള്ള ദിവസം സ്ഥാലീപാകം ചെയ്യണം. ഇഷ്ടിയും ഇതേവിധംതന്നെ. ഇഷ്ടിക്ക് 42 ഇലി ഉണ്ടായാലും മതി എന്നും ഒരു പക്ഷമുണ്ട്. അപ്പോൾ സ്ഥാലീപാകദിവസത്തിൻെറയും ഇഷ്ടിയുടേയും തലേദിവസം സേകം വർജ്ജ്യമാകുന്നു. തലേദിവസം എന്നു പറയുകയാൽ സ്ഥാലീപാകവും ഇഷ്ടിയും ചെയ്യുന്ന ദിവസം സേകം ചെയ്യാമെന്നും സിദ്ധം. സ്ഥാലീപാകവും സേകവും ഒരു ദിവസം ചെയ്യുന്നതായാൽ സ്ഥാലീപാകത്തിൻെറ നാന്ദീമുഖം തലേദിവസം ചെയ്യുകയും വേണം. അതു നാലാം ദിവസമാണെങ്കിൽ നാന്ദി, അന്നുതന്നെ ചെയ്യുകയുമാം. ഇങ്ങിനെയാണ് ആചാരം. ദിനപ്രമാണത്തെ എട്ടാക്കി അംശിച്ചാൽ ഒടുവിലത്തെ അംശത്തിന്നുമുമ്പെ വാവു കഴിയുന്ന ദിവസം സ്ഥാലീപാകം വേണമെന്നും ഒടുവിലത്തെ അംശം തുടങ്ങീട്ടാണ് വാവു കഴിയുന്നതെങ്കിൽ പിറെറന്നാൾ വേണമെന്നും ഒരു പക്ഷമുണ്ട്. അധിമാസങ്ങൾ എല്ലാം വർജ്ജിക്കണം.

'യദഹന്യസ്തമനാൽ പൂർവ്വം ദൃശ്യതേ, പ്രതിപൽകലാഃ
ശരവേദമിതാഃ തസ്മിൻ സ്ഥാലീപാകം കരോത്വിഹ'

എന്നു ഗ്രന്ഥാന്തരത്തിലും കാണുന്നു. വെളുത്ത വാവിൻെറ സന്ധിയിലാണ് സ്ഥാലീപാകം തുടങ്ങേണ്ടത്. സന്ധി എന്നാൽ പൌൎണ്ണമാസിയുടെ നാലാം കാലും പ്രതിപദത്തിൻെറ ആദ്യത്തെ മൂന്നു പാദവും എന്ന് അർത്ഥമാകുന്നു. ബൌധായനൻ ദശമേഹനി കഴിഞ്ഞാൽ പിന്നെ വരുന്ന പൌൎണ്ണമാസിയുടെ സന്ധിയിൽ സ്ഥാലീപാകം തുടങ്ങുന്നു. വാധൂലകനും സാമവേദിയും സേകം കഴിഞ്ഞാൽ തുടങ്ങുന്നു. കൌഷീതകന്നു ദീക്ഷകഴിഞ്ഞാൽ തുടങ്ങാം. ആശ്വലായനന്ന് ഒരു ഔപാസനം കഴിഞ്ഞാൽ പൌൎണ്ണമാസിസന്ധിവന്നാൽ തുടങ്ങാം. വാവിൻെറ നാലാം കാലിന്നു മുമ്പോ പ്രതിപദത്തിൻെറ നാലാം കാലിലോ ചെയ്തുപോയാൽ ആവർത്തിക്കണം. പത്നിക്കു പുലയോ തീണ്ടാരിയോ ആയിരുന്നാൽ സ്ഥാലീപാകം തുടങ്ങരുത്, അവസാനിപ്പിക്കാം. ഭർത്താവിന്നു പുലയായാൽ രണ്ടും മുടങ്ങും. ഈ വിഷയത്തിൽ,

'സ്ഥാലീപാകമുപക്രമേദശുചിതാ
നോ ചേൽ ദ്വയോഃ സ്വാമിനോഃ'

എന്നു പ്രഥമസ്ഥാലീപാകത്തെക്കുറിച്ചും,

'പത്ന്യാസ്തുബാന്ധവാശൌചേ രജോ നിർഗ്ഗമനേപി ച
ദർശാദയോ ന വർജ്ജ്യാഃ സ്യുർമ്മലമാസത്രയേ തഥാ'

എന്നു ദ്വിതീയാസ്ഥാലീപാകാദിയെക്കുറിച്ചും ഗ്രന്ഥാന്തരങ്ങളിൽ

പറഞ്ഞു കാണുന്നതുമുണ്ട്. അപ്പോൾ സ്ഥാലീപാകത്തിന്റെ തലേദിവസം സേകം വർജ്ജ്യമെന്നും ഗ്രഹിക്കണം.

അഷ്ടകാകാലം - മാഘമാസത്തിലും പ്രോഷ്ഠപാദമാസത്തിലും കറുത്ത പക്ഷത്തിൽ ഷഷ്ഠിമുതൽ വാവുകൂടിയുള്ള 10 പക്കങ്ങൾ അഷ്ടകാകാലമാകുന്നു.

'മാഘേ ച പ്രോഷ്ഠപാദേ ച കൃഷ്ണപക്ഷേ ദ്വയോരപി
ദശ ഷഷ്ഠ്യാദി തിഥയസ്ത്വഷ്ടകാദിവസാഃ സ്മൃതാഃ'
'അഷ്ടകാദിവസാവർജ്ജ്യാഃ സേകശ്രാദ്ധദിനാനി ച'

എന്നും പറഞ്ഞുകാണുന്നു. ആ കാലം സേകത്തിന്നു വർജ്ജ്യമാകുന്നു.

അഷ്ടകാശ്രാദ്ധകാലം—അഷ്ടകാശ്രാദ്ധമൂട്ടുന്ന ദിവസം ചരണഭേദം നിമിത്തം അത് ഓരോരുത്തൎക്കും പ്രത്യേകം പ്രത്യേകമായിരിക്കും. അതിനെ ഗ്രന്ഥാന്തരത്തിൽ ഇങ്ങിനെ വിവരിച്ചിരിക്കുന്നു:

'മാഘേ ച പ്രോഷ്ഠപാദേ ച മലമാസവിവർജ്ജിതേ.
കൃഷ്ണപക്ഷേഷ്ടകാശ്രാദ്ധം ഗൃഹസ്ഥാനാം വിധീയതേ.
മാഘമാസേ കൃഷ്ണപക്ഷേ സപ്തമ്യാദിതിഥിത്രയേ.
ഭാദ്രേ കൃഷ്ണത്രയോദശ്യാം തൽ കരോത്യാശ്വലായനാഃ
പൌഷേ മാഘേ ഫാൽഗുനേ ച തഥാ പ്രോഷ്ഠപദേപി ച
കൃഷ്ണാഷ്ടമീഷ്വഷ്ടകാസ്യുരീതി കൌഷീതകൈർമ്മതം
കൃഷ്ണാഷ്ടമ്യാം മാഘമാസേ ക്രിയതേ തദ്യജുർവ്വിദഃ
പ്രോഷ്ഠപാദേ കൃഷ്ണപക്ഷേ ത്രയോദശ്യാം തഥൈവ ച
കൃഷ്ണാഷ്ടമ്യാം സാമഗാനാം പൌഷഫാൽഗുനയോസ്തു തൽ

ഇപ്രകാരമാകുന്നു അഷ്ടകാശ്രാദ്ധദിവസങ്ങൾ. അഷ്ടക ഊട്ടുവാനുള്ള തിഥിയുടെ വ്യാപ്തിയെയും വിവരിക്കുന്നു.

'ശ്രാദ്ധേഷ്ടകാഖ്യേ തിഥയഃ പ്രശസ്താ
മദ്ധ്യാഹ്നകവ്യാപ്ത്യധികാസ്സമതേ
ദ്വേഃയപി നോ ചേദപി പൂർവ്വവാരേ
യജുർവ്വിദാം ശ്രാദ്ധവദേവതത്രാ

അഷ്ടകാശ്രാദ്ധമൂട്ടുവാൻ അതാതു തിഥിയുള്ള ദിവസമാണ് ഉത്തമം. ആ തിഥി രണ്ടു ദിവസവുമുണ്ടെങ്കിൽ മദ്ധ്യാഹ്നത്തിന്നു് അധികം തട്ടുന്ന ദിവസവും, രണ്ടു ദിവസവും മദ്ധ്യാഹ്നത്തിന്നു തട്ടുകയില്ലെങ്കിൽ ആദ്യത്തെ ദിവസവും, അഷ്ടക ഊട്ടണം. എന്നാൽ യജുർവ്വേദികൾ ആ തിഥി ശ്രാദ്ധത്തിന്നുള്ള ദിവസമാണ് ഊട്ടുക. അവൎക്ക് മദ്ധ്യാഹ്നവ്യാപ്തിയെ ചിന്തിക്കേണ്ടതില്ല എന്നു സാരം.

'അഷ്ടകാശ്രാദ്ധദിവസാവിവർജ്ജ്യാഃ സേകകർമ്മണി'

എന്നു പറഞ്ഞുകാണുകയാൽ അതും സേകത്തിന്നു വർജ്ജ്യമാകുന്നു.

സംക്രാന്ത്യാദി പുണ്യകാലങ്ങറം—സംക്രാന്തി മുതലായ പുണ്യകാലങ്ങളും സേകത്തിന്നു വർജ്ജ്യങ്ങളാകുന്നു. സംക്രാന്തിവിഭാഗം നിത്യദോഷപ്രകരണത്തിൽ പറഞ്ഞിട്ടുമുണ്ടു. ഇതിലെ ആദിശബ്ദംകൊണ്ടു് അഷ്ടമിരോഹിണി മുതലായതുകളെ കൂടെ ഗ്രഹിക്കുകയും വേണം.

'വേളിക്കുപറവുകില്ലാത്ത മാസം സേകേപി നിന്ദ്യമാം'

എന്നു കാലദീപകത്തിലും പറയുന്നു. അപ്പോറം കർക്കടകം, കന്നി, ധനു, കുംഭം, മീനോത്തരാർദ്ധം എന്ന നാലര മാസം സേകത്തിന്നും വർജ്ജ്യമാകുന്നു. ഈ വിഷയത്തിൽ 'തഥാപ്യാപദി ഗൃഹ്യന്തേ ച' ഇങ്ങിനെ പറയുന്നുണ്ടെങ്കിലും ആപത്തിൽ ആ മാസങ്ങളെല്ലാം സ്വീകരിക്കുകയും ചെയ്യാമെന്നു് വരദീപികയും പറയുന്നു. എങ്കിലും അതുകറം വർജ്ജിക്കുന്നതു തന്നെയാണു് സദാചാരമെന്നും ഗ്രഹിക്കണം.

## പുംസവനം.

പുഷ്യേ പുംസവനം, കുജാര്യ്യദിനകൃ-
ദ്വാരേ തൃതീയേ സ്മൃതം
മാസേ നോത്തരയോഃ കരോത്യഭിനവേ
ഗർഭേ ചതുർത്ഥേപി തൽ
ശുക്രേന്ദൂദയദൃഷ്ടവാരമിഥുന
സ്ത്രീകക്കിരാത്രിസ്ത്യജേൽ
കുര്യ്യസ്തൽ സിതപക്ഷം ഏവ ഹരിഭേ
പുഷ്യേപി കൌഷീതകാഃ.

ഇതേവിധം നിഷേകമുഹൂർത്തവും പ്രസംഗവശാൽ സ്ഥാലീപാകാദിവിധിയും പറഞ്ഞതിന്നുശേഷം ഇനി ഗർഭാധാനാനന്തരകരണീയമായ പുംസംവനത്തിൻെറ വിധിയെ വിവരിക്കുന്നു.

പുഷ്യേഇതി—മൂന്നാംമാസത്തിൽ കുജാര്യ്യദിനകൃദ്വാരത്തുന്നാറം വരുന്ന പൂയത്തുന്നാറം പുംസവനം ചെയ്യണം. 'സാവനഃ സമ്മതഃ കാലോ വ്രതസീമന്തപുംസവേ' എന്നു മുമ്പുതന്നെ പറഞ്ഞിരിക്കയാൽ മൂന്നാംമാസമെന്നതു് സാവനമാനപ്രകാരം 3-ാം മാസമെന്നു് അർത്ഥമാകുന്നു. അപ്പോറം ആധാനംമുതൽ 60 ദിവസം കഴിഞ്ഞാൽ പിന്നെയുള്ള 30 ദിവസം. ഗർഭാധാനദിവസം അറിയാതെ പോയാൽ അഞ്ചീരുകുളിച്ച ദിവസം മുതൽ കണക്കാക്കണം. ഈ വിഷയത്തിൽ 'പഞ്ചമദിനേ ഭാര്യാഭർത്രോസംയോഗാഭാവേ, പുനര്യ്യദ്ദിനേ സംയോഗസംഭവസ്തദ്ദിനമാരഭ്യ മാസഃ കല്പനായഃ' എന്നു വരദീപികയിലും പറയുന്നു. അപ്പോറം ഗർഭാധാനം മുതൽക്കും, അഞ്ചീരുകുളിച്ച മുതൽക്കും സംയോഗദിനംമുതൽക്കും മാസഗണനയെ ചെയ്യാം. ദുർല്ലഭം ചില ദിക്കിൽ സൌരമാനംകൊണ്ടും (ഏതു മാസത്തിൽ തീണ്ടാന്നു കുളിച്ചുവോ ആ മാസം മുതൽക്കും) മാസം കണക്കാക്കി വരുന്നതായി കാണുന്നു. ഇങ്ങിനെ ചെയ്യാൻ പ്രമാണം കാണുന്നതുമില്ല.

കുജാൎക്കദിനകൃദ്വാരങ്ങൾ—ചൊവ്വ, വ്യാഴം, ഞായർ എന്ന ആഴ്ചകൾ. അപ്പോൾ മൂന്നാം മാസത്തിലെ പൂയം, ഞായർ, ചൊവ്വ, വ്യാഴം എന്ന ആഴ്ചകളിൽ ഏതെങ്കിലും ഒരു ദിവസമായി വന്നാൽ അന്നു പുംസവനം ചെയ്യാം. പൂയത്തുന്നാൾ ചെയ്യാമെന്നു പറയുകയാൽ മററു നക്ഷത്രങ്ങളിൽ ചെയ്തുകൂടാ എന്നും മുൻപറഞ്ഞതു ആഴ്ചകളിൽമാത്രം ചെയ്യാമെന്നും സിദ്ധം. അഭിനവമായിരിക്കുന്ന—ആദ്യത്തേതായ ഗൎഭത്തിൽ നാലാം മാസത്തിലും പുംസവനം ചെയ്യാം. അപ്പോൾ നാലും അഞ്ചും മാസങ്ങൾ വിധിപക്ഷങ്ങളാകയാൽ ആ കാലത്തു പുംസവനം ചെയ്യരുത്.

'ആദ്യഗൎഭേ തൃതീയേ ച ചതുൎത്ഥേചാപി സാ ശുഭാ'

എന്നു ആചാരദീപകത്തിലും പറയുന്നു. എന്നാൽ,

'സാമഗാനാം ദ്വിജേന്ദ്രാണാമാദ്യം നൈവതൃതീയകേ'

സാമവേദികൾക്കു ആദ്യഗൎഭത്തിൽ മൂന്നാം മാസത്തിൽ പുംസവനം ചെയ്തുകൂടാ. നാലാം മാസത്തിൽ മാത്രമേ ചെയ്തുകൂടൂ. മററു ഗൎഭങ്ങളിൽ അവൎക്കും മുൻപറഞ്ഞപ്രകാരംതന്നെയാകുന്നു. ചിലർ—ചില ഗ്രാമത്തിലുള്ളവർ, ആദ്യത്തെ ഗൎഭത്തിന്നു മാത്രമേ സീമന്തം ചെയ്യുമാറുള്ളൂ. മററു ചിലർ ആദ്യഗൎഭത്തിലെ പ്രജ ചാവുകിടാവായിപ്പോയി എന്നു വന്നാൽ പിന്നെ ജീവനുള്ള പ്രജയെ പ്രസവിക്കുന്നതുവരെ സീമന്തം ചെയ്യുന്നു. അവർ ആ ഗൎഭകാലത്തിൽ നാലാം മാസത്തിലും പുംസവനം ചെയ്യുമാറുണ്ടു്. ഗൎഭകാലത്തിൽ സീമന്തം ചെയ്യുവാൻ സാധിക്കാതെ വന്നുപോയാൽ; പിന്നെ എല്ലാ ഗൎഭത്തിന്നും സീമന്തം ചെയ്യണമെന്നും ചിലർ പറയുന്നു. അവിടെ നാലാം മാസത്തിൽ പുംസവനം ചെയ്യുമാറില്ലതാനും. ഇരിങ്ങാലക്കുട ഗ്രാമക്കാർ ആദ്യത്തെ ഗൎഭത്തിന്നു മാത്രമെ സീമന്തം ചെയ്തുവരുമാറുള്ളു എന്നും പറഞ്ഞുകാണുന്നു.

'പക്ഷഭേദേഷു സൎവ്വേഷു ദേശാചാരവശാൽ സ്ഥിതിഃ'

പക്ഷഭേദം പറയുന്നതുകളിൽ അതാതുദേശങ്ങളിൽ മുമ്പു് ആചരിച്ചുവന്നിരുന്ന പക്ഷപ്രകാരം ആചരിക്കുകയും വേണം. ഈ വിധി എല്ലാടവും ഗ്രാഹ്യവുമാണു്.

ഇനി പുംസവനത്തിലെ നിഷേധങ്ങളേയും വിവരിക്കാം:— പുംസവനത്തിന്നു ശുക്രേന്ദൂദയ ദൃഷ്ടിവാരമിഥുനസ്ത്രീ കൎക്കിരാത്രികളെ ത്യജിക്കണം—അതായതു് ശുക്രചന്ദ്രന്മാരുടെ ഉദയരാശിയും കൎമ്മലഗ്നത്തിന്റെ 7-ൽ ശുക്രചന്ദ്രന്മാരും, അവരുടെ വാരങ്ങളും (വെള്ളിയാഴ്ചയും തിങ്കളാഴ്ചയും) മിഥുനം, കന്നി, കൎക്കിടകം എന്ന രാശികളും രാത്രിയും വൎജ്ജിക്കണമെന്നു സാരം.

പുമാംസഃകുജ ജീവാൎക്കാ രവിജഃ പുന്നപുംസകഃ
ചന്ദ്രശുക്രൌ സ്ത്രീയൌ ജ്ഞേയൌവിന്ദുജഃ സ്ത്രീനപുംസകഃ

ഗ്രഹങ്ങളിൽ ചൊവ്വ, വ്യാഴം ആദിത്യനെന്ന മൂന്നു ഗ്രഹങ്ങൾ പുരു

ഷഗ്രഹങ്ങളും ശനി പുന്നപുംസകഗ്രഹവും ചന്ദ്രശുക്രന്മാർ സ്ത്രീഗ്രഹങ്ങളും ബുധൻ സ്ത്രീനപുംസകഗ്രഹവുമാകുന്നു എന്നും പറഞ്ഞുകാണുന്നു. അപ്പോഠം പുംസവനം പുല്ലിംഗഗ്രഹങ്ങളുടെ ആഴ്ചയിൽ തന്നെയാണ് ചെയ്യേണ്ടത്. സ്ത്രീഗ്രഹവാരം വർജ്യമാകുന്നു. ബാക്കിയുള്ള 2—ൽ ശനിവാരം നിന്ദ്യവും ബുധവാരം ത്യാജ്യവുമാകുന്നു. ഈ വർജ്യസമയങ്ങളിൽ ചെയ്താൽ ആവൎത്തിക്കുകയും വേണം. ഈ പുംസവനത്തിന്നു നിത്യകർത്തൃദോഷാദികളൊന്നും ചിന്തിക്കേണ്ടതില്ല. എന്നാൽ പത്നിയുടെ ജന്മാഷ്ടമരാശി മൃത്യുയോഗം മുതലായി ശക്യങ്ങളായതുകളെ അറിഞ്ഞു വൎജ്ജിക്കുകയും വേണം. ഇവിടെ 'കുജാൎക്കദിനകൃദചാരേ' എന്നു പറയുകയാൽ തന്നെ ശുക്രേന്ദുവാരങ്ങഠം വിധിപരങ്ങളാണെന്നു സിദ്ധമായിരിക്കവെ അതുകഠം വർജ്യങ്ങളെന്നു പറഞ്ഞതും പൂയത്തുന്നാഠം ചന്ദ്രോദയരാശി വർജ്യമെന്നു പറയുകയും പിന്നെ കൎക്കടകംരാശി വർജ്യമെന്നു പറയുകയും ചെയ്തതും പുനരുക്തിയായിപ്പോയിയോ എന്നു ഒരു ശങ്കയ്ക്കു് അവകാശമുണ്ട്. ആ ശങ്കാപരിഹാരത്തെയും വിവരിക്കാം:—

'പുംസവം ചെയ്യുതിൻ മുമ്പേ പ്രസവിപ്പാൻതുടങ്ങുകിൽ
അപ്പോഠം പുംസവനം ചെയ്വൂ രാത്രിയെങ്കിലുമങ്ങിനെ
പിന്നെയും കറകണ്ടില്ലാ എങ്കിൽ പിറെറദിനം ചരേൽ
പിന്നെയും കറകാണായ്കിൽ പൂയത്തുന്നാഠം ചരിപ്പത്
പിന്നെയും കറകാണായ്കിൽ വിധിച്ചദിവസം ചരേൽ'

എന്നാണ് കാലദീപകത്തിൽ പറയുന്നതു്. അങ്ങിനെ വരുന്ന ദിക്കിൽ ചന്ദ്രോദയകൎക്കിടരാശികഠം വേറെവേറെയായി എന്നും വരാം. അപ്പോഠം അതു രണ്ടും വൎജ്ജിക്കണമെന്നും സ്ത്രീഗ്രഹവാരങ്ങഠം ഏതു് ആപത്തിലും സ്വീകരിച്ചുപോകരുതെന്നുമാണ് ആചാൎയ്യന്റെ ആശയമെന്നും ഗ്രഹിക്കണം. ഇതിന്നു അയനപക്ഷാദി യാതൊന്നും നോക്കേണ്ടതില്ല. എന്നാൽ കൌഷീതകന്നു പുംസവനം വെളുത്ത പക്ഷത്തിൽ മാത്രമേ ചെയ്തുകൂടു. പക്ഷെ അവൎക്കു തിരുവോണത്തുന്നാളും പൂയത്തുന്നാളും പുംസവനം ചെയ്യുകയുമാവാം. മറെറല്ലാം മുൻപറഞ്ഞപോലെതന്നെ എന്നും ഗ്രഹിക്കണം.

ഗൎഭൌഷധം ഇതും മൂന്നാം മാസത്തിൽതന്നെ ചെയ്യേണ്ടതാകുന്നു. ഈ ക്രിയ മലയാളത്തിൽ എല്ലാ ബ്രാഹ്മണരും പ്രായേണ ആചരിച്ചുവരുന്നില്ല. അതിനാൽ മൂലകാരൻ ഒന്നും പറഞ്ഞിട്ടുമില്ല. എങ്കിലും ആചരിക്കുന്നവരുടെ ആവശ്യത്തിന്നുവേണ്ടി അതിന്റെ മുഹൂൎത്തവിഭാഗത്തെ വരദീപികയിൽ പറഞ്ഞതിനെ അനുസരിച്ച് ഇവിടെയും വിവരിക്കാം. അതിന്നു്,

തൃതീയേ ഗൎഭമാസേതു പുംസ്തരിണ്യാദിസേവനേ
ശുക്ലപക്ഷഃ ശുഭതരഃ കൃഷ്ണപക്ഷസ്തു നിന്ദ്യതേ

മൂന്നാംമാസത്തിൽ ചെയ്യേണ്ടതായ ഗൎഭൌഷധസേവനത്തിന്ന് വെളുത്തപക്ഷം ശ്രേഷ്ഠവും കൃഷ്ണപക്ഷം നിന്ദിതവുമാകുന്നു. ഇവിടെ മൂന്നാം മാസമെന്നു പറഞ്ഞുവെങ്കിലും ഇതു നാലാം മാസത്തിലും ചെയ്യാം. പുംസവനത്തിന്നു മുമ്പും പിമ്പും ചെയ്യുന്നതിന്നും വിരോധമില്ല. കറുത്തപക്ഷത്തിലും ചിലർ ചെയ്യുന്നതുമുണ്ട്.

പൂൎണ്ണാഃ പുരുഷതാരാശ്ചശസ്താരിക്താസ്തുവൎജ്ജയേൽ

തിഥികളിൽ പൂൎണ്ണാതിഥികളാണ് അധികം നല്ലത്. എന്നാൽ,

'അമാവാസിയെയൊഴിച്ചുള്ള പൂൎണ്ണയഞ്ചേററ നന്നിഹ'

എന്നു പറഞ്ഞുകാണുകയാൽ അമാവാസി പൂൎണ്ണതിഥിയാണെങ്കിലും അതു വൎജ്ജിക്കണം. രിക്താതിഥികളും വൎജ്യങ്ങൾതന്നെയാകുന്നു. പുരുഷനക്ഷത്രങ്ങളെല്ലാം ശുഭങ്ങളാണ്. അപ്പോൾ സ്ത്രീനക്ഷത്രങ്ങൾ വൎജ്യങ്ങളും നപുംസകനക്ഷത്രങ്ങൾ നിന്ദ്യങ്ങളുമാണ് എന്നും ഗ്രഹിക്കണം. അതുകളുടെ വിഭാഗം—

'ജ്യേഷ്ഠാദി പഞ്ച ഗുരുഭാത്രയബുദ്ധ്നിശ്രുത്പു

ഭാഗ്യാശ്വിയാമ്യ പവനാഃ പുരുഷാഖ്യതാരാഃ

അന്യാഃ സ്ത്രീയോ മൃഗശിരോനിലമൂലതാരാഃ

ക്ലീബാഃ പരേവിദുരുശന്ത്യ പരേവികല്പം'

തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, പൂയം, ആയില്യം, മകം, ഉത്രാടം, വിശാഖം, ഉത്രം, അശ്വതി, ഭരണി, ചോതി എന്ന 14 നക്ഷത്രങ്ങൾ പുരുഷനക്ഷത്രങ്ങളും മററ 13 നാളുകളും സ്ത്രീനക്ഷത്രങ്ങളുമാകുന്നു. എന്നാൽ ചിലർ മകീരം, ചോതി, മൂലമെന്ന മൂന്നു നാളുകൾ നപുംസകങ്ങളാണെന്നും മററചിലർ നക്ഷത്രങ്ങളിൽ നപുംസകത്വമില്ലെന്നും പറയുന്നു.

അപരാഹ്നാദികം ത്യക്ത്വാദിവൈവ ക്രിയതേഹി തൽ

രാശയഃ പുംസവോക്താഃ സ്യു സ്തഥാ വാരഗ്രഹസ്ഥിതിഃ

ഇതു പകൽ സമയംതന്നെയാണ് ചെയ്യേണ്ടത് (രാത്രി വൎജ്യം) അവിടെ അപരാഹ്നാദികളെ—അപരാഹ്നം സായാഹ്നം മദ്ധ്യാഹ്നസന്ധ്യ എന്നിതുകളെ വൎജ്ജിക്കുകയും വേണം. രാശി, ആഴ്ച, ഗ്രഹസ്ഥിതി എന്നിതുകൾ പുംസവനത്തിന്നു പറഞ്ഞപോലെ ചിന്തിച്ചുകൊൾകയും വേണം. എന്നാൽ,

രാശിരൂൎദ്ധ്വമുഖശ്ശസ്തോ ജലവൃദ്ധിശ്ച ശോഭനഃ

കാൎത്തരീദോഷാശ്ചവൎജ്ജ്യാഃ സ്യുസ്തഥാ പാദപോദയാദികാഃ

ഗൎഭൌഷധത്തിന്നുള്ള രാശി ഊൎദ്ധ്വമുഖവും ജലവൃദ്ധി—വേലിയേററമുള്ളതുമായിരിക്കുന്നതു വളരെ നല്ലതാകുന്നു. ഇതിന്നു കൎത്തരീദോഷങ്ങളും

പാപോദയാദികളും കൂടെ വർജ്ജിക്കുകയും വേണം. ഉദ്ധ്വമുഖി എന്നാൽ,

'ഊദ്ധ്വമുഖോ രവിമുക്തോ
രാശിസ്സൂര്യസ്ഥിതസ്ത്വധോവക്ത്രഃ
തിര്യങ്മുഖോഽഗ്രഗമ്യ
സ്തേഷാം കേന്ദ്രഞ്ച തൽ സംജ്ഞഃ
പോയതൂദ്ധ്വാനനം രാശി ഭാൻനിന്നതധോമുഖി
ചെല്ലുവാനുള്ളതോ തിര്യങ്മുഖി ഏവഞ്ചരാശയഃ.

അപ്പോൾ മകരമാസത്തിൽ ധനുരാശി ഊദ്ധ്വമുഖി, മകരം അധോമുഖി, കുംഭം തിര്യങ്മുഖി. മീനാദി മൂന്നും മേൽപ്രകാരംതന്നെ. വേലിയേററമെന്നാൽ,

ലഗ്നായ വ്യയഷഷ്ഠാസ്ത പഞ്ചമങ്ങളിലേ വിധു
വരും കാലം വേലിയേററം മററുവേലിയിറക്കമാം

അപ്പോൾ ചന്ദ്രോദയരാശിമുതൽ 3 രാശിവേലിയേററം. പിന്നെ മൂന്നു രാശി വേലിയിറക്കം. പിന്നെ 6 രാശികൾക്കും ഇതേവിധംതന്നെ. നവദോഷങ്ങളിൽ ഗുളികൻ വിഷ്ടിഗണ്ഡാന്തം എന്നിതുകളും വർജ്യങ്ങളാകുന്നു. ഇതാണ് ഗർഭൌഷധവിധി.

ഗർഭരക്ഷാഹോമം — കൌഷീതകന്മാൎക്ക് ഗർഭരക്ഷാഹോമമെന്ന് ഒരു ക്രിയ ചെയ്യേണ്ടതുണ്ട്. ആശ്വലായന ബൌധായനാദികൾക്ക് ഈ ക്രിയ ചെയ്യേണ്ടതുമില്ല. അതും മൂലകാരൻ പറഞ്ഞിട്ടില്ല. അതിൻെറ വിവരവും ഇവിടെ വിവരിക്കാം.

കൌഷീതകശ്ചതുൎത്ഥേ മാസേ കുൎയ്യാച്ഛുഭേ ദിനേ
പൂർവ്വപക്ഷേ ഗർഭരക്ഷാം പുംസവേ തുകതേ സതി

കൌഷീതകന്ന് നാലാം മാസത്തിൽ രിക്തവിഷ്ടി മുതലായ ദോഷങ്ങളില്ലാത്ത വെളുത്തപക്ഷത്തിലെ തിഥി ദിവസം ഗർഭരക്ഷാഹോമം ചെയ്യണം. ഇതു പുംസവനത്തിന്നുശേഷമായിരിക്കുകയും വേണം. ഇവിടെ നാലാം മാസത്തിലെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അഞ്ചാം മാസത്തിന്നു വിധിപരത്വദോഷമില്ല എന്നാണ് വരദീപിക പറയുന്നത്. പുംസവനം കഴിഞ്ഞാൽ നാലാം മാസത്തിൽ വെളുത്ത പക്ഷത്തിൽ ചൊവ്വാഴ്ച ഒഴിച്ച് ബാക്കിയുള്ള ആഴ്ചകളിൽ രിക്ത, വിഷ്ടി എന്നിതുകളില്ലാത്ത ദിവസം കൌഷീതകന്മാർ ഗർഭരക്ഷാഹോമം ചെയ്യുന്നു. ഇതിന്ന് രാശിനക്ഷത്രങ്ങളെ നോക്കുമാറില്ല. ഇങ്ങിനെയാണ് ആചാരം. എന്നാൽ ഗർഭിണിയുടെ കൎത്തൃദോഷങ്ങൾ കഴിയുന്നതും വർജ്ജിക്കണം. ജന്മാഷ്ടമരാശിയും അഷ്ടമരാശിക്കൂറും തീൎച്ചയായും വർജ്ജിക്കണം. പുംസവനത്തിന്നുമുമ്പേയോ 1-ം 2-ം 3-ം മാസങ്ങളിലോ കറുത്തപക്ഷത്തിലോ രാത്രിയോ രിക്തവിഷ്ട്യാദി വർജ്ജ്യദിവസങ്ങളിലോ ചെയ്തുപോയാൽ ആവൎത്തിക്കുകയും വേണം. മററുകാല ദിവസങ്ങളിലെല്ലാം ഇതിന്നു ശുഭങ്ങളുമാകുന്നു.

## സീമന്തം.

സീമന്തോഗ്രിമ ഗൎഭ ഏവ ധവളേ
  പക്ഷേ ചതുൎത്ഥേ മതോ
മാസേ നൈവ പരേ കരോതി തമിമം
  കൌഷീതകഃ സപ്തമേ
ഹസ്താന്ത്യോത്തരമാത്രജേന്ദുമൃഗജിൽ
  പുഷ്യേയജുൎവ്വേദവിൽ
ബുധ്ന്യാൎയ്യാശ്വിഹരീനഭാദ്രസുരസൂ-
  മിത്രേഷു, കൌഷീതകാഃ. 9

വ്യന്ത്യാദിതാംഘ്രിഷു ചാശ്വലായന ഇഹ
  ബ്രധ്നോത്തരേ സാമവിൽ
നാത്രാരാൎക്കിദിനാളികേസരിനിശാ-
  വൎജ്യാശ്ച ജന്മത്രയം. 9½

ഇപ്രകാരം പുംസവനമുഹൂൎത്തത്തെയും അതോട്ട് അടുത്തു ചെയ്യേണ്ടതായ ഗൎഭൌഷധത്തിന്റെയും ഗൎഭരക്ഷാഹോമത്തിന്റെയും മുഹൂൎത്തങ്ങളെക്കൂടെ പറഞ്ഞതിന്നുശേഷം പുംസവനാനന്തരകരണീയമായ സീമന്തത്തിന്റെ മുഹൂൎത്തസ്വഭാവത്തെ വിവരിക്കുന്നു. സീമന്തം ആദ്യത്തെ ഗൎഭത്തിൽ മാത്രം ചെയ്യേണ്ടുന്നതും വെളുത്തപക്ഷത്തിൽ ചെയ്യാവുന്നതും നാലാം മാസത്തിൽ ചെയ്യേണ്ടുന്നതുമാകുന്നു. വെളുത്തപക്ഷമെന്നു പറയുകയാൽ കറുത്തപക്ഷത്തിൽ ചെയ്തുകൂട എന്നും നാലാം മാസത്തിൽ എന്നു പറയുകയാൽ മൂന്നാം മാസം കഴിയുന്നതിന്നുമുമ്പെ ചെയ്യരുതെന്നും സിദ്ധം. അഞ്ചാം മാസത്തിൽ (വിധിപരമാകയാൽ) സീമന്തം ചെയ്യുകയുമരുത്. ഈ വിഷയത്തിൽ ആചാരസംഗ്രഹം ഇങ്ങിനെ പറയുന്നു:—

'ചതുൎത്ഥേ മാസി സീമന്തം കുൎയ്യാത്തന്നൈവ പഞ്ചമേ
പുംസവാനന്തരഞ്ചൈതൽ പ്രഥമേ ഗൎഭ ഏവ തു
ശുക്ലപക്ഷതഥാനിയമോ ഭവത്യത്ര വിശേഷതഃ'

കൌഷീതകൻ സീമന്തത്തെ ഏഴാം മാസത്തിലാണ് ചെയ്യുന്നത്. അവർ പുംസവനവും ഗൎഭരക്ഷാഹോമവും ചെയ്ത് 7-ാംമാസത്തിൽ സീമന്തവും ചെയ്യുന്നു. ആ കാലത്തിന്നുമുമ്പിൽ ചെയ്യുമാറില്ല.

'കൌഷീതകാനാം വിപ്രാണാം സപ്തമാദ്യാഃ
  ശുഭാഃ സ്മൃതാഃ മാസാഃ'

എന്നു പറഞ്ഞുകാണുകയാൽ 7-ാംമാസമാണ് വിധികാലമെങ്കിലും 6-ാംമാസം വിധിപരത്വേന വൎജ്യമല്ല എന്നു ഗ്രഹിക്കുകയും വേണം. ഇനി ബൌധായനാദി ഓരോ ചരണത്തിലുള്ളവൎക്കും സീമന്തം ചെയ്യുന്ന

വിഷയത്തിൽ നക്ഷത്രങ്ങൾക്ക ഭേദമുണ്ടാവുകയാൽ അതുകളേയും വിവരിക്കാം: അതെങ്ങിനെ എന്നാൽ, യജുർവ്വേദികൾക്ക് സീമന്തം ചെയ്യുവാൻ അത്തം, രേവതി, ഉത്രം, ഉത്രാടം, ഉത്രട്ടാതി, പുണർതം, രോഹിണി, മകീരം, തിരുവോണം, പൂയം ഈ പത്തു നാളുകളും ശുഭങ്ങളാകുന്നു. മററ് 17 നക്ഷത്രങ്ങളും വർജ്ജ്യങ്ങളാകുന്നു എന്നും ഗ്രഹിക്കണം. ഈ വിഷയത്തിൽ,

'രോഹിണീദ്വയ പുഷ്യാർക്കപൌഷ്ണാദിത്യുത്തരാച്യുതാഃ
ചതുരംശയുതാ ഏതാ ദശ ശസ്താ യജുർവ്വിദാം'

എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. ഇതിലെ ചതുരംശയുതങ്ങൾ എന്നതിന്ന് ആ നക്ഷത്രങ്ങൾ (ഗണ്ഡാന്താദി ദോഷമൊഴിച്ചു ബാക്കിയുള്ള) എല്ലാ സമയവും എന്ന് അർത്ഥമാകുന്നു. കൌഷീതകന്ന് ഉത്രട്ടാതി, പൂയം, അശ്വതി, തിരുവോണം, അത്തം, പൂരോരട്ടാതി, പുണർതം, അനിഴം ഈ എട്ടു നാളുകളും കൊള്ളാം. മററ് 19 നാളുകളും വർജ്ജ്യങ്ങളാകുന്നു. ഈ പറഞ്ഞ കൌഷീതകസീമന്ത നക്ഷത്രങ്ങളിൽതന്നെയാണ് ആശ്വലായനന്നും, സീമന്തം ചെയ്യേണ്ടത്. പക്ഷെ ആ നാളുകളുടെ ആദ്യത്തെയും അവസാനത്തെയും പാദങ്ങൾ വർജ്ജിക്കുകയും വേണം. അപ്പോൾ ആ 8 നാളുകളുടെയും 2-ം 3-ം പാദങ്ങൾകൊണ്ട് ആശ്വലായനന്നു സീമന്തം ചെയ്യാമെന്നു സിദ്ധം. ഈ വിഷയത്തിൽ,

'താരാസ്ത്വദിതി വിഷ്ണ്വർക്കമിത്രൈകാംഘ്രിദ്വയാശ്വിനഃ
പുഷ്യശ്ചാദ്യാന്ത പാദാഭ്യാം ഹീനാ അഷ്ടൌ ശുഭാഃ സ്മൃതാഃ
കൌഷീതകാനാമപ്യേതാശ്ചതുരംഗയുതശ്ശുഭാഃ'

എന്നു ആചാരസംഗ്രഹത്തിലും പറയുന്നു. സാമവേദിക്ക് അത്തം, ഉത്രം, ഉത്രാടം, ഉത്രട്ടാതി എന്ന നാലു നാളുകൊണ്ടു മാത്രമേ സീമന്തം ചെയ്യുകൂട. ബാക്കി 23 നാളുകളും വർജ്ജ്യങ്ങളാകുന്നു. അഞ്ചാംമാസത്തിലും അനുക്ത നക്ഷത്രങ്ങളിലും ചെയ്താൽ ആവർത്തിക്കണം. ആരാർക്കിദിനാളികേസരി നിശകളും വധുവിൻെറ ജന്മത്രയവും എല്ലാവർക്കും വർജ്ജ്യങ്ങളാകുന്നു. അതായതു—ആരാർക്കികളുടെ ദിനങ്ങളും—ചൊവ്വാഴ്ചയും ശനിയാഴ്ചയും, വൃശ്ചികചിങ്ങരാശികളും രാത്രിയും ഗർഭിണിയുടെ ജന്മാനുജന്മ നക്ഷത്രങ്ങളുമാകുന്നു. കുജശനിവാരങ്ങൾ ശുഭങ്ങളല്ലായ്കയാൽ വർജിക്കുകതന്നെയാണ് വേണ്ടത്. ഈ വിഷയത്തിൽ ചില ആചാര്യന്മാർ ഇതുകൾ വർജ്ജ്യങ്ങളെന്നും മററ ചിലർ മദ്ധ്യമങ്ങളെന്നും പറയുന്നു. ആപത്തിൽ—മറെറല്ലാം ഒത്തുവന്നു ആഴ്ചമാത്രം ഇതിൽ ഒന്നായി എന്നു വരുന്ന ദിക്കിൽ സ്വീകരിക്കുന്നതിന്നു വിരോധമില്ല എന്നു വേറെ ചിലരും പറയുന്നു. അതേവിധം വരുന്ന ദിക്കിൽമാത്രം ഇതുകൾ സ്വീകരിക്കാറുണ്ടെന്നു ഭാഷയിലും പറയുന്നു. വൃശ്ചികംരാശിയും ചിങ്ങംരാശിയും വർജ്ജിക്കണം. ബാക്കി 10 രാശികളും സ്വീകരിക്കാം. അതിൽതന്നെ ബുധചന്ദ്രഗുരുശുക്രരാശികൾ അത്യുത്തമങ്ങളാണെന്നും പറയുന്നു. ഗർഭോൽ

ങ്ങളെല്ലാം പകൽ ചെയ്യേണമെന്നു നിയമമുണ്ടാകയാൽ ഇതും രാത്രിയിൽ ചെയ്യരുത്. ഗൎഭമാതാവിൻെറ ജന്മത്രയവും വൎജ്ജ്യമാകുന്നു.

'പത്നിമാർ പലരുള്ളപ്പോളൊരുത്തിയതിൽ ഗർഭിണി
എല്ലാരുമൊക്കെയുള്ളടീട്ട് ഗർഭഹോമം വിധിച്ചത്
പിന്നെ വേട്ടവൾക്കൂടാതെ ചെയ്യാം വൈറേറാമമാപടി
നടേ വേട്ടവൾക്കൂടാതെ ചെയ്യോല്ലാ സ്മൃതിശാസനാൽ'

എന്നുണ്ടാകയാൽ ഇവിടെ ഗൎഭമാതാവിൻെറ തന്നെയാണ് ജന്മനക്ഷത്രാദിയെ നോക്കേണ്ടതു്. അതാണ് 'വദ്ധപാശ്ചജന്മത്രയം' എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. ഇതിലെ 'ച' ശബ്ദംകൊണ്ടു് അഷ്ടാശീതിമാംശകാദി കൎത്തൃദോഷങ്ങളെ എല്ലാം ഗ്രഹിക്കുകയും വേണം. എന്നാൽ ഇതു് നാലാം മാസത്തിന്നുമുമ്പോ അഞ്ചാം മാസത്തിലോ കറുത്തപക്ഷത്തിലോ വിധിച്ച നാളുകളിലല്ലാതെയോ മററു ചരണമായിട്ടുള്ളവക്കു വിധിച്ച നാളുകളിലോ നിത്യദോഷത്തിൽ നിഷിദ്ധങ്ങളെന്നു പറഞ്ഞ തിഥികളിലോ പുംസവനത്തിന്നുമുമ്പോ കൌഷീതകന്നു് 7-ാംമാസത്തിന്നുമുമ്പോ പുംസവനഗൎഭരക്ഷാഹോമങ്ങൾക്കുമുമ്പൊ ചെയ്തുപോയാൽ ആവൎത്തിക്കണം. മററുള്ള ദോഷങ്ങൾക്കെല്ലാം പ്രായശ്ചിത്തം ചെയ്യണം. കഴിയുന്നതും വൎജ്ജിക്കുന്നതു് ഉത്തമം. കാലാത്യായത്തിൽ അവരവൎക്കു വിധിച്ച നാളുകളുള്ള ദിവസം വകൽ ചെയ്യുകയുമാവാം.

പുളികുടി—ശൂദ്രാദികൾക്കു് സീമന്തം ചെയ്യുമാറില്ല. അവൎക്കു് ആ സ്ഥാനത്തു് ഒമ്പതാംമാസത്തിൽ പുളികുടി എന്ന ഒരു ക്രിയയാണ് നടപ്പു്. അതു മൂലകാരൻ പറഞ്ഞിട്ടില്ല. എങ്കിലും അവരുടെ ആവശ്യത്തിന്നു വേണ്ടി അതിൻെറ മുഹൂൎത്തസ്വഭാവത്തെ ഗ്രന്ഥാന്തരത്തിൽനിന്നു സംഗ്രഹിച്ചുപറയാം.

ശൂദ്രാവാന്തരയോഷിതാന്തു നവമേ
മാസ്യമ്ലഭുക്തിഃ സ്മൃതാ
മൈത്രാജൈകപദാശപ്യജാദിതിഹരീ-
നാഗ്ന്യാഗ്നി ബുദ്ധ്ത്യശ്ശുഭാഃ
ശസ്താ ജീവകുജാൎക്കവാര സലില
ഹ്രാസാശ്ചരാശ്ചോഭയാഃ
നോജന്മത്രിതയസ്ഥിരോദ്ധ്വപവദനാ
ഗ്രാഹ്യോ വൃഷോപ്യാപദി.

32D
159867
4:864
32J2

ശൂദ്രസ്ത്രീകൾക്കും അവാന്തരസ്ത്രീകൾക്കും ഒമ്പതാം മാസത്തിൽ അമ്ലഭുക്തി—പുളികുടി എന്നൊരു ക്രിയയുണ്ടു്. അതിന്നു് അനിഴം, പൂരോരട്ടാതി, അശ്വതി, രോഹിണി, പുണർതം, തിരുവോണം, അത്തം, പൂയം, കാൎത്തിക, ഉത്രട്ടാതി എന്ന 10 നാളുകളും വ്യാഴം, ചൊവ്വ, ഞായർ എന്ന ആഴ്ചകളും വേലിയിറക്കസമയവും ചരരാശികളും ഉഭയരാശികളും നല്ല

UNIVERSITY LIBRARY 12 MAR 1954
DEPARTMENTAL LIBRARIES 23 APR 1954

താകുന്നു. ഗൎഭിണിയുടെ ജന്മാനുജന്മനക്ഷത്രങ്ങളും സ്ഥിരരാശികളും ഊൎദ്ധ്വാനരാശികളും വൎജ്ജ്യങ്ങളാകുന്നു. എന്നാൽ എടവംരാശി സ്വതേ വൎജ്ജ്യമാണെങ്കിലും ആപത്തിൽ ചിലർ സ്വീകരിച്ചും വരുന്നു. |

വിഷ്ണുബലി_ജാതകൎമ്മം.

പക്ഷേ വിഷ്ണുബലിസ്സിതേജഹരിഭേ
മാസേഷ്ടമേ ദ്വാദശീ-
സപ്തമ്യോരപി ജാതകൎമ്മതു സുതേ
ജാതേ ഗതേഘേ ന ചേൽ 10

ഇനി ഈ ശ്ലോകത്തിന്റെ ഉത്തരാൎദ്ധംകൊണ്ട് യജുൎവ്വേദികൾക്കു മാത്രം ചെയ്യേണ്ടതായ വിഷ്ണുബലിയുടേയും എല്ലാവൎക്കും ചെയ്യേണ്ടതായ ജാതകൎമ്മത്തിന്റെയും മുഹൂൎത്തത്തെ പറയുന്നു:—വിഷ്ണുബലി എട്ടാം മാസത്തിൽ (പുംസവനസീമന്തങ്ങൾ ചെയ്തതിനുശേഷം) വെളുത്ത പക്ഷത്തിൽ രോഹിണി, തിരുവോണം എന്ന നാളുകളിലോ ദ്വാദശി, സപ്തമി എന്ന പക്കങ്ങളിലോ ചെയ്യണം. നാളുകൊണ്ടു ചെയ്യുമ്പോൾ പക്കത്തെയോ പക്കംകൊണ്ടു ചെയ്യുമ്പോൾ നാളിനേയോ നോക്കേണ്ടതില്ല. നാളും പക്കവും ഒത്തുവന്നാൽ അധികം നിന്ന്. രോഹിണി തിരുവോണം എന്ന നാളുകളൊഴിച്ചു ബാക്കി 25 നാളുകളിലോ സപ്തമിയും ദ്വാദശിയും ഒഴിച്ചുള്ള 13 പക്കങ്ങളിലോ 8-ാം മാസത്തിനു മുമ്പോ കറുത്ത പക്ഷത്തിലോ പുംസവനസീമന്തങ്ങൾക്കു മുമ്പോ ചെയ്തുപോയാൽ ആവൎത്തിക്കണം. സീമന്തം ചെയ്യേണ്ടാത്തതായ ദ്വിതീയാദി ഗൎഭത്തിന്നും ഇതു ചെയ്യുകയും വേണം. ഇത് എട്ടാം മാസത്തിൽ ചെയ്യേണമെന്നു പറയുകയാൽ ഒമ്പതാം മാസത്തിന്നു വിധി പരത്വദോഷമില്ല എന്നു വരദീപികയും പറയുന്നു.

ജാതകൎമ്മം. പുത്രൻ ജനിച്ചമാത്രത്തിൽ ജാതകൎമ്മം ചെയ്യണം. അവിടെ തിഥിനക്ഷത്രാദികാലചിന്ത യാതൊന്നും ചെയ്യേണ്ടതില്ല. ഈ വിഷയത്തിൽ,

'ജാതേ സുതേ തദ്വദനം നിരീക്ഷ്യ
സ്നാത്വാ സചേലഞ്ച ധൃതാൎദ്രവസ്ത്രഃ
ദത്വാ ദ്വിജേഭ്യോദ്രവിണാനി കുൎയ്യാ-
ത്തസ്യാശുജാതസ്യ ഹി ജാതകൎമ്മ'

ഉണ്ണി ഉണ്ടായാൽ ഉണ്ണിയെ കണ്ടു കുളിച്ചു പിഴിഞ്ഞുടുത്തു വന്നു് ബ്രാഹ്മണൎക്കു് അഭ്യുദയശ്രാദ്ധം ചെയ്തതിനുശേഷം അവരവരുടെ ഗൃഹ്യവിധിപ്രകാരം ജാതകൎമ്മവും ചെയ്യണം. എന്നു പറഞ്ഞുകാണുന്നു. ജാതേ—ജനിച്ചമാത്രയിൽ ഇവിടെ, 'മൂതിന്നു മുമ്പിലേ വേണം നാഭിച്ഛേദസ്തനാശയോഃ. ജാതകൎമ്മകുമാരസ്യ' എന്നു പ്രധാനകാലമെന്നും 'ജനനസമയാദാരഭ്യ നവതി ഘടികാമാത്രകാലോ ഗൌണകാലഃ'=90 നാഴികവരെ

ഗൌണ (മദ്ധ്യമ) കാലമെന്നും, പ്രധാന ഗൌണകാലങ്ങളിൽ ചെയ്യുവാൻ സാധിക്കാതെ വന്നാൽ പുല കഴിഞ്ഞു പുണ്യാഹത്തിന്നുശേഷം ചെയ്യണം. അതാണ് ന ചേൽ അഘേ ഗതേ എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. ഈ വിഷയത്തിൽ 'ആശൌചേന ന ഹന്യതേ സ്വകസുതസ്യ സ്വസ്യ ജാതക്രിയാ' എന്നു പറയുന്നുണ്ടെങ്കിലും 90 നാഴിക കഴിഞ്ഞാൽ പിന്നെ പെററ പുല കഴിയുന്നതുവരെ ചെയ്യുകയുമരുത്. എന്നാൽ സാമവേദിക്ക് സൂതികാഹോമമെന്ന് ഒരു ക്രിയ കൂടെ ചെയ്യേണ്ടതുണ്ട്. അതു ജാതകർമ്മത്തിന്നുശേഷം പെററപുലയിൽതന്നെ ചെയ്യേണ്ടുന്നതാകയാൽ സാമവേദിജാതകർമ്മത്തിന്ന് 90 നാഴിക എന്ന നിയമത്തെ നോക്കാതെ അഘകാലത്തിലെല്ലാം ചെയ്യുമാറുണ്ടുതാനും. ആകട്ടെ 90 നാഴിക കഴിയുന്നതിന്നുമുമ്പെ ചെയ്യുന്നതുതന്നെയാണ് ഉത്തമം. ഗർഭകാലത്തിൽ ചെയ്യേണ്ടതായ പുംസവനാദികൾ സംഗതിവശാൽ ചെയ്തിട്ടില്ലെങ്കിൽ അതുകൾ പെററപുലകഴിഞ്ഞാൽ ഗൃഹ്യത്തിൽ വിധിക്കുന്ന പ്രായശ്ചിത്തത്തോടുകൂടെ ചെയ്യണം. അങ്ങിനെ ചെയ്യുമ്പോൾ മുഹൂർത്തം നോക്കേണ്ടതില്ല. പ്രജ പെണ്ണാണെങ്കിൽ വിഷ്ണുബലി ചെയ്യേണ്ടതില്ല. മുടങ്ങിയ ക്രിയകളുള്ളപ്പോൾ അതുകൾ ചെയ്തേ ജാതകർമ്മം ചെയ്യാവൂ എന്ന് ഒരുപക്ഷം. ജാതകർമ്മം ചെയ്തതിന്നുശേഷം മുട്ടിയ കർമ്മം ചെയ്യണമെന്ന് ഒരുപക്ഷം. 90 നാഴികക്കുമുമ്പെ ജാതകർമ്മം ചെയ്യാതിരിക്കുകയും 11–ാം ദിവസം ഉണ്ണിക്കോ അച്ഛനോ ശ്രാദ്ധമൂട്ടുവാനുണ്ടായിരിക്കുകയും കൂടിവന്നാൽ ജാതകർമ്മം ചെയ്ത ശ്രാദ്ധമൂട്ടണം. മുടങ്ങിയ പുംസവനാദികളും ശ്രാദ്ധവുംകൂടെ ഉണ്ടെങ്കിൽ ക്രിയകളും ജാതകർമ്മവും ചെയ്ത ശ്രാദ്ധമൂട്ടുക. വിഷ്ണുബലി പിറേറദിവസത്തേക്കു നിർത്തിവെയ്ക്കുകയും വേണം. മൂലത്തിൽ 'സുതേ ജാതേ' എന്നു പറയുകയാൽ സ്ത്രീ പ്രജയാണെങ്കിൽ ജാതകർമ്മം ചെയ്യേണ്ടതില്ല എന്ന് സൂചിപ്പിച്ചിരിക്കുന്നു എന്നാണ് മുഹൂർത്തഭാഷയിൽ പറഞ്ഞുകാണുന്നത്.

## നാമകരണം.

നാമാഹനി, ദ്വാദശേതഃ പരമശുഭമഹഃ
    പൂർവ്വമിഷ്ടം തുരീയോ
ഭാഗഃ കൌഷീതകാനാമപി ദശമനിശി
    ത്യജ്യതേത്രാ പരാഹ്നഃ
ചിത്രാശ്ലേഷേന്ദ്രപൂർവ്വാശച്ച്യഹിയമശിഖിനോ–
    ജ്ജൈണജ്ഞകാനിശാദ്യ–
ത്ര്യംശൌ ഭൌമാർക്കിവാരൌ വ്യയഖഗമൃതി–
    സ്ഥാസ്യജോ ജന്മഭഞ്ച. 11

ജാതകർമ്മകാലത്തെ പറഞ്ഞതിന്നുശേഷം നാമകരണമുഹൂർത്തത്തെ വിവരിക്കുന്നു:—പന്ത്രണ്ടാം ദിവസമാണ് നാമകരണം (പേരിടുക) ചെയ്യേണ്ടത്:—പന്ത്രണ്ടാം ദിവസമെന്നത് ജനിച്ചദിവസം മുതൽക്കു പന്ത്രണ്ടാം

ദിവസമാകുന്നു. അഹസ്സ് എന്നതിന്ന് രാവും പകലുംകൂടിയ ദിവസം എന്ന് അർത്ഥമാകുന്നു. ദിവസത്തെ കണക്കാക്കുന്നത് ഉദയാദ്ഗദയാന്തമെന്നും, രാത്രിയെ മൂന്നാക്കി ഭാഗിച്ചാൽ അതിലെ അവസാനഭാഗം മുതൽ പിറ്റെദിവസം ആ സമയംവരെ എന്നും രണ്ടുപക്ഷമുണ്ട്. അപ്പോഠം 11–ാംദിവസം രാത്ര്യന്ത്യത്ര്യംശം മുതൽക്ക് നാമകരണകാലമായി എന്നു സാരം. ഈ വിഷയത്തിൽ.

'ആരഭ്യ ജന്മദിവസാദേകാദശ വാസരേത്തു യാ രാത്രിഃ
തസ്യാ അന്ത്യാത്ര്യംശപ്രാരംഭേ തു നാമകർമ്മ വിഹിതമിഹ'

എന്നു ദിപകത്തിൽ പറയുന്നതുമുണ്ട്. ഈ പറഞ്ഞ 12–ാംദിവസത്തിൻെറ പരമായ 13–ാംദിവസം വിധിപരമാകയാൽ വർജ്ജിക്കുകയും വേണം. അതു മുൻപറഞ്ഞ കണക്കുപ്രകാരം 12–ാം ദിവസം രാത്ര്യന്ത്യത്ര്യംശംമുതൽക്കു തുടങ്ങുകയും സാവനമാനപ്രകാരം 14–ാംദിവസം ഉദയംവരെ നില്ക്കുകയും ചെയ്യും. അതിനാൽ ആ സമയം വർജ്ജിക്കുകയുംവേണം. പൂർവ്വമിഷ്ടം—ഈ പറഞ്ഞ 12–ാംദിവസത്തിൻെറ മുമ്പിലത്തെ; ദിവസമായ 11–ാംദിവസവും നാമകരണം ചെയ്യാം. ഇവിടെ ദിവസഗണനസാവനംകൊണ്ടുതന്നെയാകുന്നു. അന്ന് ഉദയംവരെ സൂതാശൌചമാകയാൽ അപ്പോഠം ക്രിയയും നിഷിദ്ധമാകുന്നു. കൌഷീതകന്മാർക്ക് പേരിടുവാൻ പത്താംദിവസം രാത്രിയുടെ നാലാംഭാഗവും ഇഷ്ടമാകുന്നു. ഇവിടെ 'കൌഷീതകാനാം അപി, എന്ന അപിശബ്ദംകൊണ്ട് വാധൂലകന്മാർക്കും ആപസ്തംബന്മാർക്കും ഇതേവിധംതന്നെയാകുന്നു എന്നാണ് അർത്ഥം. എന്നാൽ ഈ ദശമനിശാതുരീയാംശനാമകരണത്തെപ്പററി 'പത്താംദിവസം ഇപ്പോഠം ആചാരമില്ലാത്തതിനാൽ ഭാഷ എഴുതുന്നില്ല' എന്നു തമ്പ്രാക്കാം ഭാഷയിലും 'അസ്മിൻ മൂലേ ഉക്തം യദ്യപി ഇദാനീന്തനസജ്ജനാചാരവിരോധാദ്ദശമരാത്രേരന്ത്യയാമേകൌഷീതകബാധൂലകാപസ്തംബാ അപി നാമകരണന്നൈവ കുർവ്വന്തി' എന്നു വരദീപികയും പറയുന്നു. ഇനി നാമകരണത്തിനു വർജ്യങ്ങളായതുകളെ പറയുന്നു:—വർജ്യതേത്രാപരാഹ്നഃ—നാമകരണത്തിന്ന് അപരാഹ്നം –പകലിനെ അഞ്ചാക്കി അംശിച്ചാൽ നാലാമത്തെ അംശം വർജ്യമാകുന്നു. ഇവിടെ,

'അപരാഹ്നഞ്ച സായാഹ്നം വിശേഷാന്നാമ്നി വർജ്ജയേൽ'

പേരിടുന്ന വിഷയത്തിൽ അപരാഹ്നവും സായാഹ്നവും വിശേഷിച്ചും വർജ്ജിക്കണമെന്ന് ആചാരസാഗ്രഹവും,

'പൂർവ്വാഹ്നഃ ശ്രേഷ്ഠ ഇത്യുക്തോ മദ്ധ്യാഹ്നശ്ച വിശേഷതഃ
അപരാഹ്നഞ്ച രാത്രിഞ്ച വർജ്ജയേന്നാമകർമ്മണി
ത്രിയാമാന്ത്യത്രിഭാഗേതു നാമ കുർവ്വന്തി സൂരയഃ'

നാമകരണത്തിനു പൂർവ്വാഹ്നവും മദ്ധ്യാഹ്നവും വിശേഷിച്ചും ശ്രേഷ്ഠമാണെന്നാണ് പറയുന്നത്. അപരാഹ്നവും രാത്രിയും വർജ്ജിക്കയും

വേണം. എന്നാൽ അറിവുള്ള മഹാന്മാർ രാത്ര്യന്ത്യത്ര്യംശത്തിൽ നാമകരണം ചെയ്യുന്നതുമുണ്ട് എന്നു മുഹൂത്തദീപകത്തിലും പറയുന്നു. ഇതിൽ അനുക്തങ്ങളായ പ്രാഹ്നസായാഹ്നങ്ങളിൽ നിത്യദോഷത്തിൽപെട്ട സായാഹ്നം നിന്ദ്യമെന്നും പ്രാഹ്നം മദ്ധ്യമമെന്നും ആശയമാകുന്നു. ചിത്രാശ്രുത്യേന്ദ്രപൂവ്വാശ്യഹിയമശിഖികളെന്ന നക്ഷത്രങ്ങളും വർജ്യങ്ങളാകുന്നു. എന്നുവെച്ചാൽ ചിത്ര, ശ്രുപ്പം—വിശാഖം, ഇന്ദ്രൻ—തൃക്കേട്ട, പൂവ്വകൾ—പൂരം, പൂരാടം, പൂരോരട്ടാതി എന്ന മൂന്നു നാളുകൾ (പൂവ്വകളെന്നു പറയുന്ന ദിക്കിലെല്ലാം ഇതുകളെ ഗ്രഹിക്കുകയും വേണം) അശ്വി—അശ്വതി, അഹി—ആയില്യം, യമൻ—ഭരണി, അഗ്നി—കാത്തിക എന്ന 10 നാളുകളും നാമകരണത്തിനു വർജ്യങ്ങളാകുന്നു. അപ്പോൾ മററ 17 നാളുകളും സ്വീകരിക്കാമെന്നും ഗ്രഹിക്കണം.

‘നാമ്നിമിത്രോത്തരാജഃ ചി ിഷ്ണുത്ര്യനിലപൂഷണഃ
ആദ്രാത്രി പിതൃരക്ഷോക്കാശ്ശസ്താസ്സപ്തോത്തരാദശ’

എന്നു് ആചാരസംഗ്രഹത്തിലും പറയുന്നു. മൂലകാരൻ വാചകം ചുരുക്കുവാൻവേണ്ടി ചുരുങ്ങിയ സംഖ്യയെ കാണിച്ചതാകുന്നു. ഈ നയം അദ്ദേഹം പലേടത്തും പ്രയോഗിക്കുന്നതുമുണ്ടു്. അജൈണജ്ജുകങ്ങളെന്ന രാശികളും വർജ്ജിക്കണം. അപ്പോൾ മേടം, മകരം, തുലാം എന്ന രാശികളെ വർജ്ജിക്കണമെന്നു സാരം. ഇവിടെ —

‘രാശയശ്ച സ്ഥിരാശ്ശസ്താദ്വിസ്വഭാവാശ്ശുഭൈര്യുതാഃ
ശ്രേഷ്ഠാനേഷ്ടാസ്തഥാ ശേഷാ അപി യുക്താഃ ശുഭഗ്രഹൈഃ’

നാമകരണമുഹൂത്തം എടവം, ചിങ്ങം, വൃശ്ചികം, കുംഭം എന്ന സ്ഥിരരാശിസമയത്തായിരുന്നാൽ വളരെ നല്ലതാകുന്നു. മിഥുനം-കന്നി-ധനുമീനങ്ങളെന്ന ഉഭയരാശികളിൽ ഏതെങ്കിലും ഒരു ശുഭഗ്രഹം നില്ക്കുന്നുണ്ടെങ്കിൽ ആ സമയവും വിരോധമില്ല. ബാക്കിയുള്ള മേടം, കക്കിടകം, തുലാം, മകരമെന്ന ചരരാശികളിൽ ശുഭഗ്രഹങ്ങളുണ്ടെങ്കിലും നാമകരണത്തിന്നു കൊള്ളുകയില്ല എന്നാണ് ഗ്രന്ഥാന്തരത്തിൽ പറഞ്ഞുകാണുന്നതു്. എന്നാൽ,

‘ചരാഖ്യാരാശയോ വർജ്ജ്യാ മദ്ധ്യഃ കക്കടകഃ കില’

എന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നതു്. അതിനാൽ കക്കടകം ആപത്തിൽ മദ്ധ്യമേന സ്വീകരിക്കാമെന്നും വന്നു. അതാണ് മൂലകാരൻ ചരങ്ങളെന്നു പറയാതെ അജൈണജ്ജുകാഃ എന്നു പറഞ്ഞിരിക്കുന്നതു്. കക്കടകം അനുക്തമെങ്കിലും അധമമാണെന്നാകുന്നു വരദീപികയുടേയും അഭിപ്രായം. നിശാദ്യത്ര്യംശങ്ങളും വർജ്ജിക്കണം. അതായതു, രാത്രിയെ മൂന്നാക്കി ഭാഗിച്ചാൽ അതിലെ ആദ്യത്തെ രണ്ടുഭാഗകാലവും നാമകരണത്തിന്നു വർജ്ജ്യമാകുന്നു എന്നു സാരം. അപ്പോൾ അപരാഹ്നാരംഭം മുതൽ രാത്ര്യന്ത്യത്ര്യംശം തുടങ്ങുന്നതുവരെ നാമകരണം ചെയ്യരുതെന്നും ഗ്രഹിക്കണം.

'ആദ്യത്ര്യംശദ്ധേയം രാത്രേരപരാഹ്ണഞ്ച വർജ്യയേൽ'

എന്നു പഞ്ചാംശികയിൽ പറയുന്നുമുണ്ട്. ഭൌമാക്കിവാരങ്ങളും—ചൊവ്വാഴ്ചയും ശനിയാഴ്ചയും വർജ്യങ്ങളാകുന്നു. എന്നാൽ,

'ശ്രുദ്രാണാം ശുഭദാ വാരാഃ കുജശന്യോന്ന ശോഭനൌ'

എന്നാണ് ആചാരസംഗ്രഹം പറയുന്നത്. അതേവിധം കുജശനിവാരങ്ങളും ആ പത്തിൽ ഗ്രഹിക്കുന്ന ആചാരവുമുണ്ട് എന്നാണ് വരദീപികയുടെ അഭിപ്രായം. രാത്രിയുടെ മൂന്നാമത്തെ ഭാഗത്തിലാണ് നാമകരണം ചെയ്യുന്നതെങ്കിൽ അവിടെ ആഴ്ചയെ നോക്കേണ്ടതുമില്ല. 'രാത്രൌ വാരഫലം നാസ്തി' എന്നും പറഞ്ഞുകാണുന്നു.

വ്യയഗഖഗമൃതിസ്ഥാസൃക്കകം = വ്യയഗഖഗങ്ങളും—12-ാം ഭാവത്ത് എല്ലാ ഗ്രഹങ്ങളും, മൃതിസ്ഥനായ—എട്ടാമേടത്തിൽ നില്ക്കുന്ന അസൃക്കും—ചൊവ്വയും, 12-ൽ ഗ്രഹങ്ങളും 8-ൽ ചൊവ്വയും വർജ്ജിക്കണം.

'ലഗ്നേ സൂര്യോ വ്യയേ സർവ്വേ വർജ്യാ നാമ്ന്യഷ്ടമേ കുജഃ'

എന്നും പറഞ്ഞുകാണുന്നു. അപ്പോൾ ലഗ്നത്തിൽ സൂര്യനും വർജ്യനാകുന്നു. ജന്മഭവും—കുമാരന്റെ ജന്മനക്ഷത്രവും വർജ്യമാകുന്നു. ജന്മഭം എന്നു പറയുകയാൽ അനുജന്മനക്ഷത്രങ്ങൾ വർജ്ജിക്കേണ്ടതില്ല എന്നും ഗ്രഹിക്കണം. മററ നിത്യദോഷങ്ങളും കർത്തൃദോഷങ്ങളും വർജ്ജിക്കണം. ദിനകാര്യമാകയാൽ ഷൾദോഷങ്ങൾ വർജ്ജിക്കുകയും വേണ്ട. എന്നാൽ 11-ാം ദിവസത്തിനു മുമ്പോ 13-ാം ദിവസമോ നിഷിദ്ധങ്ങളായ നാളുകളിലോ രിക്താദിതിഥികളിലോ അപരാഹ്നം മുതൽ അപരരാത്രം വരെയുള്ള സമയത്തിലോ നാമകരണം ചെയ്താൽ ആവർത്തിക്കണം. മററുള്ളതുകൾക്കെല്ലാം പ്രായശ്ചിത്തം മതി. നാമകരണലഗ്നഫലത്തെപററി,

'ഉച്ചസ്ഥിതേന വിഹഗേന യുതേഥ ദൃഷ്ടേ
ലഗ്നേ കൃതം ഭവതി നാമ ഭുവി പ്രസിദ്ധം
നീചസ്ഥിതേന വികലം സുഹൃദൃക്ഷഗേണ
ലോകപ്രിയം പരമപീത്യവദദ്വസിഷ്ഠഃ'

നാമകരണലഗ്നം ഉച്ചസ്ഥനായ ഗ്രഹം നില്ക്കുന്നതോ ഉച്ചസ്ഥനായ ഗ്രഹം നോക്കുന്നതോ ആയിരുന്നാൽ ആ സമയം പേരിട്ടാൽ അവന്റെ പേർ ലോകമെല്ലാം പ്രസിദ്ധമായിരിക്കും. നീചസ്ഥമായ ഗ്രഹം നില്ക്കുന്നതോ നോക്കുന്നതോ ആയ രാശി സമയത്തായിരുന്നാൽ അവന്റെ ഖ്യാതി ചീത്തയായിത്തീരും. ഗ്രഹങ്ങളുടെ ഉച്ചം 'പൂ, രം, നട, ത്തു, വാൻ, പ്രയാ, സം' എന്നിതുകളാകുന്നു. അപ്പോൾ ആദിത്യന്റെ ഉച്ചം മേടം. ശനിയുടേതു തുലാം. അവനവന്റെ ഉച്ചസ്ഥാനത്തിന്റെ ഏഴാം രാശി നീചം) ബന്ധുക്ഷേത്രഗതനായ ഗ്രഹത്തോടുകൂടിയതോ അതേ വിധമുള്ള ഗ്രഹം നോക്കിയതോ ആയ രാശി സമയം പേരിട്ടാൽ അവന്റെ പേർ സകല ജനങ്ങൾക്കും ഇഷ്ടമുള്ളതായിത്തീരുകയും ചെയ്യുമെന്നാണ് വസിഷ്ഠൻ പറയുന്നതു.

'ശത്രുഗ്രഹസ്ഥലഗ്നേ വാ ദൃഷ്ടേ വാ ശത്രുരാശിഗൈഃ
തസ്മിൻ കാലേ കൃതന്നാമ ലോകദ്വേഷകരം ഭവേൽ'

ശത്രുക്ഷേത്രസ്ഥനായ ഗ്രഹത്തോടു കൂടിയതോ അതേ വിധമുള്ള ഗ്രഹം നോക്കിയതോ ആയ രാശികൊണ്ടു പേരിട്ടാൽ അവൻെറ പേർ കേൾക്കുന്നതു സകല ജനങ്ങൾക്കും ദ്വേഷകാരണമായിത്തീരുകയും ചെയ്യും എന്നു വാസിഷ്ഠത്തിലും പറയുന്നു.

## ഗ്രഹങ്ങളുടെ ബന്ധുശത്രു വിഭാഗം.

ശത്രൂ മന്ദസിതൌ സ്സമശ്ശശിസുതോ മിത്രാണി ശേഷാ രവേഃ തീക്ഷ്ണാംശുർഹിമരശ്മിജശ്ച സുഹൃദൌ ശേഷാസ്സമാശ്ശീതഗോഃ। ജീവേന്ദൂഷ്ണകരാഃ കുജസ്യ സുഹൃദൌ ജ്ഞോരി സിതാൎക്കീ സമൌ മിത്രൌ സൂൎയ്യസിതൌ ബുധസ്യ ഹിമഗുശ്ശത്രുസ്സമാശ്ചാപരേ—। സൂരേസ്സൌമ്യസിതാവരീ രവിസുതോ മദ്ധ്യോപരേത്വന്യഥാ. സൌമ്യാൎക്കീ സുഹൃദൌ സമൌ കുജഗുരു ശുക്രസ്യ ശേഷാവരീ। ശുക്രജ്ഞൌ സുഹൃദൌ സമസ്സുരഗുരുസ്സൌരസ്യ ചാന്യേരയോ യേ പ്രോക്താഃ സുഹൃദസ്ത്രികോണഭവനാത്തേമീ മയാ കീൎത്തിതാഃ ഇതിൻെറ അൎത്ഥം ഈ പട്ടികകൊണ്ടറിയാവുന്നതാണ്.

| ഗ്രഹം | ക്ഷേത്രം | ഉച്ചം | നീചം | ബന്ധു | ശത്രു | സമൻ |
|---|---|---|---|---|---|---|
| ആദിത്യൻ | ചിങ്ങം | മേടം | തുലാം | ചന്ദ്രൻ കുജൻ ഗുരു | ശുക്രൻ ശനി | ബുധൻ |
| ചന്ദ്രൻ | കൎക്കിടകം | എടവം | വൃശ്ചികം | ആദിത്യൻ ശനി | 0 | കുജൻ ബുധൻ വ്യാഴം |
| കുജൻ | മേടം വൃശ്ചികം | മകരം | കൎക്കിടകം | ചന്ദ്രൻ രവി വ്യാഴം | ബുധൻ | ശുക്രൻ ശനി |
| ബുധൻ | കന്നി മിഥുനം | കന്നി | മീനം | സൂൎയ്യൻ ശുക്രൻ | ചന്ദ്രൻ | ചൊവ്വ വ്യാഴം ശനി |
| വ്യാഴം | ധനു മീനം | കൎക്കിടകം | മകരം | ആദിത്യൻ കുജൻ ചന്ദ്രൻ | ബുധൻ ശുക്രൻ | ശനി |
| ശുക്രൻ | തുലാം എടവം | മീനം | കന്നി | ബുധൻ ശനി | ആദിത്യൻ ചന്ദ്രൻ | ചൊവ്വ വ്യാഴം |
| ശനി | കുംഭം മകരം | തുലാം | മേടം | ശുക്രൻ ബുധൻ | വ്യാഴം | ആദിത്യൻ ചന്ദ്രൻ കുജൻ |

ഈ പറഞ്ഞതിൽ സൂര്യചന്ദ്രമാക്ക ചിങ്ങകർക്കിടകങ്ങൾ മൂലക്ഷേത്രങ്ങൾ അവക്ക സ്വക്ഷേത്രമെന്നു ഒന്നു വേറെയില്ല. കുജാദിപഞ്ചഗ്രഹങ്ങൾക്ക പറഞ്ഞ ഈരണ്ടു രാശികളിൽ ആദ്യത്തേതു മൂലക്ഷേത്രവും രണ്ടാമത്തേതു സ്വക്ഷേത്രവുമാകുന്നു. ബന്ധുശത്രു സമന്മാരിൽ അന്യോന്യം ബന്ധുവാണെങ്കിൽ അതിബന്ധു. അല്ലെങ്കിൽ ബന്ധു. ഇതേവിധം അതിശത്രുവിനേയും, ശത്രുവിനേയും, അതിസമനേയും, ബന്ധുസമനേയും നോക്കിയറിയണം. ഓരോ ഗ്രഹത്തിൻേറയും ബലസ്ഥിതി ഒരു ഗ്രഹം അതിൻെറ ഉച്ചരാശിയിൽ നില്ക്കുമ്പോൾ 60 ബലം, മൂലക്ഷേത്രത്തിൽ 45. സ്വക്ഷേത്രത്തിൽ 30. അതിമിത്രക്ഷേത്രത്തിൽ 22½. ബന്ധുക്ഷേത്രത്തിൽ 15. സമക്ഷേത്രത്തിൽ 7½. ശത്രുക്ഷേത്രത്തിൽ 3¾. അതിശത്രുക്ഷേത്രത്തിൽ 1⅞. നീചരാശിയിൽ ബലം പൂജ്യവുമാണ്. അപ്പോൾ ആദിത്യന്നു മേടത്തിൽ 60-ം എടവത്തിൽ 1⅞-ം മിഥുനകന്നികളിൽ 7½-ം കർക്കിടകത്തിൽ 22½-ം ചിങ്ങത്തിൽ 45-ം തുലാത്തിൽ 0-ം വൃശ്ചികത്തിൽ 22½-ം ധനുമീനങ്ങളിൽ 22½ ം, മകരകുംഭങ്ങളിൽ 3¾-ം ബലമാകുന്നു. ഇതേവിധം മററ ഗ്രഹങ്ങളുടേയും ബലവിഭാഗത്തെ അറിയണം. ബലസ്ഥിതിയെക്കുറിച്ചു—സ്വോച്ച ഹീതിസ്ത്രികോണസ്ഥേ ശുഭം സ്വക്ഷേത്രനീലനാം. അതിമിത്രേ നഗരശ്രീമിത്രേ ജ്ഞാനശുഭം സമേ. നാഗോസൌരി പുശുഭാംഗം അതിശത്രു സ്ഥരാമയംഎന്നും നീചമേ ശൂന്യമേവ എന്നും പറഞ്ഞുകാണുന്നു.

കണ്ണെഴുതുവാൻ— ബാലന്മാരെ ആദ്യമായി കണ്ണെഴുതിക്കുവാനും അവക്ക വയമ്പും വാഴക്കയും കൊടുപ്പാനും നല്ല ദിവസവും സമയവും നോക്കണം. അതുകളെ മൂലകാരൻ ഒന്നും പറഞ്ഞിട്ടുമില്ല. എങ്കിലും അതുകളുടെ വിവരം ക്രമത്തിൽ വിവരിക്കുകയും ചെയ്യാം.

'ബാലാനാമഞ്ജനേ ശസ്താ ദ്വിനേത്രാ ഭുക്തിതാരകാഃ
ജലദ്ധികാലശ്ശുഭദോ വർജ്ജ്യാഃ പാപാഹ്നവാസരാഃ
ശുക്രദൃഷ്ട്യുദയൌ വർജ്ജ്യൌ തഥാ പാപോദയാദികാഃ
വർജ്ജനീയാ യഥായോഗം വർജ്ജയേജ്ജന്മഭത്രയം

കണ്ണെഴുതിക്കുവാൻ, ഊൺനാളുകളിൽ രണ്ടു കണ്ണായിവരുന്ന നാളുകളുള്ള ദിവസം വേലിയേററമുള്ള സമയം ശുഭമാകുന്നു. പാപഗ്രഹങ്ങളുടെ ആഴ്ചകളും വെള്ളിയാഴ്ചയും ശുക്രൻെറ ദൃഷ്ടിയോ ഉദയമോ (ശുക്രൻ നില്ക്കുന്നതോ) ആയ രാശിയും പാപോദയാദിദോഷയുക്തമായ രാശിയും മററ നിത്യദോഷങ്ങളിൽ ഗുളികോദയാദികളും ബാലൻെറ ജന്മാനുജന്മനക്ഷത്രങ്ങളും വർജ്ജിക്കുകയും വേണം.

'കണ്ണെഴുത്തിന്നു ബാലാനാം വേണം കണ്ണുള്ളനാളിഹ
നല്ലപക്കങ്ങളൂൺനാളും വേലിയേററം ശുഭപ്രദം
അർക്കാരശുക്രമന്ദാനാം വാസരഞ്ച ഭൃഗ്വുദയാ
ഇവ പററാവിശേഷിച്ചും ശുക്രദൃഷ്ടിം വിവർജ്ജയേൽ

ജന്മാഷ്ടരാശിം തൻക്രൂരം ഗോലാസം ജന്മഭം ത്യജേൽ
വേണം പൂൎണ്ണകൾ നന്നെല്ലോഅമാവാസിയൊഴിച്ചവ'

എന്നും പറഞ്ഞുകാണുന്നു. കണ്ണുള്ള നാളുകളെ ഇങ്ങിനെ പറയുന്നു.

'എണ്ണുകശ്വിമുതലക്കവരതോ-
പ്യത്രപോക്കി നവ പിന്നെയൊമ്പതിൽ
നാലു കൺ ത്രിതയമേകനേത്രമാം
പിന്നെരണ്ടു കുരുടാം തദൌഷധേ'

അശ്വതിമുതൽ അന്നത്തെ നാളോളവും ഞായറാഴ്ച മുതൽ അന്നത്തെ ആഴ്ചയോളവും എണ്ണി ഒന്നിച്ചുകൂട്ടിയ സംഖ്യയേ ഒമ്പതിൽ ഹരിച്ച് ബാക്കിവരുന്നശേഷം ഒന്നുമുതൽ നാലുവരെ രണ്ടുകണ്ണ് അഞ്ചുമുതൽ 7വരെ ഒരുകണ്ണ്, 8-ം 9-ം കണ്ണില്ല. ഇതാണ് കണ്ണുള്ള നാളുടെ വിവരം. ഊൺനാളുകൾ ചോറൂണിൻെറ വിവരണത്തിൽ പറയും വേലിയേററവിവരം മുമ്പ് ഗൎഭൌഷധവിധിയിൽ പറഞ്ഞിട്ടുണ്ട്.

## വയമ്പു കൊടുപ്പാൻ.

വചാപ്രദാനേ ബാലസ്യ ശോഭനം ജല വൎദ്ധനം
ബാലാന്നോക്തതാസ്തഥാ താരാശയശ്ച തഥൈവച
നിശാദ്യത്ര്യംശകൌ നിന്ദ്യാ വപരാഹ്നസ്തഥൈവച
നിന്ദ്യൌ മന്ദാരയോൎവ്വാരൌ ബുധവാരോതിശോഭനഃ
സാരസ്വതാദ്യാ യോഗാശ്ച വചാ ദാനേതി ശോഭനാഃ

ബാലന്നു വയമ്പുകൊടുപ്പാൻ വേലിയേററമുള്ള സമയവും ഊൺനാളുകളും ചോറൂണിന്നു പറയുന്ന രാശികളും നല്ലതാണ്. രാത്രിയുടെ ആദ്യത്തെ രണ്ടുത്ര്യംശങ്ങളും അപരാഹ്നവും ശനിയാഴ്ചയും ചൊവ്വാഴ്ചയും വൎജ്ജിക്കുകയും വേണം. ബുധനാഴ്ച മററ് എല്ലാ ആഴ്ചകളേക്കാളും അധികം നല്ലതാണ്. സാരസ്വതയോഗമുള്ള സമയവും വിശേഷമാണ്. സാരസ്വതയോഗവിവരണം വിദ്യാരംഭമുഹൂൎത്തത്തെ പറയുന്നേടത്തു വിവരിക്കുകയും ചെയ്യും. ഇതിനെപ്പററി വരദീപിക ഇങ്ങിനെ പറയുന്നു:—കൎമ്മരാശിയുടെ രണ്ടിലും അഞ്ചിലും പാപന്മാരുള്ള രാശിയും ബുധന്നു മൌഢ്യമുള്ള കാലവും വൎജ്ജിക്കണം. കന്നി, മിഥുനം, ധനു എന്ന രാശികൾ (മുൻപറഞ്ഞ ദോഷമില്ലെങ്കിൽ) അധികം നല്ലവയാകുന്നു. വിദ്യാരംഭമുഹൂൎത്തം കൊണ്ടും വയമ്പു കൊടുക്കാം. മററു കൎത്തൃദോഷങ്ങൾ കഴിയുന്നതും വൎജ്ജിക്കണം.

## പാലും വാഴക്കയും കൊടുപ്പാൻ.

നാക്ഷത്രമാസേ സംപൂൎണ്ണേ മുഹൂൎത്തേ ഭോജനോദിതേ
ക്ഷീരാദികം ശിശോൎദദ്യാന്നവാന്നോക്തേപിവാപദി

ജനിച്ചിട്ട് ഒരു നക്ഷത്രമാസം (27 ദിവസം) കഴിഞ്ഞാൽ പിന്നെ ചോറുണിന്നു വിധിക്കുന്ന മുഹൂൎത്തമുള്ള സമയം ബാലന്നു പശുവിൻപാൽ കുറുക്കിയതും വാഴക്കയും കൊടുക്കാം. ചോറുണമുഹൂൎത്തം ചേൎന്നുവരുന്നി ല്ലെങ്കിൽ പുത്തരി മുഹൂൎത്തംകൊണ്ടും കൊടുക്കാം. 28 ദിവസം കഴിഞ്ഞിട്ട് ഈ പറഞ്ഞ മുഹൂൎത്തം ചേൎന്നുവരാത്തപക്ഷം പാദപോദയപാപദൃഷ്ടികളി ല്ലാത്ത രാശിയും വിഷോഷ്ണഗുളികവിഷ്ടി ഗണ്ഡാന്തരഹിത സമയത്തിൽ ഊൺനാളുന്നാൾ കൊടുത്തുകൊൾകയും വേണം. ചിലർ വയമ്പുകൊടുക്കു ന്നതോടുകൂടെ വാഴക്കയും കൊടുക്കുന്നതായും കാണുന്നു. ഈ പറഞ്ഞ നേ ത്രാംജനാദികൾ 12-ാംദിവസത്തിന്നുശേഷം എന്നും ചെയ്യാം.

## വാതിൽപുറപ്പാട്.

നിഷ്ക്രാമണം ചതുൎത്ഥേ മാസി  
ന ചേൽ പ്രാശനേനസഹ കുൎയ്യാൽ  
ഭുക്തിവദേവ മുഹൂൎത്ത-  
സ്തത്ര ന ഹരി വാസരോ വൎജ്ജ്യഃ. 12

നാലാംമാസത്തിലാണ് വതിൽ പുറപ്പാട് ചെയ്യേണ്ടത്. ഇവിടെ മാസമെന്നത് സാവനംകൊണ്ടാണ് കണക്കാക്കേണ്ടത്. അന്നു ചെയ്തിട്ടി ല്ലെങ്കിൽ അന്നപ്രാശനത്തോടുകൂടെ (ഒരു മുഹൂൎത്തത്തിൽ) ചെയ്യണം. ഇതി ന്നുള്ള മുഹൂൎത്തം ചോറുണിന്നുള്ളതുപോലെതന്നെയാകുന്നു. പക്ഷെ ഇതിന്ന് ഹരിവാസരം വൎജ്ജിക്കുകയും വേണ്ട. ഹരിവാസരപ്രമാണം സേകമുഹൂൎത്ത വിവരണത്തിൽ പറഞ്ഞിട്ടുമുണ്ട്. നാലാംമാസത്തിന്നു മുമ്പോ നാലാംമാ സത്തിന്നുശേഷം ചോറുണോടുകൂടാതെയോ വൎജ്ജ്യദിവസങ്ങളിലോ ചെയ്തു പോയാൽ ആവൎത്തിക്കണം. മററ ദോഷങ്ങൾക്കെല്ലാം യഥാശക്തി പ്രാ യശ്ചിത്തവും ചെയ്യണം.

## ചോറുണ്.

ഷഷ്ഠേ മാസ്യശനം ന സപ്തമ ഇഹ  
ത്യാജ്യോ ഹരേൎവ്വാസരോ  
ജ്യേഷ്ഠാൎദ്രായമകൃത്തികോരഗമഘാഃ  
പൂൎവ്വാ വിശാഖാസുരാഃ  
രന്ധ്രേസ്യഗപുഷ്ടിന്ദുരം ബുനി ഗുരു-  
ൎജ്ഞേന്ദൂ ശുഭേ ഖേഖിലാ  
ഭൌമക്ഷേത്രഝഷാദ്ധ്രാത്രഗരള-  
ദ്രേക്കാണജന്മോഡു ച. 13

ഇപ്രകാരം വാതിൽപുറപ്പാടിൻെറ മുഹൂൎത്തത്തെ പറഞ്ഞതിന്നുശേ ഷം പിന്നെ ചെയ്യേണ്ടതായ ചോറുണിൻെറ മുഹൂൎത്തത്തെ പറയുന്നു:— ആറാംമാസത്തിലാണ് ചോറുകൊടുക്കേണ്ടത്. ഏഴാംമാസം വിധിപരമാ

കയാൽ അന്നു ചെയ്യരുത്. ഇവിടെ മാസം കണക്കാക്കേണ്ടത് സാവനം കൊണ്ടും സൌരംകൊണ്ടും ചാന്ദ്രംകൊണ്ടുമാവാം. എന്ന് ചന്ദ്രോപ്യാപദിഭോജനേ എന്നതുകൊണ്ടു സിദ്ധമാകുന്നു. ജനനദിവസം മുതൽ 150 ദിവസം കഴിഞ്ഞാൽ സാവനംകൊണ്ട് ആറാംമാസമായി. ജനന.സമയത്തെ സൂര്യസ്ഫുടത്തിൽ 5 രാശികൂടെ ചെന്നാൽ സൌരം. ബാലൻെറ ജനനസമയത്തെ തിഥി അഞ്ചു കഴിഞ്ഞാൽ ചാന്ദ്രം. ചാന്ദ്രം സാവനത്തെക്കാൾ രണ്ടോ മൂന്നോ ദിവസംമുമ്പെ തുടങ്ങും. ഈ പറഞ്ഞ മൂന്നുതരം മാസത്തിലും സാവനമാണ് മുഖ്യം. ചാന്ദ്രം മദ്ധ്യമം. അതും സ്വീകരിക്കുന്നുണ്ട്. അപ്പോൾ ആറാം മാസമെന്നത്, സാവനംകൊണ്ട് അഥവാ ചാന്ദ്രംകൊണ്ട് ആറാംമാസം തുടങ്ങി സൌരംകൊണ്ട് ഏഴാംമാസം തുടങ്ങുന്നതുവരെയാകുന്നു. ഏഴാം മാസമെന്നത് സൌരംകൊണ്ട് 7-ാം മാസംതുടങ്ങി ചാന്ദ്രംകൊണ്ട് 8-ാം മാസം തുടങ്ങുന്നതുവരെയുമാകുന്നു. ഇതിനെപററി 'ദേവകി'ക്കു ചോറുകൊടുക്കാം 'രജകി'ക്കു ചോറുകൊടുക്കരുതെന്നും പറഞ്ഞുകേൾക്കുന്നു. ഇനി ത്യാജ്യങ്ങളെ വിവരിക്കുന്നു. ഹരിവാസരം വർജ്യമാകുന്നു. ഇതിൻെറ വിവരണം സേകമുഹൂർത്തത്തിൽ പറഞ്ഞിട്ടുണ്ടു. ജ്യേഷ്ഠാർദ്രയമകൃത്തികോരഗമഘകളും പൂർവ്വകളും വിശാഖാസുരകളുമായ നക്ഷത്രങ്ങളും വർജ്ജ്യങ്ങളാകുന്നു. അതായത്, തൃക്കേട്ട, തിരുവാതിര, ഭരണി, കാർത്തിക, ആയില്യം, മകം, പൂരം പൂരാടം, പൂരോട്ടാതി, വിശാഖം, മൂലം എന്ന 11 നാളുകളാകുന്നു. ഊൺനാളുകളെ കാലദീപകത്തിൽ ഇങ്ങിനെ വിവരിക്കുന്നു:—

'അശ്വതീരോഹിണീമാന്നും പുണർതം പൂയ മുത്തിരം
അത്തം ചിത്തിരയും ചോതി യനിഴഞ്ചോത്തിരാടവും
ഓണം ശ്രവിഷ്ഠ ചതയമുത്തിരട്ടാതിരേവതി
പതിനാറിവനാളുണ്ടു ചോറൂണിന്നു വിധിച്ചവ'

ആചാരസംഗ്രഹത്തിൽ,

'അന്ത്യേദിതിദ്വിവിഷ്ണുത്രിഹസ്തത്ര്യുത്തരപൂഷണഃ
രോഹിണീദ്വ്യശ്വിമിത്രാശ്ച ഷോഡശന്നൌഃ ശുഭാഃ സ്മൃതാഃ

എന്നും പറഞ്ഞുകാണുന്നു. ശുഭവാരങ്ങൾ ശുഭങ്ങളാകുന്നു. പാപവാരങ്ങൾ മദ്ധ്യമങ്ങളുമാകുന്നു. എന്നാൽ എല്ലാ ആഴ്ചകളും സ്വീകരിച്ചുവരുന്നതുമുണ്ട്. നിന്ദ്യങ്ങളായ ഗ്രഹസ്ഥിതികളെ പറയുന്നു: രന്ധ്റത്തിൽ—എട്ടാമേടത്തു ചൊവ്വ, വപുസ്സിൽ—ലഗ്നത്തിൽ ചന്ദ്രൻ, അംബുവിൽ—നാലിൽ വ്യാഴം, ശുഭത്തിൽ, ഒമ്പതിൽ ബുധനും ചന്ദ്രനും, ഖം—പത്തിൽ എല്ലാഗ്രഹങ്ങൾ എന്നിതുകൾ നിന്ദ്യങ്ങളാകുന്നു. ആദിത്യോദയം വർജ്യമെന്നു നിത്യദോഷപ്രകരണത്തിൽതന്നെ പറഞ്ഞിട്ടുമുണ്ടല്ലോ.

'ലഗ്നേകേന്ദ്രേകൂതൗഭൗമോ, ധൎമ്മേസൗമ്യനിശാകരൗ
ദശമസ്ഥാ ഗ്രഹാസ്സൎവ്വേ ഹിബുകേദേവപൂജിതഃ
വിശേഷതോ വൎജ്ജനീയാ മൃത്യുദാ ദുഃഖദാശ്ചതേ

എന്നും പറഞ്ഞുകാണുന്നു. എട്ടിലും ഒമ്പതിലും ആദിത്യൻ വൎജ്യനാകുന്നു. എന്നാൽ ഒമ്പതിൽ ആദിത്യനു് ആപത്തിൽ പ്രായശ്ചിത്തംചെയ്തു സ്വീകരിക്കാം. ആദിത്യൻ നില്ക്കുന്ന രാശിയുടെ ആറാംരാശിമുതൽ സായം സന്ധ്യാകാലം കഴിയുന്നതുവരെയുള്ള സമയം വൎജ്യമാണെന്നു വൎദ്ദീപികയും പറയുന്നു. ഭൗമ്യക്ഷേത്രദ്ധഷാൎദ്ധരാത്രഗരളദ്രേക്കാണജന്മോഡുവും വൎജ്യമാകുന്നു. അതെന്തെന്നാൽ ഭൗമക്ഷേത്രദ്ധഷങ്ങളെന്ന രാശികൾ—ചൊവ്വാക്ഷേത്രങ്ങളായ മേടവൃശ്ചികരാശികളും മീനം രാശിയും വൎജ്യങ്ങളാകുന്നു. 'മേഷ വൃശ്ചിക മീനസ്ഥ വൎജ്യ, ബാലസ്യഭോജനേ എന്നു ആചാരസംഗ്രഹത്തിലും പറയുന്നു.

അപ്പോൾ ബാക്കി 9രാശികളും സ്വീകരിക്കാം. മിഥുനംരാശി മദ്ധ്യമമെന്നും പറയുന്നു. അൎദ്ധരാത്രം—രാത്രിയിലെ 6-ാമത്തെ മുഹൂൎത്തവും നിന്ദ്യമാകുന്നു. ഗരളദ്രേക്കാണം—വിഷദ്രേക്കാണം. ദ്രേക്കാണമെന്നാൽ രാശിയുടെ മൂന്നിൽ ഒരു ഭാഗമാകുന്നു. ഒരു രാശിക്കു് മൂന്നു ദ്രേക്കാണമാണു്. അതുകൾക്കു് ആദ്യമദ്ധ്യാന്ത്യദ്രേക്കാണങ്ങളെന്നുമാണു് പേർ. എല്ലാ രാശികളുടേയും ഓരോ ദ്രേക്കാണം വിഷദ്രേക്കാണമായിരിക്കയും ചെയ്യും. അതുകളുടെ വിഭാഗമെങ്ങിനെ എന്നാൽ,

"പാഠാത്രികട്ടകം രോഗീ പത്ഥ്യാരാത്രി രിതിക്രമാൽ
വിഷദ്രേക്കാണസംജ്ഞോയം ബാലാന്നേതീവ ഗഹിതഃ'

മേടംമുതൽ ഓരോ രാശികളിലും പാഠാദിക്രമത്തിൽ ഓരോ അക്ഷരത്തിൻെറ സംഖ്യവരുന്ന ദ്രേക്കാണങ്ങൾ വിഷദ്രേക്കാണങ്ങളാകുന്നു. അതുകൾ ചോറൂണിന്നു് അത്യന്തം വൎജ്യമെന്നും ഗ്രഹിക്കണം. ബാലാന്നേതീവഗഹിതഃ' എന്നു പറയുകയാൽ വിഷദ്രേക്കാണം എല്ലാ കൎമ്മങ്ങൾക്കും നിന്ദ്യംതന്നെ. ചോറൂണിന്നു് തീരെ വൎജ്യമെന്നും സാരം. എന്നാൽ മേടം, കൎക്കിടകം, ചിങ്ങം, കന്നി, ധനു, മകരം എന്ന 6 രാശികൾക്കും ആദ്യദ്രേക്കാണവും, എടവം, തുലാം, കുംഭം, മീനം എന്ന 4 രാശികൾ മദ്ധ്യദ്രേക്കാണവും, മിഥുനം, വൃശ്ചികം എന്ന ഈ രാശികൾക്കും അന്ത്യദ്രേക്കാണവും വിഷദ്രേക്കാണമാകുന്നു എന്നു വിവേകം. ജന്മോഡു - ബാലൻെറ ജന്മനക്ഷത്രം വൎജ്യമാകുന്നു. അനുജന്മനക്ഷത്രങ്ങൾ രണ്ടും സ്വീകരിക്കുകയും ചെയ്യാം. 'നാമാന്നോപനയേഷ്വാദ്യം വൎജ്ജയേജ്ജന്മഭം' എന്നു പഞ്ചാശികയിലും പറയുന്നു. ഈ മൂലത്തിൽ 'ന സപ്തമേ' എന്നുമുതൽ പറഞ്ഞവയും നിത്യദോഷങ്ങളും കൎത്തൃദോഷങ്ങളും വൎജ്ജിക്കണം. മാസകാൎയ്യമാകയാൽ ഷൾദോഷങ്ങളെ നോക്കേണ്ടതുമില്ല. എന്നാൽ ആറാംമാസത്തിനുമുമ്പോ ഏഴാം മാസത്തി

ലോ നിഷേധിച്ച നാളിലോ നിഷിദ്ധതിഥികളിലോ ചോറുകൊടുത്താൽ ആവൎത്തിക്കണം. ഹരിവാസരമായാലും രാശി മാറിപ്പോയാലും എട്ടിൽ ആദിത്യൻ നില്ക്കുന്ന രാശിയായാലും അൎദ്ധരാത്രമുഹൂൎത്തമായാലും ഉദിക്കുന്നതിൻെറ 6 നാഴികമുമ്പെ തുടങ്ങിയ ഉദയംവരെ ഉള്ള സമയമായാലും ആവൎത്തിക്കണം. പ്രായശ്ചിത്തംമതി എന്നും ചിലർ പറയുന്നു. മററ ദോഷങ്ങൾക്കെല്ലാം പ്രായശ്ചിത്തം ചെയ്യുകയും വേണം. ഗുരുസംഹിത നാരദസംഹിത മുതലായ ഗ്രന്ഥങ്ങളിൽ അന്നപ്രാശനയോഗങ്ങളെ വളരെ വിസ്തരിച്ചുപറയുന്നുണ്ട്. ഗ്രന്ഥവിസ്തരഭയംനിമിത്തം അതുകളെ ഇവിടെ ഉദ്ധരിക്കുന്നില്ല

## പുത്തരിയും ആഗ്രയണവും.

നവാന്നേ ജന്മൎക്ഷം പിതൃനിരൃതി ശൂൎപ്പം ച ശുഭദം
തഥാ ഷഷ്ഠാന്ത്യസ്ഥോ വിധുരഹനി വൎഷൎത്തുശ്ശരദോഃ
ഗൃഹസ്ഥാഃ പക്ഷത്യോർവ്വിധേതിസിതേ പൎവ്വണി ച ത-
ച്ചിശാഖാന്തേഗ്ന്യാദൌ സിത തിഥി യുതേപ്യസ്തു മധുപഃ. 14

ഇപ്രകാരം ചോറൂണിൻെറ മുഹൂൎത്തത്തെ പറഞ്ഞതിന്നുശേഷം അതിനോട്ട് അത്യന്തസാമ്യമുള്ള നവാന്നാഗ്രയണങ്ങളുടെ മുഹൂൎത്തത്തെ പറയുന്നു. ഇതുകൾ ഷോഡശക്രിയകളിൽ പെട്ടതോ അതുകളുടെ ഉപാംഗങ്ങളോ അല്ല; എങ്കിലും വിധി സാമ്യം നിമിത്തം ഇവിടെ വിവരിക്കുന്നതാണെന്നും ഗ്രഹിക്കണം. നവാന്ന ഇതി – നവാന്നത്തിന്ന് എന്നുവെച്ചാൽ പുത്തരിക്ക്. വിഷു കഴിഞ്ഞതിന്നുശേഷം വിതച്ചുണ്ടായ നെല്ലിൻെറ അരി വെച്ചുണ്ടാക്കിയ അന്നത്തെ ആദ്യമായി ഭക്ഷിക്കുന്നതിന്നാണ് പുത്തരി എന്നു പേർ. അതിന്നു ചോറൂണിന്നു പറഞ്ഞതുപോലെതന്നെയാണ് മുഹൂൎത്തം. എന്നാൽ ഇതിന്നു് ജന്മനക്ഷത്രവും— കൎത്താവിൻെറ പിറന്നാളും മകം, മൂലം, വിശാഖം എന്ന നാളും കൂടെ നല്ലതാകുന്നു.

‘ബാലാന്നവന്നവാന്നേപി രാശിതാരാദയോ മതാഃ
കിന്തു മൂലഞ്ച ശൂൎപ്പഞ്ച മഘാചാത്ര ശുഭപ്രദാഃ’

എന്നു് ആചാരസംഗ്രഹത്തിലും പറയുന്നു. അതേവിധം ആറിലും പന്ത്രണ്ടിലും നില്ക്കുന്ന ചന്ദ്രനും വിരോധമില്ല. ഇതു നിത്യദോഷവിധിപ്രകാരം നിഷിദ്ധമാണെങ്കിലും പുത്തരിക്കു കൊള്ളാം. ചില ആചാൎയ്യന്മാർ ഇതു മദ്ധ്യമമാണെന്നു പറയുന്നുണ്ടെങ്കിലും സ്വീകരിച്ചു വരുന്നതുമുണ്ട്. അഷ്ടമത്തിൽ ചൊവ്വ വൎജ്ജ്യമാണെന്നു മുഹൂൎത്തഭാഷയും പറയുന്നു. പുത്തരി ശുഭമുഹൂൎത്തത്തിൽ ചെയ്യാതിരുന്നാലുള്ള ദോഷത്തെ ഗ്രന്ഥാന്തരത്തിൽ ഇങ്ങിനെ പറയുന്നു.

'വൎഷേ വൎഷേ ച സംപ്രാപ്തേ ഭോജ്യവ്യക്തൌ നവേ തഥാ
സൂകാലേ നൈവ ഭോക്തവ്യം നോ ചേ ല്ലക്ഷ്മ്യായുഷോഃ
ക്ഷയഃ'

ആഗ്രയണം—പുത്തരി എന്നത് ഗൃഹസ്ഥന്മാരല്ലാത്തവരുടെ നവാന്നഭോജനമാകുന്നു. ഗൃഹസ്ഥന്മാരുടേതിന്നു് ആഗ്രയണമെന്നാണ് പേർ. അതിൻെറ വിവരണമെന്തെന്നാൽ, ഗൃഹസ്ഥന്മാർ അതിനെ വൎഷൎത്തുശരദൃതുകളിൽ പക്ഷതികളിലും സിതപൎവ്വത്തിങ്കലും പകൽ ചെയ്യുന്നു. ആഗ്രയണം വൎഷം ശരത്ത് എന്ന ഋതുക്കളിൽ – ശ്രാവണാദി നാലു മാസങ്ങളിൽ പകൽ സമയമാണ് ചെയ്യേണ്ടത്. ഇതിനുള്ള മുഹൂൎത്തം നവാന്നംപോലെതന്നെയാണ് പക്ഷെ അതിൽനിന്നുള്ള ഭേദത്തെയാണ് ഇവിടെ വേറെ പറയുന്നത്. അപ്പോൾ പകൽ ചെയ്യേണമെന്നു പറയുകയാൽ നവാന്നം രാത്രിയും ചെയ്യാമെന്നും വിചാരിക്കാം. പക്ഷെ അങ്ങിനെ ആചാരവും കാണുന്നില്ല. ഇത് ഋതുകാൎയ്യമാകയാൽ അധിമാസങ്ങളെ വൎജ്ജിക്കുകയും വേണം. എന്നാൽ അധിമാസങ്ങളൊഴിച്ചു ബാക്കിയുള്ള ഷൾദോഷങ്ങൾ സ്വീകരിക്കാമെന്നും ഒരുപക്ഷമുണ്ടു്. 'തഥാപി മാസാഃ സ്യു ശ്രാവണാദയഃ' എന്നു പഞ്ചാശികയിൽ പറഞ്ഞിരിക്കയാൽ ഇതിന്നു വിധിപരം വൎജ്ജിക്കേണ്ടതില്ല. ഇത് പക്ഷതികളിലും—രണ്ടു പ്രതിപദങ്ങളിലും വെളുത്ത വാവുനാളും ചെയ്യാം. പൌൎണ്ണമാസിയുടെ പൂൎവ്വാൎദ്ധം വിഷ്ടിയാകയാൽ ഉത്തരാൎദ്ധത്തിലേ ചെയ്തുകൂടു. വെളുത്ത പ്രതിപദത്തിൻെറ പൂൎവ്വാൎദ്ധം സ്ഥിരകരണമാണെങ്കിലും അതു വൎജ്ജ്യവുമല്ല.

'ശുക്ലപ്രതിപദാദ്യാൎദ്ധേ ക്രിയതേ വൃശ്ചികഃ ശുഭഃ'

എന്നു ശാസ്ത്രാന്തരത്തിലും പറയുന്നു. പ്രതിപദങ്ങളിലാണ് ആഗ്രയണംചെയ്യുന്നതെങ്കിൽ അന്ന് ദൎശസ്ഥാലീപാകദിനമാണെങ്കിൽ സ്ഥാലീപാകം കഴിഞ്ഞേ ചെയ്യാവൂ. വെളുത്തവാവുന്നാൾ സ്ഥാലീപാകം ചെയ്യേണ്ടതായ ദിവസമായിവന്നാൽ അന്ന് ആഗ്രയണം കഴിഞ്ഞേ സ്ഥാലീപാകംചെയ്യാവൂ.

'യത്രാഹനി പൌൎണമാസേഷ്ടിഃ കാൎയ്യാതത്രോത്തരംദിനം
കൃഷ്ണപ്രതിപദന്ത്യാംഘ്രിം കൃഷ്ണപക്ഷഞ്ച വൎജ്ജയേൽ'

ആഗ്രയണത്തിന്നു് പൌൎണ്ണമാസേഷ്ടി ചെയ്യുന്നതിൻെറ പിറേറ ദിവസവും കറുത്ത പ്രതിപദത്തിൻെറ നാലാംകാലും കറുത്തപക്ഷവും വൎജ്ജ്യങ്ങളാകുന്നു എന്നും പറഞ്ഞുകാണുന്നു. ഈ പറഞ്ഞ പ്രതിപദങ്ങളിലോ വെളുത്ത വാവിൻെറ ഉത്തരാൎദ്ധത്തിലോ ആഗ്രയണം ചെയ്യുന്നതായാൽ അവിടെ എല്ലാനാളും നന്നു്. അന്നു ചെയ്തില്ല എങ്കിൽ പിന്നെ നക്ഷത്രതിഥികളെ നോക്കി ചെയ്യുകയും വേണം. അതെങ്ങിനെ എന്നാൽ, അശ്വ്യാദിയായി വിശാഖാന്തങ്ങളായി സിതതിഥികയുതങ്ങളായിയിരിക്കുന്ന ദിവസങ്ങളിൽ: ചെയ്യാം—വെളുത്തപക്ഷത്തിൽ കാൎത്തികമുതൽ

വിശാഖം വരെയുള്ള 14 നാളുകളിൽ മാത്രമേ ആഗ്രയണം ചെയ്തുകൂട്ട. മററ 13 നാളുകളും കറുത്തപക്ഷവും വർജ്ജ്യമാകുന്നു എന്നു സാരം. ഇതിനുള്ള രാശികാം നവാന്നത്തിന്നു് (ചോറൂണിന്നു്) പറഞ്ഞതപോലെതന്നെയാണ്. എന്നാൽ വൃശ്ചികംരാശികൂടെ സ്വീകരിക്കുകയും ചെയ്യാം. ഇതാണ് പുത്തരിക്കും ആഗ്രയണത്തിന്നും ചോറൂണിൻെറ മുഹൂൎത്തത്തിൽനിന്നുള്ള ഭേദം. ഗ്രഹസ്ഥിതിക്കും അല്പം ചില ഭേദഗതികാം കാണുന്നുണ്ട്. അതിനേയും വിവരിക്കാം. കൎമ്മലഗ്നത്തിൽ ആദിത്യചന്ദ്രന്മാരും നാലിൽ വ്യാഴവും ഒമ്പതിൽ ചന്ദ്രബുധന്മാരും പത്തിൽ ശുഭഗ്രഹങ്ങളും വർജ്ജ്യങ്ങളല്ല. ഇതെല്ലാം സ്വീകരിക്കുന്നതായിട്ടുതന്നെയാണ് ആചാരം. പ്രഥമാഗ്രയണത്തിന്നു് ഈ പറഞ്ഞതെല്ലാം നോക്കിതന്നെ മുഹൂൎത്തം നിശ്ചയിക്കണം. അതിന്നു നിത്യദോഷങ്ങളും കർത്തൃദോഷങ്ങളും വർജ്ജിക്കണം. രണ്ടാം കൊല്ലം മുതല്ക്കുള്ള ആഗ്രയണത്തിന്നു മുഹൂൎത്തം കിട്ടിയില്ല എങ്കിൽ തിഥിനക്ഷത്രാദികളുടെ യോഗത്തിൽ ചെയ്യുക. അതിന്നും പുത്തരിക്കും കൎത്തൃദോഷാദികാം കഴിയുന്നതും വർജ്ജിക്കണം. കറുത്തപക്ഷത്തിലോ ദൎശസ്ഥാലീപാകങ്ങളുടെ പിറേറ ദിവസമോ കറുത്ത പ്രതിപദത്തിൻെറ നാലാം കാലിലോ അവിഹിതനക്ഷത്രങ്ങളിലോ നിഷിദ്ധതിഥികളിലോ ആഗ്രയണം ചെയ്യുകയോ ആഗ്രയണസ്ഥാലീപാകങ്ങാം മുൻപറഞ്ഞ ക്രമംതെററി ചെയ്യുകയോ ചെയ്തുപോയാൽ ആഗ്രയണം ആവൎത്തിക്കണം. സ്ഥാലീപാകം ആവൎത്തിക്കേണ്ട. മററ ദോഷങ്ങാം പററിപോയാൽ ദോഷാനുരൂപമായ പ്രായശ്ചിത്തം ചെയ്യണം. പുത്തരി അതിന്നു നിഷിദ്ധമായ ദിവസം ചെയ്തുപോയാലും ആവൎത്തിക്കേണ്ടതില്ല. അതുകൊണ്ടുള്ള ഫലസിദ്ധിയുണ്ടാവുകയില്ല എന്നു മാത്രമേ ഉള്ളു എന്നും ഗ്രഹിക്കണം.

## ചൌളം.

അബ്ദേ ചൌളം തൃതീയേ വിദധതു ജനനാ-
ന്നോ ചതുൎത്ഥേ ന ഷഷ്ഠേ
ഭുക്ത്യൃക്ഷംസന്ന മിത്രം ഖരദിനമയനം
ദക്ഷിണം പക്ഷതിശ്ച
പക്ഷോഽശുക്ല സ്ത്രിയാമാമധുപഹരിഘടാ
ധൎമ്മ ഉഗ്രോഷ്ടമേസ്യക
ജന്മർക്ഷാണീന്ദുരംഗേപ്യൃപനയനഭമപി
ക്ഷൌരകൎമ്മണ്യനാദ്യേ.

ഇപ്രകാരം ചോറൂണിൻെറ മുഹൂൎത്തത്തെയും (അതിനോടു സാദൃശ്യമുള്ളതായ ആഗ്രയണമുഹൂൎത്തത്തെയും) പറഞ്ഞതിനുശേഷം ചോറൂണിനുശേഷം ചെയ്യേണ്ടതായ ചൌളത്തിൻെറ മുഹൂൎത്തത്തെ വിവരിക്കുന്നു:—ജനനംമുതൽ മൂന്നാം അബ്ദത്തിൽ ചൌളം ചെയ്യണം. ചതുൎത്ഥവും ഷഷ്ഠവുമായ അബ്ദങ്ങളിൽ ചെയ്യുകയുമരുത്. ഇതിന്നു ഭുക്ത്യൃക്ഷങ്ങാം

നല്ലതാണ്. മിത്രദേവതയായ നക്ഷത്രം, ഖരദിനം, ദക്ഷിണായനം, പക്ഷതി, അശുക്ലമായപക്ഷം, ത്രിയാമ, മധുപഹരിഘടങ്ങൾ, ധർമ്മത്തിങ്കൽ ഉഗ്രൻ, അഷ്ടമത്തിൽ അസൃക്, ജന്മർക്ഷങ്ങൾ, അംഗത്തിങ്കൽ ഇന്ദു എന്നിതുകളെല്ലാം വർജ്ജ്യങ്ങളാകുന്നു. അനാദ്ധ്യമായ ക്ഷൌരകർമ്മത്തിൽ ഉപനയനവും വർജ്ജ്യമാകുന്നു.—ജനനംമുതൽ മൂന്നാംകൊല്ലത്തിൽ ചൌളംചെയ്യാം. ഇവിടെ സംവത്സരം കണക്കാക്കേണ്ടതു സാവനംകൊണ്ടും സൌരംകൊണ്ടുമാവാം എന്ന് 5-ാംശ്ലോകംകൊണ്ടു സിദ്ധമാകുന്നു. ജന്മതഃ—സംവത്സരം കണക്കാക്കുന്നത് ഗർഭാരംഭം മുതൽക്കും ജനനംമുതൽക്കും ഇങ്ങിനെ രണ്ടുതരമുണ്ട്. അതിൽ ചൌളത്തിന്നു കൊല്ലം കണക്കാക്കുന്നത് ജനനംമുതൽക്കു തന്നെയാകുന്നു. നാലാം കൊല്ലകാലം വിധിപരമാകയാൽ അന്നു ചൌളം ചെയ്യരുത്. അഞ്ചാംകൊല്ലവും ചൌളത്തിന്നു വിധികാലം തന്നെയാണ്. അപ്പോൾ അതിൻെറ വിധിപരമായ 6-ാംകൊല്ലത്തിലും ചൌളം ചെയ്യരുത്. ആ കാലത്തു ചെയ്തുപോയാൽ ആവർത്തിക്കണം. ഈ വിഷയത്തിൽ,

'തൃതീയേ പഞ്ചമേ വാബ്ദേ ശിശോശ്ചൌളം വിധീയതേ
ചതുർത്ഥഷഷ്ഠയോനൈ്നവ കുർയ്യാച്ചൌളം കദാചന'

എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. എന്നാൽ മാധവാചാര്യൻ,

'കുർവ്വീത ചൌളം വിഷമേ തു വർഷേ

ചൌളം 3 5 7 9 ഇത്യാദി ഒററപ്പെട്ട വയസ്സിലാണ് ചെയ്യേണ്ടത് എന്നും പറയുന്നു. അപ്പോൾ ഇരട്ടപ്പെട്ടവ വിധിപരങ്ങളായും വരും. പക്ഷെ 4-ം 6-ം ഒഴിച്ചു ബാക്കിയുള്ള ഇരട്ടപ്പെട്ട വയസ്സുകളിൽ ആപത്തിൽ അധമത്വേന സ്വീകരിച്ചും കാണുന്നു. കൊല്ലം കണക്കാക്കുന്നത് എങ്ങിനെ എന്നാൽ, ജനനദിവസംമുതൽ സാവനമാനംകൊണ്ടു രണ്ടു കൊല്ലം കഴിഞ്ഞാൽപിന്നെ ജനനംമുതൽ മൂന്നാം സൌരസംവത്സരം കഴിയുന്നതുവരെ ചൌളകാലം പിന്നെ സൌരംകൊണ്ടു നാലാം കൊല്ലം തുടങ്ങിയാൽ സാവനംകൊണ്ട് അഞ്ചാംകൊല്ലം തുടങ്ങുന്നതുവരെ വിധിപരം. അതിന്നുശേഷം സൌരംകൊണ്ട് ആറാംകൊല്ലം തുടങ്ങുന്നതുവരെ വിധികാലം. പിന്നെ ഒരു സാവനസംവത്സരം വിധിപരമായ ആറാംകൊല്ലമെന്നും ഗ്രഹിക്കണം. അപ്പോൾ ജനനദിവസം മുതൽ നീരസ (720) ദിവസം കഴിഞ്ഞാൽ പിന്നെ മാസാംഗ (375) ദിവസം ആദ്യത്തെ (3-ാം കൊല്ലമായ) ചൌളകാലമാകുന്നു. അപ്പോൾ അതു ശുദ്ധനയ (1095) ദിവസമായി. പിന്നെ ശുഭാംഗ (345) ദിവസം വിധിപരകാലവുമാണ്. അത് അഭിവാദ്യ (1440) ദിവസമായി. പിന്നെ തദംഗ (386) ദിവസം അഞ്ചാം കൊല്ലമായ വിധികാലമാകുന്നു. അത് തരുദിവ്യ (1826) ദിവസമായി. പിന്നെ വിലോല (334) ദിവസം സാവനമാനപ്രകാരമുള്ള ആറാം കൊല്ലമായ വിധിപരകാലവുമാകുന്നു. ഇങ്ങിനെയാണ് ചൌളത്തിന്നു കൊല്ലം കണ

ക്കാക്കേണ്ടത്. മൂന്നാം കൊല്ലമെന്നു പറയുകയാൽ ഒന്നും രണ്ടും കൊല്ല ങ്ങളിൽ ചൌളചിന്തയ്ക്കുതന്നെ അവകാശവുമില്ല ഭൂകത്ര്യൃക്ഷം — ചോര ണിനു പറഞ്ഞ 16 നാളുകളും ചൌളത്തിന്നു നന്ന്. ഇനി ചൌളത്തി ന്നു നിഷിദ്ധങ്ങളായവയുകളെ പറയുന്നു. മിത്രദേവതയായ നക്ഷത്രം, അതാ യത് അനിഴം അതു ചൌളത്തിന്നു വൎജ്ജ്യമാകുന്നു. ഇതു ചോരണിന്നു പറഞ്ഞ നാളുകളിൽ പെട്ടതാണ്. അതിനെ വേർതിരിക്കുവാനാണ് 'വി മിത്രം' എന്നു പ്രത്യേകം പറഞ്ഞത്. അപ്പോഠം ഊൺ നാളുകളിൽ അ നിഴം കഴിച്ചു ബാക്കിയുള്ള അശ്വതി, രോഹിണി, മകീരം, പുണർതം, പൂയം, ഉത്രം അത്തം, ചിത്ര ചോതി ഉത്രാടം തിരുവോണം, അവിട്ടം, ചതയം, ഉത്രട്ടാതി, രേവതി എന്ന 15 നാളുകഠം ചൌളത്തിന്നു കൊള്ളാ മെന്നും മററ 12 നാളുകഠം വൎജ്ജ്യങ്ങളെന്നും ഗ്രഹിക്കണം.

'ചൌളേ ശുഭാഃ പ്രാശനോക്താ വിമിത്രാസ്താരകാഃ സ്മൃതാഃ'

എന്ന് ആചാരദീപകത്തിലും പറയുന്നു. ഖരദിനം—പാപവാരം, അതായത് ഞായർ, ചൊവ്വ, ശനി എന്ന ആഴ്ചകഠം അതുകളും വൎജ്ജ്യ ങ്ങളാണ്. ഈ വിഷയത്തിൽ,

'അൎക്കാൎക്കിഭൂമിപുത്രാണാമംശകേ ദിവസോദയേ
ദ്രേക്കാണേ കാലഹോരായാം ക്ഷൌരം ഹി പരിവൎജ്ജയേൽ'

എന്നും പറഞ്ഞുകാണുന്നു. എന്നാൽ

'സൂൎയ്യവാരസ്സമദ്ധ്യസ്തു ചൌളേ വിപ്രസ്യ ചാപദി'

ബ്രാഹ്മണൻെറ ചൌളത്തിന്നു ആപത്തിൽ ഞായറാഴ്ച മദ്ധ്യമമായി സ്വീകരിക്കാം എന്ന് മുഹൂൎത്തദീപകത്തിലും പറയുന്നു. ഇതു സ്വീകരിക്കു മാറുണ്ടുതാനും. അപ്പോഠം ചൊവ്വ ശനി എന്ന ആഴ്ചകഠം ബ്രാഹ്മണൎക്ക് ചൌളത്തിന്നും മററുള്ളവൎക്ക് രവികുജശനിവാരങ്ങളും വൎജ്ജ്യങ്ങളാകുന്നു. ഇങ്ങിനെയാണ് സദാചാരമെന്നു വരദീപികയും പറയുന്നു.

'ചൌളേ ഭയം ദിനകൃതോ ദിവസാംശകേഷു
ചന്ദ്രസ്യ കാന്തിരവനീതനയസ്യ മൃത്യുഃ
ചാന്ദ്രേസ്തു രാജ്യവിഭവോ വിജയോ ഗുരോശ്ച
വ്യാധിശ്ശനേരുശനസോ ഭുവനപ്രിയത്വം'

എന്നിങ്ങിനെ മാധവാചാൎയ്യൻ വാരഫലങ്ങളേയും വിവരിക്കുന്നു ദക്ഷിണായനം — ദക്ഷിണായനകാലം വൎജ്ജ്യമാകുന്നു.

'സൎവ്വാരംഭേഷു അയനമവദന്നുത്തരം ശ്രേഷ്ഠമാൎയ്യാ
ശ്ചൌളാദീനാമശുഭമിതരൻ കൎമ്മണാം വാൎഷികാണാം'

ഇത്രാമത്തെ വയസ്സിൽ ചെയ്യേണമെന്നു വിധിക്കുന്നതുകളായ ചൌ ളം മുതലായ ഏതു കൎമ്മത്തിൻെറ ആരംഭത്തിന്നും ഉത്തരായണമാണ് ശ്രേ

ഷ്ടമായിട്ടുള്ളത് എന്നാണ് ആഢ്യന്മാർ—പുരാതനാചാര്യന്മാർ പറഞ്ഞിട്ടുള്ളത്—ദക്ഷിണായനം അതുകൾക്ക് വർജ്ജ്യവുമാകുന്നു എന്നാണ് മാധവീയമതം. പക്ഷതി—പ്രതിപദം അതും വർജ്യമാകുന്നു. അശുക്ലമായ പക്ഷം—കറുത്തപക്ഷം. കറുത്തപക്ഷം ആകെ വർജ്യമെന്നു പറയുകയാൽ ഇതിലെ പക്ഷതീശബ്ദം ശുക്ലപക്ഷപ്രതിപദത്തെ പറയുന്നതാണെന്നും ഗ്രഹിക്കണം. അപ്പോൾ കറുത്തപക്ഷവും വെളുത്ത പ്രതിപദവും ചൌളത്തിന്നു വർജ്യങ്ങളെന്നു സാരം. ത്രിയാമാ—രാത്രിയും വർജ്യംതന്നെ മധുപഹരിഘടങ്ങൾ—മധുപം=വൃശ്ചികം, ഹരി=ചിങ്ങം ഘടം=കുംഭം. വൃശ്ചികം, ചിങ്ങം, കുംഭം എന്നു മൂന്നു രാശികൾ വർജ്യങ്ങളാകുന്നു. അപ്പോൾ മററ് 9 രാശികൾ ഗ്രാഹ്യങ്ങളുമാണ്. ധർമ്മത്തിങ്കൽ ഉഗ്രൻ—ധർമ്മമെന്നാൽ ഒമ്പതാം ഭാവം. അവിടെ പാപഗ്രഹം നില്ക്കുന്ന രാശി. കർമ്മലഗ്നത്തിൻെറ 9–ൽ പാപൻ നില്ക്കുന്നതു വർജ്യമെന്നു സാരം. അഷ്ടമത്തിൽ അസൃക—അസൃക്കെന്നാൽ ചൊവ്വ. കർമ്മലഗ്നത്തിൻെറ 8–ൽ ചൊവ്വ നില്ക്കുന്നുണ്ടെങ്കിൽ ആ രാശികൊണ്ടു ചൌളം ചെയ്യരുത്. എന്നാൽ,

'ലഗ്നേ ചന്ദ്രോഷ്ടമേ ഭൌമോ ധർമ്മേക്കാർക്ക്യാഹിഭൂമിജാഃ
വർജ്ജനീയാ വിശേഷേണ'

ലഗ്നത്തിൽ ചന്ദ്രനും 8–ൽ ചൊവ്വയും 9–ൽ ആദിത്യൻ, ശനി, രാഹു, ചൊവ്വ എന്ന ഗ്രഹങ്ങളും ചൌളത്തിന്നു വർജ്യന്മാരാകുന്നു എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. 8–ൽ ചൊവ്വയെ വർജ്ജിക്കേണമെന്നേ ഇവിടെ പറഞ്ഞിട്ടുള്ളു. മാധവാചാര്യൻ 8–ൽ ശുക്രനൊഴിച്ചു എല്ലാ ഗ്രഹങ്ങളും വർജ്യന്മാരാണെന്നും, മററചിലർ 8–ൽ പാപന്മാർ വർജ്യന്മാരെന്നും പറയുന്നു. എങ്കിലും 8–ൽ ആദിത്യനെ വർജ്ജിക്കുന്ന നടപ്പു കാണുന്നുണ്ടുതാനും. അപ്പോൾ ഉദയരാശിയുടെ 6–ാം രാശി വർജ്യമെന്നു വരും. എന്നാൽ 7–ാം രാശിമുതൽ ഉദയംവരെ വർജ്യമെന്നും സിദ്ധം. 10 നാഴിക പകലെ മുതൽ ചൌളം വർജ്യമെന്നും ചെയ്തുപോയാൽ ആവർത്തനമില്ലെന്നും മുഹൂർത്തഭാഷയും പറഞ്ഞുകാണുന്നതുമുണ്ട്. ജന്മർക്ഷങ്ങൾ—ബാലൻെറ പിറന്നാളും പക്കപ്പിറന്നാളുകളും വർജ്യങ്ങളാകുന്നു.

'ഗോദാനസ്നാന ചൌളവ്രതേഷു ച വർജ്യം ജന്മത്രയം'

എന്നു പഞ്ചാശികയിലും പറയുന്നു. അംഗത്തിങ്കൽ ഇന്ദു—അംഗമെന്നാൽ കർമ്മലഗ്നം. ലഗ്നത്തിൽ ചന്ദ്രൻ വർജ്യനെന്നു സാരം. 'ലഗ്നേ കഷ്ടതരശ്ചന്ദ്രഃ' എന്നു പഞ്ചാശികയും പറയുന്നു. പക്ഷെ,

'ചന്ദ്രോദയോംഗനാനാന്തു പ്രശസ്തഃ ക്ഷുരകർമ്മണി'

കന്യാചൌളത്തിന്നു ചന്ദ്രോദയം വളരെ വിശേഷമാകുന്നു എന്നു ഗുരുസംഹിതയിൽ പറയുന്നു. ഈ അഭിപ്രായത്തെ വസിഷ്ഠസംഹിത ആചാരസംഗ്രഹം സാരസമുച്ചയം മുതലായ എല്ലാ ഗ്രന്ഥങ്ങളിലും

ഒരുപോലെ അനുവദിച്ചും കാണുന്നു. അതിനാൽ ഇവിടത്തെ 'അംഗേ ഇന്ദുഃ' എന്നതു പുരുഷചൌളപരമാണെന്നും ഗ്രഹിക്കണം. അത് ആപത്തിൽ പ്രായശ്ചിത്തം ചെയ്തു സ്വീകരിക്കാമെന്നു വരദീപികയും പറയുന്നു. സൂര്യോദയം ബ്രാഹ്മണചൌളത്തിന്നുമാത്രം കൊള്ളാം. ക്ഷത്രിയാദികൾക്കു ശുഭമല്ല എന്നും ഒരു പക്ഷമുണ്ടു. അവിടെ ലഗ്നത്തിന്നു പാപയോഗമുണ്ടാകയാൽ വർജ്ജ്യമെന്നും ഒരുപക്ഷം. എങ്കിലും ആപത്തിൽ പ്രായശ്ചിത്തം ചെയ്തെടുക്കാമെന്നുതാനും.

'ജാതേ യസ്മിൻ സൌരമാസേ ബാലശ്ചൌളേ സ വർജ്ജ്യതേ'

ബാലൻ ഏതൊരു സൌരമാസത്തിൽ ജനിച്ചുവോ ആ മാസത്തെ ജന്മമാസമെന്നും പറയും. അവന്ന് ആ മാസത്തിൽ ചൌളം വർജ്ജ്യമാകുന്നു എന്നു പ്രാചീനകാലദീപകത്തിൽ പറയുന്നു. എന്നാൽ പിറന്നാളും ജനിച്ച തിയ്യതിയും കഴിഞ്ഞാൽ പ്രായശ്ചിത്തം ചെയ്തുകൊണ്ടുകൊൾക' എന്നു തമ്പ്രാക്കൾ ഭാഷയിൽ കാണുന്നു. പിറന്നാൾ രണ്ടുവന്നാൽ രണ്ടാമത്തേതാണ് പ്രധാനമെന്നു ധരിക്കുകയും വേണം. സഹചൌളമെന്നൊരു സമ്പ്രദായമുണ്ടു. സഹചൌളമെന്നാൽ ഉപനയനത്തോടുകൂടെ ചൌളവും (വാതിൽ പുറപ്പാടും ചോറൂണും കൂടി ഒരു ദിവസം ചെയ്യുമ്പോലെ) ചെയ്യുകയാകുന്നു. അങ്ങിനെ ചെയ്യുന്ന ദിക്കിൽ ചൌളത്തിന്നും ഉപനയനത്തിന്നും ചേരുന്ന മുഹൂർത്തമായിരിക്കണം. ഒന്നിന്നു കൊള്ളാത്ത മുഹൂർത്തമാണെങ്കിൽ സഹചൌളവും പാടില്ല. സഹചൌളം എല്ലാവർക്കും ചെയ്യുകൂട. ചൌളത്തിൻെറ ക്രിയചെയ്യുന്ന ആൾ ഗർഭദീക്ഷയുള്ളവനാണെങ്കിൽ ചൌളം പാടില്ല. ഈ വിഷയത്തിൽ മാധവൻ,

'പുംസോ ഭാര്യാ ഗർഭിണീ യസ്യ നാസൌ
സൂനോശ്ചൌളം ക്ഷൌരകർമ്മാത്മനശ്ച
ഗേഹാരംഭസ്തംഭസംസ്ഥാപനം വാ
വാരാശ്ചൌസ്നാനം ദൂരയാത്രാന്ന കുര്യാൽ'

എന്നും പറയുന്നു. അപ്പോൾ അച്ഛന്നു ഗർഭദീക്ഷയുണ്ടെങ്കിൽ ചൌളം മററാരുത്തനെക്കൊണ്ടു ചെയ്യിക്കണമെന്നും ധരിക്കണം. അപ്പോൾ ചൌളത്തിന്ന് ഈ പറഞ്ഞ മിത്രം (അനിഴം) മുതലായതുകളും നിത്യദോഷങ്ങളും (ദിനമാസകാര്യമല്ലാത്തയാൽ) ഷൾദോഷങ്ങളും ബാലൻെറ കർത്തൃദോഷങ്ങളും വർജ്ജിക്കണം. ജനനംമുതൽ നാലവനംകൊണ്ടു രണ്ടുകൊല്ലം തികയുന്നതിന്നു മുമ്പോ വിധിപരങ്ങളായ 4-ം 6-ം കാലങ്ങളിലോ നിഷിദ്ധങ്ങളായ തിഥിനക്ഷത്രങ്ങളിലോ ദക്ഷിണായനത്തിലോ കറുത്തപക്ഷത്തിലോ ശുക്ലപ്രതിപദത്തുന്നാളോ സായാഹ്നാദി സൂര്യോദയാന്തമായ സമയത്തിലോ ഷൾദോഷകാലത്തിലോ ഇവിടെ മദ്ധ്യാധിമാസവും ഗ്രാഹ്യമാണ്) ചെയ്തുപോയാൽ ആവർത്തിക്കണം. മററദോഷങ്ങളിലായാൽ പ്രായശ്ചിത്തവും ചെയ്യണം.

അനാദ്യേ ക്ഷൌരകർമ്മണി ഉപനയനഭം അപി വർജ്ജ്യം

ചൌളമെന്നാൽ ഒരുവന്നു് ആദ്യമായി ക്ഷൌരം ചെയ്യുക എന്ന ക്രിയയാകുന്നു. അതിന്നുശേഷം ക്രിയാംഗമായും അല്ലാതെയും ക്ഷൌരംചെയ്യേണ്ടതായിവരും. അവിടെ ചൌളത്തിന്നു വർജ്ജിക്കുവാൻ പറഞ്ഞ നക്ഷത്രതിഥിവാരമാസാദികളെല്ലാം വർജ്ജിക്കണമെന്നു മാത്രമല്ല, ഏതൊരു നക്ഷത്രംകൊണ്ടു തന്നെ ഉപനയിച്ചിരിക്കുന്നുവോ ആ നാൾകൂടെ വർജ്ജിക്കണം. ഒരുവന്നു് ഉപനയനമെന്നതു് ഒരു ജനനദിവസമാണു്. അപ്പോൾ ആ നാൾ ജന്മനക്ഷത്രംപോലെ ഗ്രഹിക്കേണ്ടതാണു്. അപ്പോൾ ജന്മമാസംപോലെ ഉപനയനംചെയ്തമാസം ഗ്രാഹ്യമെന്നും ധരിക്കണം. 'സ്ത്രീണാമുപനയനസ്ഥാനെ വിവാഹസ്സു വിധീയതേ' എന്നു സ്മൃതി ഘോഷിക്കുന്നു. അപ്പോൾ പുരുഷന്നു് ഉപനിച്ച മാസവും നാളും ഏതൊരു പ്രകാരമോ അതേവിധമാണു് സ്ത്രീകൾക്കു വിവാഹംകഴിഞ്ഞ മാസനക്ഷത്രങ്ങളെന്നും ഗ്രഹിക്കണം. ഉപനയനംവരെ ക്ഷൌരത്തിന്നു ചൌളനിഷിദ്ധങ്ങൾമാത്രം വർജ്ജിച്ചാൽ മതിയാകുന്നതാണു്. ഇവിടെ ചില വ്യാഖ്യാതാക്കന്മാർ നിത്യക്ഷൌരം, അഭ്യംഗസ്നാനം, ദന്തധാവനം, മൈഥുനം എന്നിതുകളുടെ വിധികളെക്കൂടെ പറയുന്നുണ്ടു്. അതൊന്നും ഇവിടെ അത്യന്തോപയോഗികങ്ങളല്ലായ്കയാൽ തൽക്കാലം വിവരിക്കുന്നില്ല എന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

## വിദ്യാരംഭം.

സേശം പ്രാശനഭം ശുഭന്ന നവമീ
വർജ്ജ്യാക്ഷരാരംഭണേ
സ്വാദ്ധ്യായത്വ മിഹോത്തരേപി ദിവസേ
സ്യാദ്വത്സരശ്ചൌളവൽ
വ്യന്ത്യത്ര്യംശനിശാം ത്യജേൽ സ്ഥിരതധഷാൻ
വിന്മ്യൌഢ്യമാരം മൃതൌ
ധീവിജ്ജ്ഞാഗ്രകജാക്ക്യഹാനി ജനിഭ-
ഞ്ചേന്ദോർദ്ദിനന്നേഷ്യതേ. 16

ഇപ്രകാരം ചൌളമുഹൂർത്തത്തെ പറഞ്ഞതിന്നുശേഷം ക്രമപ്രാപ്തമായ ഉപനയനമുഹൂർത്തത്തെ പറയുന്നതിന്നു മുമ്പായി അതിന്നുമുമ്പെ ചെയ്യേണ്ടതായ വിദ്യാരംഭകർണ്ണവേധങ്ങളെക്കൂടെ വിവരിക്കുന്നു. അവിടെ ആദ്യമായി വിദ്യാരംഭമുഹൂർത്തത്തെ പറയുന്നു:—അക്ഷരാരംഭണത്തിങ്കൽ സേശമായിരിക്കുന്ന പ്രാശനഭം ശുഭമാകുന്നു. നവമി വർജ്ജ്യയല്ല. ഇതിങ്കലും ഉത്തരമായ ദിവസത്തിങ്കലും സ്വാദ്ധ്യായത്വം ഭവിക്കണം. ഇതിന്നുള്ള വത്സരം ചൌളംപോലെയുമാണു്. വ്യന്ത്യത്ര്യം ശനിശയേയും സ്ഥിരതധഷങ്ങളേയും ത്യജിക്കണം. വിന്മൌഢ്യവും മൃതിയിങ്കൽ ആരനും ധീവിജ്ജ്ഞാഗ്രകജാക്ക്യഹസ്സുകളും ജനിഭവും ഇന്ദുവിന്റെ ദിനവും ഇഷ്ടമല്ല.

അക്ഷരാരംഭണമെന്നാൽ എഴുത്തിനുവെക്കുക. അതിന്നു തിരുവാതിരയും ഊൺനാളുകളും നന്ന്. അപ്പോൾ ബാക്കി 10 നാളുകൾ വർജ്യങ്ങളെന്നു സിദ്ധം. അക്ഷരാരംഭണമെന്നു പറഞ്ഞതുകൊണ്ടു വിദ്യാരംഭം എന്നും ഗ്രഹിക്കാം. അവിടെ ഈ പറഞ്ഞ 17 നാളുകളിൽതന്നെ ഇന്നിന്ന വിദ്യയുടെ ആരംഭത്തിന് ഇന്നിന്ന നാളുകൾ അധികം നന്നു എന്നുണ്ട്. അതിനേയും വിവരിക്കാം.

‘അശ്വിനീഗുരുഭമക്കദൈവതം സാഭിജില്ലഘു ചതുഷ്ടയം സ്മൃതം
പുണ്യഭൂഷണകലാരതൌഷധജ്ഞാനശില്പഗമനേഷു സിദ്ധിദം’

പുണ്യഭൂഷണകലാദിജ്ഞാനത്തെ സമ്പാദിക്കുവാൻ തുടങ്ങുന്നവൻ അതുകളെ ആരംഭിക്കേണ്ടത് അശ്വതി, പൂയം, അത്തം, അഭിജിത്ത് എന്ന നാളുകളിലാകുന്നു. ഈ വിഷയത്തിൽ ചരകാചാര്യൻ, വൈദ്യവിദ്യാഗ്രഹണകാലത്തെക്കുറിച്ച്,

‘പുഷ്യഹസ്തശ്രവണാശ്വയുജാമന്യതമേന നക്ഷത്രേണ യോഗമുപപന്നേ ഭഗവതി ശശിനി’ എന്നും.

‘ഹയവിദ്യായാമശ്വിന്യജഭം വേദേ ച ശകുനവിജ്ഞാനേ।
സംഗീതേ ച വിശേഷാൽ ഗജവിദ്യായാഞ്ച ശസ്യതേ സൌമ്യം
ഗാന്ധർവ്വേദിതി പവനൌ സാമുദ്രികനീതിനാട്യവാദേഷു।
വസുരേവതീന്ദുകമലജമിത്രാദിതയസ്തു ശബ്ദശാസ്ത്രേഷു।
ശാസ്ത്രാഭ്യാസമഹാനസനിയുദ്ധകൌടില്യ ക്ലുപശാസ്ത്രേഷു।
രൌദ്രോത്തരാജവിഷ്ണുസ്വാത്യശ്വിത്രാ ച ചിത്രശാസ്ത്രേഷു
അതിപൂജിതാധനിഷ്ഠാ സായുർവ്വേദേ ധനുർവ്വേദേ।
ഗജതുരഗവൈദ്യശാസ്ത്രേ മിത്രഭമാരോഹണേ തയോശ്ച് വഭം।
മൂലാന്ത്യമാതൃവരുണപവനവേദാംഗശാസ്ത്രവിദ്യാസു।
വരുണസ്തു യോഗശാസ്ത്രേവസുമിത്രമഹേശപൂഷണോഗണിതേ
വരുണോത്തരാപ്രജാപതിപവനാദിതിവിഷ്ണുവോത്ഥശാസ്ത്രേഷു
വിഷശാസ്ത്രേമൃതയോഗാശ്രവണം മായാസു ചൌര്യശാസ്ത്രേഷു’

എന്നു മാധവാചാര്യനും പറയുന്നു. ഈ 17 നാളുകളിൽ അത്യുത്തമം അത്തമാണെന്നും പറയുന്നു. എന്നാൽ ഇതുകൾ 17-ം ഗ്രഹിക്കുമാറാവണ്ടതാനും. നവമിവർജ്യയല്ല – നവമിരിക്തയാകയാൽ അതു സകല കർമ്മത്തിന്നും വർജ്യയാണെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ വിദ്യാരംഭത്തിന്ന് അതു വർജ്ജിക്കേണ്ടതില്ല. വർജ്യയല്ലെന്നു പറയുകയാൽ മദ്ധ്യമമായി സ്വീകരിക്കാം. ‘വിദ്യാരംഭോ നവമ്യാന്തു മദ്ധ്യമഃ’ എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. ഇഹ ഉത്തരേ ദിവസേ അപി സ്വാദ്ധ്യായത്വം സ്യാൽ—വിദ്യാരംഭദിവസവും അതിന്റെ പിറേറ ദിവസവും സ്വാ

ദ്ധ്യായദിവസങ്ങളായിരിക്കണം. അനദ്ധ്യായമായിരിക്കരുത്. പിറെറ ദിവസം അനാരംഭം വേണം: അതിനാൽ അന്നും അനദ്ധ്യായമായി വരരുത്. അനദ്ധ്യായദിവസത്തെയും വിവരിക്കാം: അനദ്ധ്യായമെന്നാൽ അദ്ധ്യയനത്തിന്ന്—വേദാദ്ധ്യയനത്തിന്നു നിഷിദ്ധമായ ദിവസമാകുന്നു.

'ത്രയോദശ്യസ്തഥാ യസ്മിൻ തസ്മിൻ വേദാൻ സമാപയേൽ
സ്പൃഷ്ടാസ്തയോ ശ്ചേൽ പൂൎവ്വേദ്യുരസ്പ്രഷ്ടാപി ദ്വയോസ്തഥാ'

ത്രയോദശി സന്ധ്യയ്ക്കുള്ള ദിവസം ഓത്തു നിർത്തണം. ത്രയോദശി രണ്ടു ദിവസം സന്ധ്യക്കു തട്ടുന്നതായിവന്നാലും രണ്ടുദിവസവും സന്ധ്യക്കുതട്ടാതെവന്നാലും ആദ്യത്തെ ദിവസംതന്നെയാണ് വേദസമാപ്തി. ഈ വേദസമാപ്തിദിവസം തന്നെയാണ് പ്രദോഷവും. ഇതാണ് പ്രദോഷത്തിൻെറ നിയമം. ചിലദിക്കിൽ പ്രദോഷനിയമത്തിന്നു പക്ഷാന്തരമുണ്ട്. അവിടെ പ്രദോഷം ആചരിക്കുന്ന ദിവസം വേദസമാപ്തിയും ചെയ്യുന്നു.

യസ്മിൻ സമാപ്യതേ വേദസ്തദ്ദിനാന്ത്യത്രിഭാഗതഃ
പക്ഷത്യന്താഅനദ്ധ്യായാശ്ചാശ്വിനേ നവമീ സിതാ
'പ്രാഗസ്തതോഷ്ടമീ യസ്മിൻ ദൃശ്യതേ തദ്ദിനം തഥാ
തസ്യാഃ കാലോപ്യനദ്ധ്യായസ്സപ്തമ്യാശ്ചാന്ത്യപാദിക'

മുൻപറഞ്ഞപ്രകാരം വേദസമാപ്തിചെയ്യുന്ന ദിവസം പകലിനെ മൂന്നാക്കി ഭാഗിച്ചാൽ മൂന്നാം ഭാഗംമുതൽ പ്രതിപദം കഴിയുന്നതുവരെയുള്ള കാലം അനദ്ധ്യായമാണ്. ആശ്വിനമെന്ന ചാന്ദ്രമാസത്തിലെ—കന്നിമാസത്തിലെ കറുത്തവാവു കഴിഞ്ഞാൽ തുടങ്ങുന്ന ചാന്ദ്രമാസത്തിലെ വെളുത്ത നവമിയും (മഹാനവമിയും)അനദ്ധ്യായംതന്നെ. അസ്തമനത്തിന്നുമുമ്പെ അഷ്ടമി തുടങ്ങുന്ന ദിവസവും അഷ്ടമി കഴിയുന്നതുവരേയും സപ്തമിയുടെ നാലാംകാലും അനദ്ധ്യായംതന്നെയാണ്. പ്രതിപദവും അഷ്ടമിയും അവസാനിക്കുന്ന ദിവസം കാലഭേദംകൊണ്ടുള്ള അനദ്ധ്യായഭേദത്തെയും പറയാം.

'മദ്ധ്യത്രിഭാഗന്തു ദിനസ്യ യസ്മിൻ
മദ്ധ്യാഹ്നകം വാ ദിനമദ്ധ്യമം വാ
സ്പൃഷ്ടാഷ്ടമീ വാ പ്രതിപൽ കലാ വാ
തദപ്യനദ്ധ്യായദിനം പ്രദിഷ്ടം'

സൂൎയ്യോദയാൽ പരം അഷ്ടമിയോ പ്രതിപദമോ ആ ദിവസത്തെ പകലിനെ മൂന്നാക്കി ഭാഗിച്ചാൽ അതിൽ രണ്ടാമത്തെ ഭാഗത്തെ സ്പർശിക്കുന്നു എങ്കിൽ (10 നാഴിക പുലൎന്നതിന്നുശേഷവും ഉണ്ടെങ്കിൽ എന്നു സ്ഥൂലമാനം) അന്നു് അനദ്ധ്യായമാകുന്നു. ചിലർ മദ്ധ്യാഹ്നത്തിൽ തട്ടിയാൽ (12 നാഴികയ്ക്കുശേഷമുണ്ടെങ്കിൽ) അനദ്ധ്യായമെന്നും, മററുചിലർ അഷ്ടമീപ്രതിപദങ്ങൾ ദിവസത്തിൻെറ മദ്ധ്യത്തെ സ്പർശിക്കുന്നുണ്ടെങ്കിൽ

(15 നാഴിക പൂലരുന്നതുവരെ ഉണ്ടെങ്കിൽ) അനദ്ധ്യായമെന്നും പറയുന്നു. ഈ വിഷയത്തിൽ അതാതു ദിക്കിലെ പൂൎവ്വാചാരംപോലെ ആചരിക്കുകയും വേണം. ഓത്തു നിത്തിയതിൻെറ നാലാം ദിവസം പ്രതിപൽ സംബന്ധംകൊണ്ടു് അനദ്ധ്യായമല്ല എങ്കിലും അന്നു് അനദ്ധ്യായംതന്നെയാണെന്നും ധരിക്കണം.,

'യദഹനിക്രിയതേ വേദേ മാപ്തിസ്സൂത്രിനാൽ പരം
ചതുൎത്ഥദിവസഃ കൈശ്ചിദനദ്ധ്യായ ഇതി സ്മൃതഃ'

എന്നും പറഞ്ഞകാണുന്നു. അനദ്ധ്യായഫലത്തെക്കുറിച്ചു്,

'അഷ്ടമീ ഹന്ത്യുപാദ്ധ്യായം ശിഷ്യം ഹന്തിചതുൎദ്ദശി
വിദ്യാം പഞ്ചദശീഹന്തി പ്രതിപത്സു ന പാഠയേൽ'

എന്നു ഗ്രന്ഥാന്തരത്തിലും പറയുന്നു. ഈ പറഞ്ഞ അനദ്ധ്യായദിവസങ്ങളെല്ലാം വിദ്യാരംഭത്തിന്നും അന്നപ്രാരംഭത്തിന്നും വൎജ്ജിക്കണം. എന്നാൽ കൊള്ളിമീൻ ചാടുക, ഭൂകമ്പം, ഗ്രഹണം, ധൂമകേതൂദയം എന്നിതുകളുണ്ടായാൽ അതുമുതൽ മൂന്നുദിവസവും മൃത്യുയോഗവും ദഗ്ദ്ധയോഗവുമുള്ള ദിവസം സൂൎയ്യോദയത്തിന്നുശേഷം മൂന്നേമുക്കാൽ നാഴികനേരവും അനദ്ധ്യായമാണ്. ഇതുകളും വൎജ്ജിക്കണം.

ഇതിന്നുള്ള കൊല്ലം ചൌളംപോലെയാകുന്നു—ചൌളത്തിന്നു പറഞ്ഞപോലെ സാവനസൌരങ്ങളെക്കൊണ്ടു കണക്കാക്കിയ 3-ം 5-ം കൊല്ലങ്ങൾ വിധികാലങ്ങളും 4-ം 6-ം വിധിപരങ്ങളും 7-9 മുതലായ ഓജങ്ങൾ ശുഭങ്ങളും യുഗ്മങ്ങൾ നിന്ദ്യങ്ങളും 1-ം 2-ം കൊല്ലങ്ങൾ നിഷിദ്ധങ്ങളുമെന്നും ഗ്രഹിക്കണം.

'പഞ്ചമേബ്ദേക്ഷരാരംഭസ്തൃതീയേ വാശിശോഃ സ്മൃതഃ
ചതുൎത്ഥഷഷ്ഠയോൎവ്വൎജ്ജ്യഃ' എന്നു് ആചാരദീപകം.
'പഞ്ചമേബ്ദേക്ഷരാരംഭസ്സ്വിദ്ദശാരു ചനയാൽ പുരാ'

എന്നു് മുഹൂൎത്താഷ്ടകവ്യാഖ്യാനത്തിലും പറയുന്നു. വിദ്യാരംഭത്തിന്നു് ഉത്തരായണവും ശുക്ലപക്ഷവും തന്നെയാണു് മുഖ്യം. എന്നാൽ ദക്ഷിണായനവും കൃഷ്ണപക്ഷവും തീരെ വൎജ്ജ്യങ്ങളല്ല; അതുകളും സ്വീകരിക്കുന്നുണ്ടു്. ഇതു രാവും പകലും ചെയ്യാം.

'വത്സരം ചൌളവൽ കൊള്ളാമെഴുത്തിന്നു തുടങ്ങുവാൻ
സംവത്സരാദിയും പിന്നെ വാരവും വചനോക്തവൽ
അയനം രണ്ടിലും കൊള്ളാം ഷൾദോഷങ്ങളെവൎജ്ജയേൽ'

എന്നു കാലദീപകത്തിലും പറയുന്നു.

ഇനി വിദ്യാരംഭത്തിന്നു വൎജ്ജ്യങ്ങളായതുകളെ വിവരിക്കുന്നു:—വ്യത്യൎദ്ധ്യംശനിശ—രാത്രിയുടെ മൂന്നാമത്തെ ഭാഗം ഒഴിച്ചു ബാക്കിയുള്ള രാത്രികാലം. രാത്രിയുടെ ഒന്നുംരണ്ടും ഭാഗം വൎജ്ജ്യമെന്നു സാരം. മൂന്നാം ഭാഗത്തിൽ ഉദയത്തിന്നുമുമ്പു 4 നാഴിക വൎജ്ജ്യമെന്നു നിത്യദോഷപ്രകര

ണത്തിൽ പറഞ്ഞിട്ടുമുണ്ട്. പകൽ അപരാഹ്നസായാഹ്നങ്ങളും വർജ്ജിക്കണം. ആദിത്യൻനില്ക്കുന്ന രാശിയുടെ ആറാംരാശിമുതൽ രാത്ര്യന്ത്യത്ര്യംശം തുടങ്ങുന്നതുവരെയുള്ള കാലം വിദ്യാരംഭത്തിന്നു വർജ്ജ്യമെന്നും ഗ്രഹിക്കണം. ഇങ്ങിനെയാണ് ആചാരം. അപ്പോൾ പകൽ വിദ്യാരംഭം ചെയ്താൽ പിറേറദിവസം പകലും രാത്ര്യന്ത്യത്ര്യംശത്തിൽ വിദ്യാരംഭം ചെയ്താൽ പിറേറദിവസം രാത്ര്യന്ത്യത്ര്യംശത്തിലും അനാരംഭം ചെയ്യണം. അതു മാറിപ്പോകരുത് എന്നും പറഞ്ഞുകാണുന്നു. സ്ഥിരഝഷങ്ങൾ — സ്ഥിരരാശികളും മീനം രാശിയും വർജ്ജിക്കണം. സ്ഥിരരാശികളെന്നാൽ, എടവം, ചിങ്ങം, വൃശ്ചികം, കുംഭം എന്നിതുകളാകുന്നു. ഇതിന്റെ വിഭാഗം മുമ്പു പറഞ്ഞിട്ടുമുണ്ട്.

'വൃഷസിംഹാലികുംഭാന്ത്യരാശയസ്ത്വശുഭാഃ സ്മൃതാഃ
ശുഭാന്വിതോന്ത്യരാശിസ്തു മദ്ധ്യ ഇത്യപരേ വിദുഃ'

എടവചിങ്ങവൃശ്ചികകുംഭമീനരാശികൾ വിദ്യാരംഭത്തിന്ന് അശുഭങ്ങളാണ്. എന്നാൽ മീനംരാശി ശുഭഗ്രഹയുക്തമാണെങ്കിൽ മദ്ധ്യമമായി സ്വീകരിക്കാമെന്നു ചില ആചാര്യന്മാർ പറയുന്നതുമുണ്ട്. എന്നും പറഞ്ഞുകാണുന്നു. ഈ വിഷയത്തിൽ മാധവാചാര്യൻ,

'ന മീനലഗ്നം ശുഭമാഹ ഗാർഗ്യോ വസിഷ്ഠജീവൌ
പ്രശശംസതുസ്തം
അതസ്സ മദ്ധ്യോവസിതഃ ശുഭസ്യാച്ഛുക്രാന്വിതോ
ജീവയുതേക്ഷിതോ വാ'

ഇങ്ങിനെ പ്രമാണങ്ങളുണ്ടെങ്കിലും മീനം വർജ്ജിക്കുന്നതായിട്ടുതന്നെയാണ് ആചാരം. വിന്മൌഢ്യം—വിൽ=ബുധൻ. ബുധന്നു മൌഢ്യമുള്ള കാലം വിദ്യാരംഭത്തിന്നു വർജ്ജ്യമാകുന്നു. വ്യാഴത്തിന്നും ശുക്രന്നും മൌഢ്യമുള്ള കാലവും ഗുണപ്രദമല്ല എന്നാണ് വരദീപികാഭിപ്രായം. മൃതിയിങ്കൽ ആരൻ—മൃതി=അഷ്ടമം. ആരൻ=ചൊവ്വ. അഷ്ടമത്തിൽ ചൊവ്വയേയും വർജ്ജിക്കണം. അഷ്ടമത്തിൽ ആദിത്യനും വർജ്ജ്യൻ തന്നെയാണ്. അതാണ് ഉദയരാശിയുടെ ആറാംരാശി വർജ്ജ്യമെന്നു പറഞ്ഞതിന്റെ സാരമെന്നും ധരിക്കണം. ധീവിത്തോഗ്രകുജാർക്ക്യഹസ്സകൾ—ധീവിത്തോഗ്രന്മാരും കുജാർക്ക്യഹസ്സുകളും. ധീവിത്തോഗ്രന്മാർ, ധീവിത്തസ്ഥിതന്മാരായ ഉഗ്രന്മാർ. ധീ=അഞ്ചാംഭാവം. വിത്തം=രണ്ടാംഭാവം. കർമ്മലഗ്നത്തിൽനിന്ന് രണ്ടിലും അഞ്ചിലും പാപന്മാർ നില്ക്കുന്നതും വർജ്ജ്യമാകുന്നു. 'ധീവിത്ത' എന്നു പറയുകയാൽ അഞ്ചിൽ പാപൻനിന്നാൽ ദോഷാധിക്യമുണ്ടെന്നും ഗ്രഹിക്കണം രണ്ടിൽ സൂര്യനെ ആപത്തിൽ പ്രായശ്ചിത്തംചെയ്ത് എടുക്കാം. സൂര്യോദയം മദ്ധ്യമമായി സ്വീകരിക്കുകയും ചെയ്യാം. കുജാർക്ക്യഹസ്സകൾ—ചൊവ്വാഴ്ചയും ശനിയാഴ്ചയും വർജ്ജ്യങ്ങളാണ്. ജനിഭം. പിറന്നാൾ വർജ്ജ്യമാണ്. പക്കപ്പിറന്നാളുകൾ വർജിക്കേണ്ടതില്ല. ഇന്ദുവിന്റെ ദിനം അതായതു തിങ്കളാഴ്ച നിന്ദ്യമാകുന്നു. സൂര്യവാരം മദ്ധ്യമെന്നും ഒരു പക്ഷമുണ്ട്.

'ദിവസാശ്ചോദയാ വർജ്യാ യത്നേന കുജസൌരയോഃ
ശ്രേഷ്ഠാഃ സിതജ്ഞജീവാനാം മദ്ധ്യമാശ്ചന്ദ്രസൂൎയ്യയോഃ'

എന്നു വാസിഷ്ഠത്തിലും പറയുന്നു. അപ്പോൾ വ്യന്ത്യത്യം ശനിശാദികളായ ഈ പറഞ്ഞതുകളും മദ്ധ്യാധിമാസവും ഷൾദോഷങ്ങളും നിത്യദോഷങ്ങളും ബാലൻെറ കത്തൃദോഷങ്ങളും വിദ്യാരംഭത്തിന്നു വർജ്ജിക്കണം. വിധിപരകാലങ്ങളായ 4–ം 6–ം കൊല്ലങ്ങളിലോ നിഷിദ്ധങ്ങളായ ഭരണി, കാത്തിക, ആയില്യം, മകം, പൂരം, വിശാഖം, തൃക്കേട്ട, മൂലം, പൂരാടം, പൂരോരട്ടാതി എന്ന പത്തു നാളുകളിലോ നിഷിദ്ധതിഥികളിലോ അനദ്ധ്യായദിവസമോ അനദ്ധ്യായസമയത്തോ ഷൾദോഷകാലത്തോ സായാഹ്നം മുതൽ രാത്ര്യന്ത്യത്ര്യംശംതുടങ്ങുന്നതിന്നു മുമ്പുള്ള സമയത്തോ ചെയ്താൽ ആവൎത്തിക്കണം. അനാരംഭം ചെയ്യാതിരിക്കുകയോ അത് അനദ്ധ്യായത്തിലാവുകയോ രണ്ടാം ദിവസമല്ലാതെ ചെയ്തുപോകയോ ചെയ്താലും ആവൎത്തിക്കണം. ബുധമൌഢ്യകാലത്തു ചെയ്തുപോയാൽ അവൎത്തിക്കുകതന്നെയാണ് ഉത്തമം. മററ ദോഷങ്ങൾക്കെല്ലാം പ്രായശ്ചിത്തവും ചെയ്യണം. സാരസ്വതയോഗം വിദ്യാരംഭത്തിന്നു വിശേഷമാകുന്നു. അതുള്ളപ്പോൾ അനദ്ധ്യായമല്ലെങ്കിൽ വിദ്യാരംഭം ചെയ്യാം. മറെറാന്നും നോക്കേണ്ടതില്ല എന്നു തമ്പ്രാക്കൾ ഭാഷയിലും പറയുന്നു. അതിനാൽ അതിൻെറ ലക്ഷണത്തെ വിവരിക്കുന്നു. അവിടെ വസിഷ്ഠൻ,

'ഹസ്തതാരേബുധസ്യാംശേ വൎത്തന്തേജ്ഞേന്ദുഭാസ്കരാഃ
ബുധവാരേ ച തല്ലഗ്നേ യോഗം സാരസ്വതം വിദുഃ 1
വനിതാരാശിഗോ ഭാനുസ്തസ്മിൻ പഞ്ചദശാംശഗഃ
ബുധശ്ചേൽ ബുധവാരേ ച തല്ലഗ്നേ യോഗ ഈരിതഃ 2
സിംഹകന്യാതുലാസ്ഥേ ച ശ ബുധേ പൂൎവ്വോക്തവൽ സ്ഥിതേ
സിംഹസ്ഥേ ൎക്കേ തനുസ്ഥേജ്ഞേ യോഗോ നിയതവാസരഃ 3
മേഷരാശൌ ദശാംശസ്ഥേ രവൌ മീനസ്ഥിതേ ഭൃഗൌ .
വൃഷഭസ്ഥേ ശശിസുതേ യോഗ ഏകോ ബുധൈഃ സ്മൃതഃ 4
കന്യാലഗ്നേ ബുധാംശസ്ഥാ ഭാനുശീതഗുബോധനാഃ
യദിബോധനവാരശ്ച യോഗ ഏകോ ഭവേദസൌ 5

എന്നിങ്ങിനെ പറയുന്നു. മററചില ആചാൎയ്യന്മാർ സാരസ്വതയോഗം വേറെ വിധത്തിലുമുണ്ട് എന്നു പറയുന്നു. ഗ്രന്ഥവിസ്തരഭയംനിമിത്തം അതുകളെ ഇവിടെ വിവരിക്കുന്നില്ല. വിദ്യാരംഭമുഹൂത്തവും സാരസ്വതയോഗവുമില്ല എങ്കിലും വിജയദശമിനാൾ വിദ്യാരംഭം ചെയ്യാം. അന്നു മറെറാന്നും നോക്കേണ്ടതില്ല. അതിനാൽ വിജയദശമിയുടെ സ്വഭാവത്തെക്കൂടെ വിവരിക്കാം. അത് മഹാനവമിയുടെ പിറെറദിവസവുമാകുന്നു. മഹാനവമി എന്നതിനെ ഇങ്ങിനെ വിവരിക്കുന്നു.

'മാസ്യാശ്വിനാഖ്യേ നവമീ തു ശുക്ലാ
യദാഹ്ന്യഹൎമ്മദ്ധ്യഗതാ തദാഹ്നി
വാണീത്രികാലം നൃഭിരൎച്ചനീയാ
മദ്ധ്യാധിമാസോത്ര ന ചിന്തനീയഃ"

ആശ്വിനമെന്ന ചാന്ദ്രമാസത്തിലെ ശുക്ലനവമി യാതൊരു ദിവസം അഹൎമ്മദ്ധ്യത്തെ ഗതയാകുന്നുവോ അന്നു മൂന്നുനേരവും സരസ്വതിയെ സകല ജനങ്ങളും പൂജിക്കണം. ഇവിടെ മാസത്തെ കണക്കാക്കുന്ന വിഷയത്തിൽ മദ്ധ്യാധിമാസത്തെ നോക്കുകയും വേണ്ട. നവമി രണ്ടു ദിവസവും മദ്ധ്യാഹ്നത്തിന്നു തട്ടുമെങ്കിൽ രണ്ടുദിവസവും മഹാനവമി തന്നെയാണ്. രണ്ടുദിവസവും മദ്ധ്യാഹ്നത്തിന്നു തട്ടുകയില്ല എങ്കിൽ വിജയദശമിയുടെ തലേദിവസമാണ് മഹാനവമി എന്നും ഗ്രഹിക്കണം.

'ദശമീയദാഹ്നി ഷണ്ണാഡികാ
രവേരുദയാത പരം സ്യാൽ
തദാഹ്നി സത്യാം തു തിഥൌ ദശമ്യാ-
മാരഭ്യതേ സൎവ്വ ജനൈൎഹി വിദ്യാ'

ഉദയാൽപരം ആറുനാഴിക ദശമിയുണ്ടെങ്കിൽ അന്നാണ് വിജയദശമി. വിദ്യാരംഭവും അന്നുതന്നെ. ആറ നാഴികയില്ലെങ്കിൽ വിജയദശമി തലേ ദിവസവുമാണ്. ആശ്വിനമാസത്തിലെ ശുക്ലപക്ഷത്തിലെ നവമിക്കു മഹാനവമി എന്നും ദശമിക്കു വിജയദശമി എന്നും പേരാകുന്നു. അന്നു വിദ്യാരംഭം ശുഭവുമാകുന്നു.

## കൎണ്ണവേധം.

പൌഷ്ണോത്തരാൎദ്രാത്രിഹരിശ്രുവിഷ്ണു
രവീന്ദുചിത്രാഃ ശ്രുതിവേധ ഇഷ്ടാഃ
ന കുംഭസിംഹാളിജനിത്രയാണി
യോഗേന ചിന്ത്യാസ്തിഥിരാശിതാരാഃ. 1

ഇനി കൎണ്ണവേധമുഹൂൎത്തത്തെ പറയുന്നു:—കൎണ്ണവേധത്തിങ്കൽ പൌഷ്ണോത്തരാൎദ്രാത്രിഹരിശ്രുവിഷ്ണുരവീന്ദുചിത്രകൾ ഇഷ്ടകളാകുന്നു. കുംഭസിംഹാളിജനിത്രയങ്ങൾ ഇഷ്ടങ്ങളല്ല. യോഗത്തിങ്കൽ തിഥിരാശിവാരങ്ങൾ ചിന്ത്യങ്ങളുമല്ല. കാതുകുത്തുവാൻ രേവതി, ഉത്രം, ഉത്രാടം, ഉത്രട്ടാതി, തിരുവാതിര, പുണർതം, പൂയം, തിരുവോണം, അവിട്ടം, അത്തം, മകീരം, ചിത്ര എന്ന 12 നാളുകളും നന്ന്. മററ് 15 നാളുകൾ വൎജ്ജ്യങ്ങളെന്നും ഗ്രഹിക്കണം. കുംഭം, ചിങ്ങം, വൃശ്ചികം എന്ന മൂന്നു രാശികൾ വൎജ്ജ്യങ്ങളാകുന്നു. അപ്പോൾ മററ് ഒമ്പതു രാശികളും സ്വീകരിക്കാം.

'സിംഹവൃശ്ചികകുംഭാംശ്ച വൎജ്ജയേൽ കൎണ്ണവേധനേ'

എന്നു വാസിഷ്ഠത്തിലും പറയുന്നു. ജനിത്രയങ്ങൾ—ജന്മനക്ഷത്രവു

അനുജന്മനക്ഷത്രങ്ങളും. അതുകളും വർജ്ജിക്കണം. രാശികളിൽ ശുഭഗ്രഹ ക്ഷേത്രങ്ങളാണ് അധികം നല്ലത് എന്നും ഒരു പക്ഷമുണ്ട്.

'ഭൂമ്യാത്മജാക്ക്ജൊക്കാണാം വാസരാൻ പരിവർജ്ജയേൽ
വേധം തത്ര ന കത്തവ്യം തഥാ രാത്രൌ ച സന്ധ്യയോഃ'

എന്നു വാസിഷ്ഠത്തിൽ പറയുന്നു. അപ്പോൾ ചൊവ്വ, ശനി, ഞായർ എന്ന ആഴ്ചകളെ വർജ്ജിക്കുകയാണ് വേണ്ടത്. ആഴ്ച എല്ലാം സ്വീകരിക്കാമാവുന്നതാനും. രാത്രിയും സന്ധ്യാകാലത്തിലും കാതുകുത്തരുത്. പകൽ സായാഹ്നത്തിന്നുമുമ്പുള്ള സമയമാണ് ഇതിൻെറ പ്രധാന കാലം. കാതുകുത്തുന്ന ദിവസം പകൽ രണ്ടുനക്ഷത്രങ്ങളുടെ യോഗമോ (10നാഴിക പുലർന്നപ്പോൾ അശ്വതികഴിഞ്ഞു എന്നുവെച്ചാൽ അന്നു പകൽ അശ്വതീ ഭരണികളുടെ യോഗമായി) രണ്ടുപക്കങ്ങളുടെ യോഗമോ വരുന്നതായാൽ അന്നു കാതുകുത്തരുത്. ഇതു് മൂലകാരൻ പറഞ്ഞിട്ടില്ലെങ്കിലും വസിഷ്ഠൻ, മാധവാചാര്യൻ മുതലായ അനേകം ആചാര്യന്മാരും പറയുന്നുണ്ട്. എന്നാൽ നക്ഷത്രങ്ങളുടേയോ തിഥികളുടേയോ യോഗം മുഹൂർത്തരാശിക്കു മുമ്പാണെങ്കിൽ കാതുകുത്താം. രാശിസമയത്തോ അതിന്നുശേഷമോ ആണെങ്കിൽ കാതുകുത്തരുതെന്നുമാണ് വരദീപികയുടെ അഭിപ്രായം. അതേവിധംചെയ്താൽ കാതിൻെറ വള്ളി മുറിഞ്ഞുപോകുമെന്നു ആപ്തവാക്യവുമുണ്ട്.

'രാത്രൌ ദിവാ വാ പക്കത്തിൽ സന്ധിതാൻ നാളുസന്ധിതാൻ
മുഹൂർത്തക്കാലുമേലങ്ങു വന്നാൽ പൊഴുതു വർജ്ജയേൽ'

എന്നു കാലദീപകത്തിലും പറയുന്നു. എന്നാൽ 'കമ്മലഗ്നാൽ പരം ദിവാ സന്ധിശ്ചേദപി പുരുഷാണാം കർണ്ണവേധഃ ക്രതശ്ചേന്നാതി ദോഷഃ ഇതി കേചിൽ' എന്നും വരദീപികതന്നെ പറയുന്നതുമുണ്ട്. ഇതിന്ന് പാപോദയപാപശുക്രദൃഷ്ടി സായാഹ്നനിശാസന്ധ്യാ ഷഡ്ദോഷജന്മത്രയജന്മാഷ്ടമരാശി തച്ചന്ദ്രഗോമാസതാരകളെല്ലാം വർജ്ജിക്കുകയും വേണം.

യോഗത്തിൽ തിഥിരാശിതാരകൾ ചിന്ത്യങ്ങളല്ല—യോഗങ്ങളെന്നാൽ കർണ്ണവേധത്തിന്നു വിഹിതങ്ങളായ യോഗങ്ങൾ. അതുകളെ കുണ്ഡലയോഗങ്ങളെന്നു പറയുകയും ചെയ്യും. അതുള്ളസമയം കാതുകുത്തുന്നതായാൽ മുഹൂർത്തത്തെ നോക്കേണ്ടതുമില്ല. അതുകളേതെല്ലാമെന്നാൽ,

'ഗുരുസ്ഥരാശേർവ്യ്യയവിത്തഗൌ വാ
ധീധർമ്മഗൌ വാ സഹ ജായഗൌ വാ
കർമ്മാംബുഗൌ വാ ച ശുഭൌ സുയോഗോ
വേധേ തഥാ ശുക്രഗമീനരാശേഃ'

വ്യാഴം നില്ക്കുന്ന രാശിയുടെ പന്ത്രണ്ടിലും രണ്ടിലും ശുഭഗ്രഹം നില്ക്കുന്നുണ്ടെങ്കിൽ ആ വ്യാഴം നില്ക്കുന്ന രാശിക്ക് കർണ്ണവേധയോഗമുണ്ട്. 2 അതേവിധം 5ലും 9ലും ശുഭന്മാർ നിന്നാൽ ഒരുയോഗം, 3. മൂന്നിലും പതിനൊന്നിലും നിന്നാൽ ഒരുയോഗം, 4. പത്തിലും :നാലിലും ശുഭഗ്രഹ

ങ്ങൾ നിന്നാൽ ഒരു യോഗം. ശുക്രൻ മീനരാശിയിൽ നില്ക്കുമ്പോൾ വ്യാഴത്തിന്നു പറഞ്ഞപോലെ നാലു യോഗങ്ങളും സംഭവിക്കും. പക്ഷെ വ്യാഴം ഏതു രാശിയിൽ നിന്നാലും ഈ പറഞ്ഞ വ്യയവിത്താദിസ്ഥാനങ്ങളിൽ ശുഭന്മാർ വന്നാൽ ആ രാശികൾക്കെല്ലാം കണ്ഡലയോഗമുണ്ട്. (കൎണ്ണവേധത്തിന്നു നിഷേധിച്ച കുംഭസിംഹാദികളിലും ഇതു സംഭവിക്കും). ശുക്രൻ മീനം രാശിയിൽനിന്നാൽ ആ രാശിക്കുമാത്രവും സംഭവിക്കും. മററു രാശികളിൽ നിന്നാൽ യോഗവുമില്ല.

‘ലഗ്നാദുപചയേ ചന്ദ്രശ്ചന്ദ്രാദുപചയേ സിതഃ
സിതാദുപചയേ ജീവ സ്സോപി ലഗ്നഗതോ യദി
തദാ യോഗോ ഭവേൽ കൎണ്ണവേധയോഗ്യോതിപൂജിതഃ’

ഉപചയമെന്നാൽ 3, 6, 10, 11, എന്ന സ്ഥാനങ്ങളാകുന്നു. ലഗ്നത്തിന്റെ ഉപചയത്തിൽ ചന്ദ്രൻ, ചന്ദ്രൻ നില്ക്കുന്നതിന്റെ ഉപചയത്തിൽ ശുക്രൻ, അതിന്റെ ഉപചയത്തിൽ വ്യാഴം. ആ വ്യാഴം ലഗ്നത്തിലായിരിക്കുകയും ചെയ്താൽ ഒരു യോഗം. ഇത് അത്യന്തശോഭനവുമാകുന്നു.

‘ലഗ്നേ ശുഭോ ഗുരുല്ലാഭേ സോത്ഥം ശൂന്യം യദാ തദാ
വിഷ്ണു പൌഷ്ണാശ്വിചിത്രേന്ദു വൃഷ്ട്യാശ്ചേൽ കൎണ്ണവേധനം’

തിരുവോണം, രേവതി, അശ്വതി, ചിത്ര, മകീരം, പൂയം ഇവയിലൊന്നായിരിക്കുകയും ശുഭോദയവും പതിനൊന്നാമേടത്തു വ്യാഴവും മൂന്നാമേടത്ത് ഒരു ഗ്രഹവുമില്ലാതിരിക്കുകയുംകൂടി വരുമ്പോഴും യോഗമുണ്ട്.

ഈ പറഞ്ഞ യോഗങ്ങളെകൊണ്ടു കാതുകുത്തുകയാണെങ്കിൽ അവിടെ രാത്ര്യന്ത്യത്ര്യംശവും സ്വീകരിക്കുന്നുണ്ട്. അതു മദ്ധ്യമമെന്നും ഒരുപക്ഷം. അപ്പോൾ തിഥിരാശിതാരങ്ങൾ വൎജ്ജിക്കേണ്ടാ എങ്കിലും രാത്രിയുടെ ആദ്യഭാഗങ്ങളും മുൻപറഞ്ഞ പാപോദയാദികളും വൎജ്ജിക്കുകയുംവേണം. കൎണ്ണവേധം ചെയ്യാതിരിക്കുകയുമരുത്. ജനിച്ച 10-ാംദിവസവും 12-ം 16-ം ദിവസങ്ങളിലും 7-ം 8-ം മാസങ്ങളിലും കാതുകുത്താമെന്നു ചില ആചാൎയ്യന്മാർ പറയുന്നുണ്ട്. അത് ഇവിടെ ആചാരമില്ല. ചൌളത്തിന്നു ശേഷമേ ചെയ്തുകൂടൂ. അത് ഒററപ്പെട്ട കൊല്ലങ്ങളിൽ ഉത്തമം. യുഗ്മങ്ങളിൽ അധമം പത്താംകൊല്ലം അത്യന്താധമം. സംവത്സരഗണനം ജനനാദിയാകുന്നു. ഉപനയനത്തിന്നുമുമ്പെ ചെയ്യുന്നത് ഉത്തമം. വ്രതം കൊള്ളുന്നതിന്നുമുമ്പെ കാതുകുത്തണം. കാതുകുത്താതെ വ്രതം കൊള്ളരുത്. വിദ്യാരംഭവും കൎണ്ണവേധവും മുഹൂൎത്തംകൊണ്ടും യോഗംകൊണ്ടും ചെയ്യാം. യോഗംകൊണ്ടു മാത്രം ചെയ്യാവുന്നവ ഇതു രണ്ടും മാത്രം. കൎണ്ണവേധം ചൌളദിവസം ചൌളം കഴിഞ്ഞാൽ ചെയ്യാം. അവിടെ നക്ഷത്രതിഥിഭംഗാദി നോക്കുകയും വേണം. കൎണ്ണവേധം ഈ പറഞ്ഞ ശുഭകാലത്തിലല്ലാതെ ചെയ്തുപോയാൽ ആവൎത്തനമില്ല. പ്രായശ്ചിത്തമായി പശുദാനാദികളു ചെയ്യുകയും വേണം.

വ്രതകാലേ ച ദീക്ഷായാം കർണ്ണവേധം വിവർജ്ജയേൽ
ദീക്ഷിതോ ബ്രഹ്മചാരീ ച ഗർഭിണീപതിരേവ ച

കർണ്ണവേധനം, കുർവ്വീത=വ്രതംകൊണ്ടാലും ദീക്ഷയുള്ളപ്പോഴും കാതു കുത്തരുത്. ദീക്ഷയുള്ളവനും ബ്രഹ്മചാരിയും ഗർഭദീക്ഷയുള്ളവനും ആരുടേയും കർണ്ണവേധംചെയ്യരുത്. അതില്ലാത്തവനേ കാതുകുത്തുവാൻ പാടുള്ളു എന്നും ധരിക്കണം.

## ഉപനയനം.

ജന്മാബ്ദാൽ സപ്തമാദൌ സ്മൃതമുപനയനം
പഞ്ചമേ ചാന്നഭം സ-
ന്നാനദ്ധ്യായോ നിശാർക്കസ്തപസി ഫണികുജൌ
ചാഷ്ടമേ ശുക്രതോന്യേ
തേ രന്ധ്രേ ജന്മചന്ദ്രാൽ ഗുരുരപി സഹജേ
ജന്മഭാചാര്യരന്ധ്രം
കൃഷ്ണഃ പക്ഷോർക്കജാസൃഗ്ദിനമയനമവാക്
പക്ഷതിർമ്മദ്ധ്യമാവാ. 18

ഇപ്രകാരം കർണ്ണവേധമുഹൂർത്തത്തെ പറഞ്ഞതിന്നുശേഷം ഉപനയന മുഹൂർത്തത്തെ പറയുന്നു:—ജന്മാബ്ദത്തിങ്കൽനിന്ന് സപ്തമാദിയിങ്കൽ ഉപനയനം സ്മൃതമാകുന്നു. പഞ്ചമത്തിലും സ്മൃതമാണ്. അന്നഭം സത്താകുന്നു. അനദ്ധ്യായം, നിശ, തപസ്സിങ്കൽ അർക്കനും ഫണികുജന്മാരും, അഷ്ടമത്തിൽ ശുക്രനൊഴിച്ച ബാക്കി ഗ്രഹങ്ങളും, ജന്മചന്ദ്രങ്കൽനിന്നു രന്ധ്രത്തിങ്കൽ അവരും സഹജത്തിൽ ഗുരുവും, ജന്മഭം, ആചാര്യരന്ധ്രം, കൃഷ്ണമായ പക്ഷം, അർക്കജാസൃഗ്ദിനം, അവാക്കായ അയനം എന്നിതുകളും സ്മൃതങ്ങളല്ല. പക്ഷതിമദ്ധ്യമയാകുന്നു.

ജനനംമുതൽ ഏഴാം വയസ്സുമുതൽ ഉപനയനം ചെയ്യാം. ഇവിടെ സപ്തമാദൌ എന്നതിലെ ആദിശബ്ദംകൊണ്ട് ഏഴാംവയസ്സിന്റെ പിന്നെത്തെതായ എട്ടാം വയസ്സിന്നു വിധിപരത്വദോഷമില്ല എന്നും ഗ്രഹിക്കണം. അഞ്ചാം വയസ്സിലും ഉപനയനം ചെയ്യാം. അഞ്ചിലും ഏഴുമുതൽക്കും വിഹിതമെന്നു പറയുകയാൽ ആറാംകൊല്ലം വിധിപരത്വേന വർജ്ജ്യമെന്നും ഗ്രഹിക്കണം. ഇവിടെ സംവത്സരഗണനം സാവനംകൊണ്ടും സൌരംകൊണ്ടുമാവാമെന്നു മുമ്പുതന്നെ പറഞ്ഞിട്ടുമുണ്ട്. അതിന്റെ ദിവസഗണം ചൌളമുഹൂർത്തവ്യാഖ്യാനത്തിൽ വിവരിച്ചിരിക്കയാൽ ഇവിടെ പുനരാവർത്തനം ചെയ്യുന്നില്ല. ഉപനയനത്തിന്നുള്ള കാലം ജന്മാദിയായും ഗർഭാദിയായും കണക്കാക്കാം. ഗർഭാധാനദിവസം മുതൽക്കും കണക്കാക്കാമെന്നു സാരം. അപ്പോൾ ജനനദിവസത്തിന്നു പത്തു നാക്ഷത്രമാസം മുമ്പെ മുതൽ കണക്കു കൂട്ടണം. ഗർഭകാലത്തെ ക്രിയാദികൾക്കെല്ലാം സാ

വനംകൊണ്ടാണ് കണക്കാക്കുക എങ്കിലും കാലമാസം നാക്ഷത്രമാണ്. അതായതു് 10 നാക്ഷത്രമാസം പൂൎത്തിയാവുന്നതു ഗോസുഖ (273) ദിവസമാകുന്നു. അതു് 9 സാവനമാസം പൂൎത്തിയായി പത്താം മാസത്തിലെ മൂന്നാം ദിവസവുമാകുന്നു. ഗൎഭാദിയായി കണക്കാക്കുന്ന ദിക്കിൽ ജനനദിവസത്തിന്റെ മുമ്പെയുള്ള ഗോസുഖദിവസംമുതൽ കണക്കാക്കണമെന്നു വിവേകം. 'പഞ്ചമാബ്ദാരംഭകാലചിന്തനേ ജന്മത ഏവവാബ്ദകല്പനാ; നൈവ ഗൎഭതഃ' എന്നു പറഞ്ഞുകാണുന്നതിനാൽ അഞ്ചാം വയസ്സിൽ ഉപനായിക്കുവാൻ വിചാരിക്കുമ്പോൾ ജനനം മുതൽക്കുതന്നെ വയസ്സു കണക്കാക്കുകയും വേണം. സപ്തമാദൌ എന്നതിലെ ആദിശബ്ദവ്യാപ്തിയേയും വിവരിക്കാം. അവിടെ ആചാരസംഗ്രഹത്തിൽ,

'അഷ്ടമേ സപ്തമേ വാബ്ദേ നവമേ ദശമേ പി വാ
ഉപനീതിം ശിശോഃ കുൎയ്യാൽ പഞ്ചമേബ്ദേപി ശസ്യതേ
അതീതെ ഷോഡശാബ്ദേ തു പതിതഃ സ്യാൽ ധ്രുവം ശിശുഃ
അതഃ ഷോഡശവൎഷാൽ പ്രാക് കൎത്തവ്യം ന തതഃ പരം
രുദ്രാക്കാബ്ദേ രാജവിശോഃ ദ്വിഘ്നതത്സമയാൽ പുറ'

8-7 എന്ന വയസ്സുകളിലോ 9-10 എന്നതുകളിലോ ബാലനെ ഉപനായിക്കണം. അഞ്ചാം വയസ്സിൽ ഉപനായിക്കുന്നതും നല്ലതാണ്. ഉപനായിക്കാതെ 16 വയസ്സു കഴിഞ്ഞുപോയാൽ—16 വയസ്സായിട്ടും ഉപനയനം കഴിക്കാതിരുന്നാൽ ആ ബാലൻ വ്രാത്യനെന്ന പതിതനാകുന്നു. ഇതുനിമിത്തം ഉപനയനം 16 വയസ്സാകുന്നതിനു മുമ്പേതന്നെ കഴിക്കണം. അതിന്നു ശേഷമായിപ്പോകരുതു്. ഇതു ബ്രാഹ്മണന്നുള്ള വിധിയാകുന്നു. ക്ഷത്രിയൎക്കും വൈശ്യന്മാൎക്കും ഉപനയനക്രിയയുണ്ടു്. എന്നാൽ ക്ഷത്രിയന്നു് ഉപനയനകാലം 11-ാം വയസ്സും വൈശ്യന്നു് 12-ാം വയസ്സുമാകുന്നു. അവൎക്കു് അതാതുകളുടെ ഇരട്ടിച്ചകാലം—ക്ഷത്രിയന്നു 22-ം വൈശ്യന്നു 24-ം വയസ്സുവരെ പരമാവധിയാകുന്നു. അതുകാലംക്കുശേഷം അവരും വ്രാത്യന്മാർതന്നെ എന്നു പറയുന്നു. 'അഷ്ടവൎഷം ബ്രാഹ്മണമുപനീയാൽ' എന്ന ശാസനത്തെ അടിസ്ഥാനമാക്കിയാണ് അഷ്ടമേ സപ്തമേ എന്നു് അഷ്ടമത്തെ ആദ്യമായി പറഞ്ഞതും അതിന്റെ ഇരട്ടിച്ച കാലമായ 16 വയസ്സ് ഉപനയനത്തിന്റെ പരമാവധിയായി പറഞ്ഞതുമെന്നും ഗ്രഹിക്കണം. ഇവിടെ സംസ്കൃതകാലദീപകം,

'ഉപനീതൌ ദ്വിജേന്ദ്രാണാമഷ്ടമോബ്ദശ്ശുഭോമതഃ
ഏകാദശഃ ക്ഷത്രിയാണാം വൈശ്യാനാം ദ്വാദശഃ ശുഭഃ
ഏഷാമേഭ്യഃ പരം ഗ്രാഹ്യാ നാഗേശാക്കമിതാഃ സമാഃ,
അത്യാ പദ്ധ്യത ഉൎദ്ധ്വന്തു നോപനീതഃ പതത്യധഃ
പഞ്ചമഃ സപ്തമശ്ചൈവ വിപ്രാണാന്തു ശുഭൌസ്മൃതൌ'

എന്നും പറയുന്നു. അപ്പോൾ 7–ം 8–ം കൊല്ലങ്ങൾ ഉപനയനത്തിൽ മുഖ്യങ്ങൾ; 9–ം 10–ം മദ്ധ്യമങ്ങൾ: 11–ം 12–ം അധമങ്ങൾ; 13 മുതൽ 16 വരെയുള്ളകാലം അധമാധമം. അപ്പോൾ ഉപനയനകാലമേതെന്നാൽ ജനനം മുതൽ സാവനംകൊണ്ടു് അഞ്ചാം വയസ്സ തുടങ്ങിയാൽ സൌരംകൊണ്ടു് ആറാം കൊല്ലം തുടങ്ങുന്നതുവരെ ഉപനയനകാലം. ജനനം മുതൽ സൌരംകൊണ്ടു് അഞ്ചാം കൊല്ലം കഴിഞ്ഞാൽ ഗൎഭകാലം മുതൽ (വയിറോട്ടുകൂടി) സാവനംകൊണ്ടു് ഏഴാംകൊല്ലം തുടങ്ങുന്നതിന്റെ മുമ്പെയുള്ള കാലം അതായത് ആറാംകൊല്ലകാലം വിധിപരമാകയാൽ വൎജ്യവുമാണ്. വയിറോട്ടുകൂടി സാവനംകൊണ്ടു് ഏഴാംകൊല്ലം തുടങ്ങിയാൽപിന്നെ ജനനം മുതൽ സൌരംകൊണ്ടു ഏഴാംകൊല്ലം തുടങ്ങുന്നതുവരെയുള്ള കാലം നിന്ദ്യകാലവുമാണ്. ജനനം മുതൽ സാവനംകൊണ്ടു് 5–ാംകൊല്ലംവരെ വിധിയുമില്ല. അപ്പോൾ ജനനദിവസംമുതൽ അഭിവാദ്യ (1440) ദിനം വൎജ്യവും പിന്നെ തരംഗ (386)ദിനം പഞ്ചമാബ്ദതോന ശുഭവും പിന്നെ വിത്ത (64)ദിനം അത്യന്തവൎജ്യവും പിന്നെ ശ്രീനാഗ (302)ദിനം നിന്ദ്യവുമാകുന്നു എന്നും ഗ്രഹിക്കണം. ഇവിടെ,

'സുരദിവ്യദിനം തൊട്ടു സദാദിവ്യദിനം വരെ
അത്യാചത്താകിലും വൎജ്യ മുപനീതിക്കതിന്നകം'

എന്നു കാലദീപകവും പറയുന്നു. ഇനി മുൻപറഞ്ഞ മുഖ്യ മദ്ധ്യമാധമഅധമാധമകാലങ്ങളേയും ഗ്രഹിക്കണം. എന്നാൽ രാധാപര (2192) ദിവസംമുതൽ ഋഷഭ (460) ദിനം അത്യന്തമുഖ്യം. പിന്നെ യജ്ഞനിത്യ (1001)ദിനം ഉത്തമം മദ്ധ്യമംവാ, പിന്നെ ചോളനൃപ (1096)ദിനം മദ്ധ്യമം, അധമംവാ, പിന്നെ ശുദ്ധനയ (1095)ദിനം അധമാധമമെന്നും ഗ്രഹിക്കണം. ഇതാണ' ഉപനയനത്തിന്റെ കാലവിഭാഗം. 'തത്ര അധമാധമ ഏവ മുഖ്യഃ. ഏവഃ യുക്ത്യാ മുഹൂൎത്തഃ കല്പനീയഃ' എന്നു വരദീപികയും പറയുന്നു.

അന്നഭം സത്താകുന്നു—ഉപനയനത്തിന്ന് ഊൺ നാളുകൾ 16–ം കൊള്ളാം. അപ്പോൾ ബാക്കി 11 നാളുകൾ വൎജ്യങ്ങളാണെന്നും ഗ്രഹിക്കണം. ഈ വിഷയത്തിൽ ആചാരസംഗ്രഹം,

'ബാലാന്നവിഹിതാസ്താരാഷ്ഷോഡശാത്ര ശുഭാഃ സ്മൃതാഃ'

എന്നും പറയുന്നു. മാധവാചാൎയ്യൻ

'മിത്രാമിത്രവസൂത്തരാദിതിവിധിബ്രദ്ധ്നേന്ദവഃ പൂജിതഃ
പുഷ്യാന്ത്യാച്യുതവാരുണാശ്വിമരുതോ മദ്ധ്യാ ഛിതീ
യോത്തവേ'

എന്നു താരതമ്യത്തെ പറയുന്നു. എന്നാൽ ഊൺ നാളുകൾ 16–ം സ്വീകരിക്കുന്നതായിട്ടുതന്നെയാണ് ആചാരം.

ഇനി ഉപനയനത്തിന്നു വർജിക്കേണ്ടുന്നവയെ വിവരിക്കുന്നു:— അനദ്ധ്യായം—അനദ്ധ്യായദിവസങ്ങൾ ഉപനയത്തിന്നു വർജ്ജ്യങ്ങളാകുന്നു. അനദ്ധ്യായമെന്നാൽ 16-ാം ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചവതന്നെ. എന്നാൽ വേദാരംഭത്തിന്നും വേദപാഠത്തിന്നും മുഹൂർത്തം വിധിക്കുന്നദിക്കിൽ മുൻപറഞ്ഞ വിദ്യാരംഭവിഹിതാനദ്ധ്യായങ്ങൾക്കു പുറമെയും ചില അനദ്ധ്യായങ്ങൾ വിധിക്കുന്നുണ്ട് അതുകളും ഉപനയനത്തിന്നു വർജ്ജ്യങ്ങൾതന്നെയാകുന്നു. ആ ദിവസങ്ങളിൽ ഉപനയം ചെയ്യരുതെന്നു സാരം. നിശ—രാത്രി. രാത്രിയും ഉപനയത്തിന്നു വർജ്ജ്യമാകുന്നു.

'ഗർഭഹോമമസ്ഥഥാ ചൌളമുപനീത്യാദി സപ്തകം
ഗൃഹസ്ഥാഗ്രയണഞ്ചൈഷു വർജയേന്നിഖിലാം നിശാം'

എന്നു ഗ്രന്ഥാന്തരത്തിലും പറയുന്നു. തപസ്സിങ്കൽ അർക്കനും ഫണികുജന്മാരും വർജ്ജ്യന്മാരാകുന്നു. തപസ്സെന്നാൽ ഒമ്പതാംഭാവം. കർമ്മലഗ്നത്തിൽനിന്നു ഒമ്പതിൽ ആദിത്യനോ രാഹുവോ ചൊവ്വയോ നില്ക്കുന്നുണ്ടെങ്കിൽ ആ രാശി ഉപനയനത്തിന്നു വർജ്ജ്യമാകുന്നു. ആദിത്യൻ 9-ൽ വരേണമെങ്കിൽ ഉദയരാശിയുടെ 5-ാം രാശി കർമ്മലഗ്നമായിവരേണമെല്ലോ? അപ്പോൾ അഞ്ചാം രാശിമുതൽ ഉദയരാശിവരെയുള്ള കാലം വർജ്ജിക്കണമെന്നും വരുന്നു.

'ഉപനീതൌതു മദ്ധ്യാഹ്നാൽ പൂർവ്വകാലസ്സപൂജിതഃ'

എന്നും പറഞ്ഞുകാണുന്നു.

'നവമേ ഭൌമപാതാർക്കാ വർജ്ജ്യാമന്ദോത്ര മദ്ധ്യമഃ'

ഒമ്പതിൽ ചൊവ്വ, രാഹു, ആദിത്യൻ എന്നിവർ തീരെ വർജ്ജ്യന്മാരാകുന്നു. എന്നാൽ ഇവരെപ്പോലെതന്നെ പാപനാണെങ്കിലും ശനി ഒമ്പതിൽ നില്ക്കുന്നതായാൽ അതു മദ്ധ്യമമാകുന്നു. ആപത്തിൽ പ്രായശ്ചിത്തം ചെയ്തു സ്വീകരിക്കാം എന്ന് ആചാരസംഗ്രഹത്തിൽ പറയുന്നു. അഷ്ടമത്തിൽ ശുക്രനൊഴിച്ച ബാക്കി ഗ്രഹങ്ങൾ— കർമ്മലഗ്നത്തിങ്കൽനിന്ന് എട്ടാം രാശിയിൽ ശുക്രനൊഴിച്ച ബാക്കി ഗ്രഹങ്ങൾ ഏതെങ്കിലും (ഇവിടെ ശുഭപാപവിവേചനമില്ല) നില്ക്കുന്നതായാൽ ആ രാശി ഉപനയനത്തിന്നു വർജ്ജ്യമാകുന്നു.

'മുഹൂർത്തലഗ്നാദ്രന്ധ്രസ്ഥാ വർജ്ജ്യാസ്സർവ്വേ വിഭാർഗ്ഗവാഃ'

എന്ന്, ആചാരസംഗ്രഹത്തിലും പറയുന്നു. ജന്മചന്ദ്രങ്കിൽനിന്നു രന്ധ്രത്തിൽ അവർ—അവരെന്നാൽ ശുക്രനൊഴിച്ച ബാക്കിയുള്ള ഗ്രഹങ്ങൾ. അവർ ജന്മചന്ദ്രനിൽനിന്നു അഷ്ടമത്തിൽ നില്ക്കുന്ന കാലവും വർജ്ജ്യമാകുന്നു. ജന്മചന്ദ്രപദത്തിന്നു ജനനലഗ്നം, ജനിച്ച കൂറ്, മുഹൂർത്തലഗ്നം, മുഹൂർത്തലഗ്നചന്ദ്രൻ എന്നും അർത്ഥമാകുന്നു.

'ജന്മാഷ്ടമസ്ഥാ വിസിതാ ഗ്രഹാസ്സർവ്വേ മൃതിപ്രദാഃ'

ശുക്രനൊഴിച്ച ബാക്കി ഗ്രഹങ്ങൾ അഷ്ടമത്തിൽ നില്ക്കുന്ന സമയം ഉപനയനം ചെയ്താൽ ബാലന്റെ ആയുസ്സ ക്ഷയിച്ചുപോകുമെന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നത്.

'സഹോദരേഷ്ടമേ ശുദ്ധിരുക്താ ജന്മലഗ്നഭയോർദ്വയോ
കർത്തുസ്സൽ കാലലഗ്നസ്യ തൽകാലഹിമഗോരപി'

എന്നു മുഹൂർത്തദീപകത്തിലും പറയുന്നു. ജന്മാഷ്ടമത്തിൽ ബുധൻ നില്ക്കുന്നതായാൽ വലിയ ദോഷമില്ല എന്നും ചിലർ പറയുന്നു. മററ ഗ്രഹങ്ങൾക്ക് ശാന്തിഹോമം ചെയ്യുകയും വേണം. ഈ വിഷയത്തിൽ,

'ജന്മാഷ്ടമേ ശുക്രബുധൌ ശുഭാവന്യേ മൃതിപ്രദാഃ
ലഗ്നാഷ്ടമേ യാതി ശാന്തിം ഗ്രഹഃ പാപോപി പൂജയാ
തൽകാല ലഗ്നരന്ധ്റേതു വിശുക്രാ മൃത്യുദാ സ്ലിശോഃ
തൽകാലേന്ദോ ശ്ശുഭൌ മൃത്യൌ ശുക്രജ്ഞൌ ദുഃഖദോ ഗുരുഃ
നേഷ്ടാഃ പാപാ മദ്ധ്യഫലാഃ സ്വവർഗ്ഗോച്ചഗതാശ്ച തേ'

ഇങ്ങിനെയും ഒരു പക്ഷമുണ്ട്. ആ പക്ഷത്തെക്കുറിച്ച് (കേഷാഞ്ചന മതമേതൽഗ്രാഹ്യമഥാപദി' = ഇങ്ങിനെയാണ് ചില ആചാര്യന്മാരുടെ അഭിപ്രായം, ആപത്തിങ്കൽ അതേവിധം സ്വീകരിക്കുകയും ചെയ്യാം. എന്നാണ് വരദീപികാഭിപ്രായം. അപ്പോൾ ജന്മചന്ദ്രലഗ്നത്തിന്റെ 8-ൽ ശുക്രനും ബുധനും ഗ്രാഹ്യന്മാരാണ്; മററുള്ളവർ വർജ്ജ്യന്മാരാണ്. ജന്മലഗ്നാഷ്ടമത്തിലുള്ള ഗ്രഹങ്ങൾക്കെല്ലാം ഗ്രഹശാന്തിചെയ്താൽ മതി. കർമ്മലഗ്നത്തിന്റെ 8-ൽ ശുക്രനൊഴിച്ച ബാക്കി യാതൊരു ഗ്രഹത്തെയും സ്വീകരിക്കരുത്. കർമ്മലഗ്നചന്ദ്രാഷ്ടമത്തിൽ ശുക്രബുധന്മാർ ശുഭന്മാരും വ്യാഴം ദുഃഖപ്രദനും പാപന്മാർ വർജ്ജ്യന്മാരുമാണ്. പാപന്മാർതന്നെ സ്വവർഗ്ഗോച്ചമുള്ളവരാണെങ്കിൽ മദ്ധ്യമന്മാരും—ഗ്രഹശാന്തിചെയ്ത സ്വീകരിക്കാവുന്നവരുമാകുന്നു എന്നും ഗ്രഹിക്കണം. ഇതേവിധം മതാന്തരങ്ങളുണ്ടെങ്കിലും ഉണ്ണിയുടെ ജന്മചന്ദ്രങ്കൽനിന്ന് (ജനിച്ച കൂറിന്റെ) എട്ടിൽ ശുക്രനൊഴിച്ച ബാക്കി ഗ്രഹങ്ങളെല്ലാം വർജ്ജ്യന്മാരാകുന്നു. ഇതേവിധം തന്നെയാണ് മുഹൂർത്തലഗ്നത്താഷ്ടമത്തിലും. ജന്മലഗ്നത്തിൽനിന്നും മുഹൂർത്തചന്ദ്രലഗ്നത്തിങ്കൽനിന്നും അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹങ്ങളെ വർജ്ജിക്കാറില്ല. ഇങ്ങിനെയാണ് സദാചാരം. എന്നാൽ അവക്കും ഗ്രഹശാന്തിചെയ്യുന്നതു നല്ലതാണ്. ജന്മചന്ദ്രാഷ്ടമത്തിൽ ആപത്തിൽ ബുധനെയും എടുത്തുവരുന്നുണ്ടുതാനും.

സഹജേ ഗുരുഃ അപി—സഹജമെന്നാൽ മൂന്നാംഭാവം. അതായതു', ജന്മചന്ദ്രങ്ങൾ നിന്നു മൂന്നിൽ നില്ക്കുന്ന വ്യാഴവും ഉപനയനത്തിന്നു വർജ്ജ്യനാകുന്നു അപ്പോൾ ജനിച്ച കൂറിന്റെ മൂന്നാംരാശിയിൽ വ്യാഴം നില്ക്കുന്ന കാലവും വ്യാഴം നില്ക്കുന്ന രാശിയുടെ 11-ാം രാശിസമയത്തും ഉപനയനം വർജ്ജ്യമെന്നു സാരം. എന്നാൽ ജന്മചന്ദ്രലഗ്നം, നാലാമേടം, ആറാ

മേടം, പന്ത്രണ്ടാമേടം എന്ന സ്ഥാനങ്ങളിൽ വ്യാഴം നില്ക്കുന്ന കാലവും ഉപനയനത്തിന്നു നിന്ദ്യം തന്നെയാണ്. (മുൻപറഞ്ഞ 'തേരന്ധ്രേ ജന്മചന്ദ്രാൽ' എന്നതുകൊണ്ടു അഷ്ടമവ്യാഴവും വർജ്യംതന്നെ). അപ്പോൾ മൂന്നിലും എട്ടിലും വ്യാഴം നില്ക്കുന്ന കാലം തീരെ വർജ്ജിക്കുകയും 4, 6, 12 എന്ന രാശികളിൽ നില്ക്കുന്ന വ്യാഴത്തിന്നു ഗ്രഹശാന്തിചെയ്യുകയും കാലാത്യയത്തിൽ ജന്മവ്യാഴത്തെ ശാന്തിചെയ്യേട്ടുക്കകയും മററു കാലങ്ങളിൽ ജന്മവ്യാഴത്തെ വജ്ജിക്കുകയും വേണം.

'അരിവ്യയഗ്രഹഃ സ്ഥാപി ജീവശ്ശാന്ത്യാ ന ദോഷദഃ
ജന്മസ്ഥോപി ന ദോഷായ ശാന്ത്യാ കാലാത്യയേ ഗുരുഃ'

എന്നു പ്രമാണവചനവും കാണുന്നു. ആചാരവും അതേവിധംതന്നെ. ഉപനയനത്തിന്നു സൂൎയ്യോദയരാശിയും വർജ്യംതന്നെയാണ്. അതു് ഇവിടെ മൂലത്തിൽ പറഞ്ഞിട്ടില്ലെങ്കിലും വാസിഷ്ഠത്തിൽ,

'ഭാസ്കരസ്യോദയേ വിപ്രോ ഭൂമിപാലേ ന സംഹൃതഃ'

സൂൎയ്യോദയരാശികൊണ്ടു് ഉപനയനം ചെയ്താൽ അവനെ ഭൂമിപാലൻ സംഹരിക്കും എന്നു പറയുന്നു. ഇവിടെ നിഷേധിച്ചിട്ടില്ല എന്നുവെച്ച് ചിലർ സൂൎയ്യോദയരാശി സ്വീകരിക്കുന്നുണ്ടു്. എന്നാൽ അതു ശോഭനമല്ല. അത്യാപത്തിൽ അങ്ങിനെ വേണ്ടിവന്നാൽ ഗ്രഹശാന്തി ചെയ്യുകയും വേണം. ജന്മഭം—ഉണ്ണിയുടെ പിറന്നാൾ വർജ്യമാകുന്നു. അപ്പോൾ അനുജന്മനക്ഷത്രങ്ങൾ സ്വീകരിക്കാമെന്നു സാരം. ആചാൎയ്യരന്ധ്രം—ആചാൎയ്യന്റെ രന്ധ്രം. ആചാൎയ്യനെന്നാൽ ഉപനയിക്കുന്നവൻ. അവന്റെ ജന്മചന്ദ്രങ്കൽനിന്നു് (ജനിച്ചകൂറിന്റെ) എട്ടിൽ എല്ലാ ഗ്രഹങ്ങളും വർജ്യന്മാരാകുന്നു. ജനിച്ച കൂറിന്റെ എട്ടാം രാശിയും വർജ്ജിക്കണം.

'ആചാൎയ്യസ്യാഷ്ടമോ രാശിൎവ്വജ്യഃ കഷ്ടേഽത്ര ചന്ദ്രമാഃ'

എന്നും പറയുന്നു. 'ആചാൎയ്യരന്ധ്രത്തിൽ ചൊവ്വക്കു ഗ്രഹശാന്തി വേണമെന്നില്ല; പശുദാനം ചെയ്താൽ മതി, എന്നു മുഹൂൎത്തഭാഷയിലും പറയുന്നു. മുഹൂൎത്തലഗ്നത്തിന്റെ 12-ൽ ആദിത്യൻ നില്ക്കുകയും ആ ആദിത്യനെ ചൊവ്വ നോക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതേവിധമുള്ള മുഹൂൎത്തസമയത്ത് ഒരുവൻ ഒരുണ്ണിയെ ഉപനയിച്ചാൽ ഉടനെ ആചാൎയ്യന്റെ കണ്ണു പൊട്ടിപോകും.

'വ്യയസ്ഥമൎക്കം ക്ഷിതിജോഭിപശ്യ-
ന്നാചാൎയ്യമന്ധം കുരുതേ ബലാഢ്യഃ'

എന്നു മാധവാചാൎയ്യൻ. ബലാഢ്യഃ എന്നു പറയുകയാൽ ബലഹീനനാണെങ്കിൽ ആന്ധ്യപ്രാപ്തി കാലാന്തരത്തിലായിരിക്കുമെന്നേ ഉള്ളൂ. ബലവാനാണെങ്കിൽ ഉടനെ കഴിയുകയും ചെയ്യും. കൃഷ്ണമായപക്ഷം—കറുത്ത പക്ഷം വർജ്യമാകുന്നു.

'രാത്രിഞ്ച കൃഷ്ണപക്ഷഞ്ച ദക്ഷിണായനമേവ ച
സായാഹ്നഞ്ചാപരാഹ്നഞ്ച വൎജ്ജ്യാന്യേതാനി സൂരിഭിഃ'

എന്നു സംസ്കൃതകാലാദീപകത്തിലും പറയുന്നു. അക്ജോസ്സഗി നം—ചൊവ്വാഴ്ച്ചയും ശനിയാഴ്ച്ചയും വൎജ്ജിക്കണം.

'പൂൎവ്വപക്ഷത്തിലേയാവൂ ചൊവ്വാഴ്ച വിവൎജ്ജയേൽ,
നൂലിന്നു മദ്ധ്യമായിട്ടു കൊള്ളുന്നു മന്ദവാസരം'

എന്നു കാലദീപകം. 'ആവശ്യത്തിങ്കൽ ശനിയാഴ്ചകൊള്ളുന്നു' എന്നു തമ്പ്രാക്കാം ഭാഷയിലും പറയുന്നു. അപ്പോൾ ചൊവ്വാഴ്ച്ചയായാൽ ആവ ത്തിക്കണം. അത്യാപത്തിൽ മററല്ലാ ഗുണങ്ങളുമുണ്ടെങ്കിൽ ശനിയാഴ്ച സ്വീകരിക്കാം. അല്ലെങ്കിൽ അതും വൎജ്ജ്യം. ആവാക്കായ അയനം— ദക്ഷിണായനം. അതും വൎജ്ജ്യമാകുന്നു. ഉത്തരായണത്തിലെ ഉപനയനം പാടുള്ളു എന്നു സാരം.

'വസന്തം നന്നു വിപ്രാണാം ഗ്രീഷ്മം നന്നു മഹീഭൃതാം
വിശാം ശരച്ച സൎവ്വേഷാ മുത്തരായണ മുത്തമം'

എന്നു കാലദീപകം. പക്ഷതിമദ്ധ്യയാകുന്നു—പക്ഷതി എന്നാൽ പ്രതിപദം. കറുത്തപക്ഷവും സ്ഥിരകരണവും അനദ്ധ്യായവും വൎജ്ജ്യമെന്നു പറകയാൽ ഇവിടത്തെ പക്ഷതീശബ്ദത്തിന്നു വെളുത്ത പ്രതിപദം ഉത്തരാൎദ്ധം ഓത്തു നിൎത്തിയതിൻെറ അഞ്ചാം ദിവസവും മദ്ധ്യാഹ്നത്തിന്നു തട്ടാതെയും വന്നാൽ അന്നു ഉദയാൽപരം പ്രതിപദസമയത്ത് ഉപനയനം (വാ) ചെയ്യാമോ എന്നു അതാതു കാലത്തുള്ള വിധായകന്മാരോടു ചോദിച്ചു മദ്ധ്യമമായി സ്വീകരിക്കുകയും ചെയ്യാം. മൂലകാരൻ രാശിയെപ്പററി ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ മേടം രാശി വൎജ്ജ്യമാണ് എന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നത്. അതുകൊണ്ടുപോയാൽ ആവ ത്തിക്കുമാറില്ലതാനും. വൎജ്ജിക്കുന്നത് ഉത്തമം. മററ പതിനൊന്നു രാശികളും സ്വീകരിക്കാം പാപഗ്രഹരാശികളല്ലാതിരുന്നാൽ അധികം നന്ന്.

'വൎണ്ണേശേ ബലിനി പ്രീതിയ ജനനം ത്രൈവൎണ്ണികാനാം ശുഭം'

അവരവരുടെ ജാതിയുടെ ഈശനായ (അധിപനായ) ഗ്രഹം ബലവാനായിരിക്കുന്ന കാലത്ത് ഉപനയനം ചെയ്യുന്നത് ത്രൈവൎണ്ണികന്മാൎക്കെല്ലാം ശുഭമാകുന്നു. വൎണ്ണേശത്വത്തെ വിവരിക്കുന്നു:

'വിപ്രാഹ്വയൌ ഗുരുസിതൌ നൃപതീ കുജാൎക്കൌ
വൈശ്യഃ ശശിസുതോ വൃഷളോൎക്കജോന്ത്യഃ'

വ്യാഴവും ശുക്രനും ബ്രാഹ്മണർ, ചൊവ്വയും ആദിത്യനും ക്ഷത്രിയന്മാർ, ചന്ദ്രൻ വൈശ്യൻ ബുധൻ ശൂദ്രൻ, ശനി അന്ത്യജൻ എന്നാണ് മാധവാചാൎയ്യമതം. അപ്പോൾ ഇവിടെ പറഞ്ഞ അനദ്ധ്യായാദി ദോഷങ്ങളും നിത്യദോഷങ്ങളും ഷൾദോഷങ്ങളും മദ്ധ്യാദി മാസവും ഉണ്ണിയുടെ

അഷ്ടാശീതിതമാംശകാദികർത്തൃദോഷങ്ങളും വർജ്ജിക്കണം. ജനനം മുതൽ സാവനംകൊണ്ട് അഞ്ചാം കൊല്ലം തുടങ്ങുന്നതിന്നു മുമ്പ് വിധിപ്രകാരം വർജ്ജിക്കുവാൻ പറഞ്ഞ ആറാംകൊല്ലകാലം നിഷിദ്ധനക്ഷത്രതിഥികൾ, അനദ്ധ്യായകാലം, സായാഹ്നം മുതൽ സൂര്യോദയംവരെയുള്ള സമയം, കൃഷ്ണപക്ഷം, ദക്ഷിണായനം, മദ്ധ്യാധിമാസത്തോടുകൂടിയ ഷൾദോഷങ്ങൾ എന്നിതുകളിൽ ഉപനയനം ചെയ്തുപോയാൽ ആവർത്തിക്കണം. ബാക്കി ദോഷസമയത്തു ചെയ്തുപോയാൽ ആവർത്തിക്കേണ്ട; ദോഷാനുരൂപമായ പ്രായശ്ചിത്തം ചെയ്താൽ മതി. ഉപനയനം ആവർത്തിക്കേണ്ടിവന്നാൽ അതിന്നു മുഹൂർത്തം വേണം. അതും ഈ പറഞ്ഞപോലെ തന്നെയാകുന്നു. പുനരുപനയനത്തിന്നു മുഹൂർത്താപേക്ഷയില്ല. യജ്ഞോപവീതധാരണവും ഗായത്ര്യുപദേശവും മുഹൂർത്തംകൊണ്ടു ചെയ്യേണ്ടുന്നവയാകയാൽ അതു രണ്ടും കഴിയോളം സമയമുണ്ടായിരിക്കുന്ന മുഹൂർത്തമാണ് ഉത്തമം.

ദത്ത്—ദത്തും ഉപനയനംപോലെതന്നെ അന്യന്റെ പിണ്ഡകർത്തൃത്വം മുതലായവ സിദ്ധിക്കുന്ന ക്രിയയാകുന്നു. എന്നാൽ ഇതിന്റെ മുഹൂർത്തത്തെപ്പററി മൂലകാരൻ ഒന്നും പറഞ്ഞിട്ടില്ല എങ്കിലും അവശ്യവിജ്ഞേയമാകയാൽ അതിനെ ഗ്രന്ഥാന്തരത്തിൽനിന്നു സംഗ്രഹിച്ചു വിവരിക്കാം.

ദത്തപുത്രസ്വീകരണേ താരാസ്സേകോദിതാ ശ്ശുഭാഃ
ക്രിയതേ സർവ്വവാരേഷു രാശയസ്സകലാ ശ്ശുഭാഃ
കാര്യം ദിവാച രാത്രൌ ച കഷ്ടഃ സ്യാദഷ്ടമേ കുജഃ
ശോഭനാ നാത്രഷൾദോഷാ ഗൃഹ്യന്തേ തേ പി ചാപദി

ദത്തെടുക്കുവാൻ സേകത്തിന്നു പറഞ്ഞ 18 നാളുകളും കൊള്ളാം. ഇതിന്നു എല്ലാ ആഴ്ചകളും എല്ലാ രാശികളും നന്ന്. രാവും പകലും ദത്തെടുക്കാം. അഷ്ടമത്തിൽ കുജൻ വർജ്യനാകുന്നു. ഷൾദോഷങ്ങൾ കൊള്ളരുത്. ആപത്തിൽ ഷൾദോഷങ്ങൾ എടുക്കുകയും ചെയ്യുന്നു.

സുതസ്യാദൌ ദം പത്ര്യോർദ്ദാതൃപിത്രോസ്തഥാക്രമം
വർജ്ജ്യാഃ കഷ്ടാ മദ്ധ്യമാഃ സ്യുർവ്വിവദാദ്യാശ്ച താരകാഃ

ദത്തിന്നു ദത്തെടുക്കുന്ന ഉണ്ണിയുടെ ഗോമാസാദി കർത്തൃദോഷങ്ങൾ വർജ്ജ്യങ്ങളാകുന്നു. ദത്തെടുക്കുന്ന അച്ഛനമ്മമാരുടെ ഗോമാസാദികൾ കഷ്ടങ്ങളും—അത്യന്തനിന്ദ്യങ്ങളും, ദത്തുകൊടുക്കുന്ന മാതാപിതാക്കന്മാരുടെ കർത്തൃദോഷങ്ങൾ മദ്ധ്യമങ്ങളുമാകുന്നു. ബാലന്റെ പ്രഥമജന്മർക്ഷവും നിത്യദോഷങ്ങളിലെ പാപോദയപാപദൃഷ്ടികളും നവദോഷങ്ങളും രിക്താഷ്ടമികളും തീരെ വർജ്യങ്ങളാണ്. ഇതിന്നു വിവാഹമുഹൂർത്തമാണ് വേണ്ടത് എന്ന് ഒരുപക്ഷം. ഉപനയനമുഹൂർത്തംകൊണ്ടാണ് ദത്തെടുക്കേണ്ടത് എന്നു മറെറാരുപക്ഷം. ഇങ്ങിനെ രണ്ടുപക്ഷം പറഞ്ഞുകാണുകയാൽ ഇതിൽ എതെങ്കിലും ഒരു മുഹൂർത്തംകൊണ്ടു ദത്തെടുക്കാം. എന്നാൽ

ഉത്തരായണത്തിലായാൽ ഉപനയനമുഹൂൎത്തവും ദക്ഷിണായനത്തിലായാൽ വിവാഹമുഹൂൎത്തവും ഗ്രാഹ്യമെന്നു മററ ചിലരും പറയുന്നു.

ഉപാകൎമ്മം.

ആഷാഢ്യാം പൌൎണ്ണമാസ്യാംഖലു കതിചിദുപാ-
കൎമ്മ കുർവ്വന്ത്യഥാന്യേ
ശ്രാവണ്യാം സാച്യുതായാമപര ഇഹ തഥാ
ഭാദ്രവത്യാന്നഭസ്യേ
തദ്ധസ്തേ തദ്വിയോഗേ സതി പുനരപരേ
ശ്രാവണേ ഹസ്തവത്യാം
പഞ്ചമ്യാമോഷധീനാം മുരജിതി പരി-
പാകേപി മാസോമലഃസ്യാൽ. 19

ഇപ്രകാരം ഉപനയനമുഹൂൎത്തവും ദത്തപുത്രസ്വീകാരമുഹൂൎത്തവും വിവരിച്ചതിന്നുശേഷം ഉപനയനാനന്തരകൎത്തവ്യമായ ഉപാകൎമ്മത്തിൻെറ മുഹൂൎത്തത്തെ വിവരിക്കുന്നു:— ചിലർ ആഷാഢിയായിരിക്കുന്ന പൌൎണ്ണമാസിനാറംതന്നെ ഉപാകൎമ്മം ചെയ്യുന്നു. പിന്നെ മററ ചിലർ ശ്രാവണിയായിരിക്കുന്ന പൌൎണ്ണമാസിനാളും അപരന്മാർ ഇവിടെ സാച്യുതയായിരിക്കുന്ന പൌൎണ്ണമാസിനാളും നഭസ്യമാസത്തിലെ ഭാദ്രവതിയായ പൌൎണ്ണമാസിനാളും ഉപാകൎമ്മം ചെയ്യുന്നു. അവർ തദ്വിയോഗംസത്തായിരിക്കും സമയത്തിങ്കൽ തദ്ധസ്തത്തിങ്കൽ ചെയ്യുന്നു. അപരന്മാർ ശ്രവണത്തിൽ ഹസ്തവതിയായ പഞ്ചമിനാളും ഓഷധികളുടെ പരിപാകത്തിൽ മുരജിത്തിലും ചെയ്യുന്നു. എല്ലാവക്കും മാസം അമലമായിരിക്കുകയും വേണം.

ഉപാകൎമ്മമെന്നാൽ വേദാരംഭം— ഓത്തു ചൊല്ലിതുടങ്ങുകയാകുന്നു. ഇതു ദിവസനിയതമാകയാൽ നിത്യദോഷങ്ങളും കൎത്തൃദോഷങ്ങളും നോക്കേണ്ടതില്ല. ഇതിനുള്ള ദിവസം യജുർവ്വേദികറം, കൌഷീതകന്മാർ, സാമവേദികറം, ആശ്വലായനന്മാർ എന്നിവക്കു പ്രത്യേകം പ്രത്യേകമാകുന്നു. അതെങ്ങിനെയെന്നാൽ, ചിലർ—യജുൎവ്വേദികറം ആഷാഢമാസത്തിലെ വെളുത്ത വാവുന്നാറംതന്നെയാണ് ചെയ്യുന്നതു്. പൌൎണ്ണമാസി രണ്ടു ദിവസവുമുണ്ടെങ്കിൽ രണ്ടാം ദിവസം ഉദയാൽപരം ആറ നാഴികയുണ്ടെങ്കിൽ അന്നും അത്ര സമയമില്ലെങ്കിൽ തലേദിവസവുമാണ് ഉപാകൎമ്മം ചെയ്യേണ്ടതു്. പൌൎണ്ണമാസിയുടെ പൂൎവ്വാൎദ്ധം വിഷ്ടിയാണെങ്കിലും ഉപാകൎമ്മത്തിന്നു വിരോധമില്ല. ഈ വിഷയത്തിൽ കാലദീപകം ഇങ്ങിനെ പറയുന്നു:—

'ആഷാഢത്തിൽ പൌൎണ്ണമാസ്യാമുപാകൎമ്മ യജുൎവ്വിദാം
അന്നു ചെയ്കില്ലെന്നിരിക്കിൽ ശ്രാവണേ പൌൎണ്ണമാസിനാറം

പ്രോഷ്ഠപാദേ പൌൎണ്ണമാസി കൊള്ളാം പോലിവ തട്ടുകിൽ
ആഷാഢേ ശ്രാവണേ വാപി പ്രയത്നേന സമാചരേൽ
ഉപാകൎമ്മം നടേടത്തേതു ചെയ്താലന്നേട്ടിനത്തില്'
ഏതാനുമൊരുഹേതുനാൽ ഹോതാരം കൊണ്ടതില്ല ചേൽ
പിന്നെയും പൌൎണ്ണമാസീനാളുപാകൎമ്മം ചരിച്ചഥ
ഹോതാരമപ്പോൾ കൊള്ളണം സാഹചൎയ്യം വിധിക്കയാൽ
പ്രോഷ്ഠപാദം കഴിഞ്ഞാലും ദീക്ഷയുണ്ടെന്നിരിക്കിലും
മേലെക്കാലമുപാകൎമ്മം തുടങ്ങീട്ടു ചരിപ്പിത്'
അപ്പോളോത്തുതുടങ്ങാവൂ പിറെറയാണെന്നു നിൎണ്ണയം
ഹോതാരം കൊൾവതിൻ മുമ്പെയോതുവില്ലെന്ന ഹേതവഃ
വാവുള്ളപ്പോൾ വേണമല്ലോ ഹോതാരം കൊള്ളുവാനിഹ'

അന്യേ—കൌഷീതകന്മാർ ശ്രാവണമാസത്തിലെ പൌൎണ്ണമാസിന്നാൾ ഉപാകൎമ്മം ചെയ്യണം. ഇവൎക്കു പ്രോഷ്ഠപദമാസത്തിലെ പൌൎണ്ണമാസിനാളും ചെയ്യാമെന്നു സംസ്കൃതകാലദീപകത്തിൽ പറയുന്നു.

'ശ്രാവണേ പ്രോഷ്ഠപാദേവ മലമാസവിവൎജ്ജിതേ
കൌഷീതകാനാം വിപ്രാണാം പൂൎണ്ണായാംസ്യാദുപാകൃതിഃ'

യജുൎവ്വേദികൾക്കു ശ്രാവണത്തിലും കൌഷീതകൎക്കു പ്രോഷ്ഠപാദമാസത്തിലും ഉപാകൎമ്മം ചെയ്യാമെന്നതു് ആപദ്ധൎമ്മമാണു്. മൂലത്തിൽ പറഞ്ഞ ആഷാഢശ്രാവണപൌൎണ്ണമാസികൾതന്നെയാണു് ഉത്തമമെന്നും ധരിക്കണം. അമാവാസിയുടെ വ്യാപ്തിനിയമം രണ്ടാൾക്കും എന്നും ഒരുപോലെതന്നെയുമാണു്.

അപരേ—സാമവേദികൾ ഇവിടെ എന്നുവെച്ചാൽ ശ്രാവണമാസത്തിൽ വെളുത്തവാവും തിരുവോണവും കൂടിയ ദിവസമോ, നഭസ്യമാസത്തിൽ പൌൎണ്ണമാസിയും പൂരോരട്ടാതിയും കൂടിയ ദിവസമോ ഉപാകൎമ്മം ചെയ്യണം ഈ പറഞ്ഞ രണ്ടുമാസത്തിലും പൌൎണ്ണമാസി അതാതു നക്ഷത്രങ്ങളോടുകൂടി വരികയും വേണം. അല്ലാതെ അതാതു മാസത്തിലെ കേവല പൌൎണ്ണമാസിനാളോ കേവല നക്ഷത്രങ്ങളിലൊ ചെയ്യരുതു്. നക്ഷത്രപൌൎണ്ണമാസികളുടെ യോഗം രണ്ടു ദിവസവുമുണ്ടെങ്കിൽ മുമ്പറഞ്ഞപോലെതന്നെ. ഈ പറഞ്ഞ നക്ഷത്രപൌൎണ്ണമാസീയോഗം രണ്ടുമാസവും സംഭവിക്കുകയില്ല എങ്കിൽ അതാതു മാസത്തിലെ അത്തത്തുന്നാൾ ഉപാകൎമ്മം ചെയ്യണം.

സാമവേദവിദോ മാസി ശ്രാവണേ ശ്രാവണോഡുനി
പൌൎണ്ണമാസിയുതേ തസ്യാം സൈകാംഹ്ല്യ്രം ഭാദ്രമാസി ച
കുൎയ്യുസ്തയോരലാഭേ സാ ഹസ്തൎക്ഷേ മാസയോർദ്വയോഃ'

അത്തംകൊണ്ട് ഉപാകൎമ്മം ചെയ്യുമ്പോൾ അത്തം രണ്ടു ദിവസവുമുണ്ടെങ്കിൽ പൌൎണ്ണമാസിക്കു പറഞ്ഞപോലെ ഗ്രഹിക്കണം.

'പ്രോഷ്ഠപദമാസേ ഹസ്തനക്ഷത്രദ്വയസത്ഭാവേ ആദ്യഭവം ഗ്രാഹ്യം' എന്നു വരദീപികയും പറയുന്നു.

അപരേ—ആശ്വലായനന്മാർ ശ്രാവണമാസത്തിൽ അത്തവും പഞ്ചമിയും കൂടി ഒന്നിച്ചുവരുന്ന ദിവസം ഉപാകൎമ്മം ചെയ്യണം. ഇവിടെയും . തിഥിനക്ഷത്രയോഗമുണ്ടായിരിക്കണം. ദിവസവ്യാപ്തിവ്യവസ്ഥ മുൻപറഞ്ഞതുപോലെതന്നെ. തദഭാവത്തിങ്കൽ ഔഷധികളുടെ പരിപാകത്തിൽ—ചിങ്ങമാസത്തിൽ മുരജിത്തിൽ—വിഷ്ണുദേവതയായ (തിരുവോണം നക്ഷത്രത്തുന്നാൾ ചെയ്യുകയും വേണം. അവിടെ തിരുവോണം രണ്ടു ദിവസമുണ്ടെങ്കിൽ മുൻപറഞ്ഞപോലെ സ്വീകരിക്കണം. ചിങ്ങമാസത്തിൽ രണ്ടു തിരുവോണംവന്നാൽ രണ്ടാമത്തേതാണ് ഗ്രഹിക്കേണ്ടതു്. അത് സംക്രമവിരുദ്ധമാണെങ്കിൽ ആദ്യത്തേതിനെ സ്വീകരിക്കുകയു വേണം. ഇതു ദിനനിയതവും മാസനിയതവുമാകയാൽ ഷൾദോഷങ്ങളെ 'ദിനമാസകാൎയ്യതോന്യത്' എന്ന പരിഭാഷപ്രകാരം നോക്കേണ്ടതില്ല എന്നു വരുന്നു. എന്നാൽ ഇവിടെ 'മാസഃ അമലഃ സ്യാൽ' ഈ പറഞ്ഞ ആഷാഢാദിമാസങ്ങൾ മലമാസങ്ങൾ—അധിമാസത്രയങ്ങളോ മദ്ധ്യാധിമാസമോ ആയിരിക്കുകയുമരുതു് എന്നു പ്രത്യേകം പറയുകയാൽ അതാതു കാലം അധിമാസങ്ങളായിവന്നാൽ അതു കഴിഞ്ഞാൽ ചെയ്യുക. അധിമാസം ചാന്ദ്രമാസത്തിനെ ഉള്ളു എങ്കിലും ഇവിടെ പറഞ്ഞ ചിങ്ങമാസം അധിമാസമാണെങ്കിൽ കന്നിമാസത്തിലെ തിരുവോണത്തുന്നാൾ ചെയ്തുകൊള്ളുകയും വേണം. ചിങ്ങവും കന്നിയും അധിമാസങ്ങളായി ഒന്നു ദുഷ്ടാധിമാസവും മറേറതു് മദ്ധ്യാധിമാസവുമായി വന്നാൽ തുലാമാസത്തിൽ തിരുവോണത്തുന്നാൾ ചെയ്യുന്നതായും കാണുന്നു. കന്നിതുലാമാസങ്ങളിൽ ചെയ്യുമ്പോൾ അവിടെ തിരുവോണം രണ്ടുവന്നാൽ രണ്ടു തിരുവോണത്തുന്നാളുംചെയ്യുകയുംചെയ്യാം. അവരവൎക്കു പറഞ്ഞദിവസം മാറിപ്പോയാലും അധിമാസങ്ങളിൽ ചെയ്താലും ആവൎത്തിക്കണം. മുൻപറഞ്ഞപ്രകാരം ചെയ്യാതിരുന്നാൽ പിന്നെ അവനവന്റെ പക്കത്തുന്നാളോ നാളുന്നാളോ എങ്കിലും ഉപാകൎമ്മം ചെയ്യാതിരിക്കരുതു് എന്നു മുഹൂൎത്തഭാഷയിൽ പറയുന്നു

### വേദാരംഭം

**വേദാരംഭോഥ മാഘാൎദ്ധാൽ പൂൎവ്വമേവാ ക്ഷരോദിതേ**
**കാലേ ജ്യേഷ്ഠാ ശുഭാ പക്ഷത്ര്യന്ത്യപാദോപി മദ്ധ്യമഃ** 20

അനന്തരം വേദാരംഭമുഹൂൎത്തത്തെ വിവരിക്കുന്നു:—അനന്തരം മാഘാൎദ്ധത്തിന്നു മുമ്പിൽ അക്ഷരോദിതമായ കാലത്തിൽ വേദാരംഭം ചെയ്യണം. ഇതിന്നു ജ്യേഷ്ഠ ശുഭയാകുന്നു. പക്ഷത്ര്യന്ത്യപാദം മദ്ധ്യമവുമാകുന്നു.

വേദാരംഭമെന്നാൽ വേദം പഠിച്ചുതുടങ്ങുക. അഥ—ഉപാകൎമ്മാനന്തരം. ഉപാകൎമ്മംചെയ്താൽ പിന്നെ ചെയ്യേണ്ടതു വേദാരംഭമാകുന്നു. അതു മാഘമാസത്തിന്റെ പൂൎവ്വാൎദ്ധം അവസാനിക്കുന്നതിന്നുമുമ്പെ തുടങ്ങുകയും

വേണം. ഈ പറഞ്ഞതു പരമാവധിയാണ്. ഇത് ഉപാകൎമ്മം കഴിഞ്ഞാൽ മൂന്നുദിവസം കഴിഞ്ഞാൽ തുടങ്ങുകയും ചെയ്യാം. എന്നാൽ അവനവൻെറ ചരണപ്രകാരമുള്ള ഉത്സൎഗ്ഗകാലത്തിന്നു മുമ്പെ തുടങ്ങുന്നതുതന്നെയാണ് ഉത്തമം. ഇവിടെ,

'തൃതൈതെ-വോപാകൃതിം ര.സ്മാദതീതെ ദിവസത്രയേ
ഉത്സൎഗ്ഗകാലാൽ പ്രാഗേവ വേദാരംഭോ വിധീയതേ'

എന്നും പറഞ്ഞുകാണുന്നു. ഉൽസൎഗ്ഗകാലം,

'കൌഷീതകാനാ മുത്സൎഗ്ഗോ മാഘേ സ്യാച്ശുക്ലപക്ഷതൌ
പൌഷേ മാ ന്യഥവാമാഘേ പൂൎണ്ണായാം തൈ്യ ജുൎവ്വിദാം
കൃഷ്ണാഷ്ടമ്യാം മാഘമാ.സേ തൽ കുൎവ്വന്ത്യാശ-ലായനാഃ
പൌൎണ്ണമാ.സ്യാം തഥാ പൌഷേഹ്യൂത്സൎഗ്ഗഃ സാമവേദിനാം'

എന്നിങ്ങിനെ വിവരിച്ചിട്ടുമുണ്ട്. അതാതു ദിവസത്തിന്നുമുമ്പെ വേദാരംഭം ഉത്തമം. ഇവിടെ മാഘാൎദ്ധമെന്നത് മദ്ധ്യമം. മാഘാൎദ്ധത്തിന്നു ശേഷം വൎജ്ജ്യം എന്നും ഗ്രഹിക്കണം. മാഘാൎദ്ധാൽ പൂൎവ്വം ഏവ എന്നതിലെ ഏവകാരത്തിന്നു് ആപത്തിലും മാഘാൎദ്ധാനന്തരകാലത്തിൽ വേദാരംഭം ചെയ്യുപോകരുത് എന്ന് അൎത്ഥമാകുന്നു. വേദാരംഭത്തിന്നു ശുക്ലപക്ഷമാണ് മുഖ്യം.

'ഛന്ദാംസ്യൂൎദ്ധ-മതോഭ്യസ്യേച്ശുക്ലപക്ഷേഷുവൈ ദ-ിജഃ
വേദാംഗാനി പുരാണാനി കൃഷ്ണപക്ഷേഷു മാനവഃ'

എന്നാണ് കൂൎമ്മപുരാണത്തിൽ പറയുന്നത്. എന്നാൽ ഇതു കറുത്തപക്ഷത്തിലും തുടങ്ങുന്ന പതിവു കാണുന്നതുമുണ്ട്. ഇതിന്നുള്ള മുഹൂൎത്തം വിദ്യാരംഭത്തിന്നു പറഞ്ഞപോലെതന്നെയാണ്. എന്നാൽ ഇതിന്ന് ജ്യേഷ്ഠ (തൃക്കേട്ട)യും നല്ലതാണ്. ഇത് വിദ്യാരംഭത്തിന്നു വൎജ്ജ്യമാണെങ്കിലും വേദാരംഭത്തിന്നു കൊള്ളാം. അപ്പോൾ വിദ്യാരംഭത്തിന്നു പറഞ്ഞ 17 നാളുകളും തൃക്കേട്ടയുംകൂടി 18 നാളുകൾ നന്ന് എന്നു സാരം. പക്ഷത്യന്ത്യപാദം – പ്രതിപദത്തിൻെറ നാലാംകാൽ അതായത് വേദസമാപ്തി ദിനത്തിൻെറ അഞ്ചാംദിവസം ഉദയാൽപരം അനദ്ധ്യായത്തിന്നു തക്കവണ്ണം പ്രതിപദമില്ല എങ്കിൽ ആ പ്രതിപദനാഴികകൾ മദ്ധ്യമമായി സ്വീകരിക്കുകയും ചെയ്യാം. ഇതും വിദ്യാരംഭത്തിൽനിന്നു വിശേഷംതന്നെയാണ്.

'പ്രതിപത്തുൎയ്യപാദോപി വേദേ മദ്ധ്യഃ പ്രകീൎത്തിതഃ'

എന്ന ആചാരസംഗ്രഹത്തിലും പറയുന്നു. ഇതിന്ന് ആദിത്യോദയവും വിരോധമില്ല.

'ജ്യേഷ്ഠായാം തപനോദയേപി സുജനൈ ൎവ്വേദസ്സമാരഭ്യതേ
പാഠേന്ത്യേ പരമാപദി പ്രതിപദസ്ത്വാസ്തുൎയ്യീ പാദയോഃ'

എന്നു പ്രാചീന മുഹൂൎത്തപദവിയിലും പറയുന്നു. ബുധമൌഢ്യം വ(

ദ്യാരംഭത്തിന്നും വർജ്യമെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. അതു വേദാരംഭത്തിന്നും വർജ്യംതന്നെ. വേദാരംഭത്തിന്നു ഗുരുശുക്രമൌഢ്യങ്ങളും വർജ്യങ്ങൾതന്നെയാണ്. 'വേദാധിപാ ഗുരുസിതാരബുധാഃ ക്രമേണ' എന്ന മാധവാചാര്യവചനപ്രകാരം അതാതു വേദത്തിൻെറ അധിപന്മാരായിവരുന്ന ഗുരുശുക്രന്മാരുടെ മൌഢ്യം തീരെ വർജ്യമാകുന്നു. അപ്പോൾ യജുർവ്വേദത്തിന്നു ഗുരുമൌഢ്യം ആപത്തിൽ പ്രായശ്ചിത്തം ചെയ്തുകൊള്ളാം. ശുക്രൻെറ പാടുകൊള്ളരുത്, ഋക്കിന്നു വ്യാഴത്തിൻെറ പാടുകൊള്ളരുത്. ശുക്രൻെറ പാടു പ്രായശ്ചിത്തം ചെയ്യേട്ടുക്കാം. സാമത്തിന്നു് ഗുരുശുക്രന്മാരുടെ മൌഢ്യം ആപത്തിൽ പ്രായശ്ചിത്തം ചെയ്യേട്ടുക്കാം. ബുധമൌഢ്യം ഒന്നിന്നും കൊള്ളരുത് എന്നും പറയുന്നു. എന്നാൽ ഈ പക്ഷം സാധാരണ നടപ്പില്ല. അത്യാപത്തിൽ ചിലർ ആചരിക്കുന്നുമുണ്ടു് എന്നാണ് വരദീപികയുടെ അഭിപ്രായം. വേദാരംഭത്തിന്നു വിദ്യാരംഭമുഹൂർത്തത്തെ വിവരിച്ചേടത്തു പറഞ്ഞ അനദ്ധ്യായങ്ങളും വേറെ ചില അനദ്ധ്യായങ്ങളും കൂടെ വർജ്ജിക്കേണ്ടതായിട്ടുണ്ടു്. അതുകളുടെ വിവരം മുഹൂർത്തഭാഷയിൽ വിവരിച്ചിരിക്കയാൽ ആ ഭാഗം താഴെ ചേർക്കുന്നു. "ഇനി വേദശാസ്ത്രങ്ങളുടെ അനദ്ധ്യായവിശേഷത്തെ പറയുന്നു: സ്ഥാലീപാകദിവസത്തിൻെറ പതിനാറാം ദിവസം ആറുനാഴിക പ്രതിപദം ഉണ്ടെങ്കിലും പ്രോഷ്ഠപദമാസത്തിൽ ത്രയോദശിയും മാഘമാസത്തിൽ കറുത്ത സപ്തമിയും നവമിയും ആഷാഢമാസത്തിലും കാർത്തികമാസത്തിലും ഫാൽഗുനമാസത്തിലും വെളുത്തവാവ് ആറുനാഴികയുള്ള ദിവസം തുടങ്ങി മൂന്നു ദിവസം പടിപൂരം അതും ഉപാകർമ്മദിവസം തുടങ്ങി മൂന്നു ദിവസവും രാവിലത്തെ സന്ധ്യയ്ക്കു് ഇടിമുഴങ്ങിയാൽ ആ പകലും രാത്രി സന്ധ്യയ്ക്കു മുഴങ്ങിയാൽ രാത്രിയും വേദശാസ്ത്രങ്ങൾക്ക് അനദ്ധ്യായമാകുന്നു. അപരരാത്രം അനദ്ധ്യായമല്ല എന്നൊരുപക്ഷം. ഇനി ഇപ്പോഴത്തെ ആചാരത്തെ പറയാം: ഉല്ക, ഭൂകമ്പം, ഗ്രഹണം ഇവ ഉണ്ടായാൽ മൂന്നു ദിവസം; ഉപാകർമ്മം കഴിഞ്ഞാൽ മൂന്നുദിവസം; അവിടെ ഗുരുവിന്നു ഒരുദിവസം; സാമവർത്തനം കഴിഞ്ഞാൽ ശിഷ്യന്നു മൂന്നുദിവസം; അഷ്ടകാദിവസം, പടിപൂരം, മുഴക്കം, അഷ്ടമി, പതിന്നാൽ, വാവ്, ചാതുർമ്മ്യാസദിവസം മുതൽ മൂന്നുദിവസം, മുമ്പെ പറഞ്ഞ 16–ാം ദിവസം, അഷ്ടമീപ്രതിപദങ്ങളുടെ പുറപ്പാടുകൊണ്ടുള്ള അനദ്ധ്യായം, ശ്രാദ്ധം ഊട്ടിയ ദിവസം, ഉണ്ട ദിവസം, ഇവ എല്ലാം വേദശാസ്ത്രങ്ങൾ പഠിപ്പാനും പഠിപ്പിപ്പാനും അനദ്ധ്യായമാകുന്നു. ഈ അനദ്ധ്യായദിവസങ്ങളിൽ പഠിച്ചതു ചൊല്ലാം പിന്നെമുതൽ മുറ മുടിച്ചദിവസം, വ്രതംകൊണ്ടദിവസം, മുടിച്ചദിവസം മേൽചൊല്ലിയ ദിവസങ്ങളിൽ അഷ്ടമി രണ്ടുദിവസമുണ്ടായാൽ തലേന്നാൾ, പ്രതിപദം, ത്രയോദശി, സപ്തമി നാലാംകാൽ, വാവിൻെറ നാലാംകാൽ, ദ്വാദശി നാലാംകാൽ, പ്രദോഷത്തുന്നാൾ നിർത്തികഴിഞ്ഞാൽ പിന്നെ, അഷ്ടമി പതിന്നാൽ വാവ് ഇവയുള്ള രാത്രികൾ, ഗുരു മരിച്ചാൽ പത്തു ദിവസം, ഉപ്പില്ലാ പുലയുള്ള കാലം,

ബ്രഹ്മചാരികൾ പിണ്ഡം കഴിവോളം, വെള്ളിയാഴ്ച, ശൂന്യം, ശനിപ്രദോഷം പ്രാജാപത്യാദിവ്രതം ദീക്ഷിച്ചിരിക്കും കാലം, ഉത്സവമുള്ള കാലം, യജ്ഞമുള്ള കാലം, ഏകാദശിനാൾ രാത്രി, ദ്വാദശിനാൾ അപരാഹ്നം തുടങ്ങിയതിനുശേഷം ഇവ എല്ലാം പഠിച്ചതു ചൊല്ലുവാൻ കൂടിയ അനദ്ധ്യായം. അനദ്ധ്യായം വേദത്തിന്നു അനദ്ധ്യായം എന്നൊരു പക്ഷമുണ്ട്. പക്ഷഭേദം ഉള്ള ദിക്കിലെല്ലാം അവനവൻ അംഗീകരിച്ചിരിക്കുന്നപക്ഷം ആചരിക്കേണ്ടതാണ്" എന്നാൽ ഉപാകരണത്തിന്നുമുമ്പോ ഉപാകരണം കഴിഞ്ഞാൽ പിന്നെ മൂന്നു ദിവസത്തിന്നുള്ളിലോ മാഘമാസാർദ്ധത്തിന്നു ശേഷമോ വേദാനദ്ധ്യായസമയത്തോ വേദാരംഭംചെയ്തുപോയാൽ ആവർത്തിക്കണം. വിദ്യാരംഭത്തിന്നു വർജ്ജിക്കുവാൻ പറഞ്ഞവയും നിത്യദോഷങ്ങളും മദ്ധ്യാധിമാസത്തോടുകൂടിയ ഷൾദോഷങ്ങളും കർത്തൃദോഷങ്ങളുംകൂടെ വർജ്ജിക്കുകയും വേണം. ഇതുകളൊഴിച്ചുള്ള മുഹൂർത്തത്തിൽ വേദാരംഭം ചെയ്യുന്നതു ശുഭമാണെന്നു ഗ്രഹിക്കുകയും വേണം.

വ്രതാദികൾ.

സ്വാദ്ധ്യായേ വ്രതകർമ്മ ചൌളവിഹിതേ
കാലേ സഗോദാനകം
ഗ്രാഹ്യാഭാനുദിനേന്ദുഭാസ്വദുദയാ
നൈവോപനിത്യാ ഉഡു
ഗോദാനം ഖലു ഷോഡശാബ്ദ വിഹിതം
ശേഷേ ന കാലസ്മൃതിഃ
സ്നാനേപ്യേഷ വിധിന്ന സപ്തദശകഃ
കൌഷീതകൈർവ്വത്സരഃ. 21

ഷഷ്ട്യാഃ പ്രാഗസിതാചരൈരസ്തിഥിരന-
ദ്ധ്യായേഽപിനത്യജ്യതേ
സ്നാനേ സാമവിദാംവിധിർദ്വിദിനകൃ-
ന്മിത്രാച്യുതായ്യംശ്ശുഭാഃ
ശസ്തമ്മിത്രഭമാശ്വലായനമതേ
സിംഹോസ്തു യാജുർവ്വിദേ
കാലേ ജായ്യഭഗത്രിശൂൽപ്പവഹേ-
മ്മദ്ധ്യത്രിഭാഗ പരം. 22

സഗോദാനകമായ വ്രതകർമ്മം ചൌളവിഹിതമായ കാലത്തിൽ സ്വാദ്ധ്യായത്തിൽ കർത്തവ്യമാകുന്നു. ഇതിന്നു ഭാനുദിനേന്ദുഭാസ്വദുദയങ്ങൾ ഗ്രാഹ്യങ്ങളും ഉപനീതിനക്ഷത്രം വർജ്യവുമാകുന്നു. വ്രതവും ഗോദാനവും ചൌളത്തിന്നു പറഞ്ഞ മുഹൂർത്തസമയത്താണ് ചെയ്യേണ്ടത്. എന്നാൽ

ഈ സ്വാദ്ധ്യായസമയത്തിൽ—വിദ്യാരംഭത്തിന്നും വേദാരംഭത്തിന്നും വർജ്ജിക്കുവാൻ പറഞ്ഞ അനദ്ധ്യായങ്ങരം ഒഴിച്ചു ബാക്കി സമയത്തിൽ തന്നെ ചെയ്യുകയും വേണം. ചൌളത്തിന്നു് അനദ്ധ്യായം വർജ്യമല്ല. ഇതു കാംക്ക വർജ്യമെന്നു സാരം. മററു തിഥിവാരാദികളെല്ലാം ചൌളംപോലെതന്നെ എന്നു ഗ്രഹിക്കുകയുംവേണം. എന്നാൽ ഇവിടെ ഞായറാഴ്ച്ചയും ഇന്ദൂദയവും—ചന്ദ്രൻനില്ക്കുന്ന രാശിയും ആദിത്യോദയവും കൂടെ ഗ്രാഹ്യങ്ങളാണു്. ഉപനയനം ചെയ്യുനാരം വർജ്ജിക്കുകയും വേണം. "നൈവോപനിത്യാ ഇദ്ധു' എന്നു പറയുകയാൽ വ്രതഗോദാനങ്ങരംക്ക്‌ പ്രധാനം ക്ഷൌരംതന്നെയാണു്. ഇതാണു് മുമ്പു് 'ഉപനയനഭമപി ക്ഷൌരകർമ്മണ്യനാദ്യേ' എന്നു പറഞ്ഞതിൻെറ ആശയമെന്നും ഗ്രഹിക്കണം. ഈ പറഞ്ഞവിധി യജുർവ്വേദിഒഴിച്ചു ബാക്കിയുള്ള (കൌഷീതകാശ്വലായനസാമവേദികാംക്കുള്ള) വക്കുള്ള വിധിയാകുന്നു. യജുർവ്വേദികളുടെ ആചാരം ഇതേവിധമല്ല. അതിനെപററി മൂലകാരൻ ഒന്നും പറഞ്ഞിട്ടുമില്ല. എന്നാൽ ആ ആചാരത്തിൻെറ പ്രമാണവും സ്വഭാവവും ഗ്രന്ഥാന്തരത്തിൽനിന്നെടുത്തു വിവരിക്കുകയും ചെയ്യാം.

'യജുർവ്വിതാം വ്രതേ ശസ്താ ദേവാഖ്യാ ഏവ താരകാഃ
കൃത്തികാദി വിശാഖാന്താ ദേവ സംജ്ഞാശ്ചതുർദ്ദശ'

യജുർവ്വേദികാംക്ക വ്രതംകൊള്ളുവാൻ ദേവനക്ഷത്രങ്ങളാണു് സ്വീകാര്യങ്ങരം. ദേവനക്ഷത്രങ്ങളെന്നാൽ കാത്തികമുതൽ വിശാഖംകൂടിയുള്ള 14 നാളുകളാകുന്നു. അപ്പോരം യജുർവ്വേദികാംക്ക വ്രതംകൊള്ളുവാനും ഗോദാനത്തിന്നും ഈപറഞ്ഞ 14നക്ഷത്രങ്ങരംസ്വീകാര്യങ്ങളെന്നും മററു് അനിഴം മുതൽ ഭരണികൂടിയുള്ള 13നക്ഷത്രങ്ങരം വർജ്യങ്ങളെന്നും ഗ്രഹിക്കണം

'കൃഷ്ണപക്ഷമനദ്ധ്യായം മലമാസത്രയം തഥാ
അയനം ദക്ഷിണഞ്ചൈവ വർജ്ജയേവ്രതകർമ്മണി'

എന്നും പറഞ്ഞുകാണുന്നു. അപ്പോരം ഷാംദോഷങ്ങളിലെ മൌഢ്യാദികാം വർജ്ജിക്കുകയും വേണ്ട. രാശിവാരഗ്രഹസ്ഥിതി നിത്യദോഷാദികളും വർജ്യങ്ങളല്ല. എന്നാൽ ഉല്ക്കോർവ്വീചലനോപരാഗങ്ങളിൽ മുമ്മൂന്നു ദിവസം വർജ്ജിക്കുകയും വേണം. ചിങ്ങം കുംഭം വൃശ്ചികം എന്ന രാശികളും ചൊവ്വാഴ്ച്ചയും ശനിയാഴ്ച്ചയും വിഷ്ടിയും ഗണ്ഡാന്തവും നിന്ദ്യങ്ങളാണു്. കർത്തൃദോഷങ്ങരം കഴിയുന്നതും വർജ്ജിച്ചാൽ നന്നു്. എന്നാൽ ഉത്തരായണത്തിൽ അധിമാസങ്ങളില്ലാത്ത കാലത്തു് വെളുത്ത പക്ഷത്തിലെ സ്വാദ്ധ്യായദിവസങ്ങളിൽ മുൻപറഞ്ഞ കൃത്തികാദി 14 നക്ഷത്രങ്ങളിൽ ഏതെങ്കിലും ഒരു നക്ഷത്രം വരുന്ന ദിവസം യജുർവ്വേദികാം വ്രതഗോദാനങ്ങളെ ചെയ്യണം. നിന്ദ്യങ്ങളായവയെ കഴിയുന്നതും വർജ്ജിക്കുകയും വേണം. ഇങ്ങിനെയാണു് ഇപ്പോഴത്തെ ആചാരമെന്നാണു് വരദീപക പറയുന്നതു്. നടപ്പും ഇതേവിധംതന്നെ. എന്നാൽ, അവക്കു് വ്രതങ്ങളിൽ ആദ്യത്തേതായ ഹോതാരം വ്രതം ആദ്യത്തെ ഉപകർമ്മദിവസംതന്നെ ചെയ്യണം. രണ്ടാമ

ത്തോതായ മൗപനിഷദംവ്രതം ഉപാകമ്മത്തോടുകൂടയോ മുൻപറഞ്ഞ വ്രത മുഹൂത്തദിവസമോ ചെയ്യാം. ഔപനിഷദം മുഹൂത്തംകൊണ്ടു ചെയ്യുന്നതാണ് അധികം നല്ലത്. ഉപാകമ്മത്തുന്നാറം ചെയ്യുമ്പോറം വ്രതമുഹൂത്തം നോക്കേണ്ടതില്ല. അവിടെ പൌണ്ണമാസീ സമയത്തുതന്നെ ചെയ്യണം. ചതുർദ്ദശീ പ്രതിപൽ കാലങ്ങളിലായിപോകരുത്. അവിടെ ദക്ഷിണായനാനദ്ധ്യായങ്ങളൊന്നും ചിന്തിക്കുകയും വേണ്ട. ശുക്രിയംവ്രതം ഉപാകമ്മത്തുന്നാറം ചെയ്യരുത്. ഗോദാനം ചിലർ ഉപാകമ്മത്തോടുകൂടി ചെയ്യുന്നു. ഇതു സവ്വസമ്മതമല്ല. ഈ വിഷയത്തിൽ,

'നൈവകായ്യമുപാകമ്മദിവസേ ശുക്രിയവ്രതം
ഗോദാനം ക്രിയതേകൈശ്ചിദുപാകൃത്യാസഹാപരി'.

എന്നും പറയുന്നു. 'ശുക്രിയം ഉപാകമ്മത്തുന്നാറം ചെയ്തുപോയാൽ ആവത്തിക്കണം. ശുക്രിയത്തിൻെറ പിറെറദിവസവും സ്വാദ്ധ്യായമായിരിക്കണം. ആ വ്രതം കൊണ്ടിരിക്കുന്നതിന്നിടക്കു വാവും അഷ്ടമിയും വരാതിരിക്കണം. വന്നുപോയാൽ ബൌധായനീയസ്നാനം ചെയ്ത് ഉപവസിക്കണം' എന്നു മുഹൂത്തഭാഷയിൽ പറയുന്നു.

'വ്രതങ്ങറം പകലേയാവൃ സായാഹ്നത്തെ വിവജ്ജയേൽ'.

എന്നു കാലദീപകത്തിലും പറയുന്നു. എന്നാൽ യജുവ്വേദി ഒഴിച്ചു ബാക്കിയുള്ളവക്കു വ്രതഗോദാനങ്ങറംക്ക് വർജ്ജനാവത്തനപ്രായശ്ചിത്തവിഷയങ്ങളെല്ലാം ചൌളത്തിന്നു പറഞ്ഞതുപോലെതന്നെ. അനദ്ധ്യായത്തുന്നാളോ ഉപനീതി നക്ഷത്രത്തുന്നാളൊ ചെയ്തുപോയാലും ആവത്തിക്കണം. യജുവ്വേദികറം ഉപാകമ്മത്തോടുകൂടിയല്ലാ വ്രതം കൊള്ളുന്നതെങ്കിൽ ദക്ഷിണായനം, അനദ്ധ്യായം, അധിമാസം, കറുത്തപക്ഷം എന്നിതുകളിൽ തുടങ്ങിയാൽ ആവത്തിക്കണം.

ഇനിവ്രതം അഴിയുവാനുള്ള വിധിയേയും വിവരിക്കാം. യജുവ്വേദികറംക്കും മററുള്ളവക്കും ഈ വിഷയത്തിലും ഭേദമുണ്ട്. അതിനാൽ യജുവ്വേദികളുടെ വിധിയെ ആദ്യമായി പറയുന്നു:—

'സ്വാദ്ധ്യായേ വിമലേ മാസി വ്രതമോക്ഷോ യജുവ്വിദാം
നക്ഷത്രായനപക്ഷാസ്തു ന ചിന്ത്യാ വ്രതമോചനേ
നൈവ ശുക്രിയഗോദാനേ മുച്യതേ ദക്ഷിണായനേ'

യജുവ്വേദികറം അധിമാസങ്ങളല്ലാത്ത മാസങ്ങളിൽ സ്വാദ്ധ്യായത്തിലാണ് വ്രതമഴിയേണ്ടത്. അതിന്നു നാളോ അയനമോ പക്ഷമോ ഒന്നും നോക്കേണ്ടതുമില്ല. എന്നാൽ ശുക്രിയവും ഗോദാനവും ദക്ഷിണായനത്തിൽ അഴിയുകയുമരുത്. അങ്ങിനെ ചെയ്തുപോയാൽ ആവത്തിക്കണം. വ്രതം കൊണ്ടാൽ അഴിയുവാനുള്ള കാലം സാവനംകൊണ്ടാണ് എല്ലാവക്കും കണക്കാക്കേണ്ടത്. എന്നാൽ യജുവ്വേദികറംക്ക് ഉപാകമ്മത്തുന്നാറം (പൌർണമാസിനാറം) തുടങ്ങുന്ന വ്രതങ്ങളിൽ ഗോദാനം ഒഴിച്ചു ബാക്കി

യുള്ള വ്രതങ്ങൾക്ക ചാന്ദ്രമാസം കൊണ്ടാണ് മാസം കണക്കാക്കേണ്ടത്. ആ വ്രതത്തിന്നിടക്ക് അധിമാസം വന്നാൽ അധിമാസം കൂടാതെ കാലം പൂൎണ്ണമാവുകയും വേണം. അപ്പോൾ ആഷാഢപൌൎണ്ണമാസിനാൾ തുടങ്ങിയ ആണ്ടുവ്രതം പിന്നെത്തെ ആഷാഢപൌൎണ്ണമാസിനാൾ അഴിയണം. ശ്രാവണപൌൎണ്ണമാസി തുടങ്ങിയതു് ശ്രാവണപൌൎണ്ണമാസിനാൾ തന്നെ അഴിയണം. ഉപാകൎമ്മത്തോടുകൂടെയല്ലാതെ മുൻപറഞ്ഞ മുഹൂൎത്തത്തിൽ തുടങ്ങിയ വ്രതത്തിന്നു് യജ്ഞവേദികൾക്കും കാലം സാവനംതന്നെയാണ്. അവിടെ അധിമാസം നോക്കേണ്ടതുമില്ല. ഇവൎക്ക ശുക്രിയത്തിന്നു മൂന്നു ദിവസമെന്നും 12 ദിവസമെന്നും 30 ദിവസമെന്നും കാലം പറഞ്ഞു കാണുന്നു. എന്നാൽ മൂന്നുദിവസം മാത്രമേ ഇപ്പോൾ ആചരിച്ചുകാണുന്നുള്ളു. അപ്പോൾ ഉപാകൎമ്മത്തുന്നാൾ തുടങ്ങിയ വ്രതം പിന്നെത്തെ ഉപാകൎമ്മത്തുന്നാളല്ലാതെയോ മുൻപറഞ്ഞ നക്ഷത്രങ്ങളിൽ തുടങ്ങിയത് അതാതിന്റെ കാലപൂൎത്തി വരുന്നതിന്റെ മുമ്പെയൊ അനദ്ധ്യായത്തിലോ അഴിഞ്ഞാൽ ആവൎത്തിക്കണം. നിൎഘാതാനദ്ധ്യായവും വൎജ്യംതന്നെ. ശുക്രിയം അഴിയുവാൻ ഇതൊന്നും നോക്കേണ്ടതില്ല. മററുള്ളവൎക്ക്,

വ്രതമോക്ഷസ്തു കൎത്തവ്യഃ ശുഭേഹന്യുത്തരായണേ
സ്വാദ്ധ്യായേ പൂൎവ്വപക്ഷേച മലമാസം വിവൎജ്ജയേൽ'

ശുഭമായ—രിക്താഷ്ടമികളില്ലാത്ത ദിവസം വെളുത്ത പക്ഷത്തിലെ സ്വാദ്ധ്യായദിവസമാണ് വ്രതമഴിയേണ്ടത്. അതും അധിമാസത്തിലായിരിക്കുകയുമരുത്. കൌഷീതകന്മാൎക്ക നവമി അത്യന്തം വൎജ്യവുമാണ്. മററുള്ളവൎക്ക നവമി മദ്ധ്യമമെന്നു സാരം. വ്രതബന്ധനത്തിന്നും ഇതുതന്നെയാണ് വിധി. അതിന്റെ പിറെറ ദിവസവും സ്വാദ്ധ്യായമായിരിക്കണം. അവൎക്ക ദക്ഷിണായനത്തിലോ അതിമാസത്തിലോ കറുത്തപക്ഷത്തിലോ അനദ്ധ്യായ ദിവസങ്ങളിലോ കൌഷീതകനു നവമിനാളോ അതാതിന്നു പറഞ്ഞ കാലത്തിന്നു മുമ്പോ വ്രതമഴിഞ്ഞാൽ ആവൎത്തിക്കണം ആണ്ടു വ്രതത്തിന്നുള്ള ദിവസം നീതാംഗിയാകുന്നു.

ഗോദാനം—ഗോദാനം ഷോഡശാബ്ദവിഹിതം തന്നെയാകുന്നു. ശേഷത്തിങ്കൽ കാലസ്മൃതിയില്ല—എല്ലാവൎക്കും 16-ാം വയസ്സിൽതന്നെയാണ് ഗോദാനം ചെയ്യാനുള്ള വിധി.

'ഗോദാനം ഷോഡശേ വൎഷേ ബ്രഹ്മചാരീ സമാചരേൽ'

എന്നു ഗ്രന്ഥാന്തരത്തിലും പറയുന്നു. പതിനാറാം വയസ്സെന്നു നിയതമാക്കി പറയുകയാൽ 17-ാം കൊല്ലം വിധിപരത്വേന വൎജ്ജിക്കുകയും വേണം. ഗോദാനത്തിന്നു സാവനംകൊണ്ടും സൌരംകൊണ്ടും കാലനിൎണ്ണയം ചെയ്യാം. സാവനമാണ് മുഖ്യം. അപ്പോൾ ജനനംമുതൽ സാവനംകൊണ്ടു 16-ാം കൊല്ലം തുടങ്ങിയാൽ സൌരംകൊണ്ടു 17-ാം കൊല്ലം തുടങ്ങുന്നതുവരെ ഗോദാനകാലം. ജനനംമുതൽ സൌരംകൊണ്ടു പതിനാറാം കൊല്ലം കഴിഞ്ഞാൽ സാവനംകൊണ്ടു 18-ാം കൊല്ലം

തുടങ്ങുന്നതുവരെ വിധിപരകാലം. അപ്പോഠം ജനനം മുതൽ അഗ്നിവർണ്ണ (5400) ദിവസം കഴിഞ്ഞാൽ വിഭവ (444) ദിവസം ഗോദാനകാലമെന്നും പിന്നെ തഥാദ്രി (276) ദിവസം വിധിപരകാലമെന്നും ഗ്രഹിക്കണം. ഇവിടെ ആശ്വലായനന്മാൎക്ക് സാവനംകൊണ്ടു ജനനംമുതൽ 16-ാം കൊല്ലം തുടങ്ങുന്നതിന്നുമുമ്പെ ഗോദാനം ചെയ്യരുത. പതിനാറാംകൊല്ലത്തിൽ മാത്രമേ ചെയ്തുകൂടു എന്നു നിയമവുമുണ്ട്. മററുള്ളവൎക്കു വ്രതങ്ങളെല്ലാം കഴിഞ്ഞാൽ ഗോദാനവും ചെയ്യാം. അവൎക്കും മുൻപറഞ്ഞ വിധിപരകാലം നിഷിദ്ധമാണ്. അഗ്നിവർണ്ണദിവസത്തിന്നുശേഷമുള്ള വിഭവദിനത്തിൽ ചെയ്യുവാൻ സാധിക്കാതെവന്നാൽ പിന്നെ തഥാദ്രി കഴിഞ്ഞും ചെയ്യാം. കൌഷീതകന്മാർ 18-ാംവയസ്സിൽ സാധാരണയായി ചെയ്യുമാറുണ്ട്. ബൌധായനനും സാമവേദിയും കഷ്ടപക്ഷത്തിൽ മാത്രം അങ്ങിനെ ചെയ്യും. ആശ്വലായനന്ന് 16-ാംവയസ്സിൽ മാത്രമേ ചെയ്തുകൂടു. ആശ്വാലായനന്നു 16-ാംവയസ്സിൽ ദീക്ഷയായായിരുന്നുവെങ്കിൽ ദീക്ഷ നിൎത്തി ഗോദാനംചെയ്തു പിന്നെ ദീക്ഷാശേഷം ചെയ്യണം. സംഗതിവശാൽ 16 വയസ്സുവരെ ഉപനിഷദ്വ്രതം കൊള്ളുവാൻ സാധിച്ചിട്ടില്ലെങ്കിൽ 16-ാംവയസ്സിൽ ഗോദാനം ചെയ്തു പിന്നെ ഉപനിഷദ്വ്രതംകൊണ്ടു കൊള്ളണം. ആശ്വലായനന്നു ഗോദാനം ഇത്രയും നിർബ്ബന്ധമാണ്.

'ഷോഡശാബ്ദതഃനിയമാൽ ഗോദാനസ്യാശ്വലായനൈഃ
പൂൎവ്വമപ്യൂപനിഷദാൽ ക്രിയതേ കില നാപരൈഃ'

എന്നു പ്രമാണവും കാണുന്നു. ഇതേവിധം ആചാരവുമുണ്ട്.

'ഗോദാനം ഷോഡശേ വൎഷേ ഗൎഭതോ ജന്മതോപിവാ'

ഗോദാനം വയിറെറാട്ടുകൂടി 16-ാംവയസ്സിലോ ജനനംമുതൽ 16-ാം വയസ്സിലോ ചെയ്യാം എന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നത്. ഇങ്ങിനെയും ചിലർ ആചരിക്കുന്നുണ്ട്. അപ്പോഠം മുൻപറഞ്ഞ 'അഗ്നിവർണ്ണ' ദിവസത്തിൻെറ 'ഗോസുഖ' (273)ദിവസംമുമ്പെ മുതൽഗോദാനം ചെയ്യാമെന്നും വരുന്നു. ആശ്വലായനന്മാൎക്കു ഗോദാനത്തിൻെറ പിറെറദിവസം ഒരു വ്രതമുണ്ട്. അതിന്നു ശേഷവ്രതമെന്നാണ് പേർ. അതിന്നു കാലം, രാശി, നാഠം, അനദ്ധ്യായം മുതലായി യാതൊന്നും ചിന്തിക്കേണ്ടതില്ല. അതാണ് 'ശേഷേ ന കാലസ്മൃതിഃ' എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. ശേഷവ്രതം 17-ാംവയസ്സിൽ ആയിരുന്നാലും വിരോധമില്ല. അപ്പോഠം എല്ലാവൎക്കും ഗോദാനം 17-ാം വയസ്സിലോ ആശ്വലായനന്നു 16-ാം വയസ്സിന്നു മുമ്പോ ചെയ്തുപോയാൽ ആവൎത്തിക്കണം.

സമാവൎത്തനം—ഇനി സമാവൎത്തനമുഹൂർത്തത്തെ പറയുന്നു:—

സ്നാനത്തിന്നുംവിധി ഇതുതന്നെയാകുന്നു. കൌഷീതകന്മാരാൽ സപ്തദശകമായ വത്സരം വർജ്ജ്യമാകുന്നു. മററുള്ളവരാൽ ഷഷ്ഠിയുടെ മുമ്പെയുള്ള അസിതയായ തിഥിയും അനദ്ധ്യായവും ത്യജിക്കപ്പെടുന്നില്ല. സാമവേദി

കൾക്ക സ്നാനത്തിങ്കൽ വിധിദ്വിദിനകൃന്മിത്രാച്യുതാഷ്ടകം ശുഭകളാകുന്നു. ആശ്വലായനമതത്തിങ്കൽ മിത്രഭംശസ്തമാകുന്നു. സിംഹവും ഭവിച്ചോട്ടെ. യാജ്ഞവ്വിത്തിന്ന് അജാഷ്ടഭഗത്രിശ്രുപ്പവത്തായിരിക്കുന്ന അഹമ്മദ്ധ്യത്രിഭാഗമാകുന്ന കാലംമാത്രം ശസ്തമാകുന്നു.

സ്നാനമെന്നാൽ സമാവത്തനം. സമാവത്തനത്തിന്നുള്ള മുഹൂത്തം 'സ്വാദ്ധ്യായേ വ്രത ൦മ്മ'എന്നു മുതലായി വ്രതത്തിനു പറഞ്ഞപോലെ തന്നെ എന്നാൽ വ്രതഗോദാനങ്ങാംക്ക് യജുവ്വേദിക്ക മററുള്ളവരിൽനിന്ന് ഭേദം പുറഞ്ഞ ്വെങ്കിലും ആ ഭേദം സമാവത്തനത്തിനു ബാധകമല്ല. ആശ്വലായനനൊഴിച്ചു ബാക്കിയുള്ളവക്ക് വ്രതഗോദാനങ്ങാം കഴിഞ്ഞാൽ 16-ാംവയസ്സിന്നുമുമ്പും 16-ലും അതിന്നുശേഷവും, ആശ്വലായനന്ന് 16-ാംവയസ്സിൽ ഗോദാനം കഴിഞ്ഞതിനുശേഷവും സമാവത്തനം ചെയ്യാം. ഇതിന്നു കാലം വിധിക്കായ്കയാൽ വിധിപരവുമില്ല. ഇനി ഓരോരുത്തക്കും സമാവത്തനത്തിന്നുള്ള വിശേഷത്തെ വിവരിക്കുന്നു. ന സപ്തദശകഃ ഇത്യാദി—കൌഷീതകന്മാക്ക 17-ാം വയസ്സിൽ സമാവത്തന ചെയ്തുകൂട. അപ്പോാം അവക്ക സൌരംകൊണ്ടു 17-ാം വയസ്സ തുടങ്ങിയാൽ ('ഭാവിദശ'ദിനംമുതൽ) സാവനംകൊണ്ടു പതിനെട്ടു തുടങ്ങുംമുമ്പെയുള്ള കാലം സമാവത്തനത്തിനു വർജ്യമെന്നും അന്നു ചെയ്തുപോയാൽ ആവത്തിക്കണമെന്നും ഗ്രഹിക്കണം. അവക്ക മുടി മുറിപ്പാനും ചാന്ദ്രനും രാശി ഒന്നായിരിക്കണം. കൊഷീതനൊഴിച്ചു ബാക്കിയുള്ളവക്ക സമാവത്തനത്തിനു കറുത്തപക്ഷത്തിൽ ഷഷ്ഠിവരെയുള്ള—പഞ്ചമികൂടിയുള്ള പക്കങ്ങളും അനദ്ധ്യായവുംകൂടി എടുക്കാം. എന്നാൽ പ്രതിപദം സാമവേദികാംക്ക വർജ്യമാണ്. അവക്ക കറുത്തപക്ഷവും അനദ്ധ്യായവും. മദ്ധ്യമമെന്നാണ് മുഹൂത്തഭാഷ പറയുന്നത്. എന്നാൽ ഇതുകാം വർജ്ജിക്കുന്നതായിട്ടാണ് ഇപ്പോഴത്തെ ആചാരമെന്നു വരദീപികയും പറയുന്നു. യജുവ്വേദികളും ആശ്വലായനന്മാരും ഇതുകളെ സ്വീകരിക്കുന്നതുമുണ്ട്. സാമവേദികാംക്ക് രോഹിണി, മകീരം, അത്തം, അനിഴം, തിരുവോണം, പൂയം ഈ ആറ നാളുകാം ശുഭങ്ങളാണ്. മററ് 21 നാളുകാം വർജ്യങ്ങളുമാണ്. മറെറല്ലാം വ്രതത്തിനു പറഞ്ഞപോലെ. ആശ്വലായനന്നു വ്രതത്തിന്നു പറഞ്ഞ നക്ഷത്രങ്ങളും അനിഴവും നല്ലതാണ്.

'ആശ്വലായനവിപ്രാണാം സ്നാനേ മിത്രശ്ച ശോഭനഃ'

എന്നും പറഞ്ഞുകാണുന്നു. അപ്പോാം ഉൺനാളുകളെല്ലാം സ്വീകരിക്കാമെന്നു സാരം. ഇവക്ക ചിങ്ങംരാശിയും സ്വീകരിക്കാം. ഇതു മദ്ധ്യമമാണെന്നു ഒരു പക്ഷമുണ്ട്. ഒമ്പതാമേടത്തു ചൊവ്വയല്ലാത്ത ഗ്രഹങ്ങളും ശനിയാഴ്ചയും കൊള്ളാം.

'മദ്ധ്യമോ നവമേ മന്ദോ നിന്ദ്യൌ രാഹു ദിവാകരൌ
വിപത്യാം ഗൃഹ്യതേ സിംഹസ്സർവ്വമന്യച്ച ചൌളവൽ'

എന്നും പറഞ്ഞുകാണുന്നു.

യജുർവ്വേദിക്ക് അതാതു ദിവസത്തെ പകലിനെ മൂന്നാക്കി ഭാഗിച്ചാൽ അതിലെ മദ്ധ്യഭാഗത്തിൽമാത്രമേ സമാവൎത്തനം ചെയ്യരുതു. ആ സമയം—രോഹിണി, പൂയം, ഉത്രം, അത്തം, ചിത്ര, ശാഖം എന്ന ഈ ആറു നാളുകളിൽ ഒന്നായിരിക്കുകയുംവേണം. 'പരം' എന്നു പറയുകയാൽ അവർ മദ്ധ്യത്രിഭാഗത്തിലല്ലാതെയോ മുൻപറഞ്ഞ 6 നാളുകളിലല്ലാതെയോ സമാവൎത്തനം ചെയ്തുപോയാൽ ആവൎത്തിക്കണം. ചന്ദ്രനും ചാന്ദ്രിന്നും രാശി ഒന്നായിരിക്കണം. ചാന്ദ് പകലിൻെറ മൂന്നാം കൂറിലായിപ്പോയാലും ആവൎത്തിക്കേണ്ട.

അഗ്ന്യാധാനം—ഷോഡശക്രിയയിലെ അവസാനത്തേതായ അഗ്ന്യാധാന മുഹൂർത്തത്തെക്കുറിച്ചു മൂലകാരൻ ഒന്നും പറഞ്ഞിട്ടില്ല. അതിനാൽ അതിൻെറ സ്വഭാവത്തെ ഗ്രന്ഥാന്തരത്തിൽനിന്നും സംഗ്രഹിച്ചു വിവരിക്കാം.

ലബ്ധപുത്രസ്തതഃ കുൎയ്യാദഗ്ന്യാധാനം ദ്വിജോത്തമഃ
അഗ്ന്യാധാനം വസന്തേസ്യാ ന്മലമാസ വിവൎജ്ജിതേ'

അഗ്ന്യാധാനാർഹനായ ബ്രാഹ്മണൻ തനിക്ക് ഉണ്ണിയുണ്ടായാൽ—താൻ തുടന്നിരുന്നും കൎത്താവായും ഷോഡശക്രിയകളിലെ മററ പതിനഞ്ചു ക്രിയകളും അതുകളുടെ അംഗക്രിയകളും മുഴുവൻ ചെയ്തതിന്നുശേഷം അഗ്ന്യാധാനവും ചെയ്യണം. അതു വസന്തൎത്തുവിലാണ് ചെയ്യേണ്ടത്. അധിമാസകാലത്തിൽ ചെയ്യുകയുമരുത്.

'ആദധീത വസന്തേഗ്നിം വൎദ്ധമാനേ നിശാകരേ
കൃത്തികാ രോഹിണി ചിത്രാ മാതൃഭാഗ്യാൎയ്യമോഡുഷു'

വസന്തത്തിലെ വെളുത്തപക്ഷത്തിൽ വൎദ്ധമാനേ നിശാകരേ—ചന്ദ്രൻ വൎദ്ധിച്ചുവരുന്ന കാലത്തിൽ (ശുക്ലാഷ്ടമിക്കുമുമ്പെ) കാൎത്തിക, രോഹിണി, ചിത്ര, പുണർതം, പൂരം, ഉത്രം എന്ന 6 നാളുകളിൽ ഏതെങ്കിലും ഒരു നാളുള്ള ദിവസം അഗ്ന്യാധാനം ചെയ്യണം. മററ നാളുകളെല്ലാം വൎജ്ജ്യങ്ങളുമാണ്.

'പൂരം പുണർതവും വഹ്നി ചിത്ര ഉത്രഞ്ച രോഹിണി
ഇവയാറും ക്രമത്താലെ മേലേ മേലേവ നല്ലവ'

എന്നു കാലദീപകവും പറയുന്നു.

'മദ്ധ്യത്രിഭാഗഗാമിന്യോദ്വിനിശാസ്തു ശുഭാവഹാഃ'

എന്നാണ് നക്ഷത്രവ്യാപ്തി പ്രമാണം. ഈ വിഷയത്തിൽ 'തലേനാറം അൎദ്ധരാത്രിയിൽ തുടങ്ങി പിറേറന്നാറം ദക്ഷിണകഴിവോളം (നാറം) ഉണ്ടായാൽ അന്ന് ആധാനം ചെയ്തുകൊറംക. മറെറാന്നും വിചാരിക്കേണ്ടതില്ല.' എന്നു മുഹൂർത്തഭാഷയും പറയുന്നു. ഇതിന്ന് രാശി, ആഴ്ച, ഗ്രഹസ്ഥിതി നിത്യദോഷം, മൌഢ്യാദികറം എന്നിതുകളൊന്നും വിചാരിക്ക

ണ്ടതില്ല. പത്നിയജമാനന്മാരുടെ കർത്തൃദോഷങ്ങൾ കഴിയുന്നതും വർജ്ജിച്ചാൽ നന്ന്. വസന്തം ഒഴിച്ചുബാക്കി ഋതുക്കളിലോ അധിമാസങ്ങളിലോ കറുത്തപക്ഷത്തിലോ മുൻപറഞ്ഞ 6 നക്ഷത്രങ്ങളെ ഒഴിച്ചു ബാക്കി 21നക്ഷത്രങ്ങളിലോ അഗ്ന്യാധാനം ചെയ്താൽ ആവർത്തിക്കണം. ബാക്കി ദോഷങ്ങൾക്ക ദോഷാനുരൂപമായ പ്രായശ്ചിത്തവും ചെയ്യണം.

ഷോഡശക്രിയകളിലെ ആവർത്തനാദിവിഷയത്തെക്കുറിച്ചു തന്ത്രാക്കാർ ഭാഷയിൽ ഇങ്ങിനെ വിവരിക്കുന്നു. അതും നമുക്ക അവശ്യവിജ്ഞേയമാകയാൽ ഇവിടെ ചേർക്കുന്നു:—'ഷോഡശക്രിയകൾ ആവർത്തിപ്പാൻ അടുത്തു മുഹൂർത്തമില്ലാഞ്ഞാൽ ആവർത്തനവിഷയം വർജ്ജിച്ചുകൊള്ളേണ്ടിവരും. എന്നാൽ വേളിയും ഉപനയനവും ആവർത്തിപ്പാൻ മുഹൂർത്തം വേണം. പുനർവ്വിവാഹത്തിന്നും പുനരുപനയനത്തിന്നും മുഹൂർത്തം വേണ്ട. പുംസവനാദികൾ പ്രസവിച്ചതിന്നുശേഷം ആവർത്തിക്കുന്നേടത്തു മുഹൂർത്തം വേണ്ട. മറേറതിന്നെല്ലാം ആവശ്യത്തിങ്കൽ ആവർത്തനയുള്ള ദോഷം വർജ്ജിച്ചാൽ മതീഎന്നു വരും. ഇങ്ങിനെ ആവർത്തനം. വേളിക്ക ബ്രഹ്മചാര്യാശ്രമസമാപ്തിവന്നാൽ പിന്നെ കാലാതിക്രമപ്രായശ്ചിത്തം വേണം. ശേഷത്തിന്നു നാലാംദിവസം തുടങ്ങി ശേഷം കഴിയുംമുമ്പെ ഋതുകാലാവസാനം വന്നാൽ കാലാതി ക്രമപായശ്ചിത്തം വേണം. പുംസവനത്തിന്ന് ആറാം മാസം കഴിഞ്ഞാൽ കാലാതിക്രമപ്രായശ്ചിത്തം വേണം. മററുള്ള ഗർഭസംസ്കാരങ്ങൾക്ക പത്താംമാസത്തിലായാൽ പ്രായശ്ചിത്തം വേണം. ജാതകർമ്മത്തിന്നു പുലപോയിട്ടായാൽ പ്രായശ്ചിത്തം വേണം. പേരിന്നു തൊണ്ണൂറദിവസം കഴിഞ്ഞിട്ടായാലും വാതിൽപുറപ്പാടിന്നും ചോറൂണിന്നും പരദിവസം കഴിഞ്ഞാലും ചൌളത്തിന്നു പത്തു വയസ്സായാലും ഉപനയനത്തിന്നു 13 വയസ്സുകഴിഞ്ഞാലും ഗോദാനത്തിന്നും കൌഷീതകൻെറ സമാവർത്തനത്തിന്നും 16–ാംവയസ്സു കഴിഞ്ഞാലും പ്രായശ്ചിത്തം വേണം. ഇവ ചെയ്യാതിരുന്നാൽ ആവർത്തനവും പ്രായശ്ചിത്തവും ഇല്ല. ഇങ്ങിനെ കാലാതിക്രമപ്രായശ്ചിത്തം. വേളിക്ക് മൂലം, മകം, മേടം, മിഥുനം, കന്നി തുലാം ഇവയല്ലാത്ത രാശികൾ ശുഭോദയമില്ലാഞ്ഞാലും ചൊവ്വയും, ആദിത്യനുമല്ലാത്തവരുടെ സംഗ്രഹർക്ഷശലാകകളും സ്ത്രീജാമിത്രത്തിൽ ആദിത്യനും ചൊവ്വയുമല്ലാത്ത ഗ്രഹങ്ങളും പുംജാമിത്രത്തിൽ എല്ലാ ഗ്രഹങ്ങളും വെളുത്തവാവും മദ്ധ്യമങ്ങൾ. സഗ്രഹശലാകാജാമിത്രങ്ങളിൽ ആദിത്യനും ദക്ഷിണായനവും മദ്ധ്യമമെന്നൊരുപക്ഷം. സേകത്തിന്ന് മകം, പുണർതം, അശ്വതി, പൂയം, മകീരം, ചിത്ര, അവിട്ടം ഇവ ഏഴും വേളിക്ക് അരുതാത്ത് തിങ്ങളും അഷ്ടമത്തിൽ ചൊവ്വയും മദ്ധ്യമങ്ങൾ. താതൻെറ അഷ്ടകാദിവസമല്ലാത്ത അഷ്ടകാകാലാ അത്യാപത്തിൽ മദ്ധ്യമം. പുംസവനത്തിന്നു ശനിയാഴ്ചയും ബുധനാഴ്ചയും വെളുത്തവാവും. ആറാംമാസവും ഉൽക്കാദികളും ഷൾദോഷങ്ങളും. ഇവ ഇരുവരുടേയും മദ്ധ്യമങ്ങൾ. ചൊവ്വാഴ്ച മദ്ധ്യമമെന്നൊരുപക്ഷം സീമന്തത്തിന്ന്. 7–ം 8–ം മാസങ്ങളും ചൊവ്വാഴ്ചയും, ചതുർത്ഥിയും പതിന്നാലും മേടമകരകുംഭങ്ങളും മദ്ധ്യമങ്ങൾ.

അത്യാപത്തിൽ നവമിയും മദ്ധ്യമം. പേരിടുവാൻ മകം മദ്ധ്യമം ചോറു ണിന്ന് ഏകാദശി നോൽക്കുന്നദിവസവും മിഥുനവും ഒൻപതാം മേടത്ത ആദിത്യനും മദ്ധ്യമങ്ങാം. അഷ്ടമത്തിൽ ആദിത്യൻ അത്യാപത്തിൽ പ്രായ ശ്ചിത്തം ചെയ്താൽ മദ്ധ്യമം എന്നൊരു പക്ഷം. ചൌളത്തിന്ന് ഉത്രത്രയം, രോഹിണി, ചതയം; ചോതി, ഇവയും ഞായറാഴ്ചയും അഷ്ടമത്തിൽ ആദി ത്യനും വെളുത്തഷഷ്ഠിയും വെളുത്തവാവും മേടവും ധനുവും ചന്ദ്രാദിത്യോദ യങ്ങളും മദ്ധ്യമങ്ങാം. ബ്രാഹ്മണന്നു ആദിത്യോദയം മുഖ്യമെന്നു ഒരുപക്ഷം പെണ്ണിന്റെ ചൌളത്തിന്നു ചന്ദ്രോദയം ശുഭം. ഉപനയനത്തിന്ന്: അശ്വ തി, പൂയം, ചോതി, തിരുവോണം, ചതയം, രേവതി ഇവ 6-ാം ശുഭോദ യമില്ലാഞ്ഞാൽ പ്രതിപദവും ചന്ദ്രനു ബലമില്ലാഞ്ഞാൽ ഏകാദശീ ദ്വാ ദശികളും മകരം മിഥുനം കുംഭം എടവം ഈ മാസങ്ങളും ശനിയാഴ്ചയും ഒൻപതാമേടത്തു ശനിയും നാലാറ പന്ത്രണ്ടിൽ വ്യാഴത്തിന്നു ഗ്രഹശാന്തി ചെയ്യാഞ്ഞാലും ജന്മ വ്യാഴത്തിന്നും അഷ്ടമത്തിൽ ബുധനും ഗ്രഹശാന്തി ചെയ്താലും ചിങ്ങ്യകുംഭങ്ങാം ശുഭോദയമില്ലാഞ്ഞാലും ആദിത്യോദയവും അപരാഹ്നവും പന്ത്രണ്ടാമേടത്ത് ആദിത്യനേക്കാം ബലവാനായ ചൊ വ്വയെങ്കിലും മദ്ധ്യമങ്ങാം. ഞായറാഴ്ചയും മദ്ധ്യമമെന്നൊരുപക്ഷം. മേടം അധമം. വ്രതഗോദാനസമാവൎത്തനങ്ങാംക്ക്, ഞായറാഴ്ചയും ചന്ദ്രാദിത്യോ ദയവും മദ്ധ്യമമെന്നൊരു പക്ഷം. യജുൎവ്വേദികാംക്ക് ഉപാകൎമ്മത്തുന്നാം ഗോദാനം മദ്ധ്യമം. സമാവൎത്തനത്തിന്നു ചിങ്ങവും 8-9ൽ പാപികളും അപരപക്ഷത്തിൽ 5-ാം, ശനിയാഴ്ചയും പ്രതിപദവും ഷഷ്ഠിയും മദ്ധ്യമ ങ്ങാം. ആശ്വലായനനും ഇങ്ങിനെതന്നെ. അവന്ന് 8-9ൽ ചൊവ്വ അത്യാപത്തിങ്കലെ മദ്ധ്യമമായികൊള്ളാവു എന്നു ഭേദം. വ്രതമഴിവാൻ ചതുൎത്ഥിയും നവമിയും മദ്ധ്യമം. കൌഷീതകന്ന് നവമി അരുത് എന്നു ഭേദം. ഇവിടെ മദ്ധ്യമമെന്നു പറഞ്ഞതുകാംക്ക് പ്രായശ്ചിത്തം ചെയ്താൽ നന്ന്. എന്നാൽ ബലാബലങ്ങളും കാലദേശാവസ്ഥയും കൎത്തൃശക്തിയും വിചാരിച്ച് ഇവക്കു പ്രായശ്ചിത്തം വിധിച്ചുകൊാംക.

കലശം.

പക്ഷേ ച്ഛേയന ഉത്തരോന്നഭേദഫലാ-
സ്വിഷ്ടാഃ പ്രതിഷ്ഠാദയോ
വൎജ്ജ്യാ വാരുണ സൌമ്യസദ്ദിനധനു-
ൎമ്മേഷൈണജ്ഝകാ ഇഹ
ധീസ്ഥാരന്ധ്രശുഭാന്ത്യഗാ അപിഖരാഃ
പൂൎവ്വൈവ നിശാത്ര്യംശകൈ
വിദ്ധൎക്ഷാഞ്ച മതോഷ്ട വസ്ഥഉഭയോഃ
പക്ഷായനപ്രോന്ദ്വയോഃ

ഇതേവിധം അവശ്യകൎത്തവ്യങ്ങളായ ഷോഡശക്രിയകാംക്കും അതു കളുടെ അംഗക്രിയകാംക്കുമുള്ള മുഹൂൎത്തങ്ങളെ വിവരിച്ചതിന്നുശേഷം ഇനി

കൎത്തവ്യങ്ങളായ പ്രതിഷ്ഠഗൃഹനിൎമ്മാണം മുതലായതുകളുടെ മുഹൂൎത്തങ്ങളെ 14 ശ്ലോകങ്ങളെക്കൊണ്ടു വിവരിക്കുന്നു. അവിടെ ദേവപ്രതിഷ്ഠാമുഹൂൎത്തത്തെ ആദ്യമായി പറയുന്നു. പക്ഷേ ഇത്യാദി— ഉത്തരമായ അയനത്തിൽ അച്ഛമായ പക്ഷത്തിൽ അനന്തരമാലകട്ടിൽ പ്രതിഷ്ഠാദികാം ഇഷ്ടകളാകുന്നു— പ്രതിഷ്ഠാദികളെന്നാൽ പ്രതിഷ്ഠ, സംകോചം, കലശം, അഷ്ടബന്ധം എന്നിതുകളാകുന്നു. ഇതുകാം ഉത്തരായണത്തിൽ വെളുത്ത പക്ഷത്തിൽ ഊൺനാളോ മകമോ ഒന്നുള്ള ദിവസം ശുഭമാകുന്നു. ഇവിടെ ഉത്തരായണം ശുഭമെന്നു പറഞ്ഞുവെങ്കിലും കുംഭമാസം നിന്ദ്യമാണെന്നും ഒരു പക്ഷമുണ്ട്. ആ വിഷയത്തിൽ,

'അയനേഥോത്തരേ ഭാനൌ ഗതേ കുംഭവിവൎജ്ജിതേ
പൂൎവ്വേപക്ഷേതു പുണ്യൎക്ഷേ ബലയുക്തേ നിശാകരേഃ'

എന്നു വാസിഷ്ഠത്തിൽ കുംഭമാസത്തെ തീരെ വൎജ്യമെന്നു പറയുന്നു. എന്നാൽ

'ത്യാജ്യംദക്ഷിണമന്യദിഷ്ടമയനം ദേവപ്രതിഷ്ഠാപതേ
കുംഭേഭാനൗവിഷ്ണുകൃത്സ്വച ശുഭോ ജീവേന ദൃഷ്ടോഥവാ.

എന്നു മാധവാചാൎയ്യനും പറയുന്നു. അദ്ദേഹത്തിന്റെ പക്ഷപ്രകാരം ചിങ്ങവ്യാഴം വരുന്ന കൊല്ലത്തിലെ കുംഭമാസം ഗ്രാഹ്യമെന്നും ഗ്രഹിക്കാം. കുംഭമാസം മദ്ധ്യമമെന്നു മററു ചിലരും പറയുന്നു. എന്നാൽ ഇതൊന്നും നോക്കാതെ കുംഭമാസം നിസ്സന്ദേഹം സ്വീകരിക്കുന്നതുമുണ്ടു് എന്നു വരദീപികയും പറയുന്നു. ശുക്ലപക്ഷമെന്നതു് ആദ്യപ്രതിഷ്ഠയ്ക്കു നിൎബ്ബന്ധമാണ്. സംകോചാദികാംകൂടം കറുത്തപക്ഷത്തിലെ ആദ്യഭാഗത്തിൽ (പഞ്ചമി കഴിയുന്നതുവരെ) കൂടെ മദ്ധ്യമമായി ചെയ്യുകയുമാവാം. ഈ വിഷയത്തിൽ,

'പ്രതിഷ്ഠാ പ്രഥമാ ശുക്ലപക്ഷം ഏവ ശുഭാ സ്മൃതാ
അഭിഷേകാദയസ്തദ്വൽ കൃഷ്ണാദൌ മദ്ധ്യമാഃ സ്മൃതാഃ'

ആദ്യമായി പ്രതിഷ്ഠിക്കുന്നതു്— ഒരു ക്ഷേത്രം പണിചെയ്തു് അവിടെ ദേവപ്രതിഷ്ഠചെയ്യുന്നതായാൽ അതു വെളുത്ത പക്ഷത്തിൽ തന്നെയായിരിക്കണം. ഇതു ബിംബംമാറി കലശത്തിനും ബാധകമാണ്. ബാക്കി ജീവകലശാദികളും അതുപോലെതന്നെയാണ്. അവിടെ കൃഷ്ണപക്ഷത്തിലെ ആദ്യം അതായതു് ആദ്യത്തെ പൂൎണ്ണകഴിയുന്നതുവരെ മദ്ധ്യമമായി സ്വീകരിക്കാം എന്നു് ആചാരസംഗ്രഹവും പറയുന്നു. അപ്പോാം ബിംബം മാറി കലശവും കുംഭമാസം ഒഴിച്ചു ബാക്കിയുള്ള ഉത്തരായണ കാലത്തു വെളുത്തപക്ഷത്തിൽ ചെയ്യണം. സംകോചാദികാം ഉത്തരായണത്തിൽ വെളുത്തപക്ഷത്തിലും കൃഷ്ണപക്ഷാദിയിലും ചെയ്യാം. നക്ഷത്രനിയമം എല്ലാററിനും ഒരുപോലെതന്നെ. എന്നാൽ 'പീഠം മാറവാനും ബിംബം

മാറവാനും കെട്ടാനും സങ്കോചത്തിന്നും കലശത്തിന്നും അപരപക്ഷത്തിൽ അഞ്ചോളം കൊള്ളാം' എന്നു മുഹൂൎത്തഭാഷ്യം പറയുന്നു. ഇനികലശത്തിന്നു വൎജ്ജ്യങ്ങളായതുകളെ പറയുന്നു:—ഇവിടെ വാരുണസൌമ്യസൃഷ്ടിദ ധനുൎമ്മേഷൈണജൂകകളും ധീസ്ഥന്മാരും, രന്ധ്റശുഭാന്ത്യഹന്മാരുമായ ഖരന്മാരും, പൂൎവ്വങ്ങളായ നിശാദ്യത്ര്യംശകങ്ങളും വിദഗ്ദ്ധവും വൎജ്ജ്യങ്ങളാകുന്നു. ഇവിടെ എന്നാൽ പ്രതിഷ്ഠാദികൾക്ക് എന്നു് അൎത്ഥം. വാരുണമെന്നാൽ വരുണനദേവതയായ നക്ഷത്രം അതായതു് ചതയം. ഇതു് അന്നൎക്ഷങ്ങളിൽ പെട്ടതാണെങ്കിലും അതു വൎജ്ജ്യമാണു്. അതാണു് അതിനെ പ്രത്യേകം പറഞ്ഞതു്. അപ്പോൾ ഊൺനാളുകളിൽ ചതയം ഒഴിച്ചു ബാക്കിയുള്ള 15 നാളുകളും മകവും കൂടിയ 16 നാളുകളും കൊള്ളാമെന്നും മററ 12 നാളുകൾ വൎജ്ജ്യമെന്നുംഗ്രഹിക്കണം. സൌമ്യസൃഷ്ടിനങ്ങൾ ശനിയാഴ്ച്ചയും ചൊവ്വാഴ്ച്ചയും വൎജ്ജ്യങ്ങളാകുന്നു. മററ് 5 ആഴ്ച്ചയും സ്വീകരിക്കാം. എന്നാൽ ഞായറാഴ്ച്ച മദ്ധ്യമമെന്നും ഒരുപക്ഷം. ധനുൎമ്മേഷേണജൂകങ്ങൾ ധനു, മേടം, മകരം, തുലാംഎന്ന രാശികൾ വൎജ്ജ്യങ്ങളാകുന്നു. അപ്പോൾ മററ് എട്ടു രാശികൾസ്വീകാൎയ്യങ്ങളുമാണു്.

'വൎജ്ജ്യാ ദേവപ്രതിഷ്ഠായാം ചാപാജൈണതുലാധരാഃ'

എന്നു ശാസ്ത്രാന്തരത്തിലും പറയുന്നു. എന്നാൽ കൎക്കടംരാശിയും നിന്ദ്യമാണെന്നാണു് ചിലരുടെ പക്ഷം. അപ്പോൾ സ്ഥിരരാശികൾ ഉത്തമങ്ങളും ധനു ഒഴിച്ചു ബാക്കി ഉഭയരാശികൾ ശുഭങ്ങളും കൎക്കടകം മദ്ധ്യമവും ചരരാശികളും ധനുവും വൎജ്ജ്യങ്ങളുമാണു്. രാശിഫലത്തെ ശാസ്ത്രാന്തരത്തിൽ ഇപ്രകാരം വിവരിക്കുന്നു:—

'വംശനാശായ മേഷേസ്യ ദ്വൃഷേ സ്യു സൎവ്വസമ്പദഃ
മിഥുനസ്യുഃ ശുഭാസ്സൎവ്വേ കൎക്കടേ ചാ രഥ നാശനഃ
ഇഷ്ടാൎത്ഥസിദ്ധയഃ സിംഹേ കന്യകായാം ശുഭായതിഃ
തുലായാം മരണം ശീഘ്രം വൃശ്ചികേ സൎവ്വസമ്പദഃ
ചാപേവിത്തസുഖദ്ധ്വംസോ മൃഗേസ്യാദൎത്ഥനാശനം
കുംഭേ ശുഭ സമൃദ്ധിഃ സ്യാന്മീനേസ്യാൽ സൎവ്വശോഭനം'

ഊൎദ്ധ്വമുഖരാശികൾ ശുഭങ്ങളും അധോമുഖങ്ങൾ നിന്ദ്യങ്ങളുമാണെന്നും ധരിക്കണം. ഖരന്മാരെന്നാൽ പാപഗ്രഹങ്ങൾ. ധീസ്ഥന്മാർ: ധീ എന്നാൽ അഞ്ചാംമേടം. രന്ധ്റശുഭാന്ത്യന്മാർ. അഷ്ടമം. നവമം ദ്വാദശമെന്ന രാശികളെ പ്രാപിച്ചവർ അപ്പോൾ ആദിത്യൻ ചൊവ്വ ശനി രാഹു എന്നു് പാപഗ്രഹങ്ങൾ ലഗ്നത്തിങ്കൽനിന്നു 5, 8, 9 12 എന്ന സ്ഥാനങ്ങളിൽ വന്നാൽ ആ ലഗ്നം വൎജ്ജ്യമാകുന്നു.

വ്യയധൎമ്മാഷ്ടധീ സംസ്ഥാഃ പാപാഹത്യുൎദ്ധ്വാക്രമം
ആചാൎയ്യം ചാന്നദാതാരം ശില്പീനം പ്രതിമാമപി

12, 9, 8, 5 എന്ന സ്ഥാനങ്ങളിൽ പാപന്മാർ നിന്നാൽ യഥാക്രമം തന്ത്രി, ക്ഷേത്രസംബന്ധി, ശില്പി, ബിംബം എന്നിതുകൾ നശിച്ചുപോകും എന്നു് ആചാരസംഗ്രഹത്തിലും പറയുന്നു. 9-ലും 12-ലും ആദിത്യനെ മദ്ധ്യമമായി ഗ്രഹിക്കാമെന്നാണ് മുഹൂൎത്താഭരണാഭിപ്രായം. കൎമ്മലഗ്നത്തിൽ സൂൎയ്യൻ ശുഭനാണെന്നു വരദീപികയും പറയുന്നു. രാത്രിയുടെ ആദ്യത്തെ രണ്ടു ത്ര്യംശങ്ങളും വൎജ്ജ്യങ്ങളാകുന്നു. വേധദുഷ്ടമായ നക്ഷത്രവും വൎജ്ജ്യംതന്നെയാണ്. ഇവിടെ പറഞ്ഞ വേധത്തെ ആചാരസംഗ്രഹത്തിൽ ഇങ്ങിനെ വിവരിക്കുന്നു.

'അശ്വനീമഖമൂലാഹിരേവതീശക്രതാരകാഃ
വിശാഖാനലകപാച്ശുപ്പ്ഭാഗ്യക്ഷ്വാദിയതസ്തഥാ
യാമ്യപുഷ്യാൎയ്യമാഷാഢബുദ്ധ്നിമൈത്രാഖ്യതാരകാഃ
രോഹിണീശതതാരാൿഹേരീസ്വാദിഹരാ അപി
ത്രയശ്ചിത്രേന്ദുവസവോവേധവൎഗ്ഗാഃ പ്രകീൎത്തിതാഃ
ഗ്രഹേണ യുക്തോ യോവൎഗ്ഗസ്സവൎഗ്ഗോ വേധദൂഷിതഃ
ദേവപ്രതിഷ്ഠാഭിഷേകസംകോചേ ചാഷ്ടബന്ധകേ
ഗ്രഹകൎമ്മണികൂപേജ നാളികേരാദിവാപനേ
വൎജ്ജ്യനീയോഹ്യയം വേധ ഇത്യാചാരവിദോവിദുഃ'

1. അശ്വതി, മകം, മൂലം, ആയില്യം, രേവതി, തൃക്കേട്ട, ഇവ 6-ം ഒരു വൎഗ്ഗം.

2. ഉത്രാടം, കാൎത്തിക, പൂരോരുട്ടാതി, വിശാഖം പുണർതം, ഉത്രം,

3. ഭരണി, പൂയം, പൂരം, പൂരാടം, ഉത്രട്ടാദി, അനിഴം,.

4. രോഹിണി, ചതയം, അത്തം, തിരുവോണം, ചോദി, തിരുവാതിര,

5. ചിത്ര, മകീരം, അവിട്ടം, ഇങ്ങിനെ ആറാറു നാളുകൾകൂടി നാലു വൎഗ്ഗവും. മൂന്നു നാളുകൾകൂടി ഒരു വൎഗ്ഗവും ഇങ്ങിനെ നക്ഷത്രങ്ങൾ ആകെ അഞ്ചു വൎഗ്ഗങ്ങളാകുന്നു. അതിൽ ഒരു വൎഗ്ഗത്തിലെ ഒരു നക്ഷത്രത്തിൽ ഒരു ഗ്രഹം നിൽക്കുന്നുണ്ടെങ്കിൽ ആ നക്ഷത്രത്തിന്നും ആ വൎഗ്ഗത്തിലെ മററു നക്ഷത്രങ്ങൾക്കും വേധമുണ്ട്. അങ്ങിനെ വേധമുള്ള നക്ഷത്രം ദേവപ്രതിഷ്ഠ, അഭിഷേകം, സംകോചം, അഷ്ടബന്ധം, ഗ്രഹകൎമ്മം, കൂപാദിഖനനം, നാളികേരം മുതലായതു പാവുക, ഇതുകൾക്കെല്ലാം വൎജ്ജിക്കണമെന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നത്. എന്നാൽ പാപഗ്രഹങ്ങളൊ വ്യാഴമോ നിൽക്കുകനിമിത്തം വേധം വന്നാൽ വൎജ്ജിക്കണം; മററുള്ളവരുടെ വേധം വൎജ്ജിക്കേണ്ടതില്ല. എന്നും പറയുന്നുണ്ട്. എന്നാൽ, രാഹു ഒരു നക്ഷത്രത്തിങ്കൽ നിൽക്കുകയാണെങ്കിൽ ആ നക്ഷത്രത്തിന്നു മാത്രമേ ദോഷമുള്ളു ആ വൎഗ്ഗത്തിലെ മററു നക്ഷത്രങ്ങൾക്കു ദോഷമില്ല. വ്യാഴം നിൽക്കുന്ന വൎഗ്ഗത്തിലെ വ്യാഴം നിൽക്കുന്ന നക്ഷത്രം ഗ്രാഹ്യവും മററു നക്ഷത്രങ്ങൾ വൎജ്ജ്യങ്ങളുമാണ്.

ദേവതാസ്ഥാപനേസ്സൂൎയ്യകുജാൎക്കിസുരമന്ത്രീണാം.
വേധം രാഹുയുതം ഭം ച ത്യജേദിത്യപരേവിദുഃ
കൈശ്ചിജ്ജീവയുതേ ധിഷ്ണ്യേ പ്രതിഷ്ഠാ ച വിധീയതെ.

എന്നു ആചാരദീപകത്തിലും പറയുന്നു.

അഷ്ടബന്ധകലശം—അഷ്ടബന്ധം പക്ഷായനാദ്യന്തങ്ങളിൽ രണ്ടിലും ചെയ്യാം. അഷ്ടബന്ധകലശം ഉത്തരായണത്തിലും ദക്ഷിണായനത്തിലും കറുത്തപക്ഷത്തിലും വെളുത്ത പക്ഷത്തിലും ചെയ്യാം എന്നാൽ കൎക്കിടകം കന്നി ധനു എന്ന മാസങ്ങൾ നിന്ദ്യങ്ങളാണ്. മദ്ധ്യമമായി ചിലർ സ്വീകരിക്കാറുമുണ്ട്. 'സങ്കോചത്തിന്ന് ആവശ്യത്തിങ്കൽ ദക്ഷിണായനവും കൊള്ളേണ്ടിവരും. ചരായാകരണത്തിന്നും നവീകരണത്തിന്നും അഷ്ടബന്ധംപോലെ അരുതയോ എന്ന സംശയമുണ്ട്. ഗൎഭസ്ഥാപനം രാത്രിയിലെ ആവാവൂ. അല്പഗ്രഹപ്രാപ്തികൾ സംങ്കോചംപോലെ. അഷ്ടബന്ധാദികൾക്ക് കൎക്കടകം, കന്നി, ധനു ഈ മൂന്നു മാസവും അരുത്. ചതുൎത്ഥസ്നാനത്തിന്നു മുഹൂൎത്തം വേണ്ട'. എന്ന മുഹൂൎത്തഭാഷ പറയുന്നു. ആചാൎയ്യദേവഗ്രാമാധിപതികളുടെ അഷ്ടമരാശിയും അരുത്. എന്നും ഭാഷയിൽ പറയുന്നുണ്ട്. ആചാൎയ്യൻ=തന്ത്രി. ഗ്രാമാധിപൻ=ഊരാളൻ. ഇവരുടെ കൎത്തൃദോഷങ്ങളും ദേവൻ—മുമ്പ് ഏതൊരു നക്ഷത്രംകൊണ്ടു പ്രതിഷ്ഠ ചെയ്തിരിക്കുന്നുവോ ആ നക്ഷത്രം കേട്ടുകേളയുണ്ടെങ്കിൽ അതിന്നു ദേവന്റെ ജന്മമാക്കിപിടിച്ചും കൎത്തൃദോഷം ചിന്തിക്കണം. അതു നിശ്ചയമില്ലെങ്കിൽ ആചാൎയ്യഗ്രാമാധിപതികളുടെ നോക്കിയാൽ മതി. ശിവന്നു തിരുവാതിര. വിഷ്ണുവിന്നു തിരുവോണം. സുബ്രഹ്മണ്യന്നു പൂയം. ശ്രീകൃഷ്ണന്നു രോഹിണി. മുതലായി ഓരോ ദേവന്മാൎക്കും ഓരോ നക്ഷത്രങ്ങൾ പ്രധാനങ്ങളായിട്ടുണ്ട്. അതുകളെ ജന്മനക്ഷത്രമാക്കി ചിലർ വിചാരിച്ചുവരുന്നു. അത് ശരിയല്ലാ എന്നാണ് വരദീപികയുടെ അഭിപ്രായം. അതിനെ പററി വളരെ വിസ്തരിച്ചു പറഞ്ഞിട്ടും ഉണ്ട്. ഗ്രന്ഥവിസ്തരഭയംകൊണ്ട് അതിനെ ഇവിടെ ചേൎക്കുന്നുമില്ല. അദ്ദേഹം രാജാഭിഷേകമുഹൂൎത്തത്തേയും ഇതോടുകൂടെതന്നെ പറയുന്നു. ആ ഭാഗവും തല്ക്കാലം ഇവിടെ ചേൎക്കുന്നില്ല.

## ഗൃഹാരംഭം.

കാൎയ്യം മൂലമഘാന്നഭേ മൃഗതുലാ-
　　മേഷാന്ത്യരാശൌ ഗൃഹം
പ്രാച്യാദൌ മകരാച്ചരസ്ഥിരഗതേ
　　സ്തസ്യോ കുളീരാ ദപി
നാഗസ്യൎക്ഷോഭയരാശി കൎക്കടഗതേ
　　വൎജ്ജ്യസ്സഖേ ഖേചരഃ
പാപോതീവ കുജോഷ്ടമേൎക്കജയോ-
　　ൎവ്യാരൌ സവേധോഡു ച. 24

ഇനി ഗൃഹാരംഭമുഹൂൎത്തത്തെ പറയുന്നു:—മൂലമഘാന്നഭത്തുന്നാം മൃഗതുലാമേഷാന്ത്യരാശിയിൽ ഗൃഹം കാൎയ്യമാകുന്നു. സൂൎയ്യൻ മകരത്തിങ്കൽ നിന്നു ചരസ്ഥിരഗതനായിരിക്കുമ്പോഴും കുളീരത്തിങ്കൽനിന്നു ചരസ്ഥിര ഗതനായിരിക്കുമ്പോഴും പ്രാച്യാദിയിങ്കൽ ഗൃഹം കാൎയ്യമാകുന്നു. പുര പണി തുടങ്ങുവാൻ—പുരയ്ക്കു കുററി തറയ്ക്കുവാൻ (കല്ലിടുവാൻ) മൂലവും മകവും ചോരുന്നിന്നു പറഞ്ഞ 16 നാളുകളുംകൂടി (18 നാളുകൾ) നന്ന്. ബാക്കി ഭരണി, കാൎത്തിക തിരുവാതിര, ആയില്യം, പൂരം, വിശാഖം, തൃക്കേട്ട, പൂരാടം, പൂരൂരാട്ടാതി എന്ന ഒമ്പതു നാളുകളും വൎജ്യങ്ങളെന്നും ഗ്രഹിക്കണം. മുൻപറഞ്ഞ നക്ഷത്രങ്ങളുള്ള ദിവസം മകരം, തുലാം, മേടമെന്ന രാശികളൊഴിച്ചു ബാക്കി രാശിസമയത്തു ഗൃഹാരംഭം കാൎയ്യമാകുന്നു.

'മേടം തുലാം മകരവും രാശിമൂന്നും വിവൎജ്ജയേൽ'

എന്നു കാലദീപകത്തിലും പറയുന്നു. എന്നാൽ കൎക്കടംരാശിയും വൎജ്യമാണ് എന്നാണ് മററ ചില ആചാൎയ്യന്മാരുടെ അഭിപ്രായം. 'വൎജ്യാസ്യുശ്ചരരാശയഃ' എന്നു ആചാരസംഗ്രഹത്തിലും 'ചരാഖ്യാ രാശയോ വൎജ്യാഃ കൎക്കടസ്തത്ര മദ്ധ്യമഃ' എന്നു ശാസ്ത്രാന്തരത്തിലും പറയുന്നു. മേഷാദി 12 രാശികൾ ചരസ്ഥിരോഭയാഖ്യകളോടുകൂടിയ 4 വൎഗ്ഗങ്ങളാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുമുണ്ടല്ലോ. അപ്പോൾ മേടകൎക്കടകതുലാമകരങ്ങൾ ചരരാശികളെന്നും ഗ്രഹിക്കണം. കൎക്കടം മദ്ധ്യമമെന്നൊരു പക്ഷമുണ്ടാവുകയാലാണ് മൂലകാരൻ വൎജ്യമെന്നു പറയാതിരുന്നതു്. അതു വൎജ്ജിക്കുന്നതായിട്ടുതന്നെയാണ് നടപ്പ്. അപ്പോൾ ചരങ്ങൾ വൎജ്യങ്ങളും ഉഭയങ്ങൾ ശുഭങ്ങളും സ്ഥിരങ്ങൾ ഉത്തമങ്ങളുമാകുന്നു. ഗൃഹം കിഴക്കിനി, തെക്കിനി, പടിഞ്ഞാററി, വടക്കിനി എന്നിതുകളിൽ ഏതെങ്കിലും ഒന്നു പ്രധാനമായിരിക്കും. അതിൽ ഓരോന്നും പ്രധാനമായ ഗൃഹം ഏതേതു കാലത്ത് ആരംഭിക്കണമെന്നതിനെ പറയുന്നു. മകരം മുതൽക്ക് ഓരേ ചരസ്ഥിരരാശികളിൽ സൂൎയ്യൻ നില്ക്കുന്ന കാലത്തിൽ കിഴക്കിനി മുതലായ ഗൃഹം നിൎമ്മിക്കുകയും വേണം. രാശിയെ ചിന്തിക്കുന്നേടത്തു ചരരാശി വൎജ്യമാണെങ്കിലും കാലഗണനം ചെയ്യുമ്പോൾ ഉഭയമാണ് വൎജ്യമെന്നും ഗ്രഹിക്കണം. അപ്പോൾ മകരകുംഭമാസങ്ങളിൽ കിഴക്കിനിയും മേഷവൃഷഭമാസങ്ങളിൽ തെക്കിനിയും കൎക്കടചിങ്ങങ്ങളിൽ പടിഞ്ഞാററിയും തുലാവൃശ്ചികമാസങ്ങളിൽ വടക്കിനിയും പ്രധാനമായ ഗൃഹത്തിൻെറ നിൎമ്മാണം ആരംഭിക്കാം. ഈ പ്രാച്യാദിഗൃഹനിൎമ്മാണം കൎക്കടകം മുതൽക്കും ആവാം. അപ്പോൾ കൎക്കടചിങ്ങമാസത്തിൽ കിഴക്കിനിപ്പുര എന്നു മുതലായും ഗ്രഹിക്കണം. എന്നാൽ കൎക്കടകമാസം ഒരു ഗൃഹാരംഭത്തിന്നും സ്വീകാൎയ്യമല്ല എന്നു ഇവിടെതന്നെ വിധിക്കുന്നതുമുണ്ടു്. അപ്പോൾ പടിഞ്ഞാററിയോ കിഴക്കിനിയൊ പ്രധാനമായ പുരയുടെ പണി ആരംഭിക്കുവാൻ ചിങ്ങം, മകരം കുംഭമെന്ന മാസങ്ങൾ ശുഭങ്ങളാകുന്നു. അതേവിധം തെക്കിനിയോ വടക്കിനിയൊ പ്രധാനമായ

ഗൃഹനിമ്മാണത്തിന്നു മേടം, എടവം, തുലാം, വൃശ്ചികം എന്ന മാസങ്ങളാകുന്നു ശുഭങ്ങൾ. ഈ വിഷയത്തിൽ,

'സിംഹകുംഭമൃഗസ്ഥേക്കേ കായ്യൌ പൂർവ്വാപരൌ ഗൃഹൌ
തുലാളി വൃഷമേഷസ്ഥേ കത്തവ്യൌ ദക്ഷിണോത്തരൌ'

എന്നും പറഞ്ഞുകാണുന്നു. എന്നാൽ 'തത്രാപദി പശ്ചിമഗൃഹാരംഭസ്യ കക്കടമാസോ ഗ്രാഹ്യോ വാ' എന്നു വരദീപികയും പറയുന്നു.

ഇനി ഗൃഹാരംഭത്തിന്നു വർജ്യങ്ങളായവയെ വിവരിക്കുന്നു:

സൂയ്യൻ അഗ്ന്യൃക്ഷോഭയരാശികക്കടഗതനായിരിക്കും സമയത്തിങ്കൽ ഗൃഹം കായ്യമല്ല. സുഖത്തിങ്കൽ ഖേചരൻ വർജ്യനാകുന്നു; അവിടെ പാപൻ അത്യന്തവർജ്യനാകുന്നു. അഷ്ടമത്തിൽ കുജൻ വർജ്യനാണ്. അക്കുജന്മാരുടെ വാരങ്ങളും സവേധോഡുവും വർജിക്കണം. അഗ്ന്യൃക്ഷം—കാത്തിക; കാത്തികനക്ഷത്രത്തിൽ സൂയ്യൻ നില്ക്കുന്ന കാലമെന്നാൽ കാത്തികഞാററവേലകാലം. ഉഭയരാശികളെന്നാൽ മിഥുനം, കന്നി, ധനു, മീനം. അപ്പോൾ ആ മാസങ്ങൾ—കക്കടമാസം എന്ന കാലങ്ങളിൽ ഗൃഹാരംഭം വർജ്യമാകുന്നു. മേടം, എടവം എന്ന മാസങ്ങൾ ഗൃഹാരംഭത്തിന്നു കൊള്ളാമെങ്കിലും അതിലെ കാത്തികഞാററവേലക്കാലം വർജ്യമെന്നും ഗ്രഹിക്കണം.

'ചാപേ ച മീനേയുവതൌ നൃയുഗ്മേ
ഭാനൌ സ്ഥിതേ വേശ്മന കാരയേത
യദ്വാരഭേദ്ദാരമതിഃ സുതോ വാ
കത്താമൃതോ വാ ന ചിരേണ തത്ര'

ധനു, മീനം, കന്നി, മിഥുനം എന്ന രാശികളിൽ ആദിത്യൻ നില്ക്കുന്ന കാലം—ആ മാസങ്ങളിൽ ഗൃഹാരംഭം ചെയ്യരുത്. അങ്ങിനെ ചെയ്തുപോയാൽ ഭായ്യയോ പുത്രനോ കത്താവുതന്നെയോ കാലതാമസം കൂടാതെ മരിച്ചുപോകുമെന്നും പറഞ്ഞുകാണുന്നു.

'കൃത്തികാ കക്കടസ്ഥോക്കോ വർജ്യഃ സ്യാൽ ഗൃഹകമ്മണി'

എന്നും പറഞ്ഞുകാണുന്നു. എന്നാൽ നാലുപുര പണികഴിഞ്ഞാൽ അതിൻെറ നിരൃതികോണിൽ കളവും (കയ്യാലയും) വായുകോണിൽ ഉരപ്പുരയും ഈശാനകോണിൽ അടുക്കളയും അഗ്നികോണിൽ തൊഴുത്തും മിഥുനാദി ഉഭയരാശി മാസങ്ങളിൽ ഉണ്ടാക്കാം.

'ഖളഞ്ചോലൂഖലഗൃഹം പാകാഗാരഞ്ചഗോ ഗൃഹം
സുധീഃ കരോതുമാത്താണ്ഡേ മിഥുനാദ്യുഭയർക്ഷഗേ'

എന്നാണ് മുഹൂത്തദീപകത്തിൽ പറയുന്നത്. എന്നാൽ,

'തത്രാക്കേ രേവതീ സംസ്ഥേ വർജ്ജയേൽ ഗോഗൃഹക്രിയാം
സിംഹവൃശ്ചികയോ തു തിത്ഥ്യദ്ധേ വജ്ജയേൽ പശുവേശ്മനി'

തൊഴുത്തുപണി തുടങ്ങുവാൻ എർവതി ഞാറവേലയും സിംഹക്കര ണവും വ്യാഘ്രക്കരണവും വർജ്ജിക്കണം എന്നും പറയുന്നു. ഈ പറഞ്ഞ കോൺഗ്രഹങ്ങളും മുൻപറഞ്ഞ ഗൃഹാരംഭകാലത്തും ആരംഭിക്കാം. തൊഴു ത്തിന്നു സിംഹവ്യാഘ്രക്കരണങ്ങൾ വജ്ജിക്കുകയും വേണമെന്നും സ്ഥാപ ത്യത്തിൽ പറയുന്നു. സുഖത്തിങ്കിൽ ഖേചരൻ വർജ്യനാകുന്നു—സുഖമെ ന്നാൽ നാലാംഭാവം. അവിടെ ഏതെങ്കിലും ഗ്രഹം നില്ക്കുന്ന രാശികൊ ണ്ടു ഗൃഹാരംഭം ചെയ്യരുത്. എന്നാൽ നാലിൽ പാപൻ അത്യന്തം വർജ്യ നാകുന്നു. അതാകുന്നു പാപോതീവ എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. യാതൊരു ഗ്രഹവും നില്ക്കാതിരിക്കുന്നതുതന്നെയാണ് ഉത്തമം.

'വേശ്മസ്ഥാനഗതാഃ പാപാഃ സ്ഥാനനാശം പ്രകുർവ്വതേ'

എന്നും പറഞ്ഞുകാണുന്നു. എട്ടിൽ കുജനും വർജ്യനാകുന്നു—കർമ്മ ലഗ്നത്തിൽനിന്ന് എട്ടാം രാശിയിൽ ചൊവ്വവർജ്യനാകുന്നു. എന്നുവെ ച്ചാൽ ചൊവ്വ നില്ക്കുന്ന രാശിയുടെ ആറാംരാശികൊണ്ടു ഗൃഹാരംഭം ചെ യ്യരുതെന്നു സാരം. 'രന്ധ്രേ മൃതിപ്രദോ ഭൌമഃ' എന്നു ആചാരസംഗ്ര ത്തിലും പറയുന്നു. ഈ വിഷയത്തിൽ ലഗ്നത്തിൽ ആദിത്യനെ വർജ്ജിക്കു ന്നതാണ് ഉത്തമമെന്നും ഒരുപക്ഷമുണ്ട്. ഇതിനെപ്പററി മൂലകാരൻ ഒന്നും പറഞ്ഞിട്ടില്ലെങ്കിലും 'ലഗ്നേ കഷ്ടോ ദിവാകരഃ'=ലഗ്നത്തിൽ ആദി ത്യൻ ഗുണപ്രദനല്ല എന്നു ശാസ്ത്രാന്തരത്തിലും പറയുന്നു. ആദിത്യേതര ന്മാരായ പാപഗ്രഹങ്ങളെല്ലാം തീരെ വർജ്യന്മാരുമാണ്. 'അത്യാപദിഗൃ ഹാരംഭേ പ്രായശ്ചിത്തം കൃത്വാ സൂര്യോദയരാശിർഗ്രഹ്യതേ; നൈവാനാ പദി ഏവമാചാരഃ. എന്ന് വരദീപികയും പറയുന്നു. അർക്കകുജന്മാരുടെ വാരങ്ങൾ—ഞായറാഴ്ചയും ചൊവ്വാഴ്ചയും ഗൃഹാരംഭം ചെയ്യരുത്. ഈ വിഷയത്തിൽ,

'വാരൌ ഭൌമാർക്കയോർവ്വർജ്ജ്യൌ കൂപേ ഗേഹവിധൌ തഥാ'

എന്ന് ആചാരദീപകവും പറയുന്നു. വേധനക്ഷത്രവും വർജ്യം തന്നെയാണ്. നക്ഷത്രവേധസ്വഭാവം കലശമുഹൂർത്തവ്യാഖ്യാനത്തിൽ വിവരിച്ചിട്ടുമുണ്ട്. ഓരോഗ്രഹങ്ങളുടെ വേധം നിമിത്തമുള്ള ഫലത്തെ ഗ്രന്ഥാന്തരത്തിൽ ഇങ്ങിനെ വിവരിക്കുന്നു.

'രാജപീഡാ ച ഹാനിശ്ച സൂര്യവേധഫലം മതം
സ്ഥാനക്ഷയോ മൃതിർദ്ദാഹഃ കുജവേധഫലം മതം
ആചാരാൽ ഭ്രംശനം വിപ്രാൽ പീഡനഞ്ചേഡ്യവേധതഃ
ചോരനീചാരിഭിഃ പീഡാ വേധേ മന്ദാസുരോത്ഭവേ
വംശക്ഷയോ വിത്തഹാനിർഭൃതബാധാജ്ഞവേധനേ
സ്ഥാനാന്നിവൃത്തിഃ സ്ത്രീഹാനിർഭൃഗുവേധഫലം ഭവേൽ
പ്രായോക്കാക്ക്യാരജീവാനാം വേധർക്ഷന്തു വിവർജ്ജയേൽ

മാധവാചാൎയ്യമതത്തിൽ സഗ്രഹൎക്ഷവും വൎജ്യമാണെന്നാകുന്നു. ഗൃഹാരംഭത്തിന്നു നിശാദ്യന്ത്യാംശകങ്ങളും അപരാഹ്നവും നിന്ദ്യമാണ്. കട്ടിള വെപ്പാനുള്ള മുഹൂൎത്തവും ഇതുപോലെതന്നെയാണ് . അതു ഉത്തരം വെയ്ക്കുവാനും കൊള്ളാം.

ഈററില്ലം പണിചെയ്യുന്നതിൽ അല്പം ചിലതു കൂടെ ഗ്രഹിക്കേണ്ടതുണ്ടു. അതിനെ കൂടെ വിവരിക്കാം.

'ഗേഹേ വാതൽ ബഹിൎവ്യാപി സ്ഥിരചക്രവശാൽ ഫലം
ശുഭാശുഭം വിമൃശ്യൈവം പ്രസവസ്ഥാനമാദിശേൽ'

വാസ്തുവിനെ— പുരനില്ക്കുന്ന വളപ്പിന്റെ അളവിനെ നോക്കി അതുകൊണ്ട് ഒരു രാശിചക്രമാക്കി അതിലെ ശുഭാശുഭസ്ഥാനങ്ങളെ നോക്കി അറിഞ്ഞ് അതിലെ ശുഭഖണ്ഡത്തിൽ ഈററില്ലത്തെ ഉണ്ടാക്കുകയും വേണം. ഗൃഹത്തെത്തന്നെ വാസ്തുവായി കല്പിക്കുന്നതിന്നും വിരോധമില്ല. അങ്ങിനെയാണെങ്കിൽ ഗൃഹത്തിലെ ശുഭഫലപ്രദഖണ്ഡത്തെ പ്രസവസ്ഥാനമാക്കി സ്വീകരിക്കുകയും വേണം. രാശിചക്രത്തിലെ മേഷാദിഖണ്ഡഫലത്തെ ഇപ്രകാരം വിവരിക്കുന്നു.

'മേഷേ മൃത്യുഭയം വൃഷേത്ഥവിലയം
വീണാഖ്യഭേ സൂതികാ-
നാശം കൎക്കിണിചായുഷശ്ശുഭകരം
സിംഹാബലാതൌ ലിഷു
ആയുഃ ശ്രീസുതവൎദ്ധനം മൃഗധനു-
ൎഭംഗേഷു നാശം പിതുഃ
കുംഭാന്ത്യേ ച ശുഭം വ്യയാരിന്നിധനം
സ്ത്രീജന്മതോ വൎജ്ജയേൽ'

അൎത്ഥം സ്പഷ്ടമാകയാൽ വിവരിക്കുന്നില്ല. എന്നാൽ ഗൎഭിണിയുടെ ജന്മചന്ദ്രനിൽനിന്ന് ആറ്, എട്ട്, പന്ത്രണ്ട് എന്ന രാശി ഖണ്ഡങ്ങളിൽ സൂതികാഗൃഹം നിൎമ്മിക്കുകയുമരുത്. മററു ഗ്രഹസ്ഥിതി നക്ഷത്രാദികളെല്ലാം ഗൃഹനിൎമ്മാണത്തിന്നു പറഞ്ഞതപോലെതന്നെയുമാണ്. എന്നാൽ,

'ഷഷ്ഠേത്രുൎദ്ധ്വവയസ്സാനാം പുംസാമപി ന ചേഷ്യതേ
അന്തൎവ്വത്ന്യാഞ്ച ഭാൎയ്യായാം നേഛന്തീഹ ഗൃഹക്രിയാം'

അറുപതുവയസ്സു കഴിഞ്ഞവനും ഭാൎയ്യ ഗൎഭിണിയായിരിക്കുന്നവനും— ഗൎഭദീക്ഷയുള്ളവനും ഗൃഹാരംഭം ചെയ്യരുത്.

'പുംസോ ഭാൎയ്യാ ഗൎഭിണീ യസ്യ നാസൌ
സൂനോശ്ചൌളം ക്ഷൌരകൎമ്മാത്മനശ്ച

ഗേഹാരംഭസ്തംഭസംസ്ഥാപനം വാ
വാദ്ധ്വൌസ്ഥാനം ദൂരയാത്ര്യാന്ന കുൎയ്യാൽ'

എന്നും പറഞ്ഞുകാണുന്നു. ഗൃഹാരംഭത്തിന്നു് ഈ പറഞ്ഞ വൎജ്ജ്യദോഷങ്ങളും നിത്യദോഷങ്ങളും ഷഡംദോഷങ്ങളും ഗൃഹപതിയുടെ ജന്മത്രയജന്മാഷ്ടമരാശിഗതചന്ദ്രന്മാരെയും വൎജ്ജിക്കണം. എന്നാൽ ഇവിടെ മദ്ധ്യാധിമാസത്തെയും ചിന്തിക്കണം. ഈ പറഞ്ഞ വൎജ്ജ്യദോഷങ്ങളുള്ള സമയം അറിയാതെ ഗൃഹാരംഭം ചെയ്തുപോയാൽ തൽപരിഹാരാൎത്ഥം വാസ്തുബലി ഗ്രഹശാന്തി മുതലായ പ്രായശ്ചിത്തങ്ങൾ ചെയ്തുകൊള്ളുകയും വേണം.

കൂപനിൎമ്മാണഗൃഹപ്രവേശവിധിഃ.

ഏവം കൂപ ഗൃഹപ്രവേശനവിധി-
ൎന്നാക്കഃ പ്രവേശഫലട-
സ്ത്രീകൎക്കിഷ്ചിതരത്ര സന്തു ചരഭാ-
ന്യൎക്ഷ്യേ വഹ്ന്യാദിഷു
ചിത്രാദിത്രിദ്വന്ദ്വസുരാശ്വിചാപമശുഭം
ശസ്തം ജലൎക്ഷാഛരദ്ദക
സ്വാതീപഞ്ചയമാപ്യതാശ്വിവരുണാ
നേഷ്ടാസ്തുരുച്ഛേദനേ. 25

ഇനി ഗൃഹപ്രവേശത്തിന്റെയും കൂപാദിഖനനത്തിന്റെയും തരുച്ഛേദത്തിന്റെയും മുഹൂൎത്തത്തെ പറയുന്നു:— കൂപഗൃഹപ്രവേശനവിധി ഇപ്രകാരമാകുന്നു. ഇവിടെ കൂപഗൃഹപ്രവേശനവിധി എന്നു പറഞ്ഞതു വൃത്തത്തിന്റെ സൌകൎയ്യത്തിന്നു വേണ്ടിയാണു്. മൂലകാരന്റെ ഉദ്ദിഷ്ടക്രമം ഗൃഹപ്രവേശന കൂപാദിവിധി എന്നാകുന്നു. അപ്പോൾ ഗൃഹപ്രവേശത്തിന്നും കിണറ് കുളം മുതലായ ജലാശയങ്ങൾ കുഴിക്കുവാനുമുള്ള മുഹൂൎത്തം ഗൃഹാരംഭത്തിന്നു പറഞ്ഞതുപോലെതന്നെയാകുന്നു.

'ഗൃഹപ്രവേശേ കൂപേ ച പ്രായേണ ഗൃഹവദ്വിധിഃ'

എന്നു ശാസ്ത്രാന്തരത്തിലും പറയുന്നു. എന്നാൽ ഇതുകളിലെ ഭേദത്തെക്കൂടെ വിവരിക്കുന്നു. പ്രവേശത്തിങ്കൽ— ഗൃഹപ്രവേശത്തിങ്കൽ ഫലദസ്ത്രീകൎക്കികളിൽ അൎക്കൻ വൎജ്ജ്യനാകുന്നു. കുംഭം, കന്നി, കൎക്കടകം എന്ന രാശികളിൽ ആദിത്യൻ നില്ക്കുന്നകാലം— കുംഭകന്നികൎക്കടകമാസങ്ങൾ വൎജ്ജ്യങ്ങളാകുന്നു, കൎക്കടകം വൎജ്ജ്യമെന്നു ഗൃഹാരംഭവിധിയിൽ തന്നെ പറഞ്ഞിട്ടുണ്ടെങ്കിലും വൎജ്ജ്യവിധിജ്ഞാനസൌകൎയ്യത്തിന്നു വേണ്ടി ഇവിടെ വീണ്ടും പറഞ്ഞതാണെന്നും ഗ്രഹിക്കണം. ഈ വിഷയത്തിൽ ചില വിശേഷങ്ങളെ മാധവാചാൎയ്യൻ ഇങ്ങിനെ വിവരിക്കുന്നു.

'ശാസ്ത്രാഃ സ്ഥിരാശ്ച മൃദവശ്ച ഗൃഹപ്രവേശേ
ക്ഷിപ്രാശ്ചരാശ്ച വിദധത്യുഡവഃ പ്രവാസം'

'ക്രമേണ പൂൎവ്വാദിഗൃഹപ്രവേശേ
വിധാതൃസോമൌ ഭഗവാസരേശൌ
മൈത്രഞ്ച വസ്വംബുപബുദ്ധ്നിതാരാ
വിശേഷതസ്സിദ്ധികരാ ഭവന്തി
ഗുരുണാ കഥിതാഃ പൂൎണ്ണാ നന്ദാ ഭദ്രാ ജയാ ക്രമാൽ
പൂൎവ്വദ്വാരാദിഗേഹാനാം പ്രവേശേതി ശുഭപ്രദാഃ
കേന്ദ്രാഷ്ടമേഷു രഹിതേഷു ശുഭൈൎവ്വ്യയേ ച
ശുദ്ധേ ഗുരൌ വപുഷി ദൈത്യഗുരൌ ച കേന്ദ്രേ
പാപേഷു വൈരിസഹജാഗമസംസ്ഥിതേഷു
നവ്യം ഗൃഹം പ്രവിശതാദ്വൃഷകുംഭലഗ്നേ
പ്രവാസം സൎവ്വാൎത്ഥാൻ സുഖമപഹതിം രത്നനിചയം
വധൂഭോഗം വ്യാധിം ധന മുദയദ്ദുഃഖേ വിധനതാം
പ്രസിദ്ധിം വൃദ്ധിഞ്ച ക്രമശ ഇതി മേഷാദിഷു ഗൃഹം
പ്രവിഷ്ടോ ഭൂപാലഃ ഫലമിദമവാപ്നോതി നിയതം'

ഗൃഹപ്രവേശത്തിന്നു വൎജ്ജിക്കേണ്ടുന്നവയും പ്രായശ്ചിത്തങ്ങളുമെല്ലാം ഗൃഹാരംഭത്തിന്നു പറഞ്ഞതുപോലെതന്നെയാണെന്നു ഗ്രഹിക്കണം.

കൂപാദിനിൎമ്മാണവിധി—ഇതരത്തിങ്കൽ പ്രാരംഭങ്ങളും വഹ്ന്യാദികളിൽ അൎക്കനും ഭവിച്ചോട്ടെ. ചിത്രാദ്വീന്ദ്വസുരാശംചാപം അശുഭമാകുന്നു. ജലരക്ഷാച്ഛത്രക്ക് ശസ്തവുമാകുന്നു.—ഇതരത്തെന്നാൽ, കൂപഗൃഹപ്രവേശനവിധിഎന്നു പറഞ്ഞതിലെ ഗൃഹപ്രവേശനവിധിയെ വിവരിച്ചതിന്നുശേഷം വിവരിക്കേണ്ടതായ കൂപാദിനിൎമ്മാണമെന്ന് അൎത്ഥമാകുന്നു. ഇതിന്നുള്ള മുഹൂൎത്തവും ഗൃഹാരംഭംപോലെയാണെന്നു പറഞ്ഞുവല്ലോ. അതിലെ വിശേഷത്തെ വിവരിക്കുന്നു:—അതിന്നു ചരരാശികളും കൊള്ളാം. ഗൃഹാരംഭത്തിന്നു വൎജ്ജ്യങ്ങളായ മേടം തുലാം മകരം എന്ന രാശികളും കൎക്കടകം രാശിയും ഇതിന്നു വിരോധമില്ല. വഹ്ന്യാദിസംസ്ഥനായ ആദിത്യനും വിരോധമില്ല. വഹ്നി എന്നാൽ കാൎത്തിക. അപ്പോൾ കാൎത്തിക ഞാറവേലക്കാലവും കൊള്ളാം. 'വഹ്ന്യാദിഷു' എന്നതിലെ ആദിശബ്ദം കൊണ്ട് ഉഭയരാശികളേയും ഗ്രഹിക്കണം. അപ്പോൾ എല്ലാ മാസത്തിലും കൂപാദിനിൎമ്മാണം ചെയ്യാമെന്നു സിദ്ധം. ചിത്ര, ചോതി, മകീരം, മൂലം, അശ്വതി എന്ന അഞ്ചുനാളുകളും ഗൃഹാരംഭത്തിന്നു പറഞ്ഞവയാണെങ്കിലും കൂപാദിനിൎമ്മാണത്തിന്നു കൊള്ളുകയില്ല. മൂലം കൊണ്ടുള്ള കൂപാദിനിൎമ്മാണാരംഭം കാണ്മാനുണ്ട് എന്നു ഭാഷയിൽ

പറയുന്നു. ചാപവും—ധനുരാശിയും കൊള്ളുകയില്ല. ജലക്ഷവും അച്ഛ്രക്ഷം—പൂരാടവും ശുക്രദൃഷ്ടിയുള്ള രാശിയും കൊള്ളാം. ശുക്രദൃഷ്ടി നിത്യദോഷത്തിൽ പെട്ടതാണെങ്കിലും ഇതിനു ഗ്രാഹ്യമാകുന്നു.

'കൂപാദിഖനനേ സേകേ വസ്ത്രേ ശുക്രേക്ഷണം ശുഭം'

എന്നു പ്രമാണാന്തരവും കാണുന്നു. ഇവിടത്തെ ജലൎക്ഷശബ്ദത്തിന്നു ജലരാശി എന്നും വേലിയേററമുള്ള സമയമെന്നും കൂടെ അൎത്ഥം ഗ്രഹിക്കാം. ജലരാശികളെന്നാൽ,

'തുലാളിവൃഷകുംഭാശ്ച മൃഗാന്ത്യൌ കൎക്കടസ്തഥാ
സജലാരാശയസ്ത്വേതേ കൂപാദാവതിശോഭനാഃ'

തുലാം, വൃശ്ചികം, എടവം, കുംഭം, മകരം, മീനം, കൎക്കടകം എന്ന ഏഴു രാശികളും ജലരാശികളാകുന്നു എന്നും ധരിക്കണം. ഈ പറഞ്ഞതൊഴിച്ചു ബാക്കിയെല്ലാം ഗൃഹാരംഭത്തിന്നു പറഞ്ഞതുപോലെതന്നെ.

മരം മുറിപ്പാൻ—തരുച്ഛേദനത്തിന്ന്—പൊഴുതിനാൽ മരം മുറിപ്പാൻ സ്വാതീപഞ്ചയമാച്യുതാശിവരുണങ്ങാം—ചോതിമുതൽ അഞ്ചു നാളുകളും ഭരണിയും തിരുവോണവും അശ്വതിയും ചതയവും ഇഷ്ടങ്ങളല്ല. ഈ നാളുകൾക്കു പാട്ടുകാല് എന്നാണ് പേർ.

'ആദിയുമട്ടത്തതാക അനിഴമൊട്ടമൂലവുമാകാ
ചോതിയും വിശാഖമാകാ കേട്ടയും ചതയമാകാ
ഓതിയോരോണം തന്നെ ഒമ്പതും പാട്ടുകാല്'.
'അശ്വിനിയാമ്യവൈശാഖ്യ മിത്രേന്ദ്ര സ്വാവായവഃ
ശ്രീശവാരുണതാരാസുതരുഛേദോ വിനാശകൃൽ'

എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. ദ്വിതീയ, സപ്തമി, ദ്വാദശി എന്ന തിഥികൾക്കു പന്തം എന്ന പേരുണ്ട്. അതു നിമിത്തം ആ തിഥികളിൽ മരം മുറിക്കരുതെന്നും പറയുന്നു. പൊഴുതിനാൽ മരം മുറിക്കുന്നത് ഗൃഹാരംഭമുഹൂൎത്തമുള്ള സമയത്ത് പന്തവും പാട്ടുകാലുമില്ലാത്തപ്പോൾ വേണമെന്നും ഗ്രഹിക്കണം. കല്ലു മുറിച്ചു തുടങ്ങുവാനും മണ്ണുകൂട്ടുവാനും ഇഷ്ടിക മുറിക്കുവാനും ചൂളവെക്കുവാനും മുഹൂൎത്തം മരം മുറിക്കുവാൻ പറഞ്ഞതുപോലെ തന്നെയാണെന്നും ധരിക്കണം.

## ആയുധസംഗ്രഹം.

മൂലാന്ത്യക്ഷിപുഷ്യാദിതിവരുണവിധി-
ദ്വ്യുത്തരാശ്ലിസ്ത്വബന്ധേ
ശസ്താ ന സ്വാംബുഗാസദ്വ്യയഗതഗുരവ-
സ്തേ ച ജന്മാഷ്ടമാന്ത്യേ

സാക്ക്ർക്ഷം പാൾപവതച്ഛിവമുഖനവകം
സാഭിജിൽഗണ്യമാനം
പ്രോദ്വാഹാനിഷ്ടമാസാ വിമൂഗഖരഗ്രഹാ
ജന്മഭാന്ന്യന്ധഭഞ്ച. 26

ശസ്ത്രബന്ധത്തിങ്കൽ മൂലാന്ത്യക്ത്രിപുഷ്യാദിവരുണവിധീദ്വ്യുത്തര കാം ശസ്തങ്ങളാകുന്നു. ശസ്ത്രബന്ധമെന്നാൽ ആയുധമെടുക്കുക. ആദ്യമായി ആയുധമെടുപ്പാൻ മൂലം, രേവതി, അത്തം, ചിത്ര, ചോതി, പൂയം, പുണർതം, ചതയം, രോഹിണി, മകീരം, ഉത്ര, ഉത്രാടം, ഉത്രട്ടാതി ഈ പതിമൂന്നനാളുകളും നന്ന്. ഇതിലെ വർജ്ജ്യങ്ങളേയും വിവരിക്കുന്നു: സ്വാംബുഗാസദ്ധ്യായഗതഗുരുക്കളും ജന്മാഷ്ടമാന്ത്യത്തിലെ അവരും പാൾപവത്തായിരിക്കുന്ന സാക്കർക്ഷവും സാഭിജിൽ ഗണ്യമാനമായിരിക്കുന്ന തച്ഛിവമുഖനവകവും പ്രോദ്വാഹാനിഷ്ടമാസങ്ങളും വിമൂഗഖരഗ്രഹങ്ങളും ജന്മഭങ്ങളും അന്ധഭവും ശസ്തങ്ങളല്ല.

സ്വാംബുഗാസദ്ധ്യായഗതഗുരുക്കാം — സ്വം=രണ്ടാംഭേടം. അംബു= നാലാംഭേടം. കർമ്മലഗ്നത്തിൻെറ രണ്ടിലും നാലിലും പാപഗ്രഹങ്ങാം വർജ്ജ്യന്മാരാകുന്നു. വ്യയം=പന്ത്രണ്ടാമേടം. പന്ത്രണ്ടിൽ വ്യാഴവും വർജ്ജ്യൻ തന്നെ. പാപഗ്രഹങ്ങളും വ്യാഴവും ജന്മാഷ്ടമാന്ത്യങ്ങളിൽ വർജ്ജ്യന്മാരാകുന്നു. കർത്താവിൻെറ ജന്മചന്ദ്രലഗ്നത്തിലോ അഷ്ടമത്തിലോ പന്ത്രണ്ടിലോ പാപന്മാരും വ്യാഴവും വർജ്ജ്യന്മാരെന്നു സാരം. സ്വാംബുഗാസദ്ധ്യായഗുരവഃ എന്നതു കർമ്മലഗ്നത്തിൽനിന്നും ജന്മാഷ്ടമാന്ത്യേ എന്നതു കർതൃജന്മചന്ദ്രലഗ്നത്തിൽനിന്നുമാണെന്നു വിവേകം. പാൾപവത്തായിരിക്കുന്ന സാക്ക്ഷമെന്നാൽ ആദിത്യൻ ഏതു നാളിന്മേൽ നില്ക്കുന്നുവോ ആ നാളും അതിൻെറ ഇരുപുറവുമുള്ള നാളുകളും – അത്തം ഞാററവേലക്കാലത്ത് ഉത്രവും അത്തവും ചിത്രയും, തച്ഛിവമുഖനവകം—ആ ഞാററവേലാ നക്ഷത്രം മുതൽ 11–ാം നാളുമുതൽ 9 നാളുകളും അതിൽ അഭിജിത്തിനെക്കൂടെ കണക്കാക്കുകയും വേണം. ഇതുകാംക്ക ശൂലനക്ഷത്രമെന്നാണ് പേര്. അപ്പോാം അത്തം ഞാററവേലക്കാലത്ത് അത്തംമുതൽ അഭിജിത്തോടുകൂടെ 11–ാമത്തേതായ അവിട്ടംമുതൽ ഒമ്പതു നാളുകളും, വിവാഹത്തിന്നു വർജ്ജ്യങ്ങളെന്നു പറഞ്ഞ കർക്കടകം, കന്നി, ധനു, കുംഭം, മീനത്തിൻെറ ഉത്തരാർദ്ധമെന്ന മാസങ്ങളും, ജന്മനക്ഷത്രവും അനുജന്മനക്ഷത്രങ്ങളും അന്ധഭവും മകരംരാശി ഒഴിച്ചുബാക്കിയുള്ള പാപക്ഷേത്രരാശികളും—മേടം, വൃശ്ചികം, ചിങ്ങം, കുംഭംഎന്ന രാശികളും (ആപത്തിൽ കുംഭം സ്വീകരിച്ചും കാണുന്നു.) കണ്ണില്ലാത്ത നാളുകളും ശസ്ത്രബന്ധത്തിന്നു വർജ്ജ്യങ്ങളാകുന്നു. കണ്ണുള്ള നാളുകളെ മുമ്പു കണ്ണെഴുതിക്കുവാനുള്ള വിധിയിൽ പറഞ്ഞിട്ടുണ്ട് എങ്കിലും ശസ്ത്രബന്ധവിഷയം കണ്ണുള്ള നാളുകളെ അറിയുവാനുള്ള വിധി അതല്ല. അതിനാൽ അതിൻെറ സ്വഭാവത്തെ ഇവിടെ വിവരിക്കുകയും ചെയ്യാം.

'സാർക്കനക്ഷത്രമന്ധം സ്യാൽ തസ്മാദൂർദ്ധ്വത്രികം ത്രികം
അന്ധകാണാക്ഷിദൃക്കാണദൃക് ദൃക്കാണാന്ധസംജ്ഞിതാഃ'
ഇത്യേഷാചാര്യധാരംഭേ ദൃഷ്ടിഃ പ്രോക്താമനീഷിഭിഃ'

ഞായറവേലാനക്ഷത്രം അന്ധം — കണ്ണില്ലാത്ത നാളാകുന്നു. പിന്നെ മുമ്മൂന്നു നാളുകൾ ഓരോ വർഗ്ഗമാകുന്നു. അപ്പോൾ അഭിജിത്തിനെക്കൂടെ ഗണിക്കുകയുംവേണം. ഈ ഒമ്പതു വർഗ്ഗങ്ങളിൽ 1. അന്ധം, 2. കാണം—ഒരുകണ്ണ്. 3. അക്ഷി—കണ്ണുള്ളനാള്, 4. അക്ഷി, 5. കാണം, 6. അക്ഷി, 7. അക്ഷി, 8. കാണം, 9. അന്ധം. എന്നിങ്ങിനെയാണ് ശസ്ത്രബന്ധവിഷയം കണ്ണുള്ള നാളിന്റെ വിവരണമെന്നാണ് പൂർവ്വാചാര്യന്മാർ പറയുന്നത്. ഇവിടെ ആഴ്ചയെ കണക്കാക്കേണ്ടതുമില്ല. രണ്ടുകണ്ണുള്ള നാളുകൾ ശുഭങ്ങളും ഏകനേത്രങ്ങൾ നിന്ദ്യങ്ങളും അന്ധങ്ങൾ വർജ്ജ്യങ്ങളുമാകുന്നു. ദുഷ്ഫലത്തെ ആചാരദീപികയിൽ ഇങ്ങിനെ വിവരിക്കുന്നു.'

'അന്ധേ ശത്രോശ്ശസ്ത്രപാതാച്ച മൃത്യുഃ
കാണേ കൃച്ഛ്രാദാത്മരക്ഷാകരം സ്യാൽ
ശത്രൂൻ ഹത്വാ ശസ്ത്രലബ്ധിർദ്വിനേത്രേ
തസ്മാദന്ധാൻ വർജ്ജയേച്ഛസ്ത്രബന്ധേ'

അന്ധനക്ഷത്രദിവസം ശസ്ത്രബന്ധം ചെയ്താൽ ശത്രുവിന്റെ ശസ്ത്രമേറ്റു മരണം സംഭവിക്കും; ഒറ്റക്കണ്ണായ നക്ഷത്രദിവസം ശസ്ത്രബന്ധം ചെയ്താൽ അവന്നു വളരെ മനസ്സിരുത്തിയാൽ അപായം വരാതെ രക്ഷിക്കാം; രണ്ടുകണ്ണായ ദിവസം ശസ്ത്രബന്ധം ചെയ്താൽ ഏതു ശത്രുവിനേയും ജയിക്കുവാനും അവരുടെ ആയുധത്തെ സ്വീകരിക്കുവാനുംകൂടെ സാധിക്കും. ഇതുനിമിത്തം ശസ്ത്രബന്ധത്തിൽ അന്ധദൃക്കായ നക്ഷത്രത്തെ തീരെ വർജ്ജിക്കുകയും വേണം. 'അന്ധഭഞ്ച'എന്നതിലെ 'ച' ശബ്ദംകൊണ്ടു് മൃതതാരത്തെക്കൂടെ വർജ്ജിക്കണമെന്ന് അർത്ഥമാകുന്നു. നക്ഷത്രങ്ങൾ പൂർണ്ണജീവങ്ങൾ, അർദ്ധജീവങ്ങൾ, മൃതങ്ങൾ എന്നു മൂന്നു തരമാകുന്നു. അതുകളുടെ വിഭാഗമെങ്ങിനെ എന്നാൽ,

'രവിസ്ഥിതാ പൂർവ്വഭവോത്തരാ ച
തിസ്രോമൃതാസ്സപ്തതതോർദ്ധജീവാഃ
ഏകാമൃതാഷ്ടാവഥ പൂർണ്ണജീവാഃ
കാചിന്മൃതാ സപ്തതതോർദ്ധജീവാഃ'

ആദിത്യൻ നില്ക്കുന്ന നാളും — ഞായറവേലാനക്ഷത്രവും അതിന്റെ മുമ്പും പിമ്പുമുള്ള ഓരോനാളുംകൂടിയ മൂന്നുനാളുകൾ മൃതതാരങ്ങൾ, പിന്നെ ഏഴുനാളുകൾ അർദ്ധജീവങ്ങൾ, പിന്നെ ഒന്നു മൃതം, അതിന്നുശേഷമുള്ള എട്ടുനാളുകൾ പൂർണ്ണജീവങ്ങൾ, പിന്നെ ഒന്നു മൃതം, പിന്നെ ഏഴ് അർദ്ധജീവങ്ങൾ എന്നിങ്ങനെയാകുന്നു.

'പൂൎണ്ണജീവാശ്ശുഭാശ്ശസ്ത്രേ വിവൎജ്ജ്യാമൃതതാരകാഃ'

എന്നു പ്രമാണാന്തരവും കാണുന്നു. ശസ്ത്രബന്ധത്തിന്നു പ്രശസ്തങ്ങളെന്നു പറഞ്ഞ 13 നാളുകളിൽ ഏതെങ്കിലും ഒരു നക്ഷത്രദിവസം 'സ്വാംബുഗാസദ്യ്യയഗതഗ്രഹവഃ' എന്നു മുതലായി പറഞ്ഞ യാതൊരു ദോഷവുമില്ലാത്ത സമയനക്ഷത്രത്തുന്നാം ശസ്ത്രബന്ധം ചെയ്തുകൊള്ളുകയും വേണം. നിത്യദോഷാദികളും വൎജ്ജിക്കണം.

ഉൽകാദ്യധികാരം കഴിഞ്ഞു.

## അസ്ഥിസഞ്ചയനം.

പക്ഷേസ്ഥിസഞ്ചയനമോജതിഥാശ്ശുക്ലേ
നേഷ്ടാ ഛിരാശിഗതതാരസിതാരവാരാഃ
പിണ്ഡപ്രദാതൃജനിഭം പ്രതിപത്തൃതീയേ
പ്രേതാഷ്ടമൎക്ഷമിഹ ശീതകരഃ ശ്രുനീ ച 27

അസ്ഥിസഞ്ചയം അശ്ശുക്ലമായ പക്ഷത്തിൽ (കറുത്തപക്ഷത്തിൽ) ഒററപ്പെട്ട പക്കങ്ങളിൽ ചെയ്യാം. അപ്പോൾ വെളുത്തപക്ഷവും കറുത്തപക്ഷത്തിലെ ഇരട്ടപ്പെട്ട പക്കങ്ങളും വൎജ്ജ്യങ്ങളെന്നും ഗ്രഹിക്കണം. കറുത്ത പക്ഷത്തിലെ പ്രതിപദം, തൃതീയ എന്നിതുകൾ വൎജ്ജ്യങ്ങളുംപഞ്ചമി മദ്ധ്യമവുമാണെന്നാകുന്നു ആചാരസംഗ്രഹത്തിൽ പറയുന്നതു്. അപ്പോൾ കറുത്തപക്ഷത്തിലെ,

'പതിനൊന്നുപതിമൂന്നുപതിനഞ്ചൊമ്പതേഴപി
കൃഷ്ണപക്ഷത്തിലീസ്സംഖ്യവന്നപക്കങ്ങൾനല്ലവ'

എന്ന പക്കങ്ങൾകൊണ്ടു സഞ്ചയനം ചെയ്യാമെന്നും ഗ്രഹിക്കണം. ഇതിന്നു രണ്ടുരാശിയിൽ കൂറവരുന്ന കാൎത്തിക, മകീരം മുതലായ മൂറിനാളുകളും വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും പിണ്ഡകൎത്താക്കന്മാരുടെ പിറന്നാളും (ഇവിടെ പിണ്ഡകൎത്താക്കന്മാർ പലരുണ്ടാകിൽ എല്ലാവരുടേയും പിറന്നാൾ നോക്കേണ്ടതാണ്. ജ്യേഷ്ഠൻേറതു തീൎച്ചയായും വൎജ്ജിക്കണം. പക്കപ്പിറന്നാൾ നോക്കുകയും വേണ്ട.) പ്രതിപദവും തൃതീയയും പ്രേതാഷ്ടമൎക്ഷവും—മരിച്ചവൻെറ അഷ്ടമരാശിയും അഷ്ടമരാശിക്കൂറും ശനിയും—വിഷ്ടിക്കരണവും വൎജ്ജ്യങ്ങളാകുന്നു. 'ശ്രുനീച' എന്നതിലെ 'ച'കാരം കൊണ്ടു ഗണ്ഡാന്തത്തെ കൂടെ ഗ്രഹിക്കണം. വിഷ്ടിയും ഗണ്ഡാന്തവും സൎവ്വത്ര വൎജ്ജ്യങ്ങളാണെന്നു മുമ്പ് 'ഉൽകോൎവ്വീചലനാദി'യിൽ പറഞ്ഞിരിക്കെ ഇവിടെ വീണ്ടും പറയുകയാൽ ഉൽക്കാദ്യാധികാരം മുൻശ്ലോകത്തോടുകൂടെ കഴിഞ്ഞു എന്നും ഇനി പറയുന്ന മുഹൂൎത്തങ്ങൾക്ക് എല്ലാം വിഷ്ടിഗണ്ഡാന്തങ്ങൾ മാത്രമേ വൎജ്ജിക്കേണ്ടതുള്ളു എന്നും ഗ്രഹിക്കണം. ;ഈ പറഞ്ഞ 'അശ്ശുക്ലേ പക്ഷെ ഓജതിഥൌ സഞ്ചയനം' എന്ന നിയമം പുല പോയതിന്നുശേഷം സംചയനം ചെയ്യുന്നതായാൽ, മാത്രമെ ബാധകമാവുകയുള്ളു. പുലയിൽ ചെയ്യുന്നതായാൽ വെളുത്ത പക്ഷത്തിലും ചെയ്യാം. കറുത്ത പക്ഷമാണെങ്കിൽ ഒററപ്പെട്ട തിഥിയായി

രിക്കുകയുംവേണം. അവിടെനാലാംദിവസമാണ് സഞ്ചയനദിവസം. അപ്പോഠം അഞ്ചാംദിവസം വിധിപരമാകയാൽ അന്നു ചെയ്യരുത്. 'നേഷ്ട' എന്നു മുതലായിപറഞ്ഞ വൎജ്യങ്ങഠം പുലയിലും വൎജ്യങ്ങഠംതന്നെ. പുല കഴിഞ്ഞിട്ടു സഞ്ചയനം ഇപ്പോഠം ഒരേടത്തും നടപ്പില്ലെന്നാണ് വരദീപിക പറയുന്നത്. അപ്പോഠം പുലയിൽ നല്ല ദിവസം കിട്ടാതെ വന്നുപോയാൽ പുലയുടെ അവസാനദിവസം സഞ്ചയനം ചെയ്തുകൊള്ളണമെന്നും ധരിക്കണം. അസ്ഥിസ്ഥാപിപ്പാൻ എടവംരാശി അത്യന്തം വൎജ്യമാകുന്നു. ഈ പറഞ്ഞ അശുഭദിനങ്ങളിലോ സമയങ്ങളിലോ സഞ്ചയനം ചെയ്തുപോയാൽ ശാന്തിഹോമം തിലഹോമം മുതലായ പ്രായശ്ചിത്തം ചെയ്യുകയും വേണം.

## വസ്ത്രധാരണം.

ദിഡ്യ്യയേന്ദുവസുദസ്രരേവതീ-
ഹസ്തപഞ്ചസുരസൂദ്യ്യജോത്തരാഃ
ശുക്രദൃക് ച വസനേ സുശോഭനാ
ന സ്ത്ര്യജാളി ധനുരുഗ്രവാസരാഃ. 28

ആദ്യമായി വസ്ത്രം ഉടുത്തുതുടങ്ങുവാൻ ദിഡ്യ്യയേന്ദുവസുദസ്രരേവതീഹസ്തപഞ്ചസുരസൂദ്യ്യജോത്തരകളും ശുക്രദൃക്കും സുശോഭനങ്ങളാകുന്നു— ആറിലും പന്ത്രണ്ടിലും ചന്ദ്രനും—കൎമ്മലഗ്നത്തിൽനിന്ന് ആറിലോ പന്ത്രണ്ടിലോ ചന്ദ്രൻ നില്ക്കുന്നതു ശുഭമാകുന്നു. മററു മുഹൂൎത്തങ്ങഠംക്ക് ഈ ചന്ദ്രസ്ഥിതി ഹിതമല്ല. അതാണ് ഇവിടെ പ്രത്യേകം പറഞ്ഞത്. എന്നാൽ ഈ ചന്ദ്രസ്ഥിതി, 'ചന്ദ്രോരിവ്യയഗോമദ്ധ്യോ വസ്ത്രേ' എന്നു പറഞ്ഞ ആചാരസംഗ്രഹം മദ്ധ്യമെന്നല്ലാതെ സുശോഭനമെന്നു സംമതിക്കുന്നതുമില്ല. മദ്ധ്യമമായി സ്വീകരിക്കാമെന്നു വരദീപികയും പറയുന്നു. അവിട്ടം, അശ്വതി, രേവതി, അത്തം, ചിത്ര, ചോതി, വിശാഖം, അനിഴം, പുണർതം, പൂയം, രോഹിണി, ഉത്രം, ഉത്രാടം, ഉത്രട്ടാതി ഈ 14 നാളുകളും ശുഭങ്ങളാകുന്നു. അപ്പോഠം ബാക്കി 13 നാളുകഠം വൎജ്യങ്ങളെന്നും ഗ്രഹിക്കണം.

'ബ്രഘ്നിത്രിരോഹിണീ പുഷ്യ വസു വിശാഖഃ പുനൎവ്വസൂ
ഭഗാദയശ്ച ഷഡ്വസ്ത്രേ ശസ്താ ഏതാശ്ചതുൎദ്ദശ'

എന്ന് ആചാരസംഗ്രത്തിലും പറയുന്നു. ശുക്രദൃഷ്ടിയുള്ള രാശിയും നല്ലതാണ്. ഇതിന്ന്, സ്ത്ര്യജാളിധനുരുഗ്രവാസരങ്ങഠം വൎജ്യങ്ങളുമാണ്—കന്നി, മേടം, വൃശ്ചികം, ധനു എന്ന രാശികളും ഞായർ, ചൊവ്വ, ശനി എന്ന ആഴ്ചകളും വൎജ്ജിക്കണം. അപ്പോഠം മുൻപറഞ്ഞ 14 നാളുകളിൽ ഈ പറഞ്ഞ 4 രാശികളൊഴിച്ച് ബാക്കിയുള്ള 8 രാശികളിൽ 6ലൊ 12ലൊ ചന്ദ്രനുള്ളതും ശുക്രദൃഷ്ടിയുള്ളതുമായ സമവും നല്ലതാണ്. ഉടുത്തുതുടങ്ങുന്നതു പകലാണെങ്കിൽ പാപവാരങ്ങളെ വൎജ്ജിക്കുകയും വേണം. രാത്രിയാണെങ്കിൽ വാരത്തെ നോക്കേണ്ടതില്ല. 'പ്രഥമവസ്ത്രധാരണ മഹ

ന്ന്യേവ ശോഭനം ആപദ്യപരരാത്രപി കുർവ്വന്തി' ഉടത്തുതുടങ്ങുന്നതു പകൽതന്നെയാണ് ഉത്തമം. ആപത്തിൽ അപരാത്രത്തിലും ചെയ്യുമാറുണ്ടതാനം എന്നും ജന്മാനുജന്മനക്ഷത്രങ്ങൾ വർജ്ജിക്കേണ്ടതില്ല. ഗോമാസതാരങ്ങളും ജന്മാഷ്ടമരാശിയും അഷ്ടമരാശിക്കളരം നാലിൽ പാപന്മാരും വിഷ്ടിഗണ്ഡാന്തങ്ങളും തീച്ച്യയായും വർജ്ജിക്കണമെന്നും നാലിൽ ശുഭന്മാർ വരുന്നത് അത്യുത്തമമെന്നും ദീപികയിൽ പറഞ്ഞുകാണുന്നു.

## യാത്ര.

യായാദന്നഭനൈരൃതേ സ്ഥിരനൃയുക്
ചിത്രാംബുഗേന്ദും സ്ത്യജേ-
ദർക്കാരാർയ്യബുധാച്ഛമന്ദശശിനാം
വാരാസ്ത്വൈന്ദ്ര്യാദിഷു
പ്രാച്യാദിഷു പഥ ദിക്ഷു വിശാഖഹരിഭേ
ബുദ്ധ്ന്യശാദിഭേ രോഹിണീ-
പുഷ്യൌ ഭാനുഭഗൌ ച ജന്മഭമസൽ
ത്യാജ്യോമൃഗോന്യൌ ഗതൌ. . . 29

ഇനി യാത്രാമുഹൂർത്തത്തെവിവരിക്കുന്നു:— അനാഭനൈരൃതത്തിങ്കൽ യാനം ചെയ്യണം.—ചോദണിനു പറഞ്ഞ നാളുകളിലും മുലത്തുന്നാളും യാത്രപുറപ്പെടാം. ഇവിടെയും വിഷ്ടിഗണ്ഡാന്തങ്ങൾ വർജ്ജിക്കേണമെന്നു മുമ്പുതന്നെ പറഞ്ഞുവല്ലൊ. അതിനും പുറമെ വർജ്ജ്യങ്ങളായതുകളെ വിവരിക്കുന്നു: സ്ഥിരനൃയുക്ചിത്രാംബുഗേന്ദുക്കളെ ത്യജിക്കണം. എന്നുവെച്ചാൽ രാശികളിൽ എടവം, ചിങ്ങം, വൃശ്ചികം, കുംഭം എന്ന സ്ഥിരരാശികളും മിഥുനംരാശിയും വർജ്ജ്യങ്ങളാകുന്നു. അപ്പോൾ മററ് ഏഴുരാശികൾകൊണ്ടും യാത്രപുറപ്പെടാം ചിത്രാനക്ഷത്രവും വർജ്ജ്യമാകുന്നു. ഇതു ഊൺനാളുകളിൽപെട്ടതാണെങ്കിലും യാത്രയ്ക്കു വർജ്ജ്യമാകുന്നു. അതിനെ ഊൺനാളുകളിൽനിന്നു വേർതിരിക്കുവാനാണ് ചിത്ര വർജ്ജ്യമെന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. അപ്പോൾ ചിത്ര ഒഴിച്ചുള്ള 15 ഊൺനാളുകളും മൂലവും യാത്രയ്ക്കുനന്നെന്നും ബാക്കി 11നാളുകളും വർജ്ജ്യങ്ങളെന്നുംഗ്രഹിക്കണം. 'പ്രാശനോക്തതാശ്ശുഭാസ്താരാ സ മൂലാശ്ചിത്രയാ വിനാ' എന്നു പ്രമണാന്തരവും കാണുന്നു. 'സർവ്വദിക്ഷു ശുഭം മൂലം ചിത്രാം സർവ്വത്രവർജ്ജയേൽ' എന്ന് ആചാരസംഗ്രഹവും പറയുന്നു. അംബുഗേന്ദു എന്നാൽ കർമ്മലഗ്നത്തിൻെറ നാലാംഭാവത്തിൽ നില്ക്കുന്ന ചന്ദ്രൻ. നാലിൽ ചന്ദ്രൻ നില്ക്കുന്ന രാശിയും വർജ്ജ്യംതന്നെയാകുന്നു. 'ചന്ദ്രോംബുഗോ മൃതിം ദദ്യാൽ എന്നും പറഞ്ഞുകാണുന്നു. ഇനി ഓരോ ദിക്കിലേയ്ക്കുമുള്ള യാത്രയിൽ വർജ്ജിക്കേണ്ടുന്ന വാരനക്ഷത്രങ്ങളെ വിവരിക്കുന്നു:— ഐന്ദ്ര്യാദികളിൽ—കിഴക്കു മുതലായ ദിക്കുകളിൽ അർക്കാരാർയ്യബുധാച്ഛമന്ദശശികളുടെ വാരങ്ങളും വർജ്ജ്യങ്ങളാകുന്നു. അപ്പോൾ കിഴക്കോട്ടു ഞായറാഴ്ചയും അഗ്നികോണിലേക്കു ചൊവ്വാ

ഴ്ച്ചയും തെക്കോട്ടു വ്യാഴാഴ്ച്ചയും നിരൃതികോണിലേക്കു ബുധനാഴ്ച്ചയും പടിഞ്ഞാട്ടു വെള്ളിയാഴ്ച്ചയും വായുകോണിലേക്കു ശനിയാഴ്ച്ചയും വടക്കോട്ടു തിങ്കളാഴ്ച്ചയും വർജ്ജ്യങ്ങളെന്നു വിവേകം. ആ വക ദിവസങ്ങളിൽ ആ സ്ഥാനങ്ങളിൽ യോഗിനിയുടെ സ്ഥിതിയാണ്. അതാണ് ദോഷം.

'അൎക്കാരജീവവിച്ഛുക്രമന്ദേന്ദൂനാം ദിനേഷു തു
ഇന്ദ്രാഗ്നിപിതൃരക്ഷോംബുനാഥാനാം വായുസോമയോഃ
ദിക്ഷുയാത്രാ വർജ്ജനീയാ യോഗിന്യാസ്താസ്സു ഹിസ്ഥിതിഃ'

എന്ന് ആചാരസംഗ്രഹം പറയുന്നു. ഈ പറഞ്ഞ കിഴക്കുമുതൽ വടക്കുകൂടിയുള്ള ദിക്കുകൾ ഒഴിച്ചു ബാക്കിയുള്ള ഈശാനകോണിലേക്ക് ഏത് ആഴ്ച്ചയും പോകാം. അവിടെ യോഗിനിക്കു സ്ഥിതിയില്ല. പ്രാച്യാദികളായ ദിക്കുകളിൽ വിശാഹരിഭങ്ങളും ബുദ്ധ്യശ്വിഭങ്ങളും രോഹിണീപുഷ്യങ്ങളും ഭാനുഭഗങ്ങളും വർജ്ജ്യങ്ങളാകുന്നു. മുൻപറഞ്ഞ 16 യാത്രാനക്ഷത്രങ്ങളിൽതന്നെ, കിഴക്കേ ദിക്കിലേയ്ക്കു പോകുന്നവന് ഉത്രാടവും തിരുവോണവും തെക്കോട്ട് ഉത്രട്ടാതിയും അശ്വതിയും പടിഞ്ഞാട്ട് രോഹിണിയും പൂയവും വടക്കോട്ട് ഉത്രവും അത്തവും വർജ്ജ്യങ്ങളാണ്. ഇവിടെ വിദിക്കുകളിലേക്കു നിഷേധമില്ല. അതിനാൽ യാത്രാനക്ഷത്രങ്ങളിലെല്ലാം കോൺദിക്കുകളിലേക്കും യാത്രപുറപ്പെടുകയും ചെയ്യാം. ജന്മഭം അസൽ— ജന്മനക്ഷത്രം യാത്രക്കു വർജ്ജ്യമാകുന്നു. പിറന്നാൾ ദിവസം ഒരു ദിക്കിലേയ്ക്കും യാത്ര പുറപ്പെടരുത്. പക്കപ്പിറന്നാൾ വർജ്ജിക്കേണ്ടതുമില്ല. നൌഗതിയിങ്കൽ — ജലയാനമായ തോണി, ബോട്ട്, കപ്പൽ മുതലായതുകളിൽകൂടെ സഞ്ചരിക്കുവാൻ തുടങ്ങുന്നവൻ മൃഗം— മകരംരാശിയെ ഉപേക്ഷിക്കണം. 'നൌഗതൌ ന മകരശ്ശുഭപ്രദഃ' എന്നു ഗ്രന്ഥാന്തരത്തിലും പറയുന്നു. ഇനി യാത്രാവിഷയം അവശ്യവിജ്ഞേയങ്ങളായ മററു ചില തുകൾകൂടി വരദീപിക മുതലായതുകളിൽനിന്നു സംഗ്രഹിച്ചു വിവരിക്കാം. പ്രതിപദത്തെ വർജ്ജിക്കണം:

'നന്ദാ ഭദ്രാ ജയ പൂർണ്ണാഃ ക്രമാൽ പ്രാചാദിഷൂത്തമാഃ
'പ്രതിപത്തിഥി യാത്രായാം ക്ലേശമേതന്ന സംശയഃ

എന്നും പറഞ്ഞുകാണുന്നു. ഏതുദിക്കിലേയ്ക്കു പുറപ്പെടുവാനും ശുഭവാരങ്ങൾതന്നെയാണ് ഉത്തമം; പാപവാരങ്ങൾ നിന്ദ്യങ്ങളുമാണ്.

'യാത്രായാം സർവ്വജന്തൂനാം ഭൌമവാരാദൃതേ ശുഭം
പ്രവേശേ ചാപി തദ്വർജ്ജ്യം പ്രാഹുരേതത്ര വിശേഷതഃ'

എന്നും പറയുന്നു. എന്നാൽ ഏതേതു ദിക്കുകളിൽ ഏതേതു ആഴ്ചകൾ വർജ്ജിക്കേണമെന്നു പറഞ്ഞുവോ അതൊഴിച്ചു ബാക്കി ആഴ്ചകളിലെല്ലാം യാത്രപോകയും ചെയ്യാം. ചൊവ്വാഴ്ച വന്നുകേറരുതെന്നും ഗ്രഹിക്കണം.

സ്ത്രീകൾക്കു പോകുവാനും പശുക്കളെ കൊണ്ടുപോകുവാനും ബുധനാഴ്ച്ചയും വെള്ളിയാഴ്ച്ചയും നന്നല്ല. ശുക്രജ്ഞവാരൌ ന ശുഭൌ ഗോസ്ത്രീ

യോ ദ്ദൂരതോ ഗതൌ' എന്ന് ആചാരസംഗ്രഹത്തിലും പറയുന്നു. രാജാക്കന്മാർക്കു യാത്രപോകുവാൻ യാത്രായോഗങ്ങളാണ് പ്രധാനമായി നോക്കേണ്ടത് മുഹൂർത്തവുംകൂടെ ഉണ്ടെങ്കിൽ അധികംനന്ന് എന്നേ ഉള്ളു. ബ്രാഹ്മണവൈശ്യാദികൾക്ക് അങ്ങിനെയല്ല. അവർക്കു മുഹൂർത്തമാണ് പ്രധാനം യോഗമുണ്ടായാൽ അധികം നന്നെന്നേ ഉള്ളു. 'യോഗൈർഗ്ഗച്ഛന്തി ഭൂപാലാ മുഹൂർത്തേന ദ്വിജാതയഃ അന്യേഷാം ശകുനൈസ്സിദ്ധിസ്സർവ്വേഷാമപി വാ തഥാ' എന്നും പറഞ്ഞുകാണുന്നു. യാത്രായോഗങ്ങൾ ഗ്രന്ഥാന്തരങ്ങളിൽ പല പ്രകാരത്തിൽ പറഞ്ഞിട്ടുണ്ട്. അതിൽ ചിലതിനെക്കൂടെ ഇവിടെ വിവരിക്കാം.

'ആപോക്ലിമഗതശ്ചന്ദ്രഃ കേന്ദ്രസ്ഥശ്ച ബൃഹസ്പതിഃ
ഐന്ദ്രയോഗസ്സവിജ്ഞേയോ യാതുരിഷ്ടഫലപ്രദഃ
ജീവശ്ശുക്രബുധേഷ്വേകോ ബലീ കേന്ദ്രത്രികോണഗഃ
യോഗോയം ബ്രഹ്മണാ പ്രോക്തോ യാത്രായാം സുഖദഃ സ്വയം
വിലഗ്നസംസ്ഥിതേ ചന്ദ്രേ കേന്ദ്രേ ശുക്രേഥവാ ഗുരൌ
യാത്രായാ മുദിതോ യോഗസ്സർവ്വകാര്യാർത്ഥസാധകഃ
ചന്ദ്രേ ലഗ്നേനുജ്ഞോ പാപേ സപ്തമസ്ഥേ നിശാകരേ • .
വ്യയേ ബുധോ വാ ശുക്രോ വാ യാത്രായോഗോയ മുത്തമഃ'

ഇതേമാതിരി യാത്രായോഗങ്ങൾ മാധവീയാദികളിൽ വളരെ വിസ്തരിച്ചു പറയുന്നുണ്ട്, അതുകളെല്ലാം ശുഭങ്ങൾതന്നെയാണ്. അതുകളുടെ സ്വരൂപജ്ഞാനത്തിന്നു മാത്രം ഇവിടെ ഇത്രയും പറഞ്ഞതാണ്. യോഗമുണ്ടെങ്കിലും യാത്രയ്ക്കു തീരെ വർജ്ജ്യങ്ങളെന്നു പറഞ്ഞ സമയങ്ങളിൽ പോവുകയുമരുത്. അത് അത്യാപൽകരമായിത്തീരുകയും ചെയ്യും. അത്യന്തവർജ്ജ്യങ്ങളെ ഗ്രന്ഥാന്തരത്തിൽ ഇങ്ങിനെ വിവരിക്കുന്നു:—

'പൂർവ്വായാമ്യേന്ദ്രസർപ്പേശചിത്രാഗണ്ഡാന്തവിഷ്ടയഃ
യോഗേ സത്യപി സന്ത്യാജ്യാ യാത്രായാം പ്രാണനാശനാഃ

പൂരം, പൂരാടം, പൂരോരുട്ടാതി, ഭരണി, തൃക്കേട്ട. ആയില്യം, തിരുവാതിര, ചിത്ര എന്ന നാളുകളിലോ ഗണ്ഡാന്തമോ വിഷ്ടിയിയോ ഉള്ള സമയത്തോ എത്ര നല്ല യോഗമുണ്ടെങ്കിലും യാത്ര പുറപ്പെടരുത്. ഈ പറഞ്ഞ നക്ഷത്രസമയങ്ങൾ യാത്രപോകുന്നവന്നു പ്രാണഹാനികരങ്ങളാകുന്നുഎന്നും ധരിക്കണം.

മുൻകൂട്ടി ആലോചിക്കുവാൻ സാധിക്കാതെ വേണ്ടിവരുന്ന അടിയന്തരയാത്രയ്ക്കു മുഹൂർത്തയോഗാദികളെ നോക്കുവാൻ സാധിക്കുകയില്ല അവിടെ പ്രഭാതസമയത്തു സൂര്യഭഗവാനെ വന്ദിച്ചു പുറപ്പെട്ടുകൊള്ളുക.

'ഈഷൽ പ്രഭാകരകരൈരരുണായ മാനേ
താരാഗണേ വിലുളിതേ ശകുനിപ്രബോധേ

നൈവ ഗ്രഹർക്ഷതിഥി വാസരതാരദോഷാഃ
പൂഷാ കരോത്യഭിമതം ഗമനോത്സുകാനാം'

എന്നു പ്രമാണവചനവുമുണ്ട്. ഈ വിഷയത്തിൽ, 'ആവശ്യത്തിങ്കൽ പ്രകാശസമയം ആദിത്യനെ നമസ്കരിച്ചു പുറപ്പെട്ടുകൊൾക. മററൊന്നും നിരൂപിക്കേണ്ട. ശകുനസൂക്തമോ നൂററെട്ടുപഞ്ചാക്ഷരമോ ജപിച്ചു. വല്ല ദിക്കിലേയ്ക്കും വല്ലപ്പോഴും പുറപ്പെട്ടുകൊൾക.' എന്നു തമ്പ്രാക്കൾ ഭാഷയിലും പറയുന്നു. 'പ്രദക്ഷിണീകൃത്യശശാങ്കശേഖരം പ്രയാസ്യതഃ കസ്യ ഭവത്യമംഗളം'എന്ന് ആപ്തവാക്യവുമുണ്ട്. പിറന്നാളിൻെറ ആറാം നാൾ യാത്രയ്ക്കുവിശേഷമാണ്. ഇതേവിധം നല്ല സമയംനോക്കി പുറപ്പെട്ടവൻ നൂറവിൽപാടു ദൂരംപോകുന്നതിന്നുമുമ്പെ ഒരിടത്തും താമസിക്കരുത്. ആ ദൂരത്തിന്നുള്ളിൽ കാണുന്നതും കേൾക്കുന്നതുമായ നിമിത്തമാണ് ശകുനം ഇത് 100 അടി വെയ്ക്കുന്നതിന്നുള്ളിലാണെന്നും ചിലർക്കഭിപ്രായമുണ്ട്. ശകുനങ്ങളുടെ ശുഭാശുഭസ്വഭാവം സുപ്രസിദ്ധമാകയാൽ ഇവിടെ വിവരിക്കുന്നില്ല. അത്യന്തനിന്ദ്യങ്ങളായ ചിലതിനെമാത്രം വിവരിക്കുകയും ചെയ്യാം.

'മാർജ്ജാരയുദ്ധം കലഹോ ദ്വിജാനാം
പശുക്ഷുതം പന്നഗദർശനഞ്ച
രജസ്വലാ സ്ത്രീ ശവദാഹകശ്ച
യാത്രാമുഖേ പ്രാണഹരാഷ്ടഷഡേതേ'

കഠിനമായ ദുശ്ശകുനം കണ്ടാൽ ഉടനെ മടങ്ങികൊൾക. അല്പമായ ദുശ്ശകുനമാണെങ്കിൽ,

'ശശ്വദുദയസ്ഥിതിലയപ്രഭുരമേയോ
വിശ്വജനവന്ദ്യചരണാംബുരുഹയുഗ്മഃ
ആശ്രിതവപുർഗ്ഗിരിജയാ കുചനതാംഗ്യാ
ദുശ്ശകുനദോഷമപഹന്തു മമ ശംഭുഃ'

എന്നു മൂന്നുരു ജപിച്ചു സദാശിവമൂർത്തിയെ ധ്യാനിച്ച് ഒന്നു പ്രദക്ഷിണംവെച്ചു പോയ്ക്കൊൾക. യാത്ര പുറപ്പെട്ട് ഒരു ദിക്കിൽ ചെന്നാൽ അവിടെനിന്നു ചെന്നതിൻെറ മൂന്നാംദിവസം പോവരുത്. അഞ്ചുദിവസം ഒരു ദിക്കിൽ താമസിച്ചാൽ പിന്നെ നല്ലദിവസം നോക്കി പുറപ്പെടണം. പോയതിൻെറ ഒമ്പതാംദിവസവും ഒമ്പതാംമാസവും സ്വഗൃഹത്തിൽ മടങ്ങിചെല്ലരുത്. 'നിർഗ്ഗമാന്നവമേമാസി ദിനേ വാ ന വിശേൽ ഗൃഹം' എന്നു ആചാരസംഗ്രഹവും പറയുന്നു. ഈ പറഞ്ഞ സ്ഥിരരാശി മുതലായവയും വിഷ്ടിഗണ്ഡാന്തങ്ങളും ഗോമാംസതാരങ്ങളും ജന്മാഷ്ടമരാശിയും അഷ്ടമരാശിക്കൂറും യാത്രയിൽ തീർച്ചയായും വർജ്ജിക്കണം. അടിയന്തരയാത്രയ്ക്കു പ്രഭാതസമയം പോകുന്നതായാൽ ഇതൊന്നും നോക്കുകയുംവേണ്ട കൂടാതെ നിവൃത്തിയില്ല എന്ന ഘട്ടത്തിലല്ലാതെ മററു കാര്യങ്ങൾക്കായി

പ്രഭാതസമയം യാത്ര പോകുന്നതായാലും മുൻപറഞ്ഞ വിധികളെല്ലാം നോക്കുകയും വേണമെന്നും ഗ്രഹിക്കണം.

ഔഷധം.

ചിത്രാദ്യൎക്ഷപിവിധിത്രിവാരുണഗുരു-
ശ്രീശാഃ കുജാൎക്കാൎയ്യവി-
ദ്വാരാം ബുക്ഷയദുഷ്ടയോഗചരവീണാ-
ന്ത്യാളിരിക്താഃ ശുഭാഃ
നോ പൂൎണ്ണാ നിധനാരിഗാ അപി ഖരാ
ജന്മത്രയഞ്ചൌഷധേ
നേത്രേച്ഛോഗ്രദിനാന്ധഭാനി ശുഭദാഃ
സൂതൌ ചരാ ധോമുഖാഃ.

ഇനി ഔഷധസേവനത്തിന്നുള്ള മുഹൂൎത്തത്തെ വിവരിക്കുന്നു:— ഔഷധത്തിങ്കൽ ചിത്രാദ്യൎക്ഷപിവിധിത്രിവാരുണഗുരുശ്രീശങ്ങളും കുജാൎക്കാൎയ്യവിദ്വാരാംബുക്ഷയദുഷ്ടയോഗചരവീണാന്ത്യാളിരിക്തകളും ശുഭങ്ങളാകുന്നു. ഔഷധമെന്നാൽ ഔഷധം സേവിച്ചുതുടങ്ങുക ധാര, നവരക്കിഴി മുതലായവ ചികിത്സ തുടങ്ങുക, ഔഷധധാരണം മുതലായവയുമാകുന്നു. അതിന്നു ചിത്ര, ചോതി, അശ്വതി, രോഹിണി, മകീരം, തിരുവാതിര, ചതയം, പൂയം, തിരുവോണം എന്ന ഒമ്പതു നാളുകളും നന്ന്. അപ്പോൾ ബാക്കി 18 നാളുകളും വൎജ്യങ്ങളെന്നും ഗ്രഹിക്കണം. ആഴ്ചകളിൽ ചൊവ്വ, ഞായർ, വ്യാഴം, ബുധൻ എന്ന 4 ആഴ്ചകളും കൊള്ളാം. തിങ്കൾ, വെള്ളി, ശനി എന്നിതുകൾ ത്യാജ്യങ്ങളെന്നും ഗ്രഹിക്കണം. രാശികളിൽ അംബുക്ഷയം വേലിയിറക്കമുള്ള സമയം ശുഭമാകുന്നു. എന്നാൽ ഈ വിഷയത്തിൽ,

'പുഷ്ടിദൌഷധസേവയാമൌഷധഗ്രഹണേപി വാ
ജലവൃദ്ധികാലശ്ശുഭദസ്തതോന്യേഷ്വപരശ്ശുഭഃ'

ശരീരത്തിന്നു പുഷ്ടിയുണ്ടാകുവാൻ മാത്രമായി വാജീകരണാദ്യൌഷധം ശീലിച്ചുതുടങ്ങുവാനും വിധിപ്രകാരം ഔഷധം എടുത്തു സൂക്ഷിക്കുവാനും വേലിയേററമുള്ള സമയമാണ് വേണ്ടത്; രോഗശാന്തിക്കായി ഔഷധം ശീലിച്ചുതുടങ്ങുവാൻ വേലിയിറക്കമുള്ള സമയമാണ് ശുഭം എന്നാണ് ആചാരസംഗ്രഹത്തിൽ പറയുന്നത്. ദുഷ്ടയോഗങ്ങളും ഔഷധത്തിന്നു വിരോധമില്ല. ദുഷ്ടയോഗങ്ങളെന്നാൽ ലാടം, വൈധൃതം, ഏകാൎഗ്ഗളം, ദഗ്ദ്ധയോഗം, അഹിശിരസ്സ് എന്നിതുകളാകുന്നു. ഇതുകളുടെ വിവരണം നിത്യദോഷപ്രകരണത്തിൽ പറഞ്ഞിട്ടുമുണ്ട്. ചരരാശികളും മേടം, കൎക്കടകം, തുലാം മകരം എന്ന രാശികളും, മിഥുനംരാശിയും മീനംരാശിയും വൃശ്ചികംരാശിയും നന്ന് അപ്പോൾ മററ് അഞ്ചു രാശികളും വൎജ്യങ്ങളെന്നും ഗ്രഹിക്കണം. പക്കങ്ങളിൽ രിക്തകൾ—ചതുൎത്ഥി, നവമി ചതുൎദ്ദശി എന്ന പക്കങ്ങളും ഔഷധപരിശീലനത്തിന്നു കൊള്ളാം. അപ്പോൾ

മററ പക്കങ്ങളെല്ലാം വൎജ്ജ്യങ്ങളെന്നു് അൎത്ഥമില്ലതാനും. രിക്തസൎവ്വകൎമ്മങ്ങൾക്കും വൎജ്ജ്യമാണെന്നാണു് മുമ്പുപറഞ്ഞിട്ടുള്ളതു്. അതു് ഇവിടെ ബാധകമല്ലഎന്നു മാത്രമെ ഇവിടുത്തെ രിക്താശബ്ദത്തിന്നു് അൎത്ഥമുള്ളു. അല്ലെങ്കിൽ അടുത്തു വിവരിക്കുന്ന നിഷേധവിധിയിലെ പൂൎണ്ണാശബ്ദം നിരൎത്ഥമാവുകയും ചെയ്യും. വൎജ്ജ്യങ്ങളെ വിവരിക്കുന്നു:—പൂൎണ്ണകളും നിധനാരിഗന്മാരായ ഖരന്മാരും ജന്മത്രയവും വൎജ്ജ്യങ്ങളാകുന്നു. പൂൎണ്ണകളെന്നാൽ പഞ്ചമി, ദശമി, വാവു് എന്ന പക്കങ്ങളാകുന്നു. എട്ടിലും ആറിലും പാപന്മാർ—കൎമ്മലഗ്നത്തിന്റെ ഷഷ്ഠാഷ്ടമസ്ഥാനങ്ങളിൽ പാപന്മാർ നില്ക്കുന്നതും വൎജ്ജ്യമാണു്. ജന്മത്രയം—ജന്മനക്ഷത്രവും അനുജന്മനക്ഷത്രങ്ങളും വൎജ്ജിക്കണം. എന്നാൽ വിഷ്ടിഗണ്ഡാന്തങ്ങളും വിഷോൎണ്ണങ്ങളും കൂടെ വൎജ്ജിക്കുകയും വേണം. അപ്പോൾ മുൻപറഞ്ഞ നാളുകളിൽ വരുന്ന ഗണ്ഡാന്തവും നന്നെന്നു പറഞ്ഞ രിക്തകളിൽ കൂടിയുള്ള വിഷ്ടികളും ഉപേക്ഷിക്കണമെന്നും ഗ്രഹിക്കണം. ഇനി ഔഷധത്തിൽ ചില ഭേദങ്ങളുള്ളതിനെക്കൂടെ വിവരിക്കുന്നു:—നേത്രത്തിങ്കൽ അച്ഛാഗ്രദിനാന്തഭങ്ങൾ വൎജ്ജ്യങ്ങളാകുന്നു. എന്നാൽ, കണ്ണിൽ ദീനത്തിന്നു ചികിത്സ തുടങ്ങുവാൻ വെള്ളിയാഴ്ചയും പാപവാരങ്ങളും—ഞായർ, ചൊവ്വ,ശനി എന്ന ആഴ്ചകളും വൎജ്ജ്യങ്ങളാകുന്നു. ഇവിടെ,

'നേത്രരോഗേഷുവൎജ്ജ്യന്തെ വാരാശ്ശുക്രാരഭാസ്വതാം'

നേത്രരോഗചികിത്സയ്ക്കു് വെള്ളി, ചൊവ്വ ഞായർ എന്ന ആഴ്ചകൾ വൎജ്ജിക്കണം എന്നേ ആചാരസംഗ്രഹത്തിൽ പറയുന്നുള്ളു. അതു നിമിത്തം ശനിയാഴ്ച മദ്ധ്യമമായി സ്വീകരിക്കാമെന്നു വരദീപികയും പറയുന്നു. അന്ധഭങ്ങളും—കണ്ണില്ലാത്ത നാളുകളും വൎജ്ജിക്കണം. ഒരു കണ്ണായ നാളുകൾ മദ്ധ്യമമായി സ്വീകരിക്കാം. രണ്ടു കണ്ണുള്ള ദിവസമാണു് ഉത്തമം. ഇവിടെ കണ്ണുള്ള ദിവസത്തെ കണക്കാക്കേണ്ടതു കണ്ണെഴുത്തിന്നു പറഞ്ഞതുപോലെയാണു്. ശസ്ത്രബന്ധത്തിന്നു പറഞ്ഞതുപോലെയല്ല എന്നും ഗ്രഹിക്കണം. സൂതിയിങ്കൽ—സുഖപ്രസവാൎത്ഥം ഗൎഭിണിക്കു ചെയ്യുന്ന ചികിത്സകൾക്കു ചരാധോമുഖങ്ങൾ—ചരരാശികളും അധോമുഖരാശികളും ശുഭങ്ങളാണു്. അപ്പോൾ സ്ഥിരോഭയരാശികളും ഊൎദ്ധ്വമുഖതിൎയ്യങ്മുഖരാശികളും വൎജ്ജ്യങ്ങളെന്നും ഗ്രഹിക്കണം. എന്നാൽ ഉഭയതിൎയ്യങ്മുഖങ്ങൾ മദ്ധ്യമമായി സ്വീകരിക്കാമെന്നാണു് ആചാരസംഗ്രഹത്തിന്റെ അഭിപ്രായമെന്നും ഗ്രഹിക്കണം. ഈ വിഷയത്തിൽ ഗ്രന്ഥാന്തരങ്ങളിൽ ചിലഭേദങ്ങൾകൂടെ പറയുന്നുണ്ടു്. അതുകളേയും വിവരിക്കാം. മൂലരോഗചികിത്സയ്ക്കു പൂൎണ്ണിമയുടെ ഉത്തരാൎദ്ധം സ്വീകരിക്കാം. കറുത്തവാവും നല്ലതാണു്. കുഷ്ഠരോഗചികിത്സയ്ക്കു പാപദൃഷ്ടോദയങ്ങൾ കൊള്ളാം.

പാപവാരോഡുതൽത്ര്യംശേ പാപരാശ്യുദയേ നൃണാം
പാപദൃഷ്ടേ ക്രിയാം കുൎയ്യാദൌഷധൈഃ കുഷ്ഠരോഗിണാം'

എന്നു പ്രമാണാന്തരവും കാണുന്നു. ഔഷധത്തിങ്കൽ ജന്മനക്ഷത്രത്തിങ്കൽനിന്നു മൂന്നഞ്ചേഴാം നാളുകളും അഷ്ടമരാശിയും അഷ്ടമരാശിക്കുറും

വർജ്ജിക്കണം. ആർത്ത്യയികത്തിങ്കൽ അതാതുദിവസം നല്ലനേരം നോക്കി ഔഷധം ശീലിച്ചുകൊള്ളുകയും വേണം.

### നുകംവെപ്പാൻ.

ശശിശിവപിതൃരക്ഷഃ പൌഷ്ണപൂർവ്വോത്തരേന്ദ്ര-
ജ്വലനവരുണമിത്രേഷ്വിന്ദുജീവജ്ഞവാരേ
യുഗമുപരി വൃഷാണാം വിന്യസേയുർവ്വിഹായ
സ്ഥിരകരണമൃഗേന്ദ്രവ്യാഘ്രവിഷ്ടീസ്സരിക്താഃ. 31

ഇനി കൃഷിസംബന്ധങ്ങളായ മുഹൂർത്തങ്ങളെയാണ് വിവരിക്കുന്നത്. അതിൽ ആദ്യമായി മൂരിയെ നുകംവെയ്ക്കുവാനുള്ള മുഹൂർത്തത്തെ വിവരിക്കുന്നു:—വൃഷങ്ങളുടെ ഉപരിഭാഗത്തിങ്കൽ യുഗത്തെ, ഇന്ദുജീവജ്ഞവാരത്തിങ്കൽ ശശിശിവപിതൃരക്ഷഃ പൌഷ്ണപൂർവ്വോത്തരേന്ദ്ര ജ്വലനവരുണമിത്രങ്ങളിൽ സരിക്തകളായിരിക്കുന്ന സ്ഥിരകരണമൃഗേന്ദ്രവ്യാഘ്രവിഷ്ടികളെ ഒഴിച്ച് വിന്യസിക്കണം. എന്നുവെച്ചാൽ നുകംവെപ്പാൻ തിങ്കൾ, വ്യാഴം, ബുധൻ എന്ന ആഴ്ചകൾ നന്ന്. മററ നാല് ആഴ്ചയും വർജ്ജ്യം. നാളുകളിൽ മകീരം, തിരുവാതിര, മകം, മൂലം, രേവതി, പൂരം, പൂരാടം, പൂരോട്ടാതി, ഉത്രം, ഉത്രാടം, ഉത്രട്ടാതി, തൃക്കേട്ട, കാർത്തിക, ചതയം, അനിഴം എന്ന 15 നാളുകളും നന്ന്. ബാക്കിയുള്ള 12 നാളുകളും വർജ്ജ്യങ്ങൾ. ഈ പറഞ്ഞ നാളുകളിൽ ഒന്നുംമുൻപറഞ്ഞ ആഴ്ചകളിൽ ഒന്നുംകൂടി വരുന്ന ദിവസം കാളകൂട്ടിയെ നുകംവെയ്ക്കാം. പക്ഷെ അന്ന് സ്ഥിരകരണമോ സിംഹക്കരണമോ വ്യാഘ്രക്കരണമോ വിഷ്ടിക്കരണമോ രിക്താതിഥിയോ ആയിരിക്കരുതെന്നും ഗ്രഹിക്കണം. വിശിഷ്യ ഗുളികോദയവും ഗണ്ഡാന്തവും കൂടെ വർജ്ജിക്കണം. വേലിയേററമുള്ള സമയമായാൽ അധികം നന്ന് എന്നുമാണ് വരദീപികാഭിപ്രായം.

### ചാലിടുവാൻ

സാക്തെദചികൃതിതിഥ്യഗർക്ഷതൽ-
പാശ്ചഭാനി, ഗണിതാനി, സാഭിജിൽ
വൃശ്ചികാരശനിവാരഭാദ്രികാഃ
ഖാക്കവേശ്മശശിനസ്ത്യജേൽ, കൃഷൌ. 32

മീനഗോമിഥുനനക്രകർക്കടെ-
വ്യാഘ്രസിംഹകരിവാരിവൃദ്ധയഃ
പുഷ്യപൌഷ്ണസുരസൂത്തരാസ്ഥര-
ബ്രഢ്നധാതൃരവിവാസരാഃ ശുഭാഃ. 33

നുകം വെയ്ക്കുവാനുള്ള മുഹൂർത്തത്തെ പറഞ്ഞതിന്നുശേഷം ഇനി രണ്ടു ശ്ലോകങ്ങൾകൊണ്ടു ചാലിടുവാൻ—വിഷു കഴിഞ്ഞതിന്നുശേഷം

ആദ്യമായി പൂട്ടിത്തുടങ്ങുവാനുള്ള മുഹൂർത്തത്തെ വിവരിക്കുന്നു: അതിൽ ആദ്യത്തെ ശ്ലോകംകൊണ്ടു നിഷേധങ്ങളേയും രണ്ടാമത്തേതുകൊണ്ടു ശുഭങ്ങളേയുമാണ് പറയുന്നത്. അഭിജിത്തിനോടുകൂടെ ഗണിതങ്ങളായ സാക്ഷതദ്വികൃതിതിഥ്യഗർക്ഷതൽ പാശ്വഭങ്ങളും—ആദിത്യൻ നില്ക്കുന്നനാളും അതിന്റെ വികൃതിതാരം—23-ാമത്തെ നാളും തിഥ്യർക്ഷം—15-ാമത്തെ നാളും അഗർക്ഷം 7-ാമത്തെനാളും ആ നാളുകളുടെ ഇരുപുറമുള്ള നാളുകളും (മേടമാസം ആദ്യത്തിൽ അശ്വതി ഞാററുവേലയായിരിക്കുമല്ലോ. അപ്പോൾ ആദിത്യൻ നിന്ന നാൾ അശ്വതി, അതിന്റെ ഏഴാംനാൾ പുണർതം, 15-ാംനാൾ ചോതി, 23-ാംനാൾ തിരുവോണം. ഇരുപുറമുള്ള നാളുകൾ രേവതി, ഭരണി, തിരുവാതിര, പൂയം, ചിത്ര, വിശാഖം, അഭിജിത്ത്, അവിട്ടം എന്നിതുകളുമായിരിക്കും) വൃശ്ചികംരാശിയും ചൊവ്വാഴ്ചയും ശനിയാഴ്ചയും ഭദ്രാതിഥികളും—ദ്വിതീയ, സപ്തമി, ദ്വാദശി എന്ന പക്കങ്ങളും (ഇതുകൾക്കു പന്തമെന്നും പേരുണ്ട്) ഖാക്കൻ പത്താമേടത്തു സൂര്യനും വേശ്മശശിയും—4-ൽ ചന്ദ്രനും ചാലിടുവാൻ വർജ്ജ്യങ്ങളാകുന്നു. മീനഗോമിഥുനനക്രകർക്കടവ്യാഘ്രസിംഹകരിവാരിവൃദ്ധികളും പുഷ്യപൌഷ്ണസുരസൂത്തരാസുരബ്രദ്ധ്നധാതൃരവിവാസരങ്ങളും ശുഭങ്ങളാകുന്നു. എന്നാൽ, രാശികളിൽ മീനം, എടവം, മിഥുനം, മകരം, കർക്കടകം എന്ന രാശികൾ ശുഭങ്ങളാകുന്നു. വൃശ്ചികം തീരെ വർജ്ജ്യമെന്നു മുമ്പുതന്നെ പറഞ്ഞിരിക്കയാൽ ബാക്കിയുള്ളമേടം, ചിങ്ങം, കന്നി തുലാം ധനു, കുംഭം എന്ന രാശികൾ നിന്ദ്യങ്ങളുമാണ്. കരണങ്ങളിൽ വ്യാഘ്രം, സിംഹം, ആന എന്നതുകൾ ശുഭങ്ങളാണ്. അപ്പോൾ പന്നി, കഴുത, പശു, വിഷ്ടി, എന്ന കരണങ്ങളും സ്ഥിരകരണങ്ങളും വർജ്ജ്യങ്ങളാകുന്നു. വേലിയേററമുള്ള സമയം ശുഭമാണ്. 'ജലഹ്രാസോത്ര നിന്ദ്യഃസ്യാജ്ജലവൃദ്ധിസ്സുശോഭനാ' എന്നും പറഞ്ഞുകാണുന്നു. നാളുകളിൽ പൂയം, രേവതി, പുണർതം, ഉത്രം, ഉത്രാടം, ഉത്രട്ടാതി, മൂലം, അത്തം, രോഹിണി എന്ന ഒമ്പതുനാളുകൾ ശുഭങ്ങളാണ്. അപ്പോൾ ബാക്കി 18 നാളുകളും ചാലിടുവാൻ കൊള്ളരുത്. ഈ ഒമ്പതു നാളുകളിൽതന്നെ മുൻപറഞ്ഞ ആദിത്യസ്ഥിതാദിലാംഗൂലശൂലനക്ഷത്രത്തിൽ പെട്ടതിനേയും ഖണ്ഡാന്താംശത്തെയും തീരെ വർജ്ജിക്കുകയും വേണം. ഞായറാഴ്ചയും ശുഭമാണ്. ഇതുകൊണ്ടു മററ് ആഴ്ചകളെല്ലാം വർജ്ജ്യങ്ങളെന്നർത്ഥമില്ല. ഞായറാഴ്ച അത്യുത്തമമെന്നേ അതിന്നർത്ഥമുള്ളു. മററ് പാപവാരങ്ങൾ വർജ്ജിക്കുകയും വേണം. 'മന്ദാരവാസരൌ പാററാ' എന്നു കാലദീപകവും പറയുന്നു. അദ്ദേഹം 'രാഹുമന്ദകുജാ ലഗ്നേ ശുക്ര പാപാശ്ച സപ്തമേ എട്ടിലും നാലിലും ചന്ദ്രൻ ദ്ദശമേ വർജ്ജയേദ്രവിഃ' എന്നുകൂടെ പറയുന്നതുമുണ്ട്. ഇതിന്ന് അപരരാത്രവും കൂടെ സ്വീകരിക്കുമാറുണ്ട്.

'ആദ്യേത്ര്യംശദ്വയം വർജ്ജ്യം നിശായാ കൃഷികർമ്മണി'

എന്നു പ്രമാണാന്തരവും കാണുന്നു. വിഷോഷ്ണഗുളികോദയങ്ങളെ വർജ്ജിച്ചാൽ നന്ന്. കൃഷി ഉടമസ്ഥന്റെജന്മനക്ഷത്രാനുജന്മനക്ഷത്രങ്ങളും

അഷ്ടമരാശിയും അഷ്ടമരാശിക്കളും കൂടെ വർജ്ജിക്കണമെന്നാണ് വരദീപികയുടെ പക്ഷം. 'വേലിയേററവും കേന്ദ്രത്രികോണങ്ങളിൽ വ്യാഴവും സിംഹവ്യാഘ്രകരികരണങ്ങളും ഉണ്ടായാൽ മറെറാന്നും നോക്കേണ്ട' എന്നു തമ്പ്രാക്കൾ ഭാഷയിലും പറയുന്നു.

വ്രീഹിവാപനം (വിതപ്പാൻ)

ഭദ്രാപക്ഷതിഗോവരാഹസലില-
 ഹ്രാസേന്ദുപൂർവ്വായമ-
ത്വാഷ്ട്രാഹിദ്വയമേഷവൃശ്ചികധനുഃ-
 കന്യാസ്ത്വജേദ്വാപനേ.
പാതർക്ഷാദപി രുദ്രതിഥ്യതിധൃതീ-
 ഷ്ഷാൾകൈന്ത്രയോവിംശതോ
നേഷ്ടഃ ഖാംബുശശീ ഖരാഖ്യകരണ-
 ഞ്ചാഗ്നീശശ്രുപ്പാണി വാ. 34

---

ചാലിടുവാൻ പറഞ്ഞതിനുശേഷം ഇനി വിതപ്പാനുള്ള മുഹൂർത്തത്തെ പറയുന്നു:—വാപനത്തിങ്കൽ ഭദ്രാപക്ഷതിഗോവരാഹസലിലഹ്രാസേന്ദുപൂർവ്വായമത്വാഷ്ട്രാഹിദ്വയമേഷവൃശ്ചികധനുഃ കന്യകളും പാതപാതർക്ഷത്തിങ്കൽനിന്ന് രുദ്രതിഥ്യധൃതികളും ത്രയോവിംശത്തിങ്കൽനിന്നു ഷാൾകകങ്ങളും ത്യജിക്കണം. ഖാംബുശശിയും ഖരാഖ്യകരണവും ഇഷ്ടമല്ല അഗ്നീശശ്രുപ്പങ്ങൾ അനിഷ്ടങ്ങൾതന്നെ—വിതപ്പാൻ ഭദ്രകൾ—പന്തം, പ്രതിപദം, പശുക്കരണം, പന്നിക്കരണം, വേലിയിറക്കമുള്ള സമയം എന്നിതുകൾ വർജ്ജിക്കണം. വിഷ്ടിഗണ്ഡാന്തങ്ങൾ വർജ്ജ്യങ്ങളെന്നു പറഞ്ഞിരിക്കയാൽ ബാക്കി കരണങ്ങൾ കൊള്ളാമെന്നും ഗ്രഹിക്കണം. കഴുതക്കരണം നിന്ദ്യമെന്ന് അടുത്തുവിവരിക്കുന്നതാകയാൽ അതും വർജ്ജിക്കണം. നാളുകളിൽ തൃക്കേട്ട,പൂരം,പൂരാടം പൂരോരുട്ടാതി, ഭരണി, ചിത്ര, ആയില്യം, മകം ഈ എട്ടുനാളുകളും വർജ്ജിക്കണം. മററ് 19 നാളുകളും കൊള്ളുമെന്നു സാരം. രാശികളിൽ മേടം, വൃശ്ചികം, ധനു, കന്നി എന്ന നാലു രാശികൾ വർജ്ജിക്കണം. മുൻപറഞ്ഞ 19 നാളുകളിൽതന്നെ രാഹുചക്രം പെടുന്നനാളും വർജ്ജിക്കണം. അതിൻെറ വിവരണമെങ്ങിനെ എന്നാൽ പാതർക്ഷാദപി—രാഹു ഏതുനക്ഷത്രത്തിൽ നില്ക്കുന്നുവോ ആ നാൾ പാതർക്ഷം. അതുമുതൽ 11-ം 15-ം 19-ം നാളുകളും 23-ാം നാളുമുതൽ 12 നാളുകളുംകൂടിയ 15 നാളുകൾ രാഹുചക്രം. അതും വർജ്ജിക്കണം. രാഹു അശ്വതിനാളിൽനില്ക്കുന്നുഎന്നു വിചാരിക്കുക. അപ്പോൾ പൂരം, ചോതി, മൂലം എന്നിതുകളും അവിട്ടം മുതൽ പുണർതംകൂടി 12 നാളുകളും രാഹുചക്രം. ഇതേവിധം മററ നാളുകളിൽ നില്ക്കുമ്പോഴും കണ്ടുകൊൾക. ഇവിടെ അഭിജിത്തിനെ കണക്കാക്കുകയും വേണ്ട. കർമ്മലഗ്നത്തിൽ നിന്ന് പത്തിലും നാലിലും ചന്ദ്രൻ നില്ക്കുന്നതും കഴുതക്കരണവും നിന്ദ്യമാ

ണ്. കാത്തിക, തിരുവാതിര, വിശാഖം എന്ന നാളുകഠം വികല്പിച്ച നിന്ദ്യങ്ങളാണ്—എന്നു വെച്ചാൽ മദ്ധ്യമങ്ങളെന്നുസാരം. ഇവിടെ നിഷിദ്ധങ്ങളെ പറയുകാൽ ഇതുകളൊഴിച്ച ബാക്കി ദിവസസമയങ്ങഠം ഗ്രഹിച്ചു കൊഠംകയും വേണം. ഈ വിഷയത്തിൽ :കാലദീപകം ഇങ്ങിനെ വിവരിക്കുന്നു:

'വിതപ്പാൻ നിന്ദ്യമാണല്ലോ നിശാദ്യത്ര്യംശകങ്ങളെ നാലുരാശികഠം വർജ്ജിക്ക ചാപകീടാജകന്നിയും വേലിയേററം വേണമല്ലോ മണ്ഡലേ ഗുരുനിന്ദിതൻ രാഹുമന്ദകുജാലഗ്നേ ശുക്രപാപാശ്ച സപ്തമേ എട്ടിലും നാലിലും ചന്ദ്രൻ പത്തിലും പരിവർജ്ജയേൽ ഊനാഠം മൂലഞ്ച നന്നെ ത്തെ ചിത്രവർജ്യം വിതയ്ക്കയിൽ കൃത്തികാർദ്രാവിശാഖഞ്ച മദ്ധ്യമായിട്ടു കൊള്ളുവർ മറേറവയെട്ടും വർജ്ജിക്ക രാഹുചക്രം വിവർജ്ജയേൽ രാഹു നില്ക്കുന്ന നാഠംതൊട്ടു ധാന്യ, മാന്യം, പെട്ട,ന്നനാഠം ഗുരുനാള തുടങ്ങീട്ടു പന്തിരണ്ടും വിവർജ്ജയേൽ, രാഹുചക്രത്തെയോക്കുമ്പോളോക്കേണ്ടോ അഭിജിത്തിനെ ബീജാവാപേ വിവർജ്ജിക്ക ഗുളികാദിത്രയം തഥാ'

കൃഷിഉടമസ്ഥൻെറ ജന്മത്രയങ്ങളും അഷ്ടമരാശിയും അഷ്ടമരാശിക്കുറം വർജ്ജിക്കണം. കൃഷിചെയ്യിക്കുന്നതാണെങ്കിൽ ഗൃഷിക്കാരൻെറ ജന്മനക്ഷത്രാദികളും വർജ്ജിക്കണമെന്നാണ് വരദീപികയിൽ പറയുന്നത് 'കേന്ദ്രത്രികോണങ്ങളിൽ വ്യാഴവും സിംഹവ്യാഘ്രകരിക്കരണങ്ങളും വേലിയേററവുമുണ്ടായാൽ കൃഷിസംബന്ധിച്ചുള്ളതിന്നെല്ലാം മതി എന്നൊരു പക്ഷമുണ്ട്. നാലാമേടത്തു വ്യാഴം ഏററംനന്ന്' എന്ന് മുഹൂത്തഭാഷനിലും പറയുന്നു. കൊയ്ത്തുതുടങ്ങുവാൻ,

'ഗോകോലവിഷ്ടികരണാനി ച ഭാദ്രികാശ്ച
ത്യക്ത്വാ ഭഗാച്യുതമഖാനലസാപ്പഭേഷു
തോയേ ഗുരൌ ശുഭദിനേഷ്വളികക്കിലഗ്നേ
കുയ്യാന്നരോലവനമാദിമമോഷധീനാം'

പശു, പന്നി( വിഷ്ടി എന്ന കരണങ്ങളും ദ്വിതീയ, സപ്തമി, ദ്വാദശി എന്ന പക്കവും ഇല്ലാത്തദിവസം വരുന്ന ഉത്രം, തിരുവോണം, മകം, കാത്തിക, ആയില്യം എന്ന നാളുകളിൽ (ഗണ്ഡാന്തമൊഴിച്ച്) വേലിയേററമുള്ളപ്പോഠം വൃശ്ചികലഗ്നത്തിലോ കക്കടകം ലഗ്നത്തിലൊ വ്രീഹ്യാദി ഓഷധികളുടെ കൊയ്ത്തു തുടങ്ങുകയും വേണമെന്നും പറഞ്ഞുകാണുന്നു. 'ശുക്രനും ചന്ദ്രനും കൂട്ടമ്പോഠം പത്തായത്തിലിടണം. ശനിയാഴ്ച ശനിയുടെ ഉദയംകൊണ്ടു് നെല്ല് എടുത്തുതുടങ്ങണം' എന്നു ഭാഷയിലും പറയുന്നു.

### കന്ദാദിവാപനം.

കന്ദേ മന്ദദിനം സിതാരദിനകൃ-
ദ്വാരാംസ്തിലേവർജ്ജയേൽ

ഭൌമസ്യാളപസൂരണേക്ദിവസോ
മുൽഗേപി, നിന്ദ്യോസൃജഃ
മദ്ധ്യം മൂലകുലത്ഥയോൎഗ്ഗുരുദിനം
നേഷ്ടം തിലേ സച്ഛനേഃ
പൂഗാദൌ തു ന വേധകൎക്ക്യജതുലാ-
ഭൃംഗാസ്സദൂൎദ്ധ്വാനനം. 35

ഇനി കാവിത്തു മുതലായ സസ്യങ്ങൾ നടുവാനുള്ള മുഹൂൎത്തത്തെ വിവരിക്കുന്നു:— കന്ദത്തിങ്കൽ മന്ദദിനം വൎജ്ജ്യമാകുന്നു. 'തിലത്തിങ്കൽ സിതാര ദിനകൃദ്വാരങ്ങൾ വൎജ്ജിക്കണം. ആളപസൂരണത്തിങ്കൽ ഭൌമൻെറ ദിവസവും മുൽഗത്തിങ്കൽ അൎക്കദിവസവും വൎജ്ജ്യമാകുന്നു. അൎക്കദിവസം മൂലകുലത്ഥങ്ങളിൽ മദ്ധ്യമമാകുന്നു. തിലത്തിങ്കൽ ഗുരുദിനം ഇഷ്ടമല്ല; ശനിയുടെ ദിവസം സത്താകുന്നു. പൂഗാദിയിലാകട്ടെ വേധ കൎക്ക്യജതുലാഭൃംഗങ്ങൾ വൎജ്ജ്യങ്ങളാകുന്നു.; ഊൎദ്ധ്വാനനംസത്തുമാകുന്നു എന്നു യോജനം. അപ്പോൾ കന്ദമെന്നാൽ കാവിത്ത്. അതു നടുവാൻ ശനിയാഴ്ച വൎജ്ജ്യമാകുന്നു. മററ് ആഴ്ചകളിലെല്ലാം കാവിത്തു നടാമെന്നു സാരം. എള്ളു വിതയ്ക്കുവാൻ വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും ഞായറാഴ്ചയും വൎജ്ജിക്കണം. 'അൎക്കാരശുക്രവാരേഷു വൎജ്ജയേത്തില വാപനം' എന്നു് ആചാരസംഗ്രഹത്തിലും പറയുന്നു. ചേമ്പും ചേനയും നടുവാൻ ചൊവ്വാഴ്ച വജ്ജിക്കണം. ചെറുപയർ വിതപ്പാൻ ഞായറാഴ്ച നിന്ദ്യമാകുന്നു. കിഴങ്ങു നടുവാനും മുതിര വിതപ്പാനും ചൊവ്വാഴ്ച മദ്ധ്യമമാകുന്നു. എള്ളു വിതപ്പാൻ വ്യാഴാഴ്ച മദ്ധ്യമമാണ്. ശനിയാഴ്ച ഉത്തമവുമാണ്. അപ്പോൾ എള്ളു വിതപ്പാൻ ഞായർ, ചൊവ്വ, വെള്ളി എന്ന ആഴ്ചകൾ തീരെ വൎജ്ജ്യങ്ങളും വ്യാഴാഴ്ച മദ്ധ്യമവും, തിങ്കളാഴ്ചയും ബുധനാഴ്ചയും ഉത്തമവും ശനിയാഴ്ച അത്യുത്തമവുമെന്നു വിവേകം. പൂഗാദിയിങ്കൽ എന്നുവെച്ചാൽ കഴുങ്ങ്, തെങ്ങ്, പുലാവ്, മാവ് മുതലായ ഫല വൃക്ഷങ്ങൾ നടുവാൻ വേധനക്ഷത്രം (വേധസ്വഭാവം 23-ാം ശ്ലോക ത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുമുണ്ട്.) കൎക്കടകം, മേടം, തുലാം, വൃശ്ചികമെന്ന രാശികൾ എന്നിതുകൾ വൎജ്ജിക്കണം. ഊൎദ്ധ്വമുഖരാശി ശുഭവുമാണ്. ഫലോപകാരങ്ങളായ സസ്യങ്ങളും വൃക്ഷങ്ങളും നടുവാൻ കായയുള്ള നാളുകൾതന്നെയാണ് വേണ്ടത്. അതിൻെറ വിവരണം അടുത്തു പറയും. എല്ലാററിന്നും വേലിയേററമുള്ള സമയമായിരിക്കണം. വേരും കിഴങ്ങുമുള്ള സസ്യങ്ങൾ നടുവാൻ അധോമുഖരാശിയും വള്ളിയായി പടരുന്നതുകൾക്കും ചേനയ്ക്കും തിൎയ്യങ്മുഖരാശിയും വൃക്ഷങ്ങൾക്ക് ഊൎദ്ധ്വമുഖിയും ഉത്തമം. വൃക്ഷവാപത്തിന്നു ചരരാശി കൊള്ളരുത്. സ്ഥിരം ഉത്തമം. വാഴയ്ക്കും വൃക്ഷംപോലെതന്നെ. അവിടെ വേധം മുന്നാക്കേണ്ട എന്നു ഭേദം. കരിമ്പിന്നും വാഴപോലെതന്നെ. കൊടിക്കു് മൂലം നന്ന്. വാഴയ്ക്കും കരിമ്പിന്നും ആയില്യം നന്നു്. വഴുതിനയ്ക്കു ഭരണി

നന്ന്. ചേമ്പിനും കൂക്ക്യ്ക്കും അധോമുഖിയും തിര്യങ്മുഖിയും നന്ന് എന്നു മുഹൂർത്തഭാഷയും പറയുന്നു. നക്ഷത്രവൃക്ഷങ്ങൾ,

"അശ്വതി മുതലായുള്ളോക കാഞ്ഞിരം നെല്ലിയും ക്രമാൽ അത്തി ഞാവൽ കരിങ്ങാലീ പിന്നെ കരിമരം മുള അരയാൽ നാഗവും പേരാൽ പ്ലാശ്ശുമിത്തിയുമമ്പഴം നൽക്കുവളം നീർമരുത് പയ്യംകത എരഞ്ഞിയും വെട്ടിയും പയനും വഞ്ചിപുലാവെരുക്കഞ്ചവഹ്നിയും കടമ്പും നല്ല തേൻ മാവ് കരിമ്പന ഇരിപ്പയും ഇവ നക്ഷത്രവൃക്ഷങ്ങൾ നന്നു നട്ടുനനപ്പത് പററാമവെട്ടുകിലായസ്സിന്നേതൽ ചിന്ത്യം സദാബുധൈഃ"

ചിലർ നക്ഷത്രമൃഗങ്ങളെക്കൂടെ നോക്കണമെന്നും പറയുന്നു. മററു ചിലർ അത് അത്ര വിചാരിക്കമാററമില്ല. അതും വിവരിക്കാം.

"ദസ്രാൾ കുതിര നല്ലാന കുറനൽ പാമ്പു പാമ്പുമാം പൂച്ചയാട്ടു കരിമ്പൂച്ച എലി ചുണ്ടെലിയൊട്ടകം പോത്തുംവാൾ പുലിയും പോത്ത് സിംഹമാം കേഴനൽകപി കൂററൻ കുരങ്ങു നല്ലാള് അശ്വമാം പശുക്കുഞ്ജരം ഇവ നാൾമൃഗമേതേഷാം മൈത്രീലോകപ്രസിദ്ധിദാ"

ഈ വിഷയത്തിൽ കാലദീപകം ഇങ്ങിനെ പറയുന്നു:

'വൃക്ഷാദിവാപേ കീടാജ കർക്കികുംഭങ്ങൾ വർജ്ജയേൽ മേടം തുലാം വൃശ്ചികവും വാഴവെപ്പാൻ വിവർജ്ജയേൽ രാഹുമന്ദകുജാലഗ്നേ ശുക്രപാപാശ്ച സപ്തമേ വർജ്ജിക്കേണം, വേലിയേററം വേണമെല്ലോ വിശേഷതഃ ഫലങ്ങളുള്ള വൃക്ഷങ്ങൾ നടേണം കേന്ദ്രഗേഗുരൌ വ്യാഴകേന്ദ്രം വിശേഷിച്ചും വാഴവെച്ചാൽ ശുഭപ്രദം വൃക്ഷാദികൾക്കൂർദ്ധ്വമുഖം വേണമെല്ലോ വിശേഷതഃ। ചേനയ്ക്കു തിര്യങ്മുഖി നന്നു നിത്യം പററും കിഴങ്ങെങ്കിലധോമുഖീ ച ചേമ്പിന്നു കൂക്ക്യ്ക്കപി നന്നു രണ്ടും വാഴയ്ക്കുപററം മുഖമൂർദ്ധ്വമാകിൽ"

വിഷ്ടി പന്നി, പശു എന്ന കരണങ്ങളും ഗണ്ഡാന്തവും സർവ്വത്ര വർജ്ജ്യങ്ങൾതന്നെ. ഞായറാഴ്ചയും നിന്ദ്യംതന്നെ.

'ഉർവ്വാരുകദ്വയ കുലത്ഥ വരാകയുഗ്മ—
മുൽഗാഢകീ മരിച മാഷയുഗേക്ഷുവല്ലീഃ
ജംബീരകാർദ്രകനിശാബൃഹതീ കുരുഷ്ഠാൻ
നൈവാവപേയുരുദയേ സവിതുശ്ച വാരേ'

ഉർവ്വാരുകദ്വയം=വെള്ളരിയും കക്കരിയും, കുലത്ഥം=മുതിര, വരാകയുഗ്മം=വരകും തിനയും, മുൽഗം=ചെറുപയർ, ആഢകി=തുമര, മരിചം=മുളക്, മാഷയുഗം=ഉഴുന്നും പയറും, ഇക്ഷു=കരിമ്പ്, വല്ലികൾ=കൊടി, കുരുമുളക്, കയ്പ. കുമ്പളം, മത്തൻ മുതലായി പടക്കുന്നവ, ജംബീരകം=ചെറുനാരകം മുതലായ നാരകങ്ങൾ, ആർദ്രകം=ഇഞ്ചി, നിശാ=മഞ്ഞൾ, ബൃഹതി=വഴുതിന, കുരുഷ്ഠം കൂക്ക് എന്നിതുകളെ ആദിത്യോദയസമയത്തും ഞായറാഴ്ചനാളും നടരുതെന്നും പറഞ്ഞുകാണുന്നു. ഈ പറഞ്ഞപ്രകാരം

ദിവസംനോക്കി സസ്യങ്ങളെ നട്ടുണ്ടാക്കിയാൽ ധാരാളം ഫലം അനുഭവിക്കയും ചെയ്യാം.

### നിറപ്പാൻ.

കുംഭപൂൎത്തിതിഥിഭാംബുചന്ദ്രമോ-
വൃദ്ധിരിഃഫരിപുചന്ദ്രമന്ദഗ്ദകൾ
ധാന്യ വൃദ്ധി ശുഭദനകൃത്തികാ
ശക്രനക്ര വണിഗാദ്യരാശയഃ. 36

ഇതേവിധം ബീജവാപനമുഹൂൎത്തത്തെ പറഞ്ഞതിനുശേഷം അതിൽനിന്നുണ്ടാകുന്ന ഫലത്തെ—വിഷുകഴിഞ്ഞു വിതച്ചനെല്ല് ആദ്യമായി തറവാട്ടിൽ കൊണ്ടുവരുവാനുള്ള—നിറയ്ക്കുവാനുള്ള മുഹൂൎത്തത്തെ വിവരിക്കുന്നു:—കുംഭപൂൎത്തിതിഥിഭാംബുചന്ദ്രമോവൃദ്ധിരിഃ ഫരിപുചന്ദ്രമന്ദഗ്ദകൾധാന്യവൃദ്ധിശുഭദമാകുന്നു. ധാന്യവൃദ്ധി എന്നാൽ നിറ, അതിന്നു കുംഭപൂൎത്ത്യാദിശുഭദങ്ങളെന്നു സാരം. കുംഭപൂൎത്തി എന്നത് ഒരുതരം നക്ഷത്രഗുണമാകുന്നു. അതെങ്ങിനെ എന്നും വിവരിക്കാം.

'ശിഖിമഖവസുമിത്രാസ്ത്രിസ്ത്രിംശൈകവൎഗ്ഗ-
സ്ത്രിദശജനനിചിത്രാവിശ്വപൌഷ്ണാസ്ത്വഥൈകഃ
ശിവരവിജലബുദ്ധ്യശ്വൈകവൎഗ്ഗോക്ത സംസ്ഥാ
ജലരഹിതഫലദോന്യൌ പൂൎണ്ണകുംഭൌ ച വൎഗ്ഗൌ'

കാൎത്തിക, മകം, അവിട്ടം, അനിഴം എന്ന നാളുകൾ മുതൽ മുമ്മൂന്നു നാളുകൾ കൂടിയത് ഒരു വൎഗ്ഗം. പുണർതം, ചിത്ര, ഉത്രാടം, രേവതി എന്ന നാളുകൾ മുതൽ മുമ്മൂന്നു നാളുകൾ കൂടിയതു് ഒരു വൎഗ്ഗം. തിരുവാതിര, അത്തം, പൂരാടം ഉത്രട്ടാതി എന്ന നാലുനാളുകളും കൂടിയതു് ഒരു വൎഗ്ഗം. ഇങ്ങിനെ നാളുകൾ ആകെ മൂന്നു വൎഗ്ഗമാകുന്നു. അതിൽ അഭിജിത്തിനെ കൂടെ കണക്കാക്കുകയും വേണം. അതിൽ ഏതു വൎഗ്ഗത്തിൽ അദിത്യൻ നില്ക്കുന്നുവോ അതു കുംഭപൂൎത്തിയില്ലാത്തതും മറേറ രണ്ടു വൎഗ്ഗവും കുംപൂൎത്തിയുള്ളതുകളുമാകുന്നു. ആദിത്യൻ പൂയത്തിന്മേൽ നില്ക്കുന്നു എന്നു വിചാരിക്കുക. എന്നാൽ ആ നാൾ ഈപറഞ്ഞ വൎഗ്ഗങ്ങളിൽ രണ്ടാമത്തേതിൽ പെട്ടതാകയാൽ രണ്ടാംവൎഗ്ഗനക്ഷത്രങ്ങളായ, പുണർതം, പൂയം, ആയില്യം, ചിത്ര, ചോതി, വിശാഖം, ഉത്രാടം, അഭിജിത്ത്, തിരുവോണം, രേഖതി അശ്വതി, ഭരണി എന്ന 12 നാളുകളും കുംഭപൂൎത്തിയില്ലാത്തവയും ഒന്നാംവൎഗ്ഗമായ കാൎത്തിക, രോഹിണി, മകീരം, മകം, പൂരം, ഉത്രം, അനിഴം, തൃക്കേട്ട, മൂലം, അവിട്ടം, ചതയം പൂരോരട്ടാതി എന്ന 12 നാളുകളും മൂന്നാം വൎഗ്ഗമായ തിരുവാതിര, അത്തം, പൂരാടം, ഉത്രട്ടാതി എന്ന 4 നാളുകളും കൂടിയ 16 നാളുകൾക്കും കുംഭപൂൎത്തിയുണ്ട്. ഒന്നാം വൎഗ്ഗത്തിൽ നിൽക്കു

മ്പോഠം 2-ം 3-ം വൎഗ്ഗം കൂടിയ 16 നാളുകഠംക്കും മൂന്നാംവൎഗ്ഗത്തിൽ വി ല്ലുമ്പോഠം 1-ം 2-ം വൎഗ്ഗങ്ങളായ 24 നാളുകഠംക്കും കുംഭപൂൎത്തിയുണ്ട് എന്നു വിവേകം. കുംഭപൂൎത്തി സ്വഭാവത്തെ ഗ്രന്ഥാന്തരത്തിൽ,

'അഗ്ന്യൃക്ഷാദഥ സപ്ത സപ്തചതുരോധോധഃ ക്രമാൽ പംക്തയഃ
സ്ഥാപ്യാസ്സാഭിജിദാസു മദ്ധ്യമഗതാസ്തംഭാശ്ചതസ്രഃ സ്മൃതാഃ
സ്തംഭാശ്ചാപിതദുത്തരാസ്തദിതരാ വൎഗ്ഗാസ്ത്രയോമീഷ്വിനോ
യദ്വൎഗ്ഗേ ന ച തസ്യ പൂൎത്തിരിതരൌ ദ്വൌ
കുംഭപൂൎത്ത്യന്വിതൌ'

എന്നും പറയുന്നു. ഈ പറഞ്ഞപ്രകാരം നോക്കിയാലും കുംഭപൂൎത്തി മുൻപറഞ്ഞപ്രകാരം തന്നെയാണ്. കണക്കാക്കുന്ന സംപ്രദായഭേദമെന്ന ല്ലാതെ വ്യത്യാസമൊന്നുമില്ല. അതിനാൽ പ്രത്യേകം വിവരിക്കുന്നതുമില്ല. ഇതേവിധം നോക്കി കുംഭപൂൎത്തിയുള്ള നക്ഷത്രം നിറയ്ക്കുവാൻ ശുഭമെന്നും കുംഭപൂൎത്തിയില്ലാത്തനാഠം വൎജ്യമെന്നും ഗ്രഹിക്കണം. തിഥിഭാംബുചന്ദ്ര മോവൃദ്ധികളും ശുഭങ്ങളാണ്—പക്കത്തിന്നും നാളിന്നുംവൎദ്ധനയുള്ള ദിവ സവും വേലിയേററമുള്ള രാശിയും വെളുത്ത പക്ഷവും നിറയ്ക്കുവാൻ ശുഭ മാകുന്നു. ഇതുകഠംക്കു പഞ്ചപൂൎത്തികഠം എന്നാണ് പേർ.

'തിഥി നക്ഷത്രയോശ്ചന്ദ്രമണ്ഡലസ്യ ജലസ്യ ച
വൃദ്ധിൎഘടസ്യ പൂൎണ്ണത്വമിത്യേതാഃ പഞ്ചപൂൎത്തയഃ'

എന്ന് ആചാരസംഗ്രഹവും പറയുന്നു. കുംഭപൂൎത്തിയില്ലാത്ത ദിവ സവും കറുത്തപക്ഷത്തിലും വേലിയിറക്കമുള്ള സമയത്തും ഗൃഹപൂരണം ചെയ്യരുത്. 'ചിലർ അപരപക്ഷത്തിൽ ത്രയോദശിനാഠം നിറയ്ക്കുന്നു' എന്നു ഭാഷയിൽ പറയുന്നു. ഇത് ആപത്തിൽ കഷ്ടിച്ച് ആവാമെന്നു വരദീപികയും പറയുന്നുണ്ട്. നാളും പക്കവും കയററമായ കാലമായാൽ നന്ന്. വേലിയിറക്കവും നാളും പക്കവും ഇറക്കവുമായ കാലത്തു നിറ ച്ചാൽ ധനധാന്യക്ഷയം സംഭവിച്ചുപോകുമെന്നും ഗ്രഹിക്കണം. രിഃഫ രിപുചന്ദ്രൻ—കൎമ്മലഗ്നത്തിൽനിന്ന് പന്ത്രണ്ടിലും ആറിലും ചന്ദ്രൻ നില്ക്കുന്നതും നല്ലതാണ്. ഇതു മദ്ധ്യമായിട്ടാണ് ഇപ്പോഠം നടപ്പ് എന്നാണ് വരദീപികയിൽ പറയുന്നത്. അദ്ദേഹം 'ധാന്യവൃദ്ധ്യൈ നവാന്നേ ചഷഷ്ഠേന്ത്യേ മദ്ധ്യമോ വിധുഃ' എന്ന പ്രമാണവചനവും കാ

ണിക്കുന്നു. ശനിദൃഷ്ടിയും നല്ലതാണ്. ഇതു സൎവ്വത്ര വൎജ്ജ്യമാണെങ്കിലും നിറപ്പാൻ ശുഭമെന്നും ഗ്രഹിക്കണം. ഈ പറഞ്ഞ കുംഭപൂൎത്ത്യാദികൾ ശുഭങ്ങളെന്നു സാരം. എന്നാൽ ഇതിന്നു കൃത്തികാശക്രനക്രവണിഗാദ്യ രാശികൾ വൎജ്ജ്യങ്ങളുമാകുന്നു:— കാൎത്തിക, തൃക്കേട്ട എന്ന നാളുകൾ കുംഭ പൂൎത്തിയും നാരംവൃദ്ധിയുമുള്ളവയാണെങ്കിലും വൎജിക്കണം. രാശികളിൽ മകരം, തുലാം, മേടം എന്നിതുകളും വൎജ്ജിക്കണം. കൎക്കടവും നിന്ദ്യം തന്നെ എന്നും ചിലർ പറയുന്നു. എന്നാൽ കൎക്കടകം സ്വീകരിച്ചും കാണു ന്നു. ഇതിന്നു സ്ഥിരരാശികൾ ശുഭങ്ങളും ഉഭയങ്ങൾ മദ്ധ്യമങ്ങളും കൎക്കടകം അധമവും മേടതുലാമകരങ്ങൾ വൎജ്ജ്യങ്ങളുമാകുന്നു. ഇതാണ് രാശികളുടെ ക്രമം. കുംഭപൂൎത്തിയുള്ള നക്ഷത്രങ്ങളിൽതന്നെ ഉള്ള വിശേഷത്തെ ആചാ രസംഗ്രഹത്തിൽ ഇങ്ങിനെ വിവരിക്കുന്നു:—

‘ചിത്രാസ്വാത്യഹിമൂലാൎദ്രാശ്രുപ്പൂൎവ്വാമഘായമാഃ
ധാന്യവൃദ്ധൌ ശുഭാശ്രോണാരോഹിണ്യസ്തു മദ്ധ്യമാഃ
ജ്യേഷ്ഠാ ച കൃത്തികാ വൎജ്ജ്യാ ധാന്യവൃദ്ധൌ പരേധമാഃ’

നിറപ്പാൻ ‘കൊള്ളാംപോലാഴ്ചയൊക്കവെ’ എന്നും പറയുന്നു. എ ന്നാൽ ശുഭവാരങ്ങൾതന്നെയാണ് ഉത്തമം. പക്കങ്ങളിൽ കറുത്ത വാവ് അഷ്ടമികൾ രിക്തകൾ എന്നിതുകളെ വൎജ്ജിക്കണം. വിഷ്ടിഗണ്ഡാന്ത ങ്ങൾ വൎജ്ജ്യങ്ങളാണല്ലൊ. പൂൎണ്ണാതിഥികൾ അത്യുത്തമങ്ങളുമാണ്. ശുളി കോദയവും നന്ന്. നിറപ്പാനുള്ള കാലം ശ്രാവണപ്രോഷ്ഠപദമാസങ്ങളാ കുന്നു. കൎക്കടകമാസത്തിൽ കറുത്തവാവു കഴിഞ്ഞാൽ കന്നിമാസം കഴി യുന്നതുവരെ എന്നു തന്ത്രാക്കൾഭാഷയിലും പറയുന്നു. ചിലദിക്കിൽ ഓണം കഴിയുന്നതിന്നുമുമ്പേ വേണമെന്നുണ്ട്. ‘മുഹൂൎത്തം ഇല്ലാഞ്ഞാൽ ഓണം ഉത്രാടത്തുന്നാൾ കൎക്കടകംകൊണ്ടോ ചിങ്ങം കൊണ്ടോ നിറച്ചു കൊൾക. ഇത് അതിന്നുമുമ്പെ മുഹൂൎത്തമില്ലാതെ വന്നാലുള്ള വിധിയാണ്’ എന്നും പറഞ്ഞുകാണുന്നു. പകൽ മദ്ധ്യാഹ്നത്തിന്നുമുമ്പേ നിറച്ചുകൊള്ളു ക. ആപത്തിൽ അപരരാത്രവുംകൊള്ളും. ഈപറഞ്ഞ ദോഷങ്ങളില്ലാത്ത ശുഭസമയത്തു നിറച്ചുകൊള്ളുക. ഇല്ലം നിറപ്പാൻ സുമംഗലിയുടെ കൎത്തൃ ദോഷമാണ് നോക്കേണ്ടതു്. അവളുടെ ജന്മാഷ്ടമരാശി തീൎച്ചയായും വ ൎജിക്കണം ജന്മാനുജന്മനക്ഷത്രങ്ങൾ ശുഭങ്ങളുമാണ്. ക്ഷേത്രം നിറപ്പാൻ ദേവന്റെ ജന്മനക്ഷത്രമാണ് നോക്കേണ്ടതു്. അതിന്റെ ക്രമം പ്രതിഷ്ഠാമ ഹൂൎത്തവ്യാഖ്യാനത്തിൽ വിവരിച്ചിട്ടുമുണ്ട് ഇങ്ങിനെ നിറമുഹൂൎത്തം.

ഇപ്രകാരം ഷോഡശക്രിയകൾക്കും അതുകളുടെ അംഗഭൂതങ്ങളായതു കൾക്കും കലശാദികൾക്കുമുള്ള മുഹൂൎത്തമെല്ലാം പറയപ്പെട്ടു. ഇവിടെ പറ യാത്തതായ മററു കൎമ്മങ്ങൾക്കെല്ലാം മുഹൂൎത്തം ചോദ്യംപോലെ കണ്ടു കൊള്ളുക. ഇതിനെപററി,

സ്വൎണ്ണാദ്യമത്ര സംഭോഗേ കുഞ്ജരാശ്വനിരീക്ഷണേ
തൽസംഗ്രഹാരോഹണയോരന്യയാനാധിരോഹണേ
നഗരാദിപ്രവേശേ ച സിതച്ഛത്രാദികഗ്രഹേ
കിരീടകഞ്ചുകോഷ്ണീഷ സിംഹാസനപരിഗ്രഹേ
ശയ്യാപാദുകവൎമ്മാദിഭോഗേ ചാഭരണേ തഥാ
ദ്ദൎഗ്ഗാഭിരചനാരംഭേ കാവ്യാരംഭേ വിശേഷതഃ
ബാലാന്നവന്മുഹൂൎത്തോഥ നാട്യാരംഗാധിരോഹയോഃ
പാത്രാദിഭോഗേ ച തഥാ തത്ര വേതോപിവൎജ്ജ്യതേ
അന്ധതാരാശ്ശുഭാസ്തത്ര ഛിന്നേത്രാ ന കദാചന'

ഇതുകളുടെ അൎത്ഥം സുഗമമാകയാൽ വിവരിക്കുന്നില്ല. എന്നാൽ പാത്രർ മയക്കുവാൻ വേധവും കണ്ണുള്ള നാളും തീരെ വൎജ്ജിക്കേണം. കണ്ണില്ലാത്ത നാള് ഉത്തമവുമാണ്. വേധലക്ഷണം കലശമുഹൂൎത്തവ്യാഖ്യാ നത്തിലും കണ്ണുള്ള നാളിൻെറ സ്വഭാവം കണ്ണെഴുതുവാനുള്ള മുഹൂൎത്തത്തി ലും പറഞ്ഞതുപോലെയാണ്. ആയുധ സംഗ്രഹത്തിൽ പറഞ്ഞതുപോ ലെ അല്ല. ഈ പറഞ്ഞതുകളൊഴിച്ചു ബാക്കിയുള്ള എല്ലാ ശുഭകൎമ്മങ്ങൾ ക്കും ഗണ്ഡാന്തമൊഴിച്ചു ബാക്കിയുള്ള ഊൺനാളുകളും രിക്ത, അഷ്ടമിവി ഷ്ടി, സ്ഥിരകരണങ്ങളൊഴിച്ചുള്ള പക്കങ്ങളും ശുഭഗ്രഹവാരങ്ങളും ശുഭഗ്രഹ ങ്ങളുടെ രാശികളും ശുഭഗ്രഹോദയവും ശുഭമാകുന്നു.

'ബാലാന്നവിഹിതാസ്താരാശ്ശുഭാഃ പ്രായേണ കൎമ്മസു
ശുഭഗ്രഹാണാം വാരാശ്ച സാമാന്യേനശുഭാ മതാഃ
രിക്താവിഷ്ടിവിഹീനാശ്ച തിഥയശ്ശുഭരാശയഃ
ശുഭോദയേ കൎമ്മകുൎയ്യാത്സൎവ്വം ഭവതി തച്ഛുഭം'

എന്നു പ്രമാണവചനവും കാണുന്നു. അതേ മാതിരി ആചരിച്ചാൽ എല്ലാം ശുഭമായിവരികയും ചെയ്യും.

സരിൽപാരഗൃഹാദ്ധ്യക്ഷ
വാചസ്പതിഗുരോൎഗ്ഗിരാ.
ക്രോഡാബാണാലയസ്ഥേന
പദവ്യേവം വിവൎത്തിതാ. 1

കോളംബേശ്രീനയാഖ്യേ യം
കർക്കടേ മന്ദ്ര വിൽ ദിനേ
രചിതാ വിദുഷാം പ്രീത്യൈ
ഭൂയാദ്വ്യാഖ്യാ ചിരം ശ്രിയാ

സമർപ്പിതേയം ശ്രീകണ്ഠ–
പാദമൂലേ മഹത്തരേ
വാസുദേവേന വിനയാ–
ദ്വിബുധാരാധിതേ ശുഭേ

ഇതിവാചസ്പതി.: ടി. സി. പരമേശ്വര–
ശർമ്മണഃ പ്രിയഭാഗിനേയേന
പണ്ഡിത. സി. കെ. വാസുദേവശർമ്മണാ
വിരചിതാ വിവരണാഖ്യം
മുഹൂർത്തപദവീവ്യാഖ്യാ
സമാപ്താ.

ശു ഭ മ സ്തു.

32D
159867
Δ: 864
32J2

UNIVERSITY LIBRARY
12 MAR 1954
MADRAS

DEPARTMENTAL LIBRARIES
23 APR 1954
UNIVERSITY OF MADRAS.

# നവീന ഗ്രന്ഥങ്ങൾ.

| | | |
|---|---|---|
| രാജാജി—വിദ്വാൻ ടി. കെ. രാമമേനോൻ. | | 1—4—0. |
| സൌദാമിനി—എം. ആർ. നാരായണപിള്ള | | 1 0 0 |
| ശ്രീ സരോജിനീദേവി— | ടി | 0—10—0 |
| വനദേവത—N. ചെല്ലപ്പൻ നായർ. | | 0—14—0 |
| വല്ലഭായിപട്ടേൽ—പി. കെ നായർ. | | 1—4—0 |
| കഥാമാധുരി—പി. വി. രാമവാരിയർ. | | 0—10—[illegible] |
| നമ്മുടെപക്ഷികൾ— | എം. നാരായണൻ ബി. എ; എൽ. ടി. | 1—4—0 |
| പ്രണയപാതകം—ചെറിയാൻ ആൻഡ്രൂസ്. | | 1—8—0 |
| ഭീഷണി—സുകുമാരൻ ബി. എ. | | 2 0 0 |
| വിഹഗവീക്ഷണം— | വിദ്വാൻ കെ. ശങ്കരനെഴുത്തച്ഛൻ | 1—0—0 |
| സ്ത്രീ—മിസിസ്. ഹെല്ലൻ തോമസ്. | | 0—12—0 |
| വിജ്ഞാനവീചി— | പി. എൻ. മൂസ്സത്, ബി. എ., എൽ. ടി. | 2—0—0 |
| ജവഹർലാൽനെഹറു—P. K. നായർ. | | 1—4—0 |
| തോപ്പിലെ നിധി—(ഡിഡക്റ്റീവ് നോവൽ) | കെ. ദാമോദരമേനോൻ, ബി എ., ബി. എൽ; ഡി. ടി | 1—8—0 |
| ആനറാഞ്ചൻ—(ഡിഡക്റ്റീവ് നോവൽ) | എം. കുഞ്ഞിരാമപിഷാരോടി. | 3—0—0 |
| മായാമോഹിനി—ഡിഡക്റ്റീവ് നോവൽ | എം. ആർ. നാരായണപ്പിള്ള | 2 12 0 |

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.

51867

# മുഹൂർത്തപദവി

("വിവരണം" എന്നവ്യാഖ്യാനത്തോടുകൂടിയതു്.)

O32D
Δ: 864
32 J2

വ്യാഖ്യാതാ :
പണ്ഡിതർ, സി. കെ. വാസുദേവശർമ്മ